# കോഴിക്കോട് ജില്ലാ പഞ്ചായത്ത്

# പൗരാവകാശ രേഖ

# 2022

# ഉള്ളടക്കം


| ക്രമ നം | വിവരങ്ങൾ | പേജ് നം. |
|---|---|---|
| 1 | സന്ദേശം | 4 |
| 2 | ആമുഖം | 5 |
| 3 | പൗരാവകാശ രേഖ പ്രഖ്യാപനം | 6 |
| 4 | അധ്യായം–1–കോഴിക്കോട് ജില്ലാ പഞ്ചായത്ത് – അടിസ്ഥാന വിവരങ്ങൾ | 7–15 |
| 5 | ജില്ലാ പഞ്ചായത്ത് ഭൂപടം | 16 |
| 6 | അധ്യായം–2–പൗരധർമ്മവും ഉത്തരവാദിത്തവും | 17–19 |
| 7 | അധ്യായം–3–ജില്ലാ പഞ്ചായത്തിന്റെ ചുമതലകൾ | 20–23 |
| 8 | അധ്യായം–4–ജനകീയ സംവിധാനങ്ങൾ | 24–29 |
| 9 | അധ്യായം–5–ഘടകസ്ഥാപനങ്ങളും നിർവ്വഹണ ഉദ്ധ്യോഗസ്ഥരും | 30–31 |
| 10 | അധ്യായം–6–ജില്ലാ പഞ്ചായത്ത് കാര്യാലയത്തിന്റെ ഘടന | 32–39 |
| 11 | അധ്യായം–7–അനുബന്ധ സ്ഥാപനങ്ങളും സേവനങ്ങളും | 40 |
| 12 | കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് | 41 |
| 13 | ജില്ലാ പഞ്ചായത്ത് ഫാഷൻ ഡിസൈനിംഗ് കേന്ദ്രങ്ങൾ | 42–43 |
| 14 | ജില്ലാ ആശുപത്രി, വടകര | 44–46 |
| 15 | ജില്ലാ ആയുർവ്വേദ ആശുപത്രി | 47–53 |
| 16 | ജില്ലാ പഞ്ചായത്ത് ഹോമിയോ ആശുപത്രി | 54–55 |
| 17 | തെങ്ങിൻതൈ വളർത്തുകേന്ദ്രം തിക്കോടി | 56–58 |
| 18 | സംസ്ഥാന വിത്തുൽപാദന ഫാം, പുതുപ്പാടി | 59–60 |
| 19 | സംസ്ഥാന വിത്തുൽപാദന ഫാം, പേരാമ്പ്ര | 61–62 |
| 20 | ജില്ലാ കൃഷിത്തോട്ടം, കൂത്താളി | 63–68 |
| 21 | ജില്ലാ മണ്ണ് പരിശോധനാ കേന്ദ്രം, തിക്കോടി | 69–70 |
| 22 | പ്രാദേശിക കോഴി വളർത്തു കേന്ദ്രം, ചാത്തമംഗലം | 71–72 |
| 23 | ജില്ലാ മൃഗസംരക്ഷണ ഓഫീസ് | 73–75 |
| 24 | ജില്ലാ പഞ്ചായത്ത് ദാരിദ്ര്യ ലഘൂകരണ വിഭാഗം | 76–79 |
| 25 | ജില്ലാ പഞ്ചായത്ത് വനിതാ ഹോസ്റ്റൽ | 80 |
| 26 | ജില്ലാ പഞ്ചായത്ത് സ്കിൽ ഡെവലപ്മെന്റ് സെന്റർ | 81–83 |
| 27 | സ്നേഹസ്പർശം | 84–86 |

| ക്രമ നം | വിവരങ്ങൾ | പേജ് നം. |
|---|---|---|
| 28 | ജില്ലാ സാക്ഷരതാ മിഷൻ | 87–89 |
| 29 | ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്(DIET)വടകര | 90 |
| 30 | എ.സി.ഷൺമുഖദാസ് മെമ്മോറിയൽ ആശുപത്രി | 91–93 |
| 31 | ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം | 94–101 |
| 32 | ഡെപ്യൂട്ടി ഡയരക്ടർ വിദ്യാഭ്യാസം | 102–106 |
| 33 | പ്രിൻസിപ്പൽ കൃഷി ഓഫീസ്, കോഴിക്കോട് | 107–111 |
| 34 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി) കോഴിക്കോട് | 112–116 |
| 35 | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ് | 117 |
| 36 | ജില്ലാ വെറ്ററിനറി സെന്റർ | 118 |
| 37 | ജില്ലാ ക്ഷീരവികസന ഓഫീസ് | 119 |
| 38 | ജില്ലാ വ്യവസായ കേന്ദ്രം | 120–124 |
| 39 | ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസ് | 125–126 |
| 40 | ജില്ലാ സാമൂഹ്യനീതി ഓഫീസ് | 127–130 |
| 41 | വനിതാ ശിശു വികസന ഓഫീസ് | 131–133 |
| 42 | ജില്ലാ ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസ് | 134–135 |
| 43 | ജില്ലാ മെഡിക്കൽ ഓഫീസ് ആരോഗ്യം | 136–138 |
| 44 | ജില്ലാ മെഡിക്കൽ ഓഫീസ് ആയുർവ്വേദം | 139 |
| 45 | ജില്ലാ മെഡിക്കൽ ഓഫീസ് ഹോമിയോ | 140 |
| 46 | പട്ടികജാതി വികസന ഓഫീസ് | 141–148 |
| 47 | പട്ടികവർഗ്ഗ വികസന ഓഫീസ് | 149–150 |
| 48 | ഫിഷറീസ് ഡെപ്യൂട്ടി ഡയരക്ടറുടെ ഓഫീസ് കോഴിക്കോട് | 151–153 |
| 49 | ജില്ലാ ശുചിത്വ മിഷൻ, കോഴിക്കോട് | 154 |
| 50 | ജില്ലാ കുടുംബശ്രീ മിഷൻ, കോഴിക്കോട് | 155–157 |
| 51 | അധ്യായം–8–അറിയാനുള്ള അവകാശം | 158–159 |
| 52 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ | 160–165 |
| 53 | തദ്ദശഭരണ ട്രിബ്യൂണൽ | 166–169 |
| 54 | വിവരാവകാശനിയമം – 2005 | 170–172 |

# സന്ദേശം



കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ 2004 ൽ പ്രതിപാദിക്കുന്ന വ്യവസ്ഥപ്രകാരം കോഴിക്കോട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ, കാര്യാലയത്തിന്റെ ഘടന, ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന ഘടക സ്ഥാപനങ്ങൾ, അവയുടെ സേവന-പരാതി പരിഹാര സംവിധാനങ്ങൾ എന്നിവ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്ന രേഖയാണ് പൗരാവകാശ രേഖ 2022. കോഴിക്കോട് ജില്ലാ പഞ്ചായത്ത് നിയമാനുസൃതം പൗരാവകാശ രേഖ തയ്യാറാക്കി വർഷം തോറും പുതുക്കിവരുന്നുണ്ട്. ആയതിന്റെ ഏറ്റവും പരിഷ്കരിച്ച പതിപ്പാണ് പൗരാവകാശ രേഖ 2022.

പൊതുജനങ്ങളുമായി നേരിട്ട് നടത്തുന്ന സേവനങ്ങൾ ജില്ലാ പഞ്ചായത്തിന് പരിമിതമാണെങ്കിലും ജില്ലാ പഞ്ചായത്തിന്റെ അനുബന്ധ സ്ഥാപനങ്ങളുടേയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും സേവനങ്ങളുമായി ബന്ധപ്പെട്ടതും, ആയത് ലഭ്യമാക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്ധ്യോഗസ്ഥരും, സേവനം നൽകുന്നതിനുള്ള സമയ ക്രമം, ചുമതലയുമായി ബന്ധപ്പെട്ട പരാതി പരിഹാര സംവിധാനം എന്നിവ ഈ പൗരാവകാശ രേഖ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സേവനങ്ങൾ സുതാര്യമായും, സമയ ബന്ധിതമായും ജനോപകാരപ്രദമായി നൽകുന്നതിന് വേണ്ടി പ്രസിദ്ധീകരിക്കുന്ന ഈ രേഖയുടെ അന്തസത്ത ഉൾക്കൊണ്ട് എല്ലാ ജീവനക്കാരും ഏറ്റവും വേഗത്തിൽ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കണമെന്ന അഭ്യർത്ഥനയോടെ പൗരാവകാശ രേഖയുടെ പരിഷ്കരിച്ച പതിപ്പ് പൗരാവകാശ രേഖ 2022 പൊതുജന സമക്ഷം സമർപ്പിക്കുന്നു.

കോഴിക്കോട് — ഷീജ ശശി

01/11/2022. — പ്രസിഡണ്ട്, കോഴിക്കോട് ജില്ലാ പഞ്ചായത്ത്

# ആമുഖം



ഭരണ നിർവ്വഹണത്തിൽ ഭരണ സംവിധാനത്തോടൊപ്പം, പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള രേഖയാണ് പൗരാവകാശ രേഖ. ജില്ലാ പഞ്ചായത്തിന്റെ ഭരണ സംവിധാനം, അനുബന്ധ സ്ഥാപനങ്ങൾ, കൈമാറ്റം വഴി ലഭിച്ച സ്ഥാപനങ്ങൾ എന്നിവ വഴി ലഭിക്കുന്ന സേവനങ്ങൾ, അവയുടെ സമയക്രമം, ഗുണമേന്മ, എന്നിവ പരിശോധിക്കുന്നതിനും, സേവനം ലഭിക്കുന്നതിന് കാലതാമസമുണ്ടായാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ എന്നിവ അറിയുന്നതിന് ഓരോ പൗരനും അവകാശമുണ്ട്. ആയതിനുള്ള മാർഗ്ഗരേഖയാണ് പൗരാവകാശ രേഖ.

കോഴിക്കോട് ജില്ലാ പഞ്ചായത്ത് പൗരാവകാശ രേഖ പ്രസിദ്ധീകരിച്ച് കാലാകാലങ്ങളായി പുതുക്കിവരുന്നുണ്ട്. സേവന മേഖലകളുടെ വ്യാപ്തി വർദ്ധിക്കുന്നതിനനുസരിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തി പൗരാവകാശ രേഖ പരിഷ്കരിക്കുക എന്നുള്ളത് ഏതൊരു തദ്ദേശ സ്വയംഭരണ സ്ഥാനത്തിന്റേയും നിയമപരമായ കർത്തവ്യവും, ചുമതലയുമാണ്. നിലവിലെ പൗരാവകാശ രേഖ കാലോചിതമായി പരിഷ്കരിക്കരിക്കണമെന്ന് ഭരണ സമിതിയുടെ നിർദ്ദേശത്തിന്റെ കുടി അടിസ്ഥാനത്തിലാണ് ആയതിനുള്ള നടപടി ആരംഭിച്ചത്.

പഞ്ചായത്ത് രാജ് നിയമത്തിന്റേയും, സംസ്ഥാന സർക്കാറിന്റെ മാർഗ്ഗനിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പൗരാവകാശ രേഖ ഭരണ സമിതി പരിശോധിച്ച് അംഗീകാരം നൽകിയിട്ടുള്ളതാണ്. ജില്ലാ പഞ്ചായത്ത്, അനുബന്ധ സ്ഥാപനങ്ങൾ, കൈമാറ്റം ചെയ്യത് ലഭിച്ച സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഈ പൗരാവകാശ രേഖ ബാധകമാണ്.

സുതാര്യവും, കാര്യക്ഷമവുമായ സേവനം ഉറപ്പുവരുത്തി കൂടുതൽ മെച്ചപ്പെട്ട സേവനം സമയബന്ധിതമായി നൽകുന്നതിനു് എല്ലാ ജില്ലാ പഞ്ചായത്ത് ജീവനക്കാരുടേയും, ഘടക സ്ഥാപന മേധാവികൾ, നിർവഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവരുടേയും എല്ലാ വിധ സഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട്.

വിശ്വസ്തതയോടെ

കോഴിക്കോട്, ടി.അഹമ്മദ് കബീർ

01/11/2022. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കോഴിക്കോട്

# കോഴിക്കോട് ജില്ലാ പഞ്ചായത്ത്

## പൗരാവകാശ രേഖ പ്രഖ്യാപനം

ഈ പൗരാവകാശ രേഖയിൽ പറയുന്ന സേവനങ്ങൾ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പൗരൻമാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതാണ്.(കേരള പഞ്ചായത്ത് രാജ് നിയമം – 272 എ വകുപ്പ് പ്രകാരവും, 2004 ലെ പൗരാവകാശ രേഖ തയ്യാറാക്കൽ ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ വിശദീകരിക്കുന്നത്). ഈ രേഖയ്ക്ക് 01.11.2022 മുതൽ പ്രാബല്യമുണ്ടായിരിക്കും.

Website:www.kozhikodejillapanchayat.in

Phone:0495-2372180,2370550

Email:dpkkde@gmail.com

# അധ്യായം - 1

# കോഴിക്കോട് ജില്ലാ പഞ്ചായത്ത് – അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിസ്തീർണ്ണം | 2344 ച.കി.മി |
| ആകെ ജനസംഖ്യ | 30,86,293 |
| പുരുഷൻമാർ | 14,70,942 |
| സ്ത്രീകൾ | 16,15,351 |
| 6 വയസ്സിൽ താഴെയുള്ള കുട്ടികൾ | 3,35,645 |
| പട്ടികജാതി–ആകെ ജനസംഖ്യ | 1,99,191 |
| പട്ടികജാതി–പുരുഷൻമാർ | 97,279 |
| പട്ടികജാതി–സ്ത്രീകൾ | 1,01,912 |
| പട്ടിക വർഗ്ഗം–ആകെ ജനസംഖ്യ | 15,228 |
| പട്ടിക വർഗ്ഗം–പുരുഷൻമാർ | 7,429 |
| പട്ടിക വർഗ്ഗം സ്ത്രീകൾ | 7,779 |
| സാക്ഷരതാ നിരക്ക് | 95.47% |
| പുരുഷൻമാർ | 97.64% |
| സ്ത്രീകൾ | 93.52% |
| സ്ത്രീ–പുരുഷ അനുപാതം | 1098 |
| ജനസാന്ദ്രത | 1316 |

അതിരുകൾ

- വടക്ക് : കണ്ണൂർ ജില്ല
- തെക്ക് : മലപ്പുറം ജില്ല
- കിഴക്ക് : വയനാട് ജില്ല
- പടിഞ്ഞാറ് : അറബിക്കടൽ

ജില്ലയിലെ താലൂക്കുകൾ(പേര്, ഫോൺ നമ്പർ)

- കോഴിക്കോട് – 0495–2372966
- കൊയിലാണ്ടി – 0496–2620235
- താമരശ്ശേരി – 0495–2223088
- വടകര – 0496–2522361

**ജില്ലയിലെ കോർപ്പറേഷൻ** : കോഴിക്കോട് – ഫോൺ – 2365040

**ജില്ലയിലെ നഗരസഭകൾ**

| ക്രമ നം | പേര് | ഫോൺ നം | ക്രമ നം | പേര് | ഫോൺ നം | ക്രമ നം | പേര് | ഫോൺ നം |
|---|---|---|---|---|---|---|---|---|
| 1 | വടകര | 2513315 | 4 | കൊയിലാണ്ടി | 2621913 | 6 | മുക്കം | 2297132 |
| 2 | കൊടുവള്ളി | 2210238 | 5 | രാമനാട്ടുകര | 2440095 | 7 | പയ്യോളി | 2602043 |
| 3 | ഫറൂക്ക് | 2482243 | | | | | | |

**ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ**

| ക്രമ നം | പേര് | ഫോൺ നം | ക്രമ നം | പേര് | ഫോൺ നം | ക്രമ നം | പേര് | ഫോൺ നം |
|---|---|---|---|---|---|---|---|---|
| 1 | കോഴിക്കോട് | 2430799 | 5 | ബാലുശ്ശേരി | 2642087 | 9 | വടകര | 2503002 |
| 2 | കൊടുവള്ളി | 2210289 | 6 | പേരാമ്പ്ര | 2610286 | 10 | തൂണേരി | 2550297 |
| 3 | ചേളന്നൂർ | 2260272 | 7 | മേലടി | 2602031 | 11 | കുന്നുമ്മൽ | 2445096 |
| 4 | കുന്ദമംഗലം | 2800276 | 8 | പന്തലായനി | 2620305 | 12 | തോടന്നൂർ | 2592025 |

**ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ (പേര്, ഫോൺ നമ്പർ)**

| 1.വടകര ബ്ലോക്ക് | | | 2.തൂണേരി ബ്ലോക്ക് | | | 3.കുന്നുമ്മൽ ബ്ലോക്ക് | | |
|---|---|---|---|---|---|---|---|---|
| 1 | അഴിയൂർ | 2500101 | 5 | ചെക്യാട് | 2572340 | 12 | കുന്നുമ്മൽ | 2445049 |
| 2 | ചോറോട് | 2512501 | 6 | എടച്ചേരി | 2547024 | 13 | കുറ്റ്യാടി | 2597250 |
| 3 | ഏറാമല | 2547047 | 7 | പുറമേരി | 2550259 | 14 | കായക്കൊടി | 2966627 |
| 4 | ഒഞ്ചിയം | 2502025 | 8 | തൂണേരി | 2551075 | 15 | മരുതോങ്കര | 2666048 |
| | | | 9 | വളയം | 2460191 | 16 | നരിപ്പറ്റ | 2445043 |
| | | | 10 | വാണിമേൽ | 2560190 | 17 | വേളം | 2770109 |
| | | | 11 | നാദാപുരം | 2550245 | 18 | കാവിലുംപാറ | 2565834 |

| 4.തോടന്നൂർ ബ്ലോക്ക് | | | 5.മേലടി ബ്ലോക്ക് | | | 6.പേരാമ്പ്ര ബ്ലോക്ക് | | |
|---|---|---|---|---|---|---|---|---|
| 19 | ആയഞ്ചേരി | 2580265 | 23 | തുറയൂർ | 2470059 | 27 | ചെറുവണ്ണൂർ | 2775320 |
| 20 | വില്ല്യാപ്പള്ളി | 2535163 | 24 | കീഴരിയൂർ | 2676228 | 28 | നൊച്ചാട് | 2610269 |
| 21 | മണിയൂർ | 2536221 | 25 | തിക്കോടി | 2602054 | 29 | കായണ്ണ | 2659021 |
| 22 | തിരുവള്ളൂർ | 2592027 | 26 | മേപ്പയ്യൂർ | 2676227 | 30 | കൂത്താളി | 2610271 |
| | | | | | | 31 | ചക്കിട്ടപാറ | 2662223 |
| | | | | | | 32 | ചങ്ങരോത്ത് | 2668164 |
| | | | | | | 33 | പേരാമ്പ്ര | 2610226 |

| 7.ബാലുശ്ശേരി ബ്ലോക്ക് | | | 8.പന്തലായനി ബ്ലോക്ക് | | | 9.ചേളന്നൂർ ബ്ലോക്ക് | | |
|---|---|---|---|---|---|---|---|---|
| 34 | ബാലുശ്ശേരി | 2642039 | 41 | അത്തോളി | 2672235 | 46 | കാക്കൂർ | 2260232 |
| 35 | നടുവണ്ണൂർ | 2652247 | 42 | ചേമഞ്ചേരി | 2687041 | 47 | ചേളന്നൂർ | 2260224 |
| 36 | ഉള്ള്യേരി | 2652229 | 43 | ചെങ്ങോട്ടുകാവ് | 2620266 | 48 | നരിക്കുനി | 2246215 |
| 37 | കോട്ടൂർ | 2657251 | 44 | അരിക്കുളം | 2695327 | 49 | നന്മണ്ട | 2855049 |
| 38 | ഉണ്ണികുളം | 2647065 | 45 | മൂടാടി | 2690200 | 50 | തലക്കുളത്തൂർ | 2852239 |
| 39 | പനങ്ങാട് | 2642059 | | | | 51 | കക്കോടി | 2265711 |
| 40 | കൂരാച്ചുണ്ട് | 2660246 | | | | | | |

## ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ (പേര്, ഫോൺ നമ്പർ)

| 10.കൊടുവള്ളി ബ്ലോക്ക് | | | 11.കുന്ദമംഗലം ബ്ലോക്ക് | | | 12.കോഴിക്കോട് ബ്ലോക്ക് | | |
|---|---|---|---|---|---|---|---|---|
| 52 | തിരുവമ്പാടി | 2252059 | 61 | മാവൂർ | 2883133 | 69 | കടലുണ്ടി | 2470227 |
| 53 | മടവൂർ | 2246262 | 62 | ചാത്തമംഗലം | 2287274 | 70 | ഒളവണ്ണ | 2430788 |
| 54 | കിഴക്കോത്ത് | 2210237 | 63 | കൊടിയത്തൂർ | 2209030 | | | |
| 55 | കൂടരഞ്ഞി | 2281253 | 64 | കുരുവട്ടൂർ | 2810295 | | | |
| 56 | പുതുപ്പാടി | 2235229 | 65 | കാരശ്ശേരി | 2297172 | | | |
| 57 | ഓമശ്ശേരി | 2281253 | 66 | പെരുവയൽ | 2492049 | | | |
| 58 | താമരശ്ശേരി | 2222252 | 67 | കുന്ദമംഗലം | 2800275 | | | |
| 59 | കോടഞ്ചേരി | 2236230 | 68 | പെരുമണ്ണ | 2431880 | | | |
| 60 | കട്ടിപ്പാറ | 2270900 | | | | | | |

## ജില്ലയിലെ പാർലമെന്റ് മണ്ഡലങ്ങൾ

| ക്രമ നം | മണ്ഡലത്തിന്റെ പേര് | അംഗത്തിന്റെ പേര് | ഫോൺ നമ്പർ |
|---|---|---|---|
| 1 | വടകര | കെ.മുരളീധരൻ | 8301974547 |
| 2 | കോഴിക്കോട് | എം.കെ.രാഘവൻ | 0495-2376622, 9446063011 |
| 3 | വയനാട് | രാഹുൽ ഗാന്ധി | 9746456148 |

**ജില്ലയിലെ നിയമസഭാ സാമാജികർ(പേര് മൊബൈൽ നമ്പർ)**

| ക്രമ നം. | മണ്ഡലത്തിന്റെ പേര് | പേര് | ഫോൺ നമ്പർ |
|---|---|---|---|
| 1 | വടകര | കെ.കെ.രമ | 9446259898 |
| 2 | കൊയിലാണ്ടി | കാനത്തിൽ ജമീല | 9447542026 |
| 3 | പേരാമ്പ്ര | ടി.പി.രാമകൃഷ്ണൻ | 9447913300 |
| 4 | കുറ്റ്യാടി | കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | 9400796466 |
| 5 | നാദാപുരം | ഇ.കെ.വിജയൻ | 9947426175 |
| 6 | ബാലുശ്ശേരി | കെ.എം.സച്ചിൻദേവ് | 9961304198 |
| 7 | എലത്തൂർ | എ.കെ.ശശീന്ദ്രൻ | 9495969787 |
| 8 | കോഴിക്കോട് നോർത്ത് | തോട്ടത്തിൽ രവീന്ദ്രൻ | 9446259898 |
| 9 | കോഴിക്കോട് സൗത്ത് | അഹമ്മദ് ദേവർകോവിൽ | 9400552200 |
| 10 | ബേപ്പൂർ | അഡ്വ.പി.എ,മുഹമ്മദ് റിയാസ് | 9400055111 |
| 11 | കൊടുവള്ളി | ഡോ.എം.കെ.മുനീർ | 9947041000 |
| 12 | കുന്ദമംഗലം | അഡ്വ.പി.ടി.എ.റഹിം | 9847510238 |
| 13 | തിരുവമ്പാടി | ലിന്റോ ജോസഫ് | 9656039897 |

# കോഴിക്കോട് ജില്ലാ പഞ്ചായത്ത്



**ഷീജ ശശി**
പ്രസിഡണ്ട്
ഡിവിഷൻ-6 പേരാമ്പ്ര



**ടി.അഹമ്മദ് കബീർ**
സെക്രട്ടറി



**എം.ശിവാനന്ദൻ .പി.**
വൈസ് പ്രസിഡണ്ട്
ഡിവിഷൻ-23 അരിക്കുളം

## സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ



**വി.പി.ജമീല**
ഡിവിഷൻ-11
തിരുവമ്പാടി



**കെ.വി.റീന**
ഡിവിഷൻ-26
മണിയൂർ



**എൻ.എം.വിമല**
ഡിവിഷൻ-27
ചോറോട്



**പി.സുരേന്ദ്രൻ**
ഡിവിഷൻ-04
മൊകേരി

# അംഗങ്ങൾ



**നിഷ പുത്തൻപുരയിൽ**
മെമ്പർ
ഡിവിഷൻ–1 അഴിയൂർ



**കൂടത്താങ്കണ്ടി സുരേഷ്**
മെമ്പർ
ഡിവിഷൻ–2 എടച്ചേരി



**നജ്മ.സി.വി.എം**
മെമ്പർ
ഡിവിഷൻ–3 നാദാപുരം



**സി.എം.യശോദ**
മെമ്പർ
ഡിവിഷൻ–5 കുറ്റ്യാടി



**റംസിന നരിക്കുനി**
മെമ്പർ
ഡിവിഷൻ–7 കട്ടിപ്പാറ



**പി.പി.പ്രേമ**
മെമ്പർ
ഡിവിഷൻ–8 ബാലുശ്ശേരി



**അംബിക മംഗലത്ത്**
മെമ്പർ
ഡിവിഷൻ–9 ഈങ്ങാപ്പുഴ



**ബോസ് ജേക്കബ്**
മെമ്പർ
ഡിവിഷൻ–10 കോടഞ്ചേരി



**നാസർ എസ്റ്റേറ്റ്മുക്ക്**
മെമ്പർ
ഡിവിഷൻ–12 ഓമശ്ശേരി



**കമ്പളത്ത് സുധ**
മെമ്പർ
ഡിവിഷൻ–13 ചാത്തമംഗലം



**രാജീവ് പെരുമൺപുറ**
മെമ്പർ
ഡിവിഷൻ–14 പന്തീരങ്കാവ്



**അഡ്വ.പി.ഗവാസ്**
മെമ്പർ
ഡിവിഷൻ–15 കടലുണ്ടി



**എം.ധനീഷ് ലാൽ**

മെമ്പർ

ഡിവിഷൻ–16 കുന്ദമംഗലം



**ഇ.ശശീന്ദ്രൻ**

മെമ്പർ

ഡിവിഷൻ–17 കക്കോടി



**പി.ടി.എം.ഷറഫുന്നീസ ടീച്ചർ**

മെമ്പർ

ഡിവിഷൻ–18 മടവൂർ



**ഐ.പി. രാജേഷ്**

മെമ്പർ

(ഡിവിഷൻ 19 – നരിക്കുനി)



**റസിയ തോട്ടായി**

മെമ്പർ

(ഡിവിഷൻ 20 – നന്മണ്ട)



**സിന്ധു സുരേഷ്**

മെമ്പർ

(ഡിവിഷൻ 21 – അത്തോളി)



**മുക്കം മുഹമ്മദ്**

മെമ്പർ

ഡിവിഷൻ–22 ഉള്ള്യേരി



**സി.എം.ബാബു**

മെമ്പർ

ഡിവിഷൻ–24 മേപ്പയ്യൂർ



**വി.പി.ദുൽഖിഫിൽ**

മെമ്പർ

ഡിവിഷൻ–25 പയ്യോളി അങ്ങാടി

# ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർ



**അനിത.വി.കെ**

ബാലുശ്ശേരി



**കെ.പി.സുനിൽകുമാർ**

ചേളന്നൂർ



**തോമസ് കളത്തൂർ**

കൊടുവള്ളി



**സജിത പൂക്കാടൻ**

കോഴിക്കോട്



**ബാബുരാജ്**

കുന്ദമംഗലം



**കെ.പി.ചന്ദ്രി**

കുന്നുമ്മൽ



**എൻ.പി.ബാബുരാജ്**

പേരാമ്പ്ര



**സുരേഷ്ചങ്ങാടത്ത്**

മേലടി



**ബാബുരാജ്.പി**

പന്തലായനി



**ശ്രീലത.എം**

തോടന്നൂർ



**കെ.പി.വനജ**


തൂണേരി



**കെ.പി.ഗിരിജ**

വടകര

# കോഴിക്കോട് ജില്ലാ പഞ്ചായത്ത് - ഭൂപടം



## അധ്യായം-2

# പൗരധർമ്മവും ഉത്തരവാദിത്തവും

ഭരണവ്യവസ്ഥയിലെ പങ്കാളി എന്ന നിലക്ക് പൗരർക്ക് അവകാശങ്ങൾ ഉണ്ട്. അവ നിശ്ചിതവും കൃത്യവും ആയി ലഭിക്കും എന്ന് ഉറപ്പാക്കേണ്ടതുണ്ട്. അതിന് വിരുദ്ധമായ പ്രവർത്തനങ്ങൾ തടയുകയും ഉത്തരവാദിത്ത പൂർണമായ പൗരാവകാശ പാലനം സാധ്യമാക്കുകയും വേണം.എന്നാൽ സമൂഹത്തോടും രാഷ്ട്രത്തോടും ചില കടമകളും ഉത്തരവാദിത്തങ്ങളും നിറവേറ്റാൻ പൗരർക്ക് ചുമതലയുണ്ട്. പൗരധർമ്മം എന്ന് ഇതിനെ ചുരുക്കത്തിൽ പറയാം. സ്വയമേവ ഇവ പാലിക്കുകയാണ് ഉത്തമ പൗരന്റെ കടമ.

ഇന്ത്യൻ ഭരണഘടന – അനുഛേദം 51 എ (1976)

1 ഭരണഘടന, രാഷ്ട്രത്തിന്റെ അടിസ്ഥാനമൂല്യങ്ങൾ ഇവയോട് ആദരവും അനുസരണയും പ്രകടമാക്കുക, അനാദരവും ലംഘനവും നടത്താതിരിക്കുക.

2 ദേശീയ സ്വാതന്ത്ര്യ പോരോട്ടത്തിന്റെ മൂല്യങ്ങൾ പരിപോഷിപ്പിക്കുക.

3 പൊതുമുതലുകൾ സംരക്ഷിക്കുകയും, പരിപാലിക്കുകയും, നശിപ്പിക്കാതിരിക്കുകയും ചെയ്യുക.

4 ചരിത്ര – സാംസ്കാരിക സമ്പത്തുകൾ പരിപാലിക്കുക.

5 പ്രകൃതി സമ്പത്ത്, വന–വന്യജീവികൾ, പരിസ്ഥിതി സംതുലിതാവസ്ഥ എന്നിവ പരിരക്ഷിക്കുകയും നഷ്ടപ്പെടാതെ സൂക്ഷിക്കുകയും ചെയ്യുക.

6 സ്ത്രീ പദവിയും അന്തസ്സും സംരക്ഷിക്കുകയും ഉയർത്തുകയും സ്ത്രീ വിരുദ്ധ നടപടികളെ ചെറുക്കുകയും ചെയ്യുക.

7 അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചെറുക്കുകയും ശാസ്ത്രാഭിരുചിയും ശാസ്ത്രാവബോധവും മാനവികതയും വളർത്തുകയും വ്യക്തിഗതവും സാമൂഹ്യവുമായ അനവദ്യതയിലേക്ക് ഉയരുകയും ചെയ്യുക.

8 രാഷ്ട്രത്തിന്റെ പരമാധികാരം, ഐക്യം, അഖണ്ഡത എന്നിവ ഉയർത്തിപ്പിടിക്കുകയും മതസമുദായ സൗഹൃദവും പരസ്പ്പര സാഹോദര്യവും വളർത്തുകയും, അനിവാര്യ ഘട്ടത്തിൽ രാഷ്ട്ര സേവനത്തിന് സന്നദ്ധരാകുകയും ചെയ്യുക.

പഞ്ചായത്ത് രാജ് നിയമം (1994, 1999)

1994 ലെ പഞ്ചായത്ത് രാജ് നിയമം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുകന്ന പൗരന്റെ കടമകളും ഉത്തരവാദിത്വങ്ങളും ന്റേനിർവ്വഹിച്ചിട്ടുണ്ട്. ഒരു പഞ്ചായത്തിലെ പൗരൻ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ഓരോ വ്യക്തിയും താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കാൻ ബാദ്ധ്യസ്ഥരാണ്.

1 ഗ്രാമസഭയിൽ പങ്കെടുക്കുക, തദ്ദേശഭരണ പ്രക്രിയയിൽ നേരിട്ട് പങ്ക് വഹിക്കുക, അതിലൂടെ ക്രിയാത്മക ജനാധിപത്യം സാർത്ഥകമാക്കുക.

2 നികുതി വെട്ടിപ്പ് തടയുകയും, കൃത്യമായി നികുതി – നിരക്കുകൾ ഒടുക്കി തദ്ദേശഭരണ സ്ഥാപനത്തിന്റെ തനത് വരുമാനം ഉറപ്പാക്കുകയും ചെയ്യുക. നികുതി നൽകുന്നതിൽ കൃത്രിമമോ ഒഴിവുകഴിവോ ഒഴിവാക്കുക.

3 വികസന പ്രവർത്തനത്തിൽ പഞ്ചായത്തിനെ സഹായിക്കുക. വ്യക്തിഗതവും സാമ്പത്തികവും ആയ വിഭവ സമാഹരണത്തിനും അധ്വാനത്തിനും സഹായിക്കുക.

4 ആസൂത്രണ – നിർവ്വണ – വിലയിരുത്തലിൽ സ്വയം പങ്കാളിയാവുക.

5 പൊതുശല്യം, പൊതുജീവിതത്തിന് വിഘാതം, പൊതുസ്ഥലത്ത് മാലിന്യ നിക്ഷേപം മുതലായവയ്ക്ക് ഇടയാക്കാതിരിക്കുകയും അവയ്ക്കെതിരെ ജാഗ്രത പാലിക്കുകയും ചെയ്യുക.

6 ശുചിത്വം, രോഗപ്രതിരോധം, പോഷകാഹാര വിതരണം, സാക്ഷരത, നിയമബോധനം, തർക്കപരിഹാര പ്രക്രിയ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ പഞ്ചായത്തിനോട് സഹകരിക്കുക.

7 സാമൂഹ്യ ഓഡിറ്റ് പ്രക്രിയ സാർത്ഥകമാക്കാൻ സാഹിയിക്കുക.

8 മൗലികവാദത്തിനും വിഭാഗീയതകൾക്കും എതിരെ സാമൂഹ്യ ഐക്യത്തിനും പങ്കാളിത്ത വികസന പ്രക്രിയക്കും സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

9 അഴിമതി, ദുർഭരണം എന്നിവയ്ക്കെതിരെ നിയമപ്രകാരമുള്ള ജാഗ്രത പാലിക്കുക. തദ്ദേശഭരണം ജനാധിപത്യപരമായി പുലരാനുള്ള സാധ്യതകൾ ഉറപ്പാക്കുക.

10 പ്രകൃതിവിഭവങ്ങൾ, പൊതുഗതാഗത സംവിധാനം, മലിനജലനിർഗമന സംവിധാനം, ഊർജ്ജവിതരണ സംവിധാനം, പൊതു ശുചിത്വ സംവിധാനം മുതലായവ പരിപാലിക്കുന്നതിൽ സഹകരിക്കുകയും ദുരുപയോഗവും ചൂഷണവും നടത്താതിരുക്കുകയും ചെയ്യുക.

11 മിതവ്യയശീലം പ്രചരിപ്പിക്കുകയും പാലിക്കുകയും ആഡംബരവും അതിഭോഗവും ഒഴിവാക്കുകയും ചെയ്യുക.

12 സ്വാശ്രയ പ്രവർത്തന സംഘാടനവും പങ്കാളിത്തവും ഉറപ്പാക്കുക.

13 മദ്യപാനം, മയക്കുമരുന്ന്, സ്ത്രീധനം, സ്ത്രീ പീഡനം, ബാലാധ്വാനം, ബാലപീഡനം, പിന്നോക്ക വിഭാഗകാർക്കെതിരായ പ്രവർത്തനം മുതലായ സാമൂഹ്യ തിന്മൾക്കെതിരെ അണിനിരക്കുക.

14 പരിസ്ഥിതി ബോധവൽക്കരണത്തിൽ പങ്കാളികളാകുക. പരിസ്ഥിതി സന്തുലനം ഉറപ്പാക്കുക.

15 സ്ഥിതി വിവര കണക്കുകളുടെ കൃത്യമായ ശേഖരണം, സമാഹരണം, ക്രോഡീകരണം എന്നിവയിൽ സഹകരിക്കുക. തെറ്റായ വിവരങ്ങൾ നൽകാതിരിക്കുകുയും നൽകുന്നതിനെ ചെറുക്കുകയും ചെയ്യുക.

16 പ്രകൃതിദുരന്ത ബാധിതരെ സംരക്ഷിക്കുവാൻ സഹായിക്കുക.

17 സഹകരണ – സമ്പാദ്യ ശീലങ്ങൾ വളർത്തുക.

18 വികസനാവശ്യത്തിന് ഭൂമി വിട്ടുകൊടുക്കുകയും പൊതു ഭൂമി അനധികൃതമായി കൈവശപ്പെടുത്താതിരിക്കുകയും ചെയ്യുക.

19 അയൽക്കൂട്ടം, സ്വയം സഹായ – പരസ്പര സഹായ സംഘങ്ങൾ സംഘടിപ്പിക്കുക.

20 പൊതുസ്ഥലത്തും നിരത്തുകളിലും തുപ്പുക, മലമൂത്ര വിസർജ്ജനം നടത്തുക, മദ്യപിക്കുക, പുക വലിക്കുക തുടങ്ങിയ സാമൂഹ്യ വിരുദ്ധ പെരുമാറ്റങ്ങൾ ഒഴിവാക്കുക.

21 മൃഗങ്ങളെ പൊതുസ്ഥലത്തുവെച്ച് പരസ്യമായി കശാപ്പ് ചെയ്യാതിരിക്കുക. മാംസം, മാംസാവശിഷ്ടങ്ങൾ എന്നിവ തുറസ്സായി വെച്ചും അറപ്പുളവാക്കുന്ന രീതിയിൽ പ്രദർശിപ്പിച്ചും വിൽപ്പന നടത്താതിരിക്കുക.

22 ഓമന മൃഗങ്ങൾ, വളർത്തു മൃഗങ്ങൾ, പക്ഷികൾ എന്നിവയ്ക്ക് കൃത്യവും അനിവാര്യവുമായ കുത്തിവെയ്പ്പുകൾ എടുപ്പിക്കുകയും ലൈസൻസ് എടുക്കുകയും ചെയ്യുക.

23 നിയമ–ചട്ട വ്യവസ്ഥകൾ പാലിക്കുകയും, ലംഘിക്കാതിരിക്കുകുയും, ലംഘിക്കുന്നതിന് പ്രേരണയോ സഹായമോ നൽകാതിക്കുകയും ചെയ്യുക.

24 സ്ത്രീ – പുരുഷ തുല്യതയും നീതിയും പരിപാലിക്കുക, അതിനു തക്ക പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.

25 ഇത്തരം പൗരധർമ്മങ്ങളെപ്പറ്റി ബോധവൽക്കരണം ഉറപ്പാക്കുക.

## അധ്യായം - 3

# ജില്ലാപഞ്ചായത്തിന്റെ ചുമതലകൾ

### എ. പൊതുവായ ചുമതലകൾ

1. സർക്കാർ – സർക്കാരിതര സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന സാങ്കേതിക വൈദഗ്ദ്യം സമാഹരിക്കുക.
2. ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സാങ്കേതിക സഹായം നൽകുക.
3. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകളുടേയും ബ്ലോക്ക് പഞ്ചായത്തുകളുടെയും പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾക്ക് ഫോർവേഡ് ബാക് വാർഡ് ലിങ്കേജ് നൽകുകുയും ചെയ്യുക.

### ബി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

#### കൃഷി

1. മേഖലാ കൃഷിടിയടങ്ങളും ഗവേഷണ കേന്ദ്രങ്ങളും ഒഴികെയുള്ള കൃഷിയിടങ്ങൾ നടത്തുക.
2. ഒന്നിലധികം ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നീർമറികൾ, സംയോജിത നീർമറികൾ നടത്തുക.
3. കാർഷിക വ്യവസ്ഥ ചെയ്യുക.
4. മണ്ണ് പരിശോധിക്കുക.
5. കീടങ്ങളെ നിയന്ത്രിക്കുക.
6. കാർഷികോത്പന്നങ്ങളുടെ വിപണനം നടത്തുക.
7. അലങ്കാര ചെടികൾ കൃഷി ചെയ്യുക.
8. കാർഷിക സഹകരണം വളർത്തുക.
9. വാണിജ്യ വിളകളെ വികസിപ്പിക്കുക.
10. ബയോടെക്നോളജി പ്രയോഗിക്കുക.
11. പുതുമയുള്ള ഫീൽഡ് ട്രയലുകളും പൈലറ്റ് പ്രോജക്ടുകളും പ്രചരിപ്പിക്കുക.
12. തദ്ദേശീയമായി ആവശ്യമായ ഗവേഷണവും വികസനവും നടത്തുക.

#### മൃഗ സംരക്ഷണവും ക്ഷീരോൽപ്പാദനവും

1. ജില്ലാതല മൃഗാശുപത്രികളും പരീക്ഷണശാലകളും നടത്തുക.
2. ക്ഷീരവികസന യൂണിറ്റുകൾ നടത്തുക.
3. ക്ഷീരോല്പാദന സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.
4. റീജിയണൽ ഫാമുകളല്ലാത്ത ഫാമുകളും ബ്രീഡിംഗ് ഫാമുകളും ഗവേഷണ കേന്ദ്രങ്ങളും നടത്തുക.
5. ജില്ലാതല പരിശീലനം നടപ്പാക്കുക.
6. രോഗ പ്രതിരോധ പരിപാടികൾ നടപ്പാക്കുക.

7. ഫീൽഡ് ട്രയലുകളുടേയും പൈലറ്റ് പദ്ധതികളുടെയും നൂതന മാർഗ്ഗങ്ങൾ പ്രചരിപ്പിക്കുക.
8. പ്രദേശിക പ്രസക്തിയുള്ള ഗവേഷണവും വികസനവും.

**ചെറുകിട ജലസേചനം**

1. ഭൂഗർഭ ജലസ്രോതസ്സുകൾ വികസിപ്പിക്കുക.
2. ഒന്നിലധികം ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുള്ള ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
3. കമാന്റ് ഏരിയാ വികസിപ്പിക്കുക.

**മത്സ്യബന്ധനം**

1. മത്സ്യ വിപണത്തിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.
2. മത്സ്യകൃഷി വികസന ഏജൻസികൾ നിയന്ത്രിക്കുക.
3. ജില്ലാതല മിൻവളർത്തൽ കേന്ദ്രങ്ങൾ, വല നിർമ്മാണ യൂണിറ്റുകൾ, മത്സ്യ വിപണന കേന്ദ്രങ്ങൾ, തീറ്റമില്ലുകൾ, ഐസ് പാൻറുകൾ, ശീതീകരണികൾ ഇവ നിയന്ത്രിക്കുക.
4. ഫിഷറീസ് സ്കൂളുകൾ നിയന്ത്രിക്കുക.
5. നൂതന സാങ്കേതിക വിദ്യകൾ ഏർപ്പെടുത്തുക.
6. മത്സ്യത്തൊഴിലാളികൾക്കാവശ്യമായ സാമഗ്രികൾ നൽകുക.
7. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക.

**ചെറുകിട വ്യവസായങ്ങൾ**

1. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നിയന്ത്രിക്കുക.
2. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
4. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനായി പ്രദർശനങ്ങൾ സംഘടിപ്പിക്കുക.
5. വ്യവസായ സംരഭ വികസന പരിപാടികൾ നടത്തുക.
6. ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുക.
7. പരിശീലനം നൽകുക.
8. ഇൻപുട്ട് സർവ്വീസും കോമൺ ഫെസിലിറ്റി സെന്ററുകളും ഉണ്ടാക്കുക.
9. വ്യവസായ വികസന വായ്പാ പദ്ധതികൾ നടപ്പാക്കുക.

**ഭവന നിർമ്മാണം**

1. കെട്ടിട സമുച്ചയവും അടിസ്ഥാന സൗകര്യ വികസനവും നടപ്പാക്കുക.
2. ഭവന നിർമ്മാണത്തിനുള്ള പണം സ്വരൂപിക്കുക.

**ജലവിതരണം**

1. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലവിതരണം നടപ്പാക്കുക.

2. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലെ ജലവിതരണ പദ്ധതികൾ ഏറ്റെടുക്കുക.

**വിദ്യുച്ഛക്തിയും ഊർജവും**

1. മൈക്രോ – ഹൈഡ്രൽ പദ്ധതികൾ ഏറ്റെടുക്കുക.
2. വിദ്യുച്ഛക്തി വികസനത്തിനായി മുൻഗണന നൽകേണ്ട സ്ഥലങ്ങൾ തീരുമാനിക്കുക.

**വിദ്യാഭ്യാസം**

1. സർക്കാർ ഹൈസ്ക്കുളുകളുടെ നടത്തിപ്പ് (ഹൈസ്ക്കൂളുകളോടൊപ്പമുള്ള ലോവർ പ്രൈമറി വിഭാഗങ്ങൾ ഉൾപ്പെടെ)
2. സർക്കാർ ഹയർസെക്കന്ററി സ്കൂളുകളുടെ നടത്തിപ്പ്.
3. സർക്കാർ സാങ്കേതിക സ്കൂളുകളുടെ നടത്തിപ്പ്.
4. സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടേയും പോളി ടെക്നിക്കുളുടേയും നടത്തിപ്പ്.
5. സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി സ്കൂളുകളുടെ നടത്തിപ്പ്.
6. വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ജില്ലാ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ നടത്തിപ്പ്.
7. വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്ര – സംസ്ഥാന സ്പോൺസേഡ് പരിപാടികളെ ഏകോപനം.

**പൊതുമരാമത്ത്**

1. മേജർ ജില്ലാ റോഡുകൾ ഒഴികെയുള്ള ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമായ എല്ലാ റോഡുകളും നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
2. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക.

**പൊതുജനാരോഗ്യവും ശുചീകരണവും**

1. എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള ജില്ലാ ആശുപത്രികൾ നിയന്ത്രിക്കുക.
2. പ്രത്യേക വിഭാഗത്തിൽപ്പെട്ട വികലാംഗരുടെയും മാനസികരോഗികളുടെയും സംരക്ഷണത്തിനായി കേന്ദ്രങ്ങൾ സ്ഥാപിക്കുക.
3. കേന്ദ്ര–സംസ്ഥാന സ്പോൺസേഡ് പരിപാടികളെ ജില്ലാതലത്തിൽ ഏകോപിപ്പിക്കുക.

**സാമൂഹ്യക്ഷേമം**

1. അനാഥാലയങ്ങൾക്ക് ഗ്രാൻറുകൾ നൽകുക.
2. ഭിന്നശേഷിക്കാർ, അഗതികൾ മുതലായവർക്കായി ക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

**ദാരിദ്ര്യ നിർമ്മാർജ്ജനം**

1. സ്വയം തൊഴിൽ പരിപാടികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

2. വീടുകളുടെ നിർമ്മാണം

**പട്ടിക ജാതി - പട്ടിക വർഗ്ഗ വികസനം**

1. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ്
2. പട്ടികജാതി – പട്ടികവർഗ്ഗങ്ങൽക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നിയന്ത്രണം

**കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും**

1. സ്റ്റേഡിയങ്ങൾ നിർമ്മിക്കുക.

**സഹകരണം**

1. ജില്ലാ പഞ്ചായത്തതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.
2. സഹകരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക.

# അധ്യായം – 4

# ജനകീയ സംവിധാനങ്ങൾ

**ഭരണസമിതി**

| ഡിവിഷൻ | അംഗത്തിന്റെ പേര് | വിലാസം | സ്ഥാനം | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | നിഷ പുത്തൻപുരയിൽ | പുത്തൻപുരയിൽ, ഓർക്കാട്ടേരി,676501 | മെമ്പർ | 9846565048 |
| 2 | കൂടത്താൻകണ്ടി സുരേഷ് മാസ്റ്റർ | കൂടത്താങ്കണ്ടിയിൽ, അരൂർ, 673507 | മെമ്പർ | 9447639411 |
| 3 | സി.വി.എം.നജ്മ | ചെട്ട്യാവീട്ടിൽ, വാണിമേൽ, 673506 | മെമ്പർ | 9495478080 |
| 4 | പി.സുരേന്ദ്രൻ | പരപ്പുമ്മൽ, കാവിലുംപാറ, 673513 | സ്റ്റാ:കമ്മറ്റി ചെയർപേഴ്സൺ ,ക്ഷേമകാര്യം | 9446163050 |
| 5 | സി.എം.യശോദ | പള്ളത്ത്, വേളം 673508 | മെമ്പർ | 9946220914 |
| 6 | ഷീജ ശശി | പത്തനാമലയിൽ, ചക്കിട്ടപാറ, 673528 | പ്രസിഡണ്ട് | 9645103949,8281040021 |
| 7 | റംസീന നരിക്കുനി | കൊട്ടയോട്ട്കുനിയിൽ, നരിക്കുനി, 673585 | മെമ്പർ | 7034903517 |
| 8 | പി.പി.പ്രേമ | പടിഞ്ഞാറെപുതിയാറമ്പത്ത്, കോക്കല്ലൂർ, 673612 | മെമ്പർ | 9656631619 |
| 9 | അംബിക മംഗലത്ത് | മംഗലത്ത്, കുപ്പായക്കോട്, 673580 | മെമ്പർ | 9495612517 |
| 10 | ബോസ് ജേക്കബ് | പുരയിടത്തിൽ, തിരുവമ്പാടി, 673603 | മെമ്പർ | 9946932926 |
| 11 | വി.പി.ജമീല | വടക്കേപീടിയേക്കൽ, കാരശ്ശേരി, അള്ളി 673602 | സ്റ്റാ:കമ്മറ്റി ചെയർപേഴ്സൺ , വികസനം | 9645265201 |
| 12 | നാസർ എസ്റ്റേറ്റ്മുക്ക് | കെ.എം.പറമ്പിൽ, എസ്റ്റേറ്റ്മുക്ക് ഉണ്ണികുളം, 673574 | മെമ്പർ | 9447535566 |
| 13 | കമ്പളത്ത് സുധ | കമ്പളത്ത്, മാവൂർ, 673661 | മെമ്പർ | 9544642339 |
| 14 | രാജീവ് പെരുമൺപുറ | ഇടക്രമഞ്ചേരി, പെരുമൺപുറ, പെരുമണ്ണ, 673019 | മെമ്പർ | 9446646263 |

| ഡിവിഷൻ | അംഗത്തിന്റെ പേര് | വിലാസം | സ്ഥാനം | ഫോൺ നമ്പർ |
|---|---|---|---|---|
| 15 | അഡ്വ.പി.ഗവാസ് | പാറക്കൽ, കോതോട്, മൊയിലോത്തറ 673513 | മെമ്പർ | 9946401679 |
| 16 | എം.ധനീഷ് ലാൽ | മറുവാട്ട്, പൊയ്യയിൽ പിലാശ്ശേരി, 673571 | മെമ്പർ | 9496494346 |
| 17 | ഇ.ശശീന്ദ്രൻ | എളേടത്ത്, ചേളന്നൂർ, കണ്ണങ്കര,673616 | മെമ്പർ | 9495819501 |
| 18 | പി.ടി.എം.ഷറഫുന്നീസ ടീച്ചർ | രാരപറമ്പത്ത്, കിഴക്കോത്ത്, 673572 | മെമ്പർ | 9496810169 |
| 19 | ഐ.പി.രാജേഷ് | ഇല്ലിപ്പിലാക്കൂൽ, പുന്നശ്ശേരി, 673585 | മെമ്പർ | 9946509035 |
| 20 | റസിയ തോട്ടായി | തോട്ടായി, നന്മണ്ട, 673613 | മെമ്പർ | 9656308929 |
| 21 | സിന്ധു സുരേഷ് | മഴ, മാട്ടുമ്മൽ, കാപ്പാട്, 673304 | മെമ്പർ | 9947013321 |
| 22 | മുക്കം മുഹമ്മദ് | മേലകത്ത്, കാരമൂല, കുമാരനല്ലൂർ, 673602 | മെമ്പർ | 9846048484 |
| 23 | എം.പി.ശിവാനന്ദൻ | മീത്തലെപാലയാടി, മുചുകുന്ന്, 673307 | വൈസ് പ്രസിഡണ്ട് | 9447844818 |
| 24 | സി.എം.ബാബു | ചെറിയാണ്ടിമീത്തൽ, ചെറുവണ്ണൂർ 673524 | മെമ്പർ | 9946441775 |
| 25 | വി.പി.ദുൽഖിഫിൽ | ചാലുപറമ്പത്ത്, മുട്ടുമ്മൽ വെസ്റ്റ് 673106 | മെമ്പർ | 8891951054 |
| 26 | കെ.വി.റീന | മലയിൽ, എടത്തുകര, തോടന്നൂർ, 673541 | സ്റ്റാ: കമ്മറ്റി ചെയർപേഴ്സൺ പൊതുമരാമത്ത് | 9495638536 |
| 27 | എൻ.എം.വിമല | നല്ലൂക്കര, പൊന്മേരി, പൊന്മേരിപറമ്പിൽ, 673542 | സ്റ്റാ:കമ്മറ്റി ചെയർപേഴ്സൺ ആരോഗ്യം, വിദ്യാഭ്യാസം | 9400643556 |

**കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിനായി താഴെ പറയുന്നകമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്.പ്രസ്തുത കമ്മറ്റികളുടെ അദ്ധ്യക്ഷൻമാർ, അംഗങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ചുമതലകൾ എന്നിവ താഴെ വിവരിക്കുന്നു.**

**1.സ്റ്റിയറിംഗ് കമ്മറ്റി**

ശ്രീമതി.ഷീജ ശശി – പ്രസിഡണ്ട്

ശ്രീ.എം.പി.ശിവാനന്ദൻ – വൈസ് പ്രസിഡണ്ട്, ചെയർപേഴ്സൺ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

ശ്രീമതി.വി.പി.ജമീല – ചെയർപേഴ്സൺ, വികസന സ്റ്റാന്റിംഗ് കമ്മറ്റി

ശ്രീമതി.എൻ.എം.വിമല – ചെയർപേഴ്സൺ,ആരോഗ്യം–വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മറ്റി

ശ്രീമതി.കെ.വി,റീന – ചെയർപേഴ്സൺ,പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി

ശ്രീ.പി.സുരേന്ദ്രൻ – ചെയർപേഴ്സൺ,ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

ശ്രീ.ടി.അഹമ്മദ് കബീർ – സെക്രട്ടറി

**2.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി**

**ചെയർപേഴ്സൺ - ശ്രീ.എം.പി.ശിവാനന്ദൻ (വൈസ് പ്രസിഡണ്ട്)**

അംഗങ്ങൾ

ശ്രീമതി.പി.പി.പ്രേമ
ശ്രീ.ഇ.ശശീന്ദ്രൻ
ശ്രീമതി. റസിയ തോട്ടായി
ശ്രീമതി.റംസിന നരിക്കുനി
ശ്രീ,വി.പി.ദുൽഖിഫിൽ

ചുമതലകൾ

- അക്കൌണ്ടുകൾ
- ഓഡിറ്റ്
- ബജറ്റ്
- പൊതുഭരണം
- മറ്റ് സ്റ്റാന്റിഗ് കമ്മറ്റികളെ ചുമതലപ്പെടുത്താത്തവ

**3.വികസന സ്റ്റാന്റിംഗ് കമ്മറ്റി**

**ചെയർപേഴ്സൺ - ശ്രീമതി.വി.പി.ജമീല**

അംഗങ്ങൾ

ശ്രീ.ബോസ് ജേക്കബ്

ശ്രീമതി.സി.വി.എം.നജ്മ

ശ്രീ.രാജീവ് പെരുമൺപുറ

ശ്രീമതി.സിന്ധു സുരേഷ്

ചുമതലകൾ

- വികസനം
- ആസൂത്രണം
- സാമൂഹ്യ-സാമ്പത്തിക ആസൂത്രണം
- കൃഷി
- മൃഗസംരക്ഷണം
- മണ്ണ് സംരക്ഷണം
- ചെറുകിട ജലസേചനം
- മത്സ്യബന്ധനം
- ചെറുകിട വ്യവസായം
- വൈദ്യുതി

**4. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി**

**ചെയർപേഴ്സൺ - ശ്രീമതി കെ.വി.റീന**

അംഗങ്ങൾ

ശ്രീമതി.പി.ടി.എം.ഷറഫുന്നീസ ടീച്ചർ

അഡ്വ.ശ്രീ.പി.ഗവാസ്

ശ്രീമതി.സി.എം.യശോദ

ശ്രീ.ഐ.പി.രാജേഷ്

ചുമതലകൾ

- പൊതുമരാമത്ത് പ്രവൃത്തികൾ
- പാർപ്പിടം
- സ്ഥലപര ആസൂത്രണം
- ജൈവവൈവിധ്യ മാനേജ്മെൻറ്,കാലാവസ്ഥാ വ്യതിയാനം,പരിസ്ഥിതി സംരക്ഷണം,ദുരന്ത നിവാരണം

**5.ആരോഗ്യം-വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മറ്റി**

**ചെയർപേഴ്സൺ - ശ്രീമതി.എൻ,എം,വിമല**

അംഗങ്ങൾ

ശ്രീ,കൂടത്താങ്കണ്ടി സുരേഷ് മാസ്റ്റർ

ശ്രീ.നാസർ എസ്റ്റേറ്റ്മുക്ക്

ശ്രീ.മുക്കം മുഹമ്മദ്

ശ്രീമതി.നിഷ പുത്തൻ പുരയിൽ

ചുമതലകൾ

- വിദ്യാഭ്യാസം,കല,കായികം,സംസ്കാരം
- പൊതുജനാരോഗ്യം

**6.ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി**

**ചെയർ പേഴ്സൺ - ശ്രീ.പി.സുരേന്ദ്രൻ**

അംഗങ്ങൾ

ശ്രീ.എം.ധനീഷ് ലാൽ

ശ്രീ.സി.എം.ബാബു

ശ്രീമതി.അംബിക മംഗലത്ത്

ശ്രീമതി.കമ്പളത്ത് സുധ

ചുമതലകൾ

- പട്ടികജാതി പട്ടികവർഗ്ഗ വികസനം
- ജൻഡറും കുട്ടികളുടെ വികസനവും (വയോജനം, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ ഉൾപ്പെടെ)
- സാമൂഹ്യക്ഷേമം
- ദാരിദ്ര്യ ലഘൂകരണം

# ആസൂത്രണ സമിതി അംഗങ്ങൾ

അദ്ധ്യക്ഷൻ – ശ്രീമതി.ഷീജ ശശി, പ്രസിഡണ്ട്, ജില്ലാ പഞ്ചായത്ത് 9645103949

ഉപാദ്ധ്യക്ഷൻ – ശ്രീ.മണലിൽ മോഹനൻ – 9446683307

കൺവീനർ – ശ്രീ.ടി.അഹമ്മദ് കബീർ, സെക്രട്ടറി, ജില്ലാ പഞ്ചായത്ത് കോഴിക്കോട്.

അംഗങ്ങൾ –

1)ശ്രീ.എം.പി.ശിവാനന്ദൻ,ചെയർമാൻ–ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി & വൈസ് പ്രസിഡൻറ്, ജില്ലാ പഞ്ചായത്ത്, കോഴിക്കോട് 9447844818

2)ശ്രീമതി.വി.പി.ജമീല, ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി 9645265201

3)ശ്രീമതി.കെ.വി.റീന, ചെയർപേഴ്സണൻ,പൊതുമരാമത്ത് സ്റ്റാൻറിംഗ് കമ്മിറ്റി 9495638536

4)ശ്രീമതി.എം.എൻ.വിമല,ചെയർപേഴ്സൺ,ആരോഗ്യ–വിദ്യാഭ്യാസ–സ്റ്റാൻറിംഗ്കമ്മറ്റി 9400643556

5)ശ്രീ.പി.സുരേന്ദ്രൻ,ചെയർമാൻ, ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി 9446163050

6) ശ്രീ.മുക്കം മുഹമ്മദ്, മെമ്പർ,ജില്ലാ പഞ്ചായത്ത് 9846048484

7) ശ്രീ.ഐ.പി.രാജേഷ്, മെമ്പർ, ജില്ലാ പഞ്ചായത്ത്–9956509035

8) ശ്രീ.ടി.കെ.രാജൻമാസ്റ്റർ–9446478090

9) ശ്രീ.കെ.എ.ഖാദർമാസ്റ്റർ–9447478401

10) ശ്രീ.സുധാകരൻ.എ, റിട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, 8547132654

11) ശ്രീ.പ്രമോദ്.പി.ജി,മണ്ണിൽ തൃക്കോയിൽ (പി.ഒ),കണ്ണാടിക്കൽ– 673010, 9446451565

12) ശ്രീ.രാജൻ മാമ്പറ്റ, റിട്ടേയർഡ് കൃഷി ഓഫീസർ–9446374308

13) ശ്രീ കെ.പി രാധാകൃഷ്ണൻ,ലാൽ വിഹാർ,കുട്ടോത്ത്.പി.ഒ 9495219554

## അധ്യായം – 5

# ഘടക സ്ഥാപനങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥരും

## ജില്ലാപഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ

1. സെക്രട്ടറി ജില്ലാപഞ്ചായത്ത്
2. ഡെപ്യൂട്ടി ഡയരക്ടർ / പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ
3. ഡെപ്യൂട്ടി ഡയരക്ടർ മൃഗസംരക്ഷണം
4. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ
5. അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ, കൃഷി
6. മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം
7. ജില്ലാ വനിതാ ക്ഷേമ ഓഫീസർ
8. എക്സിക്യൂട്ടീവ് എഞ്ചീനിയർ, LID&EW ജില്ലാപഞ്ചായത്ത്
9. അസി. എക്സിക്യൂട്ടീവ് എഞ്ചീനിയർ, LID&EW ജില്ലാപഞ്ചായത്ത്
10. ഡെപ്യൂട്ടി ഡയരക്ടർ, ജനറൽ എഡ്യുക്കേഷൻ
11. ഡിസ്ട്രിക്ട് മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ
12. ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസർ, സാമൂഹ്യനീതി വകുപ്പ്
13. ജില്ലാ സാമൂഹ്യനീതി ഓഫീസർ
14. ജില്ലാ പട്ടികവർഗ വികസന ഓഫീസർ
15. ജില്ലാ പട്ടികജാതി വികസന ഓഫീസർ
16. പ്രൊജക്ട് ഓഫീസർ, ജില്ലാ ഖാദി ഗ്രാമ വ്യവസായം
17. ഡെപ്യൂട്ടി ഡയരക്ടർ ക്ഷീരവികസനം
18. ഡെപ്യൂട്ടി ഡയരക്ടർ മത്സ്യബന്ധനം
19. സൂപ്രണ്ട് ജി.ഐ.എഫ്.ടി വടകര, മലാപ്പറമ്പ്
20. ജില്ലാ മെഡിക്കൽ ഓഫീസർ (ഹെൽത്ത്), അലോപ്പതി
21. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി)
22. ജില്ലാ മെഡിക്കൽ ഓഫീസർ (ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ)
23. അസി. ഡവ. കമ്മീഷണർ കോഴിക്കോട് (ജനറൽ)
24. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ(PAU) കോഴിക്കോട്
25. സീനിയർ കൃഷി ഓഫീസർ, കൃഷി ഫാമുകൾ

26. സൂപ്രണ്ട് ജില്ലാ ആശുപത്രി, വടകര
27. സൂപ്രണ്ട് ജില്ലാ ആയുർവേദ ആശുപത്രി
28. സൂപ്രണ്ട് ജില്ലാ ഹോമിയോ ആശുപത്രി
29. അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ ശുചിത്വ മിഷൻ
30. ജില്ലാ വനിതാ ശിശു വികസന ഓഫീസർ

**ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ**

1. ഗവ. കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, കൊയിലാണ്ടി
2. ഗവ. കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് , കല്ലാച്ചി
3. ജില്ലാ ആശുപത്രി ഹോമിയോ
4. ജില്ലാ ആശുപത്രി ആയുർവ്വേദം
5. മണ്ണുപരിശോധന ലബോറട്ടറി – മൊബൈൽ യൂണിറ്റ്
6. ജില്ലാ മണ്ണ് പരിശോധനാകേന്ദ്രം തിക്കോടി,
7. പ്രാദേശിക കോഴി വളർത്തുകേന്ദ്രം, ചാത്തമംഗലം(റീജ്യനൽ പൗൾട്രി ഫാം, ചാത്തമംഗലം)
8. ജില്ലാ കൃഷി ഫാം, കൂത്താളി,
9. സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പുതുപ്പാടി
10. സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പേരാമ്പ്ര
11. തെങ്ങിൻ തൈ വളർത്തു കേന്ദ്രം, തിക്കോടി
12. ജില്ലാ മൃഗാസംരക്ഷണ ഓഫീസ്
13. ഗവ. ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂളുകൾ / വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ
14. ദാരിദ്ര നിർമ്മർജ്ജന യൂണിറ്റ് (PAU)
15. ജില്ലാ സാക്ഷരതാ മിഷൻ
16. സ്കിൽ ഡവലപ്മെന്റ് സെന്റർ
17. സ്നേഹസ്പർശം, കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി
18. ജില്ലാ ആശുപത്രി വടകര
19. അധ്യാപക പരിശീലന കേന്ദ്രം (DIET)വടകര
20. ഗവ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ്, മലാപ്പറമ്പ്
21. ഗവ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ്, വടകര

## അധ്യായം – 6

# ജില്ലാ പഞ്ചായത്ത് കാര്യാലയത്തിന്റെ ഘടന



ജില്ലാ പഞ്ചായത്ത് ജീവനക്കാർ

**ജീവനക്കാർ - ചുമതലകൾ**

| പേര് | ഉദ്യോഗപ്പേര് | ഫോൺ | സെക്ഷൻ ചുമതല |
|---|---|---|---|
| ടി.അഹമ്മദ് കബീർ | സെക്രട്ടറി | 9447742096 | |
| എം.ടി.പ്രേമൻ | ഫിനാൻസ് ഓഫീസർ | 9605606709 | ക്രമ.നം21 |
| എ.രാജേഷ് | സീനിയർ സൂപ്രണ്ട് I | 9446395615 | ക്രമ.നം19 |
| സെൽവ രത്നം.പി | സീനിയർ സൂപ്രണ്ട് II | 9961063044 | ക്രമ.നം20 |
| പ്രവീൺകുമാർ.വി.വി | ജൂനിയർ സൂപ്രണ്ട് I | 9446453154 | ക്രമ.നം18 |
| സോണിയ.പി | ജൂനിയർ സൂപ്രണ്ട് II | 9496915753 | ക്രമ.നം19 |
| സുരേഷ്.വി.കെ | ഹെഡ് ക്ലാർക്ക് | 9846240595 | ക്രമ.നം.17 |
| സുധാകരൻ.സി | സീനിയർ ക്ലാർക്ക് | 9446653780 | പി1(സി) |

| പേര് | ഉദ്യോഗപ്പേര് | ഫോൺ | സെക്ഷൻ ചുമതല |
|---|---|---|---|
| ബിനീഷ് കുമാർ.പി.ആർ | സീനിയർ ക്ലാർക്ക് | 9447952232 | പി1(എ) |
| ഹരീഷ്.പി | സീനിയർ ക്ലാർക്ക് | 9496438060 | പി2,പി10 |
| രാമചന്ദ്രൻ.പി.കെ | സീനിയർ ക്ലാർക്ക് | 9947139797 | പി3 |
| ഷൈനി.പി | സീനിയർ ക്ലർക്ക് | 9539432426 | പി4,പി5 |
| സതീഷ്.യു | സീനിയർ ക്ലർക്ക് | 9895136999 | പി6 |
| പ്രമോദ്.വി | സീനിയർ ക്ലർക്ക് | 7034089588 | പി8 |
| അജിത്ത്.എ.വി | ക്ലർക്ക് | 9995011887 | പി7 |
| രോശ്ലി.എൻ.പി | ക്ലർക്ക് | 7034586903 | പി11 |
| അജിത്ത്കുമാർ.ടി.കെ | ക്ലർക്ക് | 8606030396 | പി.ഇ2 |
| സിജു.ടി | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് I | 9746532693 | ക്രമ.നം.13 |
| ഷൈബ.ടി | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് II | 9744539829 | ക്രമ.നം14 |
| സ്മിത.പി.വി | സി.എ ഗ്രേഡ്I | 9847782468 | ക്രമ,നം.15 |
| സിയാവുദ്ദീൻ.പി.എ | ഓഫീസ് അറ്റന്റന്റ് | 7012015884 | ക്രമ.നം23 |
| ജോസഫ് പോൾ | ഓഫീസ് അറ്റന്റന്റ് | 9895350398 | ക്രമ.നം23 |
| കെ.സുധീഷ് | ഡ്രൈവർ സെലക്ഷൻ ഗ്രേഡ് | 8086762152 | ക്രമ,നം22 |
| പത്മേഷ്.പി | ഡ്രൈവർ സീനിയർ ഗ്രേഡ് | 9037866790 | ക്രമ,നം22 |
| അഷ്റഫ്.പി | ഡ്രൈവർ സീനിയർ ഗ്രേഡ് | 7907728415 | ക്രമ,നം22 |
| സുമതി.പി | പി.ടി.എസ് | 9846299381 | ക്രമ.നം25 |
| അബു താഹിർ.ഇ.എ | ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | 9495533787 | ക്രമ.നം16 |
| ഷാജു.പി | വാച്ച്മേൻ | 9048913456 | ക്രമ.നം24 |
| സുമതി.പി | പി.ടി.എസ് | 9846299381 | ക്രമ.നം.25 |
| ശഹന.പി | പ്രൊജക്റ്റ് അസിസ്റ്റന്റ് | 9496342548 | ക്രമ.നം.26 |
| ഉഷ | കാഷ്വൽ സ്വീപ്പർ | 9496343201 | ക്രമ.നം.25 |

**1.പി1 (എ) സെക്ഷൻ (അക്കൗണ്ട്സ്) :**

അക്കൗണ്ട്സുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും , ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി, വാർഷിക ധനകാര്യ പത്രിക(AFS) തയ്യാറാക്കുക, ഭരണ റിപ്പോർട്ട് തയ്യാറാക്കുക, ജില്ലാ പഞ്ചായത്ത് ബഡ്ജറ്റ്. അക്കൗണ്ട്സ് സെക്ഷനുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിപ്പും പരിപാലനവും. സാംഖ്യവെബിലൂടെ അക്കൗണ്ടൻറിന്റെ ലോഗിനിൽ എത്തുന്ന എല്ലാ അലോട്ട്മെൻറുകളും തയ്യാറാക്കുക. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പ് ,പരിപാലനം

**2.പി1 (സി) സെക്ഷൻ (ക്യാഷ്യർ) :**

റെസിപ്റ്റ് & പെയ്മെന്റ് വൗച്ചറുകളുടെ സൂക്ഷിപ്പ്, ഓഫീസിലെ എല്ലാ അക്കൗണ്ടുകളുടേയും ചെക്ക് ബുക്കുകൾ കൈകാര്യം ചെയ്യൽ, ഓഫീസിലെ പണം, ഡി.ഡി എന്നിവ കൈകാര്യം ചെയ്യുന്ന ചുമതല, ഇമ്മൂവബിൾ പ്രോപ്പർട്ടി രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പ് , പരിപാലനം. ക്യാഷ് ചെസ്റ്റിന്റെ ചുമതല, ക്യാഷ് ചെസ്റ്റിലെ സാമഗ്രികളുടെ റജിസ്റ്റർ സൂക്ഷിപ്പ്, പരിപാലനം. ഇംപ്രസ്റ്റ് ഫണ്ട് അനുവദനീയമായ തുക പിൻവലിച്ച് കൈകാര്യം ചെയ്യൽ. ജി.എസ്.ടി, ആദായ നികുതി എന്നിവ യഥാസമയം അടവാക്കൽ, റിട്ടേൺ ഫയൽ ചെയ്യൽ, സാംഖ്യ വെബിലൂടെ നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന റിക്വസിഷൻ പരിശോധിച്ച് പ്രസിഡൻറിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുക.

**3.പി2 സെക്ഷൻ :**

ഓഫീസിലെ മുഴുവൻ ഓഡിറ്റു ഫയലുകളുടെയും ചുമതല, ഓഡിറ്റിന് ആവശ്യമായ രേഖകൾ ഹാജരാക്കൽ, ഓഡിറ്റ് പരാമർശങ്ങൾക്ക് സയമബന്ധിതമായി മറുപടി തയ്യാറാക്കി നൽകൽ. ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് സംബന്ധമായ പരാമർശങ്ങൾ അയച്ചുകൊടുത്ത് മറുപടികൾ ലഭ്യമാക്കി ഓഡിറ്റിന് നൽകുക, ഓഡിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കലും സൂക്ഷിപ്പും.,വിവിധ സെക്ഷനുകളുമായി ബന്ധപ്പെട്ട കോടതി കേസുകളുടെ ഏകോപന റിപ്പോർട്ടിംഗിന്റെ ചുമതല, സ്യൂട്ട് രജിസ്റ്റർ സൂക്ഷിപ്പ്, പരിപാലനം, വ്യവസായം സംബന്ധിച്ച് ഫയലുകൾ, റജിസ്റ്ററുകൾ ,

**4.പി 3 സെക്ഷൻ :**

വിവരാവകാശം സംബന്ധിച്ച ഫയലുകൾ, റജിസ്റ്ററുകൾ, കുടിവെള്ള പദ്ധതികൾ , നിയമസഭാ ചോദ്യങ്ങൾ സംബന്ധിച്ച ഫയലുകൾ, റജിസ്റ്ററുകൾ, ഓഫീസ് വാഹനങ്ങളുടെ ചുമതലകൾ, തെരഞ്ഞെടുപ്പ് സംബന്ധമായ ഫയലുകൾ, എസ്.സി കുടിവെള്ള പദ്ധതികൾ, ഇ.ഗ്രാം സ്വരാജ്, PFMS മുഖേന നൽകുന്ന അലോട്ട്മെൻറുകളുടെ രജിസ്റ്റർ, സൂക്ഷിപ്പ്, പരിപാലനം.

**5.പി 4 സെക്ഷൻ :**

ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി , ആർ.പി.എഫ്.ചാത്തമംഗലം, പി.എം.എ.വൈ/ ലൈഫ്, ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസുമായി ബന്ധപ്പെട്ട മറ്റ് ജോലികൾ, സാമൂഹ്യക്ഷേമം, ഫിഷറീസ്, പട്ടികവർഗ്ഗം. ആശ്രയ, ജി.സി.ഐ (കല്ലാച്ചി, കൊയിലാണ്ടി), ആരോഗ്യം (ആയുർവേദം), ആരോഗ്യം (അലോപ്പതി), വടകര ആശുപത്രി സംബന്ധിച്ച് ഫയലുകൾ, പേരാമ്പ്ര വനിതാ

ഹോസ്റ്റൽ, ആരോഗ്യ കേരളം, ക്ഷീരവികസനം, വെറ്ററിനറി, എ.ബി.സി– പ്രോജക്റ്റ്, എസ്.പി.സി.എ, സ്നേഹസ്പർശം പദ്ധതി ഫയൽ, റജിസ്റ്റർ പരിശോധന.

**6.പി 5 സെക്ഷൻ :**

പൊതുമരാമത്ത് സ്റ്റാൻറിംഗ് കമ്മിറ്റി, പബ്ലിക് വർക്സ, പരിസ്ഥിതി, റോഡ് ആസ്തി രജിസ്റ്റർ, എസ്.ജി.ആർ.വൈ ആർ.ആർ നടപടി. ഓഫീസ് മെയിൻറനൻസ് പ്രവൃത്തികൾ ജില്ലാ പഞ്ചായത്ത് കെട്ടിടം സർവ്വേ, സ്കെച്ച് എന്നിവ സംബന്ധിച്ച ഫയലുകളുടെ കൈകാര്യം ചെയ്യൽ, തിക്കോടി ഫാം, MSTL,DSTL, ഡെസ്പാച്ച് രജിസ്റ്റർ, സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ എന്നിവയുടെ കൈകാര്യം ചെയ്യൽ, സൂക്ഷിപ്പ്. ഓഫീസിലെ 2 ജനറേറ്ററുകളുടേയും പരിപാലന ചുമതല, ലോഗ് ബുക്ക് സൂക്ഷിക്കൽ, റീഡിംഗ് രേഖപ്പെടുത്തൽ

**7.പി 6 സെക്ഷൻ :**

ജില്ലാ പഞ്ചായത്ത് പദ്ധതി രൂപീകരണം, നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള പർച്ചേസ്, നിർവ്വഹണ ഉദ്യോഗസ്ഥരുടെ മീറ്റിംഗ്, പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി റിപ്പോർട്ട് മോണിറ്ററിംഗ്, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ, DPC, പദ്ധതി സംബന്ധമായ രജിസ്റ്ററുകൾ തയ്യാറാക്കൽ, നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഇൻകുംബൻസി രജിസ്റ്റർ തയ്യാറാക്കൽ, സൂക്ഷിക്കൽ, പരിപാലനം. നിർവ്വഹണ ഉദ്യോഗസ്ഥരുടെ എൻ.എൽ.സി/എൽ.സി രജിസ്റ്റർ പരിപാലനം ഓഫീസിലെ കമ്പ്യൂട്ടർ, പ്രിൻറർ സംബന്ധമായ ഫയലുകൾ റജിസ്റ്ററുകൾ ,ഐ.കെ.എം Liaison Officer

**8.പി 7 സെക്ഷൻ :**

ഊർജ്ജം,പർച്ചേസ് കമ്മിറ്റി മീറ്റിംഗ് ഫയലുകൾ, മിനുട്സ്, പാഴ്വസ്തുക്കളുടെ ഡിസ്പോസൽ, ടൂൾസ് & പ്ലാൻറ്സ് എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കൽ, ജി.ഐ.എഫ്.ഡി മലാപ്പറമ്പ്, ജി.ഐ.എഫ്.ഡി വടകര, പൊതുപരാതികൾ, ജനസമ്പർക്കപരിപാടി, സുതാര്യ കേരളം എന്നിവ സംബന്ധിച്ച ഫയലുകൾ, റജിസ്റ്ററുകളുടെ സൂക്ഷിപ്പ്, പരിപാലനം. പ്രസിഡണ്ട് ചെയർമാനായിട്ടുള്ള വിവിധ കമ്മിറ്റികളുമായി ബന്ധപ്പെട്ട ഫയലുകൾ. ISO യുമായി ബന്ധപ്പെട്ട കാര്യങ്ങൾ

**9.പി 8 സെക്ഷൻ :**

ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ്, പേ ബിൽ രജിസ്റ്റർ ആന്റ് അക്വിറ്റൻസ് രജിസ്റ്റർ തയ്യാറാക്കൽ, സൂക്ഷിപ്പ്, പരിപാലനം, ചുമതലാ കൈമാറ്റ രജിസ്റ്റർ സൂക്ഷിപ്പ്. ജീവനക്കാരുടെ സർവ്വീസ് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുക, ജീവനക്കാരുടെ സർവ്വീസ് ബുക്കുകളുടെ പരിപാലനം, ജീവനക്കാരുടെ ഇൻകുംബൻസി രജിസ്റ്റർ തയ്യാറാക്കൽ, സൂക്ഷിപ്പ്, യാത്രാബത്ത, ജീവനക്കാരുടെ NLC/LC രജിസ്റ്റർ തയ്യാറാക്കൽ, സൂക്ഷിപ്പ്, പരിപാലനം. കണ്ടിൻജന്റ് ബിൽ രജിസ്റ്റർ സൂക്ഷിപ്പ്. ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളുടെ ഹോണറേറിയം, യാത്രാബത്ത മുതലായവയുടെ ചുമതലകൾ

**10.പി 10 സെക്ഷൻ :**

കൃഷി, വികസന സ്റ്റാൻറിംഗ് കമ്മിറ്റി , സോയിൽ കൺസർവേഷൻ, വ്യവസായ എസ്റ്റേറ്റ്, കൂത്താളി ഹൈടെക് ഡയറി ഫാം, കൂത്താളി, പേരാമ്പ്ര, പുതുപ്പാടി ഫാമുകളുമായി ബന്ധപ്പെട്ട ഫയലുകൾ

**11.പി 11 സെക്ഷൻ :**

ഫ്രണ്ട് ഓഫീസ് സംവിധാനം കൈകാര്യം ചെയ്യൽ, തപാൽ, മെയിൽ എന്നിവ കൈകാര്യം ചെയ്യൽ, ഡിസ്ട്രിബ്യൂഷൻ, ഓഫീസിലെ ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ജനറൽ സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കൽ, സൂക്ഷിപ്പ്, പരിപാലനം, പട്ടികജാതി വികസനം സംബന്ധിച്ച ഫയലുകൾ ,സ്റ്റേഷനറി (ബുക്ക്സ് & ഫോംസ്), ജില്ലാ പഞ്ചായത്ത് രശീത് ബുക്കുകളുടെ ചുമതല, സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് പരിപാലനം,

**12.പി.ഇ2 സെക്ഷൻ :**

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചുമതല, ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികൾ, സ്കോളർഷിപ്പുകൾ, എസ്.എസ്.എ, സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ, സാക്ഷരത എന്നിവയുമായി ബന്ധപ്പെട്ട ഫയലുകൾ. ജില്ലാ പഞ്ചായത്ത് അധികാര പരിധിയിലെ സ്കൂളുകൾക്ക് നൽകുന്ന ഫർണ്ണിച്ചർ, മറ്റു സാധനസാമഗ്രികളുടെ രജിസ്റ്ററുകൾ തയ്യാറാക്കൽ, സൂക്ഷിപ്പ്, പരിപാലനം, ആരോഗ്യ വിദ്യാഭ്യാസം സംബന്ധിച്ച് എല്ലാ ഫയലുകളും. സോളാർ പാനൽ സ്ഥാപിച്ച സ്ഥാപനങ്ങളിലെ വൈദ്യുതി ഉപയോഗം സംബന്ധിച്ച് നിരീക്ഷണം ചെയ്യുന്ന ഫയൽ കൈകാര്യം ചെയ്യൽ

**13.ടൈപ്പിസ്റ്റ് I :**

പി5, പി6, പി7, പി8, പി10, പി11, പി.ഇ2 എന്നീ സെക്ഷനുകളുടെ ടൈപ്പിംഗ് ചുമതല. സെക്ഷനുകളിലെ മെയിൽ അയക്കുന്ന ചുമതല.

**14.ടൈപ്പിസ്റ്റ് II**

പി1(എ), പി1(സി), പി2, പി3, പി4 എന്നീ സെക്ഷനുകളുടെ ടൈപ്പിംഗ് ചുമതല, സകർമ്മ സോഫ്റ്റ് വെയർ കൈകാര്യം ചെയ്യൽ.

**15.കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് :**

പ്രസിഡൻറിന്റെ പേര് വെച്ച് വരുന്ന മുഴുവൻ തപാലുകളും സ്വീകരിച്ച് ആയത് പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി യഥാസമയം പ്രസിഡൻറിന് കൈമാറുക, പ്രസിഡന്റും, സെക്രട്ടറിയും പങ്കെടുക്കാനുള്ള എല്ലാ ഔദ്യോഗിക പരിപാടികളും സംബന്ധിച്ച് മുൻകൂട്ടി ശ്രദ്ധയിൽപ്പെടുത്തുക, ഇ–മെയിൽ സംവിധാനത്തിന്റെ (സ്വീകരിക്കലും അയക്കലും) ചുമതലകൾ, ജില്ലാ പഞ്ചായത്ത് കാര്യാലയത്തിന്റെ ജഞഛ എന്ന രീതിയിൽ പ്രവർത്തിക്കുക. ജില്ലാ പഞ്ചായത്തിന്റെ വിവിധ പരിപാടികളുടെ ഡോക്യുമെന്റേഷൻ ഫയലായി സൂക്ഷിക്കൽ, സ്റ്റിയറിംഗ് കമ്മിറ്റി ചുമതല, ഉഇഇ ഫയൽ സൂക്ഷിപ്പ്.

**16.ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ:**

പദ്ധതി രൂപീകരണം, നിർവഹണം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ജില്ലാതലത്തിൽ ശേഖരിക്കുകയും ക്രോഡീകരിക്കുകയും കാലികമാക്കുകയും മുകൾത്തട്ടിലേക്കും സർക്കാർ വകുപ്പുകൾക്കും മറ്റു സർക്കാർ ഏജൻസികൾക്കും സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ലഭ്യമാക്കുക.

സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന മിഷൻ മോഡ് പദ്ധതികൾ ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളുമായി ബന്ധപ്പെട്ട് എല്ലാ വിവരങ്ങളും ജില്ലാതലത്തിൽ ശേഖരിക്കുകയും ക്രോഡികരിക്കുകയും കാലികമാക്കുകയും മുകൾത്തട്ടിലേക്കും സർക്കാർ വകുപ്പുകൾക്കും മറ്റു സർക്കാർ ഏജൻസികൾക്കും സർക്കാർ നിർദ്ദേശത്തിനു അനുസൃതമായി ലഭ്യമാക്കുക.

ജില്ലാ തലത്തിൽ വിവിധ വകുപ്പുകളുടെ കൈവശം നിലവിൽ ലഭ്യമായിട്ടുള്ള സെക്കൻററി ഡാറ്റ ജില്ലാതലത്തിൽ ശേഖരിക്കുകയും ക്രോഡീകരിക്കുകയും കാലികമാക്കുകയും പഞ്ചവൽസര വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ പഞ്ചവൽസര വാർഷിക പദ്ധതിരേഖ തയ്യാറാക്കൽ പ്രോജകട് തയ്യാറക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി ആയത് ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭാ കോർപ്പറേഷനുകൾക്കും ലഭ്യമാക്കുക.

സംസ്ഥാന സർക്കാർ 100 ദിനപരിപാടിയിലും മുൻഗണന പദ്ധതികളിലുൾപ്പെടുത്തിയും നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ പുരോഗതി വിവരങ്ങൾ ശേഖരിക്കുകയും ക്രോഡീകരിക്കുകയും കാലികമാക്കുകയും മുകൾത്തട്ടിലേക്കും സർക്കാർ വകുപ്പുകൾക്കും മറ്റ് സർക്കാർ ഏജൻസികൾക്കും സർക്കാർ നിർദ്ദേശത്തിനു അനുസൃതമായി ലഭ്യമാക്കുക.

**17.ഹെഡ് ക്ലാർക്ക് :**

ഓഡിറ്റ് സംബന്ധമായ ഫയലുകളുടെ മേൽനോട്ട ചുമതല, പി2,പി11 സെക്ഷനുകളുടെ മേൽനോട്ട ചുമതല , ഭരണ സമിതിയുടെ ജനറൽ മീറ്റിംഗിന്റെ മിനുട്സ് തയ്യാറാക്കുന്നതിന്റെ ചുമതല, തപാൽ സ്വീകരിക്കലും തപാൽ വിതരണവും മേൽനോട്ടം, കോൺഫറൻസ് ഹാളുകൾ, പബ്ലിക് അഡ്രസ്സ് സിസ്റ്റം, ജനറേറ്റർ, ഡീസൽ ജനറേറ്റർ എന്നിവയുടെ മേൽനോട്ട ചുമതല. ഓഫീസിലെ എല്ലാ ആസ്തികളുടെയും രജിസ്റ്ററുകൾ അതാതു സെക്ഷനുകളിൽ കാലികമാക്കി സൂക്ഷിക്കുന്നതിന്റെ മേൽനോട്ട ചുമതല, ആസ്തികളുടെ വാർഷിക പരിശോധന നടത്തുന്നതിന്റെ ചുമതല. ഇ-ഗ്രാം സ്വരാജ് അലോട്ട്മെന്റ് നൽകുന്നതിന്റെ മേൽനോട്ട ചുമതല.

**18.ജൂനിയർ സൂപ്രണ്ട് I :**

പി1(എ),പി1(സി),പി5,പി6,പി10 സെക്ഷനുകളിലെ ഫയലുകൾ റജിസ്റ്ററുകൾ എന്നിവയുടെ മേൽനോട്ട ചുമതല, പദ്ധതി രൂപീകരണ മേൽനോട്ടം, നിർവ്വഹണ ഉദ്യോഗസ്ഥരുടെ മീറ്റിംഗ്. സ്റ്റിയറിംഗ് കമ്മിറ്റികൾ, ഇ-മെയിൽ ലോഗിൻ ഐ.ഡി അനുവദിക്കൽ, കോടതികേസുകളുടെ ലെയ്സൺ ഓഫീസർ.

**19. ജൂനിയർ സൂപ്രണ്ട് II :**

പി3,പി4,പി7,പി8,പിഇ2 സെക്ഷനുകളിലെ ഫയലുകൾ, റജിസ്റ്ററുകൾ എന്നിവയുടെ മേൽനോട്ട ചുമതല , അറ്റൻറൻസ് രജിസ്റ്റർ, കാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ഓഫീസ് , പരിസരം ശുചീകരണ മേൽനോട്ട ചുമതല, സ്റ്റാൻറിംഗ് കമ്മിറ്റികളുടെ മേൽനോട്ട ചുമതലകൾ, ഓഫീസിലെ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, നെറ്റ് വർക്കിംഗ്, ഐ.കെ.എം എന്നിവയുടെ മേൽനോട്ട ചുമതല. ഇ-ഗ്രാം സ്വരാജ് അലോട്ട്മെന്റ് വെരിഫൈ ചെയ്ത് അന്തിമമാക്കുന്ന ചുമതല.

**19.സീനിയർ സൂപ്രണ്ട് I :**

ജൂനിയർ സൂപ്രണ്ട് I ൽ കൈകാര്യം ചെയ്യുന്ന 5 സെക്ഷനിലെ എല്ലാ വിഷയങ്ങളുടെയും, സി.എം.പോർട്ടൽ, ഇ-ടെണ്ടറിന്റേയും മേൽനോട്ട ചുമതല. GEM, CPRCS മുഖേന ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിന്റെ നോഡൽ ഓഫീസർ, ഓഫീസ് വാഹനങ്ങളുടെ നോഡൽ ഓഫീസർ , Veels Software, നമ്മുടെ കോഴിക്കോട് എന്നിവയുടെ നോഡൽ ഓഫീസർ, വിവരാവകാശം (അസി. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ)

**20. സീനിയർ സൂപ്രണ്ട് II :**

ജൂനിയർ സൂപ്രണ്ട് II ൽ കൈകാര്യം ചെയ്യുന്ന 5 സെക്ഷനിലെ എല്ലാ ഫയലുകളുടെയും റജിസ്റ്ററുകളുടേയും മേൽനോട്ട ചുമതല, സോളാർ പാനൽ സ്ഥാപിച്ച സ്ഥാപനങ്ങളിലെ വൈദ്യുതി ഉല്പ്പാദന പുരോഗതി നിരീക്ഷണം മേൽനോട്ട ചുമതല, ജില്ലാ പഞ്ചായത്ത് ഓഫീസ് സന്ദർശകരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ മേൽനോട്ടം.

**21.ഫിനാൻസ് ഓഫീസർ :**

ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി , പർച്ചേസിംഗ് കമ്മിറ്റി എന്നിവയുടെ നോഡൽ ഓഫീസർ, സീനിയർ സൂപ്രണ്ട് I & സീനിയർ സൂപ്രണ്ട് II കൈകാര്യം ചെയ്യുന്ന എല്ലാ ഫയലുകളുടെയും മേൽനോട്ട ചുമതല., GEM,CPRCS മുഖേന നടത്തുന്ന എല്ലാ പർച്ചേസുകളുടേയും നിയന്ത്രണം, മേൽനോട്ട ചുമതല. സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടുന്ന എല്ലാ ഫയലുകളുടേയും പരിശോധനാ ചുമതല

**22.ഡ്രൈവർ :**

ഉപയോഗിക്കുന്ന വാഹനത്തിന്റെ ലോഗ് ബുക്കുകൾ കൃത്യമായി പരിപാലിക്കുക, വാഹനത്തിന്റെ ഇന്ധന ഉപയോഗം, റിപ്പയർ പ്രവൃത്തികൾ എന്നിവ യഥാസമയം ലോഗ്ബുക്കിൽ ചേർക്കുക, ഇൻഷൂറൻസ്, പുക പരിശോധന, മൈലേജ് ടെസ്റ്റ് എന്നിവ യഥാസമയം ബന്ധപ്പെട്ട സെക്ഷനിൽ അറിയിച്ച് നടപടികൾ ഉറപ്പുവരുത്തുക. പ്രത്യേക ആവശ്യങ്ങൾക്കായി വാഹനം ഓടുന്നതിന് സെക്രട്ടറി /വാഹനത്തിന്റെ നോഡൽ ഓഫീസറുടെ (എസ്.എസ്) അനുമതി ലഭ്യമാക്കുക. വാഹനങ്ങൾ വൃത്തിയായി സൂക്ഷിക്കുന്ന ചുമതല, രേഖകൾ കാലികമാക്കി സൂക്ഷിക്കുക. ഓഫീസ് അറ്റൻന്റിന്റെ ചുമതല (ഒഴിവുസമയങ്ങളിൽ ഓഫീസ് അറ്റൻന്റിന്റെ ചുമതലകളിൽ സഹായിക്കേണ്ടതാണ്).

| | | |
|---|---|---|
| സുധീഷ് (താത്കാലികം) | ഡ്രൈവർ | KL 11.AU 8888 (President) |
| രജിലാൽ (താത്കാലികം) | ഡ്രൈവർ | KL11.AK2727 (vice President) |
| കെ.സുധീഷ് | ഡ്രൈവർ | KL.11.AL 12 (Secretary) |
| പദ്മേഷ് | ഡ്രൈവർ | KL 11.AE 8608 (office ) |
| അഷറഫ് (പുനർവിന്യാസം പി.എ.യു)) | ഡ്രൈവർ | KL11.X 4802 Office |
| രവി.പി.സി | ഡ്രൈവർ | KL11.BD 448 (EE,LID&EW) |

**23. ഓഫീസ് അറ്റൻ്റന്റ്-(2)**

ഓഫീസ് സമയത്തിന് മുമ്പായി രാവിലെ 9.30–ന് തന്നെ ഓഫീസ് തുറക്കേണ്ടതും വൈകുന്നേരം ഓഫീസ് പൂട്ടി എന്ന് ഉറപ്പുവരുത്തി താക്കോൽ യഥാസ്ഥലത്ത് ഏൽപ്പിക്കേണ്ടതും ബാങ്ക്, ട്രഷറി, പോസ്റ്റോഫീസ് ഇടപാടുകളിൽ ആവശ്യം വരുമ്പോഴൊക്കെ സേവനം നൽകേണ്ടതും മെമ്പർമാർക്കും മറ്റ് നിർവഹണ ഉദ്യോഗസ്ഥർക്കുമുള്ള നോട്ടീസ് മുതലായവ നൽകേണ്ടതുമാണ്. സെക്ഷനുകളിലെ ഫയൽ നീക്കത്തിന്റെ ചുമതല. വാച്ച്മാന്റെ സേവനം ഓഫീസിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അത്യാവശ്യ സേവനങ്ങൾ നൽകേണ്ടതാണ്. മൂന്നാം നിലയിലെ മീറ്റിംഗ് ഹാളിന്റെ ചുമതല ശ്രീ.ജോസഫ് പോളിനും ഭരണസമിതി മീറ്റിംഗ് ഹാളിന്റെ ചുമതല ശ്രീ.സിയാവുദ്ദീനും നൽകുന്നു.

**24.വാച്ച്മാൻ:**

ജില്ലാ പഞ്ചായത്തിന്റെ ഓഫീസും പരിസരവും ആയതിലെ എല്ലാ ആസ്തികളുടേയും സംരക്ഷണ ചുമതല (ലിഫ്റ്റ്, സി.സി.ടി.വി, ജനറേറ്റർ, സോളാർ പാനൽ, ഓഫീസ് വാഹനങ്ങൾ, പമ്പ്സെറ്റ്/ മോട്ടോർ ഓഫീസിലെ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, മൈക്ക്, ഗേറ്റ് തുടങ്ങിയ ആസ്തികളുടെ സംരക്ഷണ ചുമതല) ഓഫീസിലെ ഇത്തരം ആസ്തികൾക്ക് ഏതെങ്കിലും രീതിയിലുള്ള ക്രമക്കേടുകൾ ഉണ്ടായാൽ പ്രസിഡണ്ട്/സെക്രട്ടറിയുടെ ശ്രദ്ധയിൽ പ്പെടുത്തുക. വാച്ച്മാൻ ഡ്യൂട്ടിയിൽ ആഴ്ചയിൽ ഒരു ദിവസം അവധിയായി അനുവദിക്കുന്നതാണ്.

**25. പി.ടി.എസ്. (2) :**

ഓഫീസ്, ഓഫീസ് പരിസരം എന്നിവ വിഭജിച്ചു നൽകിയ പ്രകാരം വൃത്തിയായും ശുചിയായും പരിപാലിക്കുക. ഓഫീസിലേക്ക് വൃത്തിയാക്കുന്നതിന് ആവശ്യമായ സാമഗ്രികളുടെ ലിസ്റ്റ് യഥാസമയം സെക്ഷനിലേക്ക് നൽകുക. ഓഫീസിന്റെ കോമ്പൗണ്ട് (റോഡ്, മുറ്റം മുതലായവ) ആഴ്ചയിൽ ഒരു ദിവസം വൃത്തിയാക്കേണ്ടതാണ്. ശുചിമുറികൾ വൃത്തിയായി സൂക്ഷിക്കുന്നത് ഉറപ്പാക്കൽ.

**26.പ്രൊജക്റ്റ് അസിസ്റ്റന്റ്** :പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവർത്തികളുടെ ജിയോടാഗിംഗ് , ഇ ഗ്രാം സ്വരാജ് പോർട്ടലിൽ ബില്ലുകൾ തയ്യാറാക്കൽ

## അധ്യായം – 7

# അനുബന്ധ സ്ഥാപനങ്ങളും സേവനങ്ങളും

**സേവനങ്ങൾ**

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതും പൊതുജനങ്ങളുമായി നേരിട്ട് ഇടപാടുള്ളതുമായ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിവരങ്ങൾ താഴെ നൽകുന്നു.

# ജില്ലാ പഞ്ചായത്ത് ഗവ.കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ

## കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, കല്ലാച്ചി

ഫോൺ:2554300 Email:gcikallachi@gmail.com

| സേവനങ്ങൾ | നിബന്ധനകൾ | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സമയം | ഫീസ് |
|---|---|---|---|---|
| ദിവത്സര ഡിപ്ലോമ ഇൻ സെക്രട്ടറിയൽ പ്രാക്റ്റീസ് | 1.എസ്.എസ്.എൽ.സി<br>2.സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ | സൂപ്രണ്ട് | 9AM to 4PM | പ്രവേശനം – 100<br>ട്യൂഷൻ ഫീ – 600<br>സ്പെഷ്യൽഫീ – 250<br>ഡെപ്പോസിറ്റ് – 300<br>പരീക്ഷാ ഫീ – 450<br>രണ്ടാം വർഷം –850<br>(സർക്കാറിന്റെ ഭേദഗതികൾക്കു വിധേയം) |

അപേക്ഷ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

അപേക്ഷ ക്ഷണിക്കുന്ന സമയം – മെയ്,ജൂൺ

അപേക്ഷാ ഫോറം വില – 50 രൂപ

# കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, കൊയിലാണ്ടി

ഫോൺ:0496 2624060 Email:gcikoyilandy@gmail.com

| സേവനങ്ങൾ | നിബന്ധനകൾ | ചുമതലപ്പെട്ട ഉദ്ധ്യോഗസ്ഥൻ | സമയം | ഫീസ് |
|---|---|---|---|---|
| ദിവത്സര ഡിപ്ലോമ ഇൻ സെക്രട്ടറിയൽ പ്രാക്റ്റീസ് | 1.എസ്.എസ്.എൽ.സി<br>2.സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ | സൂപ്രണ്ട് | 9AM to 4PM | പ്രവേശനം – 100<br>ട്യൂഷൻ ഫീ – 600<br>സ്പെഷ്യൽഫീ – 250<br>ഡെപ്പോസിറ്റ് – 300<br>പരീക്ഷാ ഫീ – 450<br>രണ്ടാം വർഷം –850<br>(സർക്കാറിന്റെ ഭേദഗതികൾക്കു വിധേയം) |

അപേക്ഷ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷ ക്ഷണിക്കുന്ന സമയം – മെയ്,ജൂൺ

അപേക്ഷാ ഫോറം വില – 50 രൂപ

# ജില്ലാ പഞ്ചായത്ത് ഫാഷൻ ഡിസൈനിംഗ് കേന്ദ്രങ്ങൾ



**ജി.ഐ.എഫ്.ഡി. മലാപ്പറമ്പ്, കോഴിക്കോട്**

ഫോൺ : 04952370714

E-mail:womenspolycalicut@gmail.com

രണ്ടു വർഷം കാലാവധിയുള്ള ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി (എഫ്.ഡി.ജി.ടി.) പ്രോഗ്രാമാണ് ഇവിടെ പരിശീലിപ്പിക്കുന്നത്. വസ്ത്ര നിർമ്മാണം, അലങ്കാരം, രൂപകൽപന, വിപണനം എന്നീ മേഖലകളിൽ വിദഗ്ധരെ വാർത്തെടുക്കുന്നതാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യം. സംസ്ഥാനത്ത് ഇത്തരം 42 സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങളുടെ ഭരണപരമായ അധികാരം ജില്ലാ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്.

എസ്.എസ്.എൽ.സി.റിസൽട്ട് വന്ന് ഒരാഴ്ചയ്ക്ക് ശേഷം അപേക്ഷ ക്ഷണിക്കുന്നതാണ്. അപേക്ഷ നേരിട്ട് ഓഫീസ് മുഖാന്തിരം ആണ് നൽകേണ്ടത്.

സീറ്റുകളുടെ എണ്ണം – 30 കുട്ടികൾ

പ്രായം – ഉയർന്ന പ്രായപരിധിയില്ല

യോഗ്യത – എസ്.എസ്.എൽ.സി.

# ജി.ഐ.എഫ്.ഡി. വടകര

ഫോൺ 04962513140

വടകര ഗവ. ടെക്നിക്കൽ ഹൈസ്കൂളിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജി.ഐ.എഫ്.ഡിയിൽ ഫാഷൻ ഡിസൈനിംഗിൽ 2 വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സാണ് നടത്തപ്പെടുന്നത്. പ്രസ്തുത കോഴ്സിൽ 30 കുട്ടികൾക്ക് പ്രവേശനം നടത്തപ്പെടുന്നു. കോഴ്സിന് ആവശ്യമായ മെഷനറികളും മറ്റു അനുബന്ധ സാധനങ്ങളും ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ചാണ് വാങ്ങുന്നത്.

ഫാഷൻ ഡിസൈനിംഗ് കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ വളരെ മികച്ച രീതിയിൽ സ്വന്തമായി ഡ്രസ്സ് ഡിസൈൻ ചെയ്യുവാനും അതുവഴി സ്വയം തൊഴിൽ കണ്ടെത്താനും പൊതുജനങ്ങൾക്ക് മികച്ച ഫാഷനിൽ ഉള്ള വസ്ത്രങ്ങൾ ഡിസൈൻ ചെയ്തുകൊടുക്കുവാനും പ്രാപ്തരാക്കുന്നു.

1.രണ്ട് വർഷത്തെ കോഴ്സ് സൗജന്യമായിട്ടാണ് പരിശീലിപ്പിക്കുന്നത്.

2.പ്രവേശനത്തിന് ആപ്ലിക്കേഷൻ ഫോറം കൊടുക്കുന്നത് മെയ് മാസം നാലാമത്തെ ആഴ്ചയിലാണ്.

# ജില്ലാ ആശുപത്രി, വടകര

ഫോൺ:2524259 Email:thqhvatakara@gmail.com



| ക്രമനം | സേവനങ്ങൾ | ചുമതലപ്പെട്ട ഉദ്ധ്യോഗസ്ഥൻ | അപേക്ഷിക്കേണ്ട വിധം | മറ്റ് നിബന്ധനകൾ | ഫീസ്/രൂപ |
|---|---|---|---|---|---|
| 1. | ഒപി/ചികിത്സാ സൗകര്യം, ജനറൽ ഒപി, കാഷ്വലിറ്റി–സ്പെഷ്യാലിറ്റി മെഡിസിൻ, ജനറൽ സർജറി, കുട്ടികളുടെ വിഭാഗം, ഗൈനക്കോളജി, ത്വക്ക്, ഇ.എൻ.ടി, നേത്ര, പൾമണോളജി, എല്ല് രോഗം, ദന്ത രോഗ,മാനസിക രോഗ വിഭാഗങ്ങൾ, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ, എൻ.സി.ഡി ക്ലിനിക്ക് | സൂപ്രണ്ട് | നേരിട്ടുള്ള ചികിത്സ | | |
| 2 | മെഡിക്കോ ലീഗൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ്(പരിക്ക് സർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം ചികിത്സാ രേഖകൾ | സൂപ്രണ്ട് | ആശുപത്രിയിൽ നിന്നും ലഭിക്കുന്ന നിർദ്ദിഷ്ട ഫോറത്തിൽ നൽകണം | തിരിച്ചറിയൽ കാർഡ് ഹാജരാക്കണം | അപേക്ഷാ ഫോറം 10രൂപ |
| 3 | ചികിത്സാ സാക്ഷ്യപത്രം | സൂപ്രണ്ട് | | | |

| ക്രമ നം | സേവനങ്ങൾ | ചുമതലപ്പെട്ട ഉദ്ധ്യോഗസ്ഥൻ | അപേക്ഷിക്കേണ്ട വിധം | മറ്റ് നിബന്ധനകൾ | ഫീസ്/രൂപ |
|---|---|---|---|---|---|
| 4 | 18 വയസ്സിൽ താഴെയുള്ള അർഹരായ കുട്ടികൾക്കുള്ള ചികിത്സാ സൗകര്യം(ആർ.ബി.എസ്.കെ ആരോഗ്യ കിരണം) | സൂപ്രണ്ട് | നേരിട്ട് ചികിത്സ തേടാം | ഇൻകം ടാക്സ് അടക്കുന്നവരും സർക്കാർ പൊതുമേഖലാ കേന്ദ്രജീവനക്കാരുടെ മക്കൾ ഒഴികെ എല്ലാവർക്കും ചികിത്സ തേടാം | |
| 5 | അമ്മയും കുഞ്ഞും പദ്ധതി (ജെ.എസ്.എസ്.കെ) | സൂപ്രണ്ട് | നേരിട്ട് ചികിത്സ തേടാം | ഗർഭിണിയായ എല്ലാ സ്ത്രീകൾക്കും കൈകുഞ്ഞുങ്ങൾക്കും സൗജന്യ ചികിത്സ | |
| 6 | ആർ.എസ്.ബി.വൈ പദ്ധതി | സൂപ്രണ്ട് | ആർ.എസ്.ബി. വൈ രജിസ്ട്രേഷനുള്ളവർക്ക് ചികിത്സ | ആർ.എസ്.ബി. വൈ പദ്ധതിയിൽ വരുന്ന രോഗികൾക്ക് സൗജന്യ ചികിത്സ | |
| 7 | വികലാംഗ സർട്ടിഫിക്കറ്റ് (മെഡിക്കൽ ബോർഡ്) | സൂപ്രണ്ട് | ആശുപത്രിയിൽ നിന്നും ലഭിക്കുന്ന നിർദ്ദിഷ്ട ഫോറത്തിൽ നൽകണം | 2 ഫോട്ടോ, തിരിച്ചറിയൽ കാർഡ് എന്നിവ ഹാജരാക്കണം | അപേക്ഷാ ഫോറം 10രൂപ |
| 8 | ജനന–മരണ രജിസ്റ്ററുകളിലെ തിരുത്തലുകൾ | സൂപ്രണ്ട് | ആശുപത്രിയിൽ നിന്നും ലഭിക്കുന്ന നിർദ്ദിഷ്ട ഫോറത്തിൽ നൽകണം | ജനന സർട്ടിഫിക്കറ്റ് പകർപ്പ്, സ്കൂൾ സർട്ടിഫിക്കറ്റ് | അപേക്ഷാ ഫോറം 10രൂപ |

| ക്രമ നം | സേവനങ്ങൾ | ചുമതലപ്പെട്ട ഉദ്ധ്യോഗസ്ഥൻ | അപേക്ഷിക്കേണ്ട വിധം | മറ്റ് നിബന്ധനകൾ | ഫീസ്/രൂപ |
|---|---|---|---|---|---|
| 9 | മെഡിക്കൽ സർട്ടിഫിക്കറ്റ് | സൂപ്രണ്ട് | | ആശുപത്രിയിൽ നിന്നും ചികിത്സ തേടിയവർക്ക് | |
| 10 | എക്സറെ,ലാബ്,ഇസിജി, ഡെന്റൽ ഐസിടി | സൂപ്രണ്ട് | ഡോക്ടറുടെ നിർദ്ദേശ പ്രകാരം | | |
| 11 | രോഗ പ്രതിരോധ കുത്തിവെപ്പുകൾ ഐസിടി | സൂപ്രണ്ട് | | | |
| 12 | ഭൂമിക കൌൺസിലിംഗ് | സൂപ്രണ്ട് | | | |
| 13 | ആർഎൻടിസിപി(ട്രി.ബി രോഗനിവാരണം) | സൂപ്രണ്ട് | | | |

# ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട്

ഫോൺ : 0495 2382314

E-mail:dahkkdnew@gmail.com



ആശുപത്രിയിൽ സൂപ്രണ്ട് ഉൾപ്പെടെ 6 ഡോക്ടർമാരും 11 നഴ്സുമാരും അടക്കം മൊത്തം 42 ജീവനക്കാർ ഉണ്ട്. ആശുപത്രി വികസന സമിതിയുടെ കീഴിൽ 6 ജീവനക്കാർ ഉണ്ട്.

| | |
|---|---|
| സെക്യൂരിററി സ്റ്റാഫ് | 3 |
| ലാബ് അറ്റന്റർ കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 |
| ക്ലറിക്കൽ അറ്റന്റർ | 1 |
| ലിഫ്റ്റ് ഓപ്പറേററർ കം ഇലക്ട്രീഷ്യൻ | 1 |
| ഡോക്ടർമാർ | |
| സൂപ്രണ്ട് | 1 |
| ചീഫ് മെഡിക്കൽ ഓഫീസർ | 1 |
| സീനിയർ മെഡിക്കൽ ഓഫീസർ | 1 |
| സീനിയർ മെഡിക്കൽ ഓഫീസർ (പഞ്ചകർമ്മ) | 1 |
| സീനിയർ മെഡിക്കൽ ഓഫീസർ (എൻസി.) | 1 |
| മെഡിക്കൽ ഓഫീസർ (മർമ്മ) | 1 |

## ഒ.പി. വിഭാഗം

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ 2 മണി വരെ ഒ.പി. പ്രവർത്തിക്കും. രാവിലെ 9 മണി മുതൽ 12 മണി വരെ ഒ.പി. ശീട്ട് നൽകുന്നതാണ്.

**കാഷ്യാലിറ്റി -** കാഷ്യാലിറ്റി ഉച്ചയ്ക്ക് 2 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്നു.

**നൈറ്റ് ഡ്യൂട്ടി -** രാത്രി 8 മണി മുതൽ രാവിലെ 8 മണി വരെ എല്ലാ ദിവസവും നൈറ്റ് ഡ്യൂട്ടിക്ക് ഡോക്ടർമാർ ഉണ്ട്.

## ക്ലിനിക്കൽ ലാബ്

സ്ഥാപനത്തിൽ ഒരു ക്ലിനിക്കൽ ലാബ് പ്രവർത്തിക്കുന്നു. രാവിലെ 9 മണി മുതൽ ഉച്ചക്ക് 2 മണി വരെയാണ് പ്രവർത്തനം. ഞായറാഴ്ച അവധിയാണ്. (ടെക്നീഷ്യന്റെ വീക്ക് ലി ഓഫ്) ഫീസ് നൽകിയുള്ള പരിശോധനയാണ് ഇവിടെ നിലവിലുള്ളത്. ഗവ. നിർദ്ദേശിച്ചിട്ടുള്ള പരിശോധന ഫീസ് ശേഖരിച്ച് എച്.ഡി.സി. യിൽ അടയ്ക്കുന്നു. ബി.പി.എൽ വിഭാഗത്തിലുള്ളവർക്ക് ഫീസിൽ ഇളവ് ഉണ്ട്

ലാബിൽ പരിശോധിക്കുന്ന ടെസ്റ്റുകളുടെ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പരിശോധനയുടെ പേര് | നിരക്ക്(എ.പി.എൽ) | നിരക്ക്(ബി.പി.എൽ) |
|---|---|---|---|
| 1 | രക്ത പരിശോധന | 50 | ഇല്ല |
| 2 | ഹിമോഗ്ലോബിൻ | 50 | ഇല്ല |
| 3 | ഇ.എസ്.ആർ | 15 | ഇല്ല |
| 4 | ബ്ലഡ് ഷുഗർ | 20 | ഇല്ല |
| 5 | ഹിമോഗ്ലോബിൻ(എ1സി) | 250 | 100 |
| 6 | കൊളസ്റ്ററോൾ | 30 | ഇല്ല |
| 7 | ബി.ടി/സി.ടി | 30 | ഇല്ല |
| 8 | ഫാസ്റ്റിഗ് ലിപ്പിഡ് പ്രൊഫൈൽ | 120 | ഇല്ല |
| 9 | ബ്ലഡ് യൂറിയ | 30 | ഇല്ല |
| 10 | എസ്.ക്രിയാറ്റിനിൻ | 45 | ഇല്ല |
| 11 | യൂറിക്ക് ആസിഡ് | 30 | ഇല്ല |
| 12 | റെനൽ ഫംഗ്ഷൻ ടെസ്റ്റ് | 150 | ഇല്ല |
| 13 | ലിവർ ഫംഗ്ഷൻ ടെസ്റ്റ് | 150 | ഇല്ല |
| 14 | എസ്.ബിലിറൂബിൻ | 50 | ഇല്ല |
| 15 | എസ്.ജി.പി.ടി(SGPT) | 50 | ഇല്ല |
| 16 | എസ്.ജി.ഒ.ടി(SGOT) | 50 | ഇല്ല |
| 17 | ആൽക്കലൈൻ ഫോസ്ഫേറ്റ്സ് | 60 | ഇല്ല |
| 18 | പ്രോട്ടീൻ | 50 | ഇല്ല |
| 19 | ആൽബുമിൻ | 40 | ഇല്ല |
| 20 | ആർ.എ(RA) | 100 | 25 |
| 21 | എ.എസ്.ഒ(ASO) | 100 | 25 |
| 22 | യൂറിൻ റൂട്ടിൻ | 20 | ഇല്ല |
| 23 | ബൈൽ സാൾട്ട്/ബൈൽ പിഗ്മെന്റ് | 25 | ഇല്ല |

**കമ്പ്യൂട്ടറൈസ്ഡ് എക്സറേ**

രാവിലെ 9 മണി മുതൽ ഉച്ചക്ക് 2 മണി വരെയാണ് എക്സ്റേ യൂണിറ്റിന്റെ പ്രവർത്തനം. ഞായറാഴ്ച അവധിയാണ്(ടെക്നീഷ്യന്റെ വീക്ക്-ലി ഓഫ്). ഫീസ് നൽകിയുള്ള പരിശോധനയാണ് ഇവിടെ നിലവിലുള്ളത്. ഗവ. നിർദ്ദേശിച്ചിട്ടുള്ള പരിശോധന ഫീസ് ശേഖരിച്ച് എച്.ഡി.സിയിൽ അടയ്ക്കുന്നു. ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് ഫീസിൽ ഇളവ് ഉണ്ട്.

| | | |
|---|---|---|
| എ.പി.എൽ | – | 130/150 രൂപ |
| ബി.പി.എൽ. | – | 50 രൂപ |

**നീതി സ്റ്റോർ**

സ്ഥാപനത്തിൽ നീതി സ്റ്റോർ പ്രവർത്തിക്കുന്നു. എല്ലാ വിഭാഗം രോഗികൾക്കും 10% ഡിസ്കൗണ്ടിൽ ഔഷധങ്ങൾ വിൽക്കപ്പെടുന്നു.

**മരുന്ന്**

ഒരു വർഷത്തേക്ക് 6 ലക്ഷം രൂപയുടെ മരുന്നുകളാണ് ഡിപ്പാർട്ട്മെന്റ് ഔഷധി മുഖേന വിതരണം ചെയ്യുന്നത്. ജില്ലാ പഞ്ചായത്ത് പദ്ധതി മുഖേനയും മരുന്നുകൾ ലഭ്യമാക്കുന്നു,

**ഭക്ഷണം**

ഗവ.നിശ്ചയിച്ചിട്ടുള്ള ഡയററ് സ്കെയിൽ പ്രകാരം പാൽ – 250മി.ലി., റൊട്ടി – 100 ഗ്രാം, ഉച്ചയ്ക്കും രാത്രിയിലും കഞ്ഞി – 200 ഗ്രാം, ചെറുപയർ – 60 ഗ്രാം, ഉപ്പ് – 4 ഗ്രാം (പ്രതിദിനം ഒരു രോഗിക്ക് 30 രൂപയിൽ പരിമിതപ്പെടുത്തി.) രോഗാവസ്ഥ കണക്കിലെടുത്താണ് ഭക്ഷണം നിർദ്ദേശിക്കുന്നത്. എല്ലാ കിടപ്പു രോഗികൾക്കും ഭക്ഷണം നൽകുന്നു.

**ഐ.പി.ഫീസ്**

മാസവരുമാനം 1500 രൂപ വരെയുള്ളവർക്ക് ചികിത്സ തികച്ചും സൗജന്യമാണ്. ക്രിയാക്രമങ്ങൾക്ക് ചെലവാകുന്ന ഗ്യാസ് ചാർജ്ജ് ഇനത്തിൽ 20 രൂപ ഈടാക്കുന്നതാണ്. 1500 രൂപയിൽ കൂടുതൽ വരുമാനമുള്ളവർക്ക് ബെഡ്, ഭക്ഷണം ഇവയ്ക്കായി 15 രൂപ ആശുപത്രിയിൽ എച്.ഡി.സി.ഫണ്ടിലേക്ക് അടയ്ക്കണം. മാത്രമല്ല ആശുപത്രിയിൽ ചെയ്യുന്ന ചികിത്സകൾക്കും താഴെ പറയും പ്രകാരം ഫീസ് നൽകുകയും വേണം.

**ആയുർവേദ ആശുപത്രിയിലെ ക്രിയാക്രമങ്ങളുടെ ചാർജ്ജ്**

.

**പാസ്സ്**

രാവിലെ 8 മണി മുതൽ 4 മണി വരെ രോഗികളെ സന്ദർശിക്കുന്നവരോട് 5 രൂപ നിരക്കിൽ ഗേറ്റ് പാസ് ഈടാക്കുന്നതാണ്.

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ താഴെ പറയുന്ന പ്രോജക്ടുകൾ ഇവിടെ പ്രവർത്തിക്കുന്നു

**1.പുനർന്നവ പ്രോജക്ട്**

പക്ഷാഘാതം വന്ന രോഗികൾക്കുള്ള ചികിത്സാ പദ്ധതി. രോഗികൾക്ക് ഒരു മാസത്തെ ഐ.പി.ചികിത്സയും തുടർന്ന് മൂന്ന് വർഷത്തേക്കുള്ള മരുന്നും സൗജന്യമായി നൽകുന്നു.

**2.കൗമാര സ്ഥൗല്യം**

കൗമാരക്കാരായ കുട്ടികളുടെ അമിതവണ്ണത്തിനുള്ള ആയുർവേദ ചികിത്സ നൽകുന്ന പദ്ധതി.

**3.സിദ്ധ**

സിദ്ധ ചികിത്സാവിധി പ്രകാരമുള്ള ചികിത്സ നൽകുന്ന പദ്ധതി.

**4.മാനസികം**

വിവധ പ്രശ്നങ്ങൾ മൂലമുണ്ടാകുന്ന മാനസിക സംഘർഷങ്ങൾക്കും അതുമൂലമുണ്ടാകുന്ന ഉറക്കകുറവ്, വിഷാദം, ഓർമ്മകുറവ് തുടങ്ങിയ എല്ലാ അനുബന്ധ രോഗങ്ങൾക്കും കുട്ടികളിലെ പഠന,പെരുമാറ്റ പ്രശ്നങ്ങൾ, ഉത്കണ്ഠ, പരീക്ഷാഭയം തുടങ്ങിയ പ്രശ്നങ്ങൾക്കും കൗൺസിലിംഗ്, ആയുർവേദ മരുന്ന് ഇവ ഉൾപ്പെടുത്തി നൽകുന്ന വിദഗ്ധ ചികിത്സ

**5.വർണ്ണ്യം**

ആയുർവേദ മരുന്നുകൾ ഉപയോഗിച്ച് സ്ത്രീകളുടെ കേശ,ചർമ്മ സംരക്ഷണത്തിനും സൗന്ദര്യവർദ്ധനവിനുമായി നടത്തുന്ന ചികിത്സാപദ്ധതി.

**6.വൃദ്ധജന പരിപാലനം**

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും 60 വയസ്സിനു മുകളിൽ പ്രായമുള്ളതുമായവർക്കുണ്ടാവുന്ന രോഗങ്ങൾക്ക് അഡ്മിറ്റ് ചെയ്ത് സൗജന്യമായി ചികിത്സിക്കുന്ന പദ്ധതി. തുടർന്ന് ഒ.പി.യിൽ സൗജന്യമായി മരുന്നും നൽകുന്ന പദ്ധതി.

**7.ക്ഷാരസൂത്ര**

പൈൽസ്, ഫിസ്റ്റുല, ഫിഷർ എന്നീ രോഗങ്ങൾക്കുള്ള ചികിത്സ (ഒ.പി.)

**8.കരൾ രോഗമുക്തി**

വിവിധ തരത്തിലുള്ള കരൾ രോഗങ്ങൾക്കുള്ള ചികിത്സ

**9.പ്രസൂതിതന്ത്ര**

കൗമാരക്കാരായ പെൺകുട്ടികളിൽ കണ്ടുവരുന്ന ആർത്തവസംബന്ധമായ പ്രശ്നങ്ങൾ, സ്ത്രീകളിൽ കണ്ടുവരുന്ന ഫൈബ്രോയിഡ്, പി.സി.ഒ.ഡി, വന്ധ്യത തുടങ്ങിയ ഗർഭാശയ സംബന്ധമായ

പ്രശ്നങ്ങൾ, ആർത്തവ വിരാമത്തോടനുബന്ധിച്ചുള്ള പ്രശ്നങ്ങൾ, സ്ത്രീകളിലുണ്ടാവുന്ന ഗർഭാശയ ക്യാൻസർ, സ്തനാർബുദം എന്നിവയുടെ നിർണ്ണയവും ചികിത്സയും, ഗർഭിണി പരിചരണം, പ്രസവ ശുശ്രൂഷ എന്നിവയ്ക്ക് വിദഗ്ധ ഡോക്ടറുടെ മേൽനോട്ടത്തിൽ ചികിത്സ നൽകുന്ന പദ്ധതി.

**10.യോഗ**

മുതിർന്നവരിൽ കണ്ടുവരുന്നപ്രമേഹം, രക്തസമ്മർദം മുതലായ എല്ലാ ജീവിതശൈലീ രോഗങ്ങൾക്കും, മാനസിക സമ്മർദ്ദങ്ങൾക്കും, സ്ത്രീസഹജരോഗങ്ങളായ ഗർഭാശയ മുഴ, പി.സി.ഒ.ഡി, അമിതഭാരം തുടങ്ങിയ എല്ലാവിധ രോഗങ്ങൾക്കും, കുട്ടികളിലും കൗമാരക്കാരിലും കണ്ടുവരുന്ന ശ്രദ്ധക്കുറവ്, ഉത്കണ്ഠ, പഠനവൈകല്യം എന്നിവയ്ക്കുമുള്ള യോഗാതെറാപ്പി. വ്യക്തിഗതമായും ഗ്രൂപ്പുകളായും സൗജന്യമായി വിദഗ്ധ യോഗ ഡോക്ടറുടെ നേതൃത്വത്തിൽ നടത്തി വരുന്നു.

## നിലവിലുള്ള എല്ലാ സേവനങ്ങളുടെയും ഫീസ് നിരക്കുകൾ

| ക്രമ നം | നിലവിലുള്ള ഇനം | മെഡിസിൻ ചാർജ്ജ് | സർവ്വീസ് ചാർജ് | ആകെ |
|---|---|---|---|---|
| 1 | പിഴിച്ചിൽ(സർവ്വാംഗം) 7 ദിവസം(5 ലിറ്റർ) | 750 | 295 | 1045 |
| 2 | പിഴിച്ചിൽ(അർദ്ധാംഗം) 7 ദിവസം(3 ലിറ്റർ) | 480 | 210 | 690 |
| 3 | പിഴിച്ചിൽ(ഏകാംഗം) 7 ദിവസം(2 ലിറ്റർ) | 300 | 160 | 460 |
| 4 | ഞവരക്കിഴി(സർവ്വാംഗം) | 600 | 295 | 895 |
| 5 | ഞവരക്കിഴി(അർദ്ധാംഗം) | 350 | 210 | 560 |
| 6 | ഞവരക്കിഴി (ഏകാംഗം) | 200 | 160 | 360 |
| 7 | ഞവരക്കിഴി (സർവാംഗം) (Price is supplied by patient) | 500 | 295 | 795 |
| 8 | ഞവരക്കിഴി (അർദ്ധാംഗം)(Price is supplied by patient) | 300 | 210 | 510 |
| 9 | ഞവരക്കിഴി (ഏകാംഗം) (Price is supplied by patient)) | 175 | 160 | 335 |
| 10 | സ്നേഹപാനം 7 ദിവസം | 350 | 75 | 425 |
| 11 | മാഷം1/4 ഗോധുമപിണ്ഡസ്വേദം 7 ദിവസം | 600 | 295 | 895 |
| 12 | പത്രപോടലസ്വേദം (ഇലക്കിഴി) 7 ദിവസം | 210 | 75 | 285 |
| 13 | ജംബീരപിണ്ഡ സ്വേദം (നാരങ്ങാക്കിഴി) 7 ദിവസം | 210 | 75 | 285 |

| ക്രമ നം | നിലവിലുള്ള ഇനം | മെഡിസിൻ ചാർജ്ജ് | സർവ്വീസ് ചാർജ് | ആകെ |
|---|---|---|---|---|
| 14 | ചൂർണ്ണസ്വേദം (പൊടിക്കിഴി) 7 ദിവസം വാലുകസ്വേദം | 210 | 75 | 285 |
| 15 | ഊഷ്മസ്വേദം 7ദിവസം | 140 | 75 | 215 |
| 16 | നാളീസ്വേദം 7 ദിവസം | 140 | 75 | 215 |
| 17 | ക്ഷീരധൂമം 7 ദിവസം | 140 | 75 | 215 |
| 18 | ക്ഷീരധാര 7 ദിവസം | 210 | 150 | 360 |
| 19 | ശിരോധാര (തളം) 7 ദിവസം | 260 | 150 | 410 |
| 20 | ശിരോവസ്തി 7 ദിവസം | 260 | 150 | 410 |
| 21 | തക്രധാര 7 ദിവസം | 260 | 150 | 410 |
| 22 | പിഴിഞ്ഞുതടവൽ 7 ദിവസം | 200 | 110 | 310 |
| 23 | മുട്ടക്കിഴി 7 ദിവസം | 175 | 110 | 285 |
| 24 | നസ്യം 7 ദിവസം | 35 | 40 | 75 |
| 25 | തലപൊതിച്ചിൽ 7 ദിവസം | 75 | 30 | 105 |
| 26 | തർപ്പണം 7 ദിവസം | 70 | 75 | 145 |
| 27 | പുടപാകം 7 ദിവസം | 20 | 25 | 45 |
| 28 | സ്നേഹവസ്തി 7 ദിവസം | 50 | 15 | 65 |
| 29 | മാത്രാവസ്തി 7 ദിവസം | 100 | 55 | 155 |
| 30 | നിരൂഹവസ്തി 7 ദിവസം | 100 | 55 | 155 |
| 31 | വൈതരണവസ്തി 7 ദിവസം | 75 | 30 | 105 |
| 32 | കടീവസ്തി 7 ദിവസം | 120 | 110 | 230 |
| 33 | വമനം 1 ദിവസം | 50 | 55 | 105 |
| 34 | അവഗാഹസ്വേദം 7 ദിവസം | 70 | 75 | 145 |
| 35 | ക്ഷീരവസ്തി 1 ദിവസം | 10 | 15 | 25 |
| 36 | ധാന്യാമ്ലധാര (സർവ്വാംഗം) 7 ദിവസം | 400 | 295 | 695 |

| ക്രമ നം | നിലവിലുള്ള ഇനം | മെഡിസിൻ ചാർജ്ജ് | സർവ്വീസ് ചാർജ് | ആകെ |
|---|---|---|---|---|
| 37 | ധാന്യാമ്ലധാര (അർദ്ധാംഗം) 7 ദിവസം | 220 | 210 | 430 |
| 38 | ധാന്യാമ്ലധാര (ഏകാംഗം) 7 ദിവസം | 125 | 135 | 260 |
| 39 | ക്ഷാരസൂത്രം (Per Sitting) | 15 | 20 | 35 |
| 40 | പ്രച്ഛാനം (Per Sitting) | 10 | 15 | 25 |
| 41 | ജളൂകാവചരണം (Per Sitting) | 10 | 15 | 25 |
| 42 | ഡൂഷ് 7ദിവസം | 35 | 40 | 70 |
| 43 | ഹോസ്പിറ്റൽ സ്റ്റോപ്പേജ് & ഡയറ്റ് ചാർജ്ജ് | 15 | 0 | 15 |

# കോഴിക്കോട് ജില്ലാ പഞ്ചായത്ത്

# ഗവൺമെന്റ് ജില്ലാ ഹോമിയോ ആശുപത്രി

കണ്ടംകുളങ്ങര, എരഞ്ഞിക്കൽ പി.ഒ.- 673 303

Phone : 0495 2460724, Email:ghhkkd@gmail.com



| സേവനങ്ങൾ | നിബന്ധനകൾ | ചുമതല പ്പെട്ട ഉദ്ധ്യോഗ സ്ഥൻ | സമയം | ഫീസ് | അഭിപ്രായം |
|---|---|---|---|---|---|
| ഒ പി വിഭാഗം | ഇല്ല | സൂപ്രണ്ട്/ എം.ഒ | 9 am to 2 pm | 5 രൂപ | HMC തീരുമാനപ്രകാരം |
| ഐ.പി വിഭാഗം | കിടത്തി ചികിത്സ ആവശ്യമുള്ള രോഗികൾക്ക് | സൂപ്രണ്ട്/ എം.ഒ | 9 am to 2 pm | 10 രൂപ (ബി.പി.എൽ സൗജന്യം) | HMC തീരുമാനപ്രകാരം |
| ലബോറട്ടറി പരിശോധന | ആവശ്യമുള്ള രോഗികൾക്ക് | ലാബ് ടെക്നീഷ്യൻ | 9 am to 2 pm | ബി.പി.എൽ പ്രത്യേക നിരക്ക് | സർക്കാർ തീരുമാന പ്രകാരം |
| ഫിസിയോ തറാപ്പി | ആവശ്യമുള്ള രോഗികൾക്ക് | തെറാപ്പിസ്റ്റ് | 9 am to 2 pm | 50 രൂപ(ഐ.പി) 100 രൂപ(ഒ.പി) | HMC തീരുമാനപ്രകാരം |
| ആയുഷ്മാൻഭവ ക്ലിനിക്ക് | ആവശ്യമുള്ള രോഗികൾക്ക് | എം.ഒ | 9 am to 2 pm | 10 രൂപ(ഐ.പി) | HMC തീരുമാനപ്രകാരം |

| സേവനങ്ങൾ | നിബന്ധനകൾ | ചുമതല പ്പെട്ട ഉദ്ധ്യോഗ സ്ഥൻ | സമയം | ഫീസ് | അഭിപ്രായം |
|---|---|---|---|---|---|
| സീതാലയം | സ്ത്രീകളായ രോഗികൾക്ക് | എം.ഒ | 9 am to 2 pm | 10 രൂപ | HMC തീരുമാനപ്രകാരം |
| ഫെർട്ടിലിറ്റി സെന്റർ | വന്ധ്യതാ നിവാരണം ആവശ്യമുള്ളവർക്ക് | എം.ഒ | 9 am to 2 pm | 10 രൂപ | HMC തീരുമാനപ്രകാരം |
| ലഹരിമുക്ത ചികിത്സ | ആവശ്യമുള്ളവർക്ക് | എം.ഒ | 9 am to 2 pm | 10 രൂപ | HMC തീരുമാനപ്രകാരം |
| സദ്ഗമ പ്രൊജക്റ്റ് | വിദ്യാർത്ഥികൾക്ക് | എം.ഒ | 9 am to 2 pm | 10 രൂപ | HMC തീരുമാനപ്രകാരം |
| പ്രതിരോധ മരുന്ന്/പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ | | റസിഡന്റ് എം.ഒ | പകർച്ച വ്യാധിക ൾ ഉള്ള സമയം | സൗജന്യം | |
| മെഡിക്കൽ സർട്ടിഫിക്കറ്റ് | ചികിത്സാ കാലയളവിൽ മാത്രം | സൂപ്രണ്ട്/ എം.ഒ/ആ ർ.എം.ഒ | അപേ ക്ഷിക്കു ന്ന ദിവസം | സൗജന്യം | |

# തെങ്ങിൻ തൈ വളർത്തുകേന്ദ്രം, തിക്കോടി

ഫോൺ : 2606788 Email:adathikoti@gmail.com




| സേവനങ്ങൾ | നിർവ്വഹണ ഘട്ടം | നിബന്ധനകൾ | ചുമതലപ്പെട്ട ഉദ്ധ്യോഗസ്ഥൻ | സമയം | ഫീസ്/രൂപ |
|---|---|---|---|---|---|
| മിതമായ നിരക്കിൽ കർഷകർക്ക് ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ, പച്ചക്കറി<br><br>തൈകൾ, പച്ചക്കറി വിത്തുകൾ, അലങ്കാര ചെടികൾ, ഫലവൃക്ഷതൈകൾ, ഔഷധ സസ്യങ്ങൾ എന്നിവ ഫാമിൽ തന്നെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ഫാമിൽ നിന്നും നേരിട്ടും കൃഷിഭവൻ മുഖാന്തിരവും വിതരണം നടത്തുക | തെങ്ങിൻതൈ ഒഴികെ ബാക്കി എല്ലാ നടീൽ വസ്തുക്കളും വർഷം മുഴുവൻ വിതരണം നടത്തുന്നു. | ഇല്ല | കൃഷി അസിസ്റ്റന്റ്<br><br>ഡയറക്ടർ<br><br>തിക്കോടി | രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണി വരെ | ഓരോ ഇനത്തിനും അതാത് സമയത്ത് സർക്കാർ നിശ്ചയിച്ച നിരക്ക് (നിലവിൽ ഉള്ള നിരക്ക്) |

## നടീൽ വസ്തുക്കൾ വില വിവരം(01/02/2018 മുതൽ)

| ക്രമ നമ്പർ | നടീൽ വസ്തുക്കൾ | നിരക്ക് |
|---|---|---|
| 1 | തെങ്ങ് (പശ്ചിമതീര നെടിയ നാടൻ) | 75 |
| 2 | പേരക്ക | 50 |
| 3 | പ്ലാവ് (വിത്ത്) | 10 |
| 4 | ജാമ്പക്ക തൈ | 30 |
| 5 | ലൂബി തൈ | 30 |
| 6 | മാവ് (ഗ്രാഫ്റ്റ് PB) | 75 |
| 7 | മാവ് | 10 |
| 8 | പപ്പായ (നാടൻ) | 20 |
| 9 | പപ്പായ (സങ്കരയിനം) | 40 |
| 10 | വാഴ കന്ന് (പൂവൻ/ഞാലി പൂവൻ) | 15 |
| 11 | വാഴ കന്ന് (നാടൻ) | 12 |
| 12 | നേന്ത്ര വാഴ കന്ന് | 15 |
| 13 | പാഷൻ ഫ്രൂട്ട് | 18 |
| 14 | സപ്പോട്ട(ഗ്രാഫ്റ്റ്) | 75 |
| 15 | കുരുമുളക് വള്ളി (പന്നീയൂർ 1, കരിമുണ്ട മുതലായവ) | 8 |
| 16 | കുരുമുളക് വള്ളി (പന്നീയൂർ 2 മുതൽ 7 വരെ) | 12 |
| 17 | കുരുമുളക് (ഒറ്റ തണ്ട്) | 20 |
| 18 | കുറ്റി കുരുമുളക് | 50 |
| 19 | അമരാന്തസ് | 1450/കി.ഗ്രാം |
| 20 | ബിന്ദി(വിത്ത്) | 1200/കി.ഗ്രാം |
| 21 | പാവയ്ക്ക(വിത്ത്) | 2200/കി.ഗ്രാം |
| 22 | ചുരയ്ക്ക(വിത്ത്) | 1100/കി.ഗ്രാം |
| 23 | പടവലം(വിത്ത്) | 1800/കി.ഗ്രാം |
| 24 | വഴുതിന(വിത്ത്) | 1800/കി.ഗ്രാം |
| 25 | തണ്ണീർ മത്തൻ(വത്തയ്ക്ക)(വിത്ത്) | 1800/കി.ഗ്രാം |
| 26 | ചാരം മത്തങ്ങ(വിത്ത്) | 2500/കി.ഗ്രാം |
| 27 | വൻ പയർ | 1080/കി.ഗ്രാം |
| 28 | പച്ചക്കറി തൈ | 2.20(1 എണ്ണം |
| 29 | അഗത്തിച്ചീര(വിത്ത്) | 18 |

| | | |
|---|---|---|
| 30 | മുരിങ്ങ(വിത്ത്) | 25 |
| 31 | ആന്തൂറിയം | 36 |
| 32 | ക്രോട്ടൻ | 12 |
| 33 | ചെമ്പരത്തി | 12 |
| 34 | ബിഗോനിയ | 12 |
| 35 | പന്നച്ചെടി | 12 |
| 36 | പന്നച്ചെടി (സ്പെഷൽ) | 30 |
| 37 | ബോഗൺ വില്ല | 20 |
| 38 | ചെത്തി | 18 |
| 39 | റോസ് (ബഡ് ചെയ്തത്) | 30 |
| 40 | അലങ്കാര ചെടി( ചെറിയ ചെടി ചട്ടി) | 30 |
| 41 | അലങ്കാര ചെടി( മീഡിയം ചെടി ചട്ടി) | 50 |
| 42 | അലങ്കാര ചെടി( വലിയ ചെടി ചട്ടി) | 90 |
| 43 | ചുവന്ന പന( ചെറിയ ചെടി ചട്ടി) | 48 |
| 44 | ഫോളിയേജ് ചെടി | 18 |
| 45 | ഫോളിയേജ് ചെടി(സ്പെഷൽ) | 36 |
| 46 | ഇളനീർ | 30 |
| | | |

# സംസ്ഥാന വിത്തുൽപാദന ഫാം, പുതുപ്പാടി

ഫോൺ :2220175
EMail:soassstpuduppady@gmail.com



| സേവനങ്ങൾ | നിർവ്വഹണ ഘട്ടം | നിബന്ധനകൾ | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സമയം | ഫീസ്/രൂപ |
|---|---|---|---|---|---|
| നെല്ല്,പച്ചക്കറി,അലങ്കാരച്ചെടി,കുരുമുളക് വള്ളി,എന്നിവയുടെ വിത്ത് ഉൽപാദനവും വിതരണവും | വിൽപ്പന | ഇല്ല | സീനിയർ കൃഷി ഓഫീസർ | 8am to 5pm | അതാത് സമയത്ത് സർക്കാർ നിശ്ചയിക്കുന്ന വില |

നിലവിലെ വില താഴെ കൊടുക്കുന്നു

| ഇനം | കിലോ/എണ്ണം | വില രൂപ | റിമാർക്സ് |
|---|---|---|---|
| നെല്ല് വിത്ത് | 1 കി.ഗ്രാം | 40 രൂപ | ഓരോ സമയത്തും സർക്കാർ നിശ്ചയിക്കുന്ന വില |
| പച്ചക്കറി വിത്ത് പാക്കറ്റ് | 1 പാക്കറ്റ് | 10 രൂപ | " |
| കുരുമുളക് വള്ളി | 1 കവർ | 8 രൂപ | " |
| പച്ചക്കറി തൈ | 1 കവർ | 2.20 രൂപ | " |
| ബുഷ് പെപ്പർ | ഗ്രോ ബാഗ് | 80 രൂപ | " |
| അലങ്കാര ചെടി | ചെറിയ പാക്കറ്റ് | 10 രൂപ മുതൽ | " |
| ഇളനീർ | 1 എണ്ണം | 30 രൂപ | " |

# സംസ്ഥാന വിത്തുൽപാദന ഫാം, പേരാമ്പ്ര

ഫോൺ :2220175
EMail:soasssfperambra@gmail.com



| സേവനങ്ങൾ | നിർവ്വഹണ ഘട്ടം | നിബന്ധനകൾ | ചുമതലപ്പെട്ട ഉദ്ധ്യോഗസ്ഥൻ | സമയം | ഫീസ്/രൂപ |
|---|---|---|---|---|---|
| നെല്ല്,പച്ചക്കറി വിത്തുകൾ, അലങ്കാരച്ചെടി, വേരുപിടിപ്പിച്ച കുരുമുളക് തൈകൾ, പച്ചക്കറി തൈയ്യോടുകൂടിയ ഗ്രോ ബാഗ്, എന്നിവയുടെ ഉൽപാദനവും വിതരണം, വിൽപ്പന, ടിഷ്യൂ കൾച്ചർ വാഴ തൈകളുടെ വിൽപ്പന | വിൽപ്പന | ഇല്ല | സീനിയർ കൃഷി ഓഫീസർ | 8am to 5pm | അതാത് സമയത്ത് സർക്കാർ നിശ്ചയിക്കുന്ന വില |

നിലവിലെ വില താഴെ കൊടുക്കുന്നു

| ഇനം | കിലോ/എണ്ണം | വില രൂപ | റിമാർക്സ് |
|---|---|---|---|
| നെല്ല് വിത്ത് | 1 കി.ഗ്രാം | 40 രൂപ | ഓരോ സമയത്തും സർക്കാർ നിശ്ചയിക്കുന്ന വില |
| പച്ചക്കറി വിത്തുകൾ | 1 പാക്കറ്റ് | 10 രൂപ | ” |
| കുരുമുളക് പന്നിയൂർ 1 മുതൽ 5 വരെ | 1 എണ്ണം | 8 രൂപ | ” |
| ടിഷ്യൂ കൾച്ചർ വാഴ | 1 എണ്ണം | 15 രൂപ | ” |
| കുരുമുളക് പന്നിയൂർ 6 ,7 | 1 എണ്ണം | 12 രൂപ | ” |
| അലങ്കാര ചെടി | 1 എണ്ണം | 10 രൂപ മുതൽ | ” |
| കവുങ്ങിൻ തൈകൾ സാധാ ഇനം | 1 എണ്ണം | 15 രൂപ | ” |
| കവുങ്ങിൻ തൈകൾ മോഹിത് നഗർ | 1 എണ്ണം | 20 രൂപ | ” |
| പച്ചക്കറി തയ്യോടുകൂടിയ ഗ്രോ ബാഗ് | 1 എണ്ണം | 80 രൂപ | ” |

# ജില്ലാ കൃഷിത്തോട്ടം കൂത്താളി

ഫോൺ:**0496 2662264** **Email:koothalifarm@gmail.com**



| സേവനങ്ങൾ | നിർവഹണ ഘട്ടം | നിബന്ധനകൾ | നിർവ്വഹണ ഉദ്യോഗസ്ഥൻ | സമയം | ഫീസ്/തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| എ) ഫലവൃക്ഷ തൈകൾ | ലഭ്യത അനുസരിച്ച് | അംഗീകൃത നിരക്കിൽ | ഫാം സൂപ്രണ്ട്(അസി.ഡയറക്ടർ | രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ | |
| ബ്രഡ് ഫ്രൂട്ട് കട്ടിംഗ്സ് | | | | | 110 |
| കശുമാവ് ഗ്രാഫ്റ്റ് | | | | | 40 |
| ചാമ്പ തൈകൾ | | | | | 15 |
| നാരകം തൈ | | | | | 12 |
| കൊക്കൊ തൈ | | | | | 20 |

| സേവനങ്ങൾ | നിർവഹണ ഘട്ടം | നിബന്ധനകൾ | നിർവ്വഹണ ഉദ്യോഗസ്ഥൻ | സമയം | ഫീസ്/തുക |
|---|---|---|---|---|---|
| മുട്ടപ്പഴ തൈ | | | | | 50 |
| പേര ലയർ | | | | | 100 |
| പേര തൈ | | | | | 10 |
| നെല്ലി തൈ | | | | | 25 |
| പ്ലാവ് ഗ്രാഫ്റ്റ് | | | | | 75 |
| മാവ് ഗ്രാഫ്റ്റ് | | | | | 75 |
| മാംഗോസ്റ്റിൻ | | | | | 60 |
| നേന്ത്രൻ വാഴ തൈകൾ(ടിഷ്യു കൾച്ചർ) | | | | | 15 |
| പപ്പായ തൈ | | | | | 20 |
| പപ്പായ ഹൈബ്രിഡ് | | | | | 40 |
| പാഷൻ ഫ്രൂട്ട് | | | | | 18 |
| പോമിഗ്രാനേറ്റ് തൈ | | | | | 20 |
| റമ്പൂട്ടാൻ തൈ | ലഭ്യത അനുസരിച്ച് | അംഗീകൃത നിരക്കിൽ | ഫാം സൂപ്രണ്ട്(അസി.ഡയറക്ടർ | രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ | 40 |
| സപ്പോട്ട തൈ | | | | | 75 |
| ബി) സുഗന്ധവ്യഞ്ജനങ്ങൾ | | | | | |
| അടക്ക(മംഗള) | | | | | 20 |
| അടക്ക(കാസർഗോഡൻ) | | | | | 12 |
| അടക്ക(സൈഗോൺ) | | | | | 12 |
| അടക്ക(പൂനൂർ) | | | | | 12 |
| ജാതി ഗ്രാഫ്റ്റ് | | | | | 250 |
| ജാതി തൈ | | | | | 75 |
| ഗ്രാമ്പു തൈ | | | | | 20 |

| സേവനങ്ങൾ | നിർവഹണ ഘട്ടം | നിബന്ധനകൾ | നിർവ്വഹണ ഉദ്യോഗസ്ഥൻ | സമയം | ഫീസ്/തുക |
|---|---|---|---|---|---|
| കറുകപ്പട്ട | | | | | 10 |
| സർവ്വസുഗന്ധി | | | | | 60 |
| കുരുമുളക്(പന്നിയൂർ) | | | | | 8 |
| കുരുമുളക്(കരിമുണ്ട) | | | | | 8 |
| ഒറ്റത്തല കുരുമുളക് തൈ | | | | | 20 |
| കുറ്റിക്കുരുമുളക് പോളി ബാഗ് | | | | | 50 |
| | | | | | |
| കുറ്റിക്കുരുമുളക് ഗ്രോ ബാഗ് | | | | | 150 |
| ഇഞ്ചി വിത്ത്/കി.ഗ്രാം | | | | | 80 |
| മഞ്ഞൾ വിത്ത് | | | | | 50 |
| കറിവേപ്പ് തൈ | | | | | 15 |
| സി) പച്ചക്കറി വിത്തുകൾ | ലഭ്യത അനുസരിച്ച് | അംഗീകൃത നിരക്കിൽ | ഫാം സൂപ്രണ്ട്(അസി.ഡയറക്ടർ) | രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ | |
| ചീര/കി.ഗ്രാം | | | | | 1450 |
| വെണ്ട/കി.ഗ്രാം | | | | | 1200 |
| പാവയ്ക്ക/കി.ഗ്രാം | | | | | 2200 |
| ചുരയ്ക്ക/കി.ഗ്രാം | | | | | 1100 |
| പടവലം/കി.ഗ്രാം | | | | | 1800 |
| വഴുതിന/കി.ഗ്രാം | | | | | 1800 |
| മത്തൻ/കി.ഗ്രാം | | | | | 1800 |
| മുളക്/കി.ഗ്രാം | | | | | 2500 |
| കുമ്പളങ്ങ/കി.ഗ്രാം | | | | | 2000 |
| കുറ്റിപ്പയർ/കി.ഗ്രാം | | | | | 550 |
| പയർ/കി.ഗ്രാം | | | | | 1080 |

| സേവനങ്ങൾ | നിർവഹണ ഘട്ടം | നിബന്ധനകൾ | നിർവ്വഹണ ഉദ്യോഗസ്ഥൻ | സമയം | ഫീസ്/തുക |
|---|---|---|---|---|---|
| വെള്ളരി/കി.ഗ്രാം | | | | | 1600 |
| പീച്ചിങ്ങ/കി.ഗ്രാം | | | | | 1200 |
| മുരിങ്ങ തൈ | | | | | 25 |
| കോവൽ കട്ടിംഗ്സ് | | | | | 20 |
| പച്ചക്കറി തൈകൾ | | | | | 3 |

| സേവനങ്ങൾ | നിർവഹണ ഘട്ടം | നിബന്ധനകൾ | നിർവ്വഹണ ഉദ്യോഗസ്ഥൻ | സമയം | ഫീസ്/തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| ഡി) അലങ്കാര തൈകൾ | ലഭ്യത അനുസരിച്ച് | അംഗീകൃത നിരക്കിൽ | ഫാം സൂപ്രണ്ട്(അസി.ഡയറക്ടർ | രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ | |
| ക്രോട്ടൻസ് | | | | | 20 |
| ബോഗൺ വില്ല | | | | | 20 |
| ചെമ്പരത്തി | | | | | 20 |
| ഡ്രസീനിയ | | | | | 20 |
| ഇ)ഔഷധ സസ്യങ്ങൾ | | | | | |
| നമ്പ്യർവട്ടം | | | | | 20 |
| തിപ്പലി പോളി ബാഗ് | | | | | 12 |
| പനികൂർക്ക | | | | | 12 |
| നാഗതാളി | | | | | 12 |
| പാച്ചൂട്ടി | | | | | 12 |
| അയ്യപ്പാന | | | | | 12 |

| സേവനങ്ങൾ | നിർവഹണ ഘട്ടം | നിബന്ധനകൾ | നിർവ്വഹണ ഉദ്യോഗസ്ഥൻ | സമയം | ഫീസ്/തുക |
|---|---|---|---|---|---|
| തഴുതാമ | | | | | 12 |
| വിഷപ്പച്ച | | | | | 12 |
| വാതംകൊല്ലി | | | | | 12 |
| പാച്ചോളി | | | | | 12 |
| രക്തബിന്ദു | | | | | 12 |

| സേവനങ്ങൾ | നിർവഹണ ഘട്ടം | നിബന്ധനകൾ | നിർവ്വഹണ ഉദ്യോഗസ്ഥൻ | സമയം | ഫീസ്/തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| ചങ്ങാരം പരണ്ട | ലഭ്യത അനുസരിച്ച് | അംഗീകൃത നിരക്കിൽ | ഫാം സൂപ്രണ്ട്(അസി.ഡയറക്ടർ | രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ | 12 |
| മൂവില | | | | | 12 |
| മരത്തിപ്പലി | | | | | 12 |
| പാരിജാതകം | | | | | 12 |
| എഫ്) മറ്റുള്ളവ | | | | | |
| ബ്രഹ്മി പോളി ബാഗ് | | | | | 12 |
| മണ്ണിര/കി.ഗ്രാം | | | | | 1200 |
| ഇളനീർ/എണ്ണം | | | | | 30 |
| മണ്ണിര കമ്പോസ്റ്റ്/കി.ഗ്രാം | | | | | 18 |
| ചാണകം ഉണക്കിയത്/കി.ഗ്രാം | | | | | 4.50 |
| പച്ച ചാണകം/കി.ഗ്രാം | | | | | 1.50 |
| ചാണകം ഭാഗീകമായി ഉണക്കിയത് | | | | | 3.00 |

| സേവനങ്ങൾ | നിർവഹണ ഘട്ടം | നിബന്ധനകൾ | നിർവ്വഹണ ഉദ്ദ്യോഗസ്ഥൻ | സമയം | ഫീസ്/തുക |
|---|---|---|---|---|---|
| മാമ്പഴകെണി | | | | | 50 |
| ഫാം സന്ദർശന ഫീസ് കുട്ടികൾ | | | | | 5 |
| ഫാം സന്ദർശന ഫീസ് മുതിർന്നവർ | | | | | 5 |
| ഫാം ഫോട്ടോ ഗ്രാഫി | | | | | 100 |
| ഫാം വീഡിയോ ഗ്രാഫി | | | | | 1000 |

| സേവനങ്ങൾ | നിർവഹണ ഘട്ടം | നിബന്ധനകൾ | നിർവ്വഹണ ഉദ്ദ്യോഗസ്ഥൻ | സമയം | ഫീസ്/തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| വെർമി വാഷ് | ലഭ്യത അനുസരിച്ച് | അംഗീകൃത നിരക്കിൽ | ഫാം സൂപ്രണ്ട്(അസി.ഡയറക്ടർ | രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ | 50 |
| ജി) തെങ്ങിൻ തൈ | | | | | |
| WCTതൈകൾ ഗ്രാ ബാഗ് | | | | | 100 |
| WCT up rooted തൈകൾ | | | | | 75 |
| ചാവക്കാടൻ കുള്ളൻ തൈ ഗ്രോ ബാഗ് | | | | | 100 |
| ചാവക്കാടൻ up rooted തൈകൾ | | | | | 75 |

# ജില്ലാ മണ്ണുപരിശോധന കേന്ദ്രം, തിക്കോടി

ഫോൺ : 0496 2600250

**E-mail:ascdstlthikkoti@gmail.com**






1.മണ്ണിലെ മൊത്തമായ ലവണത്തിന്റെ തോത്  (TSS) N,P,K,mg, Ca, S,B, Fe, Mn, Zn, Cu  Mbഎന്നീ മൂലകങ്ങൾ പരിശോധിച്ച് കാർഷിക വിളകൾക്കുള്ള കുമ്മായം,

2.ജൈവരാസവള ശുപാർശകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് നൽകുന്നു.

3.കുമ്മായത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നു.

4.ജലസേചനത്തിനുള്ള ജലസാമ്പിളുകൾ പരിശോധിക്കുന്നു.

5. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള മണ്ണ് പരിശോധനയിൽ പ്രോജക്ട് വർക്ക് ചെയ്യുന്നതിനുള്ള സൗകര്യം നൽകുന്നു.

6.കർഷകർക്കായി പരിശീലന, ബോധവൽക്കരണ പരിപാടികൾ നടത്തുന്നു.

<u>മണ്ണ് പരിശോധന നിരക്കുകൾ</u>

| | |
|---|---|
| 1. മണ്ണ് പരിശോധന (കർഷകർക്ക്) | 40/- |
| 2. മണ്ണ് പരിശോധന (സ്ഥാപനങ്ങൾ/പദ്ധതി)) | 160/- |
| 3. മണ്ണ് പരിശോധന (സൂഷ്മ പരിശോധന കർഷകർക്ക്) | 160/- |
| 4. മണ്ണ് പരിശോധന സൂഷ്മ പരിശോധന /പദ്ധതി)) | 630/- |

**സാമ്പിളുകൾ ശേഖരിക്കുന്ന വിധം**

കൃഷിയിടത്തെ വിളകൾ, നീർവാർച്ച സൗകര്യം, സ്ഥലത്തിന്റെ ചരിവ്, മണ്ണിന്റെ സ്വഭാവം എന്നിവയനുസരിച്ച് വിവിധ പ്ലോട്ടുകളായി തിരിച്ച് ഓരോ പ്ലോട്ടുകളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കണം. മുകൾഭാഗം കരിയിലകളും മറ്റും നീക്കി 15 സെൻറിമീറ്റർ താഴ്ചയിൽ തൂമ്പയുപയോഗിച്ച് ചരിച്ച് വെട്ടി വി ആകൃതിയിൽ മണ്ണ് നീക്കം ചെയ്യുക. പിന്നാടി കുഴിയുടെ ഒരു വശത്തുനിന്നും ഒരു ഇഞ്ച് കനത്തിൽ മണ്ണ് അരിഞ്ഞെടുത്ത് വൃത്തിയുള്ള പാത്രത്തിൽ (ലോഹപാത്രങ്ങൾ പാടില്ല) ശേഖരിക്കുക. ഓരാ പ്ലോട്ടിൽ നിന്നും ഒന്നിലധികം സാമ്പിളുകൾ ശേഖരിച്ച് നല്ലവണ്ണ മിക്സ് ചെയ്ത് കല്ലും വേരുകളും നീക്കി, പൊടിച്ച് ചതുരാകൃതിയിലോ വൃത്താകൃതിയിലോ വൃത്തിയുള്ള പ്രതലത്തിൽ ഒരേ കനത്തിൽ നിരത്തി 4 ആക്കി വിഭജിച്ച് രണ്ട് എതിർഭാഗങ്ങൾ ശേഖരിച്ച് വീണ്ടും മിക്സ് ചെയ്ത് നിരത്തി വിഭജിച്ച്, ഏകദേശം അര കിലോഗ്രാം സാമ്പിൾ ലഭ്യമാകുന്നതുവരെ തുടരുക. ഈ സാമ്പിൾ ഉണങ്ങിയതല്ലെങ്കിൽ തണലത്ത് ഉണക്കണം. പിന്നീട് തുണി സഞ്ചിയിലോ, പ്ലാസ്റ്റിക് കവറിലോ നിറച്ച് കർഷകന്റെ പൂർണ്ണവിലാസവും കൃഷിയുടെ വിവരങ്ങളും സഹിതം ലാബുകളിലേക്കയയ്ക്കുക. ഒരാഴ്ചയ്ക്കുള്ളിൽ പരിശോധന ഫലം ലഭ്യമാക്കുന്നതാണ്. വയലുകളിൽ നിന്നും മറ്റും പിവിസി പൈപ്പ് ഉപയോഗിച്ചും സാമ്പിളുകൾ ശേഖരിക്കാം. കൂടാതെ വിവിധ ഉപകരണങ്ങളും ലഭ്യമാണ്.

# പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം, ചാത്തമംഗലം

ഫോൺ: 81295058632 Email:rpfnitc@gmail.com




**സേവനങ്ങൾ**

1.ഫാമിൽ നിന്നും ലഭിക്കുന്ന ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങൾ

2.ഒരു ദിവസം പ്രായമായ പൂവൻ കോഴി കുഞ്ഞുങ്ങൾ

3.അടമുട്ടകളും ഭക്ഷണത്തിനാവശ്യമായ മുട്ടകളും

4.തീറ്റപ്പുൽ

5.മുട്ട ഉൽപ്പാദനം കഴിഞ്ഞ കോഴികളെ ഇറച്ചി ആവശ്യത്തിന് നൽകുന്നു

6.വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും, കർഷകർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും

| സേവനങ്ങൾ | നിർവ്വഹണ ഘട്ടം | നിബന്ധനകൾ | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സമയം | ഫീസ്/രൂപ |
|---|---|---|---|---|---|
| ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞ് | വിൽപ്പന | ബുക്കിംഗ് മുഖേന(നേരിട്ടോ ഫോൺ മുഖേനയോ) | അസി.ഡയറക്ടർ | 10.30 AM to 5.30PM | കോഴിക്കുഞ്ഞ് പിട-(1)-20 രൂപ പൂവൻ-8 രൂപ കരിങ്കോഴിക്കുഞ്ഞ് – 50 രൂപ |
| ഒരു വർഷം ഉൽപാദനം പൂർത്തീകരിച്ച കോഴികൾ | വിൽപ്പന | നേരിട്ട്(ടോക്കൺ മുഖേന) | അസി.ഡയറക്ടർ | 10.30 AM to 5.30PM | 1 കിലോ 80 രൂപ |
| കോഴിമുട്ട | വിൽപ്പന | ടോക്കൺ മുഖേന | അസി.ഡയറക്ടർ | 10.30 AM to 5.30PM | ഭക്ഷണം – മാർക്കറ്റ് വില പൊട്ട്മുട്ട-2 രൂപ തൂക്കം-മുട്ട-1 കി.-80 രൂപ കരിങ്കോഴി മുട്ട – മാർക്കറ്റ് വില |
| കോഴി വളം | വിൽപ്പന | നേരിട്ട് | അസി.ഡയറക്ടർ | 10.30 AM to 5.30PM | 1 കി – 2.50 രൂപ |

# ജില്ലാ മൃഗസംരക്ഷണ ഓഫീസ്

ഫോൺ : 2768075

**Email: dahokzkdker@gmail.com**




**ഞങ്ങളുടെ ദൗത്യം**

1.മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക.

2.ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക.

3.ജില്ലയിലെ വിവിധ മൃഗസംരക്ഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.

4.ജില്ലയിലെ വിവിധ മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ സാങ്കേതികവും ഭരണപരവുമായ മേൽനോട്ടം നിർവ്വഹിക്കുക.

5.ജില്ലാ ഓഫീസിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുക.

**ചുമതലകൾ**

1.മേൽ വിവരിക്കുന്ന ദൗത്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2.ഈ സ്ഥാപനത്തിൻ കീഴിൽ വരുന്ന ജില്ലയിലെ ഉപസ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

3.ജില്ലയിലെ മൃഗചികിത്സാ കേന്ദ്രങ്ങൾക്ക് ആവശ്യമായ മരുന്നുകൾ, വാക്സിനുകൾ മറ്റ് ഉപകരണങ്ങൾ എന്നിവ യഥാസമയം വിതരണം ചെയ്യുക.

4.ഈ സ്ഥാപനം നേതൃത്വം നൽകുന്ന പദ്ധതികളെ സംബന്ധിച്ച കർമ്മപദ്ധതി, ലക്ഷ്യങ്ങൾ എന്നിവ തയ്യാറാക്കി നടപ്പിലാക്കുകയും അവയുടെ പ്രവർത്തന പുരോഗതി പ്രതിമാസം വിലയിരുത്തുകയും ചെയ്യുക

5.ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുക.

**സ്ഥാപത്തിൽ നൽകുന്ന സേവനങ്ങൾ –**

(1)മൃഗസംരക്ഷണ വകുപ്പ് കാലാകാലങ്ങളിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

(2)ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

(3)ജില്ലയിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.

(4)ജില്ലയിലെ മൃഗാശുപത്രികൾക്കാവശ്യമായ മരുന്നുകൾ, വാക്സിനുകൾ, ഉപകരണങ്ങൾ മുതലായവ വിതരണം ചെയ്യുന്നു.

6.ഈ സ്ഥാപനത്തിലേയോ ഉപസ്ഥാപനത്തിലേയോ ജീവനക്കാരെ സംബന്ധിച്ചോ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ചോ ലഭിക്കുന്ന പൊതുജനപരാതികളിൽ ഒരു മാസത്തിനകം നടപടി പൂർത്തിയാക്കുകയും ആയതിനു സാധ്യമാകാത്ത പക്ഷം കാര്യകാരണ സഹിതം പരാതിക്കാരെ അറിയിക്കുകയും ചെയ്യുക.

7.വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ജില്ലാ തലത്തിൽ ഏകോപിപ്പിക്കുക.

(5)ഈ സ്ഥാപനം നേതൃത്വം നൽകുന്ന പദ്ധതികളെ സംബന്ധിച്ച കർമ്മ പദ്ധതി, ലക്ഷ്യങ്ങൾ എന്നിവ തയ്യാറാക്കി നടപ്പിലാക്കുകയും അവയുടെ പ്രവർത്തന പുരോഗതി പ്രതിമാസം വിലയിരുത്തുകയും ചെയ്യുന്നു.

(6)ഈ സ്ഥാപനത്തിന്റെയും ജില്ലയിലെ ഈ മേഖലയിലെ മറ്റു സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളിൽ സുതാര്യമായും കാര്യക്ഷമമായും ഉറപ്പു വരുത്തുന്നു.

(7)ഈ സ്ഥാപനത്തിലേയോ ഉപസ്ഥാപനത്തിലേയോ ജിവനക്കാരെ സംബന്ധിച്ചോ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ചോ ലഭിക്കുന്ന പരാതികൾ ഒരു മാസത്തിനകം നടപടി പൂർത്തിയാക്കുകയും ആയതിനു സാധ്യമാകാത്ത പക്ഷം കാര്യകാരണ സഹിതം പരാതിക്കാരെ അറിയിക്കുകയും ചെയ്യന്നു.

(8)ഈ സ്ഥാപനത്തിൽ നിന്നോ ജില്ലയിലെ മറ്റു ഉപസ്ഥാപനങ്ങളിൽ നിന്നോ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന വസ്തുതകൾ ഒരു മാസത്തിനകം നൽകുന്നു.

**അപേക്ഷിക്കേണ്ട വിധം**

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൽക്ക് അതത് പഞ്ചായത്തുകളിൽ / നഗരസഭകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൽ മുഖേന അപേക്ഷിക്കേണ്ടതാണ്.

പരാതികൾ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നേരിട്ടോ തപാൽ മുഖേനയോ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ സ്ഥാപിച്ചിരിക്കുന്ന പരാതിപ്പെട്ടി വഴിയോ നൽകാവുന്നതാണ്.

വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ ലഭിക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസർക്കോ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ), സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സീനിയർ വെറ്ററിനറി സർജൻ, ഡിസ്ട്രിക്ട് വെറ്ററിനറി സെന്റർ, കോഴിക്കോട് എന്ന വിലാസത്തിലോ അപേക്ഷ നൽകണം.

നിബന്ധനകൾ – ഇല്ല

സമയപരിധി – പരാതി പരിഹാരത്തിനും വിവരങ്ങൾ നൽകുന്നതിനും ഒരു മാസം

ഫീസ് – വിവരാവകാശ നിയമപ്രകാരം 10 രൂപ അപേക്ഷ ഫീസും വിവരങ്ങൽ നൽകുന്നതിന് നിശ്ചയിക്കപ്പെട്ട ചിലവും ഒടുക്കേണ്ടതുണ്ട്. മറ്റു സേവനങ്ങൾക്ക് ഫീസ് ഇല്ല.

**കന്നുകുട്ടി പരിപാലന പദ്ധതി കോഴിക്കോട്**

സ്ഥാപനത്തിന്റെ ദൗത്യം – കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുക.

ജീവനക്കാർ – അസിസ്റ്റന്റ് – 1, വെറ്റിനറി സർൻ – 5, യു.ഡി. ക്ലാർക്ക് – 1, യു.ഡി. ടൈപ്പിസ്റ്റ് – 1, ഡ്രൈവർ – 1, പ്യൂൺ – 1.

പ്രവർത്തന സമയം – രാവിലെ 10 മണി മുതൽ 5 മണി വരെ

കടമ – ജി.ഒ.എം.എസ്. നമ്പർ 11/2001 എഡി തിയതി 20.01.01 ഗൈഡ്ലൈനിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്ക് അനുസൃതമായി ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുക.

പരാതി പരിഹാരം – ഈസ്ഥാപനത്തിന്റെ പ്രവർത്തനം, സേവനം എന്നിവയെ സംബന്ധിച്ച് പരാതികൾ ആദ്യം അസിസ്റ്റന്റ് ഡയരക്ടർക്കും അതിനുമേൽ പരിഹാരം ഉണ്ടായില്ലെങ്കിൽ ജില്ലാ മൃഗ സംരക്ഷണ ഓഫീസർക്കും നൽകേണ്ടതാണ്.

ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം – ജില്ലാ വെറ്റിനറി കേന്ദ്രം കാമ്പസ്, കോഴിക്കോട് – 1

# കോഴിക്കോട് ജില്ലാ പഞ്ചായത്ത്

# ദാരിദ്ര്യ ലഘൂകരണ വിഭാഗം

ഫോൺ : 0495 2371283

E-mail:pdpaukkd@gmail.com




താഴെ പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഈ വിഭാഗത്തിലൂടെ നടപ്പിലാക്കുന്നത്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങളിൽ ഒന്ന് എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും ഒരു സാമ്പത്തിക വർഷം നൂറ് ദിവസത്തിൽ കുറയാത്ത അവിദഗ്ധ കായിക തൊഴിൽ നൽകുകയും അതുവഴി ഗുണമേൻമയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ഉല്പാദനക്ഷമമായ ആസ്തികളുടെ സൃഷ്ടികളുമാണ്.

ജില്ലാതലത്തിൽ ജില്ലാ കലക്ടറെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററായും ഗ്രാമവികസന വകുപ്പിൽ ജെ.ഡി.സി.തലത്തിലുള്ള ഉദ്യോഗസ്ഥനെ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ജില്ലാ സെല്ലിൽ ഒരു ഐ.ടി പ്രൊഫഷണൽ, അക്കൗണ്ടന്റ് കം ഡാറ്റാ എന്റി ഓപ്പറേറ്റർ, ഇ.എഫ്.എം.എസ്. കമ്പ്യൂട്ടർ ഓപ്പറേറ്റർ കൂടാതെ വകുപ്പ്തല ക്ലറിക്കൽ ഉദ്യോഗസ്ഥനും സേവനം അനുഷ്ഠിക്കുന്നുണ്ട്.

ഗ്രാമസഭ അംഗീകരിച്ച പ്രവർത്തികൾ പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും പിന്നീട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് ജില്ലാ സെല്ലിൽ സമർപ്പിക്കുകയും അവ ക്രോഡീകരിച്ച് അംഗീകാരത്തിനായി ജില്ലാ പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്യും. ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തോടെ സംസ്ഥാന മിഷന് സമർപ്പിച്ച് കേന്ദ്ര സർക്കാർ അംഗീകാരത്തോടെ പദ്ധതി പ്രവർത്തികൾ നടപ്പിലാക്കുകയും ചെയ്യുന്നു.

## പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)

2016-17 മുതൽ 2018-19 വരെയുള്ള 3 വർഷക്കാലയളവിനുള്ളിൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ ഭവനരഹിതരായവർക്കുവേണ്ടി ഒരു കോടി വീടുകൾ നിർമ്മിക്കുന്നതിനുള്ള ബൃഹദ് പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) അഥവാ ജണഅഥ (ഏ) 2011 ലെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസിൽ ഭവനരഹിതരായി കണ്ടെത്തിയവരെ ലക്ഷ്യം വെച്ചുകൊണ്ടുള്ള ഈ പദ്ധതിയിൽ കേരളത്തിൽ 2016-17 വർഷം 24341 വീടുകളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയിൽ കേന്ദ്രസംസ്ഥാന ധനസഹായമായി 60:40 അനുപാതത്തിൽ സമതലപ്രദേശങ്ങളിൽ 120000/- രൂപയും ദുർഘടപ്രദേശങ്ങളിൽ 130000/- രൂപയുമാണ് നൽകുന്നത്. ടി. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തുക നൽകുന്നത് പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ്. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി പ്രകാരം വീടിനോടൊപ്പം ശുചിമുറി ഉൾപ്പെടെ നിശ്ചിത സമയത്തിനകം ഗുണമേന്മയുള്ള ഭവനങ്ങൾ നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നു. കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായങ്ങളും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉൾപ്പെടുത്തിയാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നത്. പൊതുവിഭാഗത്തിന് 4 ലക്ഷം, പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഏറ്റവും കൂടിയത് 6 ലക്ഷം രൂപയുമാണ് അനുവദിക്കുന്നത്. വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ബാങ്ക് വായ്പ ആവശ്യമുള്ളവർക്ക് 70000 രൂപ വായ്പ കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്നു. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ഗുണഭോക്താക്കളുടെ ലിസ്റ്റുമായി ബന്ധപ്പെട്ട് പരാതികൾക്കുള്ള പരിഹാരം കാണുവാൻ ജില്ലാ തലത്തിൽ അപ്പലേറ്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി മിഷൻ മോഡലിലാണ് നടപ്പിലാക്കുന്നത്. ഇതിനായി സംസ്ഥാന ജില്ലാഗ്രാമതലങ്ങളിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

## സൻസദ് ആദർശ് ഗ്രാമയോജന (SAGY)

കേന്ദ്ര സർക്കാർ 2014 ഒക്ടോബർ 11 ന് ആരംഭിച്ച ഒരു പദ്ധതിയാണ് സൻസദ് ആദർശ് ഗ്രാമ യോജന (SAGY)) അഥവാ സാഗി.

പദ്ധതിയുടെ നോഡൽ ഓഫീസർ ജില്ലാ കലക്ടറാണ്. ഓരോ എം.പിയും ഒരു ഗ്രാമപഞ്ചായത്തിനെ ദത്തെടുത്ത് ആ പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിലേക്ക് നയിക്കുന്ന പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടി, അതുവഴി ആ പഞ്ചായത്തിനെ മാതൃകാ ആദർശ ഗ്രാമപഞ്ചായത്താക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഓരോ എം.പി.യും 2019 വർഷത്തോടെ 3 ഗ്രാമപഞ്ചായത്തുകളെ ഇത്തരത്തിൽ തെരഞ്ഞെടുക്കണം. ഈ പദ്ധതിക്ക് മറ്റു പദ്ധതികളിൽ നിന്നും വിഭിന്നമായി പ്രത്യേക ധനസഹായം ഇല്ല എങ്കിലും എം.പി., എം.എൽ.എ ഫണ്ട്, സി.എസ്.ആർ. ഫണ്ട്, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് തുടങ്ങിവ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

**പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം)**

കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത നീർത്തട പരിപാലന പരിപാടിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ തൂണേരി, ബാലുശ്ശേരി, കുന്നമംഗലം, കൊടുവള്ളി എന്നീ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിലുള്ള വിവിധ പഞ്ചായത്തുകളിൽ 2010-11 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുകയും അതിലൂടെ മണ്ണിന്റെ ജൈവസന്തുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. ഭൂഗർഭ ജലവിതാനം ക്രമാനുഗതമായി ഉയർത്തുക, കാർഷിക അനുബന്ധമേഖലകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക ജീവനോപാധി പ്രവർത്തനങ്ങളിലൂടെ ഗ്രാമീണ ജനതയുടെ തൊഴിലും വരുമാനവും മെച്ചപ്പെടുത്തി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നിവ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ 50% കേന്ദ്ര സർക്കാരും 50% സംസ്ഥാന സർക്കാറുമാണ് വഹിക്കുന്നത്. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അധ്യക്ഷനും പ്രോജക്ട് ഡയറക്ടർ കൺവീനറുമായുള്ള വാട്ടർഷെഡ് സെൽ കം ഡാറ്റാ സെന്റർ ആണ് പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്തുകളാണ് പദ്ധതി നിർവ്വഹണ ഏജൻസികൾ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിന് സാങ്കേതിക വിദഗ്ധർ അടങ്ങിയ നീർത്തട വികസന ടീമുകൾ സഹായിക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രസിഡണ്ട് അദ്ധ്യക്ഷനും വി.ഇ.ഒ. സെക്രട്ടറിയുമായി നീർത്തട കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രോജക്ട് ഇംപ്ലിമെൻറിംഗ് ഏജൻസി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നിയന്ത്രണം സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസി ആണ്.

**മഹിളാ കിസാൻ സശാക്തീകരൺ പരിയോജന ( എം.കെ.എസ്.പി.)**

കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ മുഖേന നടപ്പിലാക്കുന്ന ദാരിദ്ര്യ ലഘൂകരണ പദ്ധതിയാണ് മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.)യന്ത്രവൽകൃത കൃഷിസമ്പ്രദായങ്ങളിൽ വനിതകൾക്ക് പരിശീലനം നൽകി, നെൽകൃഷി പുനരുദ്ധാരണവും വനിതാ ശാക്തീകരണവും പരിസ്ഥിതി സംരക്ഷണവും സാധ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങൾ. മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി) യുടെ ഉപപദ്ധതിയാണ് ബയോ ആർമി.

നെൽകൃഷിയിൽ മാത്രം ഇടപെട്ടുകൊണ്ടിരിക്കുന്ന ലേബർ ബാങ്ക് അംഗങ്ങളെ കൃഷിയുടെ മറ്റു മേഖലകളിലേക്ക് കൂടി വിന്യസിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച എം.കെ. എസ്.പി. ഉപപദ്ധതിയാണ് ബയോ ആർമി. കിണർ റീചാർജ്ജിംഗ്, ഡ്രിപ്പ് ഇറിഗേഷൻ, ഗ്രോബാഗ് പച്ചക്കറി, പശുപരിപാലനം, തെങ്ങുകയറ്റം, നീരശേഖരണം, ഹൈബ്രിഡ് തെങ്ങിൻതൈ ഉത്പാദനം, ജൈവ കീടനാശിനി, ജീവാണുവളം ഉൾപ്പെടെ 9 പ്രവർത്തനമേഖലകളാണ് ബയോ ആർമിയിലുള്ളത്. 18 മുതൽ 49 വയസ്സുവരെയുള്ള തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് ഉള്ള കുടുംബത്തിലെ ഏത് വനിതക്കും ബയോ ആർമിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## സമ്പൂർണ്ണ പാർപ്പിട പദ്ധതി - ലൈഫ്

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും, സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ, വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശമേഖലയിലോ തോട്ടം മേഖലയിലോ താല്ക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവനപദ്ധതികൾ സംയോജിപ്പിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക. പദ്ധതിയുടെ നോഡൽ ഓഫീസർ ജില്ലാ കലക്ടറാണ്.

## പ്രധാനമന്ത്രി ഗ്രാമ സടക്ക് യോജന (പി.എം.ജി.എസ്.വൈ) പി.ഐ.യു.കോഴിക്കോട് (PIU)

കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസിയുടെ കീഴിൽ ജില്ലാ തലത്തിലെ ദാരിദ്ര ലഘൂകരണ യൂണിറ്റിന്റെ ഭാഗമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ അദ്ധ്യക്ഷനായുള്ള ജില്ലാതല പദ്ധതി നിർവ്വഹണ യൂണിറ്റാണ് (PIU)

ഏറ്റെടുക്കേണ്ട റോഡുകളുടെ മുൻഗണനാപട്ടിക തയ്യാറാക്കുന്നത് എം.പി.മാരും, എം.എൽ.എ. എന്നിവർ പങ്കെടുക്കുന്ന ജില്ലാ പഞ്ചായത്ത് യോഗത്തിലാണ്. ഈ പട്ടിക ഗ്രാമീണ റോഡ് വികസന ഏജൻസിക്ക് സമർപ്പിക്കുകയും അത് സ്റ്റേറ്റ് ലെവൽ സ്റ്റാൻറിംഗ് കമ്മറ്റി അംഗീകരിക്കുകയും ചെയ്തശേഷം വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമീണ റോഡ് വികസന ഏജൻസിയിലെ ചീഫ് ടെക്നിക്കൽ ഓഫീസറുടെ അംഗീകാരത്തോടെ പരിശോധനയ്ക്കായി സ്റ്റേററ് ടെക്നിക്കൽ ഏജൻസിക്ക് സമർപ്പിക്കുന്നു. അംഗീകാരം ലഭിക്കുന്ന മുറക്ക് കേന്ദ്ര സർക്കാറിന്റെ അംഗീകാരത്തിനായി പദ്ധതി സമർപ്പിക്കുകയും അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ സംസ്ഥാന സർക്കാറിന്റെ ഭരണാനുമതിയോടെ ഇലക്ട്രോണിക്ക് ടെണ്ടർ ചെയ്ത് പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നു.

# ജില്ലാ പഞ്ചായത്ത് വനിതാ ഹോസ്റ്റൽ, പേരാമ്പ്ര

ഫോൺ:9048399320

Email:dwwokkd@gmail.com

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള പേരാമ്പ്ര വനിതാ ഹോസ്റ്റൽ 2009 ൽ ആണ് ആരംഭിച്ചത്. പേരാമ്പ്രയിലും പരിസര പ്രദേശത്തുമുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വനിതകൾക്ക് വളരെയധികം പ്രയോജനപ്പെടുന്ന സ്ഥാപനമായി മാറിയിട്ടുണ്ട്.

സർക്കാർ സ്ഥാപനത്തിലോ അംഗീകൃത സ്ഥാപനങ്ങളിലോ വിദൂര ദേശങ്ങളിൽ നിന്ന് വന്ന് ജോലി ചെയ്യുന്ന വനിതകളാണ് താമസക്കാരായിട്ടുള്ളത്. കൂടാതെ പേരാമ്പ്ര സി.കെ.ജി മെമ്മോറിയൽ കോളേജിൽ പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യമില്ലാത്തതിനാൽ കോളേജിലെ വിദ്യാർത്ഥിനികൾക്ക് കൂടി താമസസൗകര്യമനുവദിക്കുന്നുണ്ട്.

1500 രൂപയാണ് വാടകയായി ഒരു മാസത്തേക്ക് ഈടാക്കുന്നത്. ഇതിൽ ഭക്ഷണം ഉൾപ്പെട്ടിട്ടില്ല. മൂന്ന് മാസത്തെ വാടക 4500 കോഷൻ ഡെപ്പോസിറ്റ് ആയി ഈടാക്കുന്നു. ഇത് താമസമൊഴിവാകുന്ന സമയത്ത് തിരിച്ച് നൽകുന്നതാണ്. പട്ടികവിഭാഗം /ഭിന്നശേഷിക്കാർ എന്നിവർക്ക് 50% വാടക അതായത് 750 രൂപയാണ് ഈടാക്കുന്നത്. 2250 രൂപ കോഷൻ ഡെപ്പോസിറ്റായി ഈടാക്കുകയും ചെയ്യുന്നു.

60 പേർക്ക് താമസിക്കാനുള്ള സൗകര്യം നിലവിൽ ഉണ്ട്.

# ജില്ലാ പഞ്ചായത്ത് സ്കിൽ ഡവലപ്മെന്റ് സെന്റർ

ഫോൺ : 2370026

E-mail:sdckozhikode@rediffmail.com



**സ്കിൽ ഡവലപ്മെന്റ് സെന്റർ നൽകിവരുന്ന സേവനങ്ങൾ**

**ലെവൽ 1- പരിശീലനങ്ങൾ** – നവസാക്ഷരർ, പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയവർ എന്നിവർക്കുള്ളത്.

| കോഴ്സ് | ഫീസ് |
|---|---|
| 1.ഹാൻഡ് മെയ്ഡ് ടോയ്‌ലറ്ററി | 3000 |
| 2.കൂൺ കൾച്ചർ (മഷ്റൂം ഫാമിംഗ്) | 3000 |
| 3.കുടനിർമ്മാണം | 3000 |
| 4.സോഫ്റ്റ് ടോയ്സ് നിർമ്മാണം | 4000 |
| 5.ആഭരണ നിർമ്മാണം | 5000 |
| 6.വൂളൻ ഫാബ്രിക്സ് | 4000 |

**ലെവൽ 2- പത്താംതരം വരെ പഠിച്ചവർ**

| കോഴ്സ് | ഫീസ് |
|---|---|
| 1.പ്ലംബിംഗ് & സാനിറ്റേഷൻ | 5000 |
| 2.സാരി ഡിസൈനിംഗ് & ഫാബ്രിക്സ് പെയിൻറിംഗ് | 5000 |
| 3.ബേസിക് കമ്പ്യൂട്ടിംഗ് & ഇന്റർനെറ്റ് ആപ്ലിക്കേഷൻസ്– | 4000 |
| 4.കട്ടിംഗ്, ടെയ്‌ലറിംഗ് & ഗാർമെന്റ് മെയ്ക്കിംഗ് | 2500 |
| 5.ബ്രൈഡൽ മേക്കപ്പ് & ബ്യൂട്ടിഷൻ | 10000 |
| 6.വാട്ടർ ടെക്നീഷ്യൻ | 10000 |
| (മഴവെള്ള സംഭരണി നിർമ്മാണം, കിണർ റീചാർജ്ജിംഗ്) | |
| 7.ഹോം നഴ്സിംഗ് | 8000 |

**ലെവൽ 3- പത്താംതരം വരെ പാസ്സായവർ, പ്ലസ്ടു കഴിഞ്ഞവർ**

| കോഴ്സ് | ഫീസ് |
|---|---|
| 1.ഡിപ്ലോ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഡി.സി.എ. | 6000 |
| 2.സി.സി.എ.(കമ്പ്യൂട്ടറൈസ്ഡ് എക്കൗണ്ടിംഗ്) | 4000 |
| 3.ഡാറ്റാ എൻട്രി & ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് | 5000 |
| 4.ഡിപ്ലോമ ഇൻ വെബ് ഡിസൈനിംഗ് | 6000 |
| 5.സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ & നെറ്റ് വർക്കിംഗ് | 8000 |
| 6.മൊബൈൽ ടെക്നോളജി | 5000 |
| 7.സോളാർ ടെക്നോളജി | 10000 |
| 8.അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഗ്രാഫിക് ഡിസൈനിംഗ് | 12000 |
| 9.ഇലക്ട്രിക് ടെക്നീഷ്യൻ & ബേസിക് ഇലക്ട്രോണിക്സ് | 15000 |
| 10.റഫ്രിജറേഷൻ, എയർകണ്ടീഷനിംഗ് & ബേസിക് ഇലക്ട്രോണിക്സ് | 15000 |
| 11.ഹോം ടെക്നീഷ്യൻ (വീട്ടുപകരണ റിപ്പയർ) | 6000 |
| 12.ടെയ്‌ലറിംഗ്, ഗാർമെൻറ്സ് മെയ്ക്കിംഗ് & ഫാഷൻ ടെക്നോളജി | 15000 |
| 13.സിവിൽ കൺസ്ട്രക്ഷൻ സൂപ്പർവിഷൻ | 12500 |

14.അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ വീഡിയോ എഡിറ്റിംഗ്

| | |
|---|---|
| ഇൻ.എഫ്.സി.പി. | 15000 |
| 15.വയർമാൻ ലൈസൻസിംഗ് (KSELB) | 15000 |

**ലെവൽ 4- ബിരുദധാരികൾക്ക്**

| കോഴ്സ് | ഫീസ് |
|---|---|
| 1.പി.ജി.ഡി.സി.എ | 16000 |

ഇവ കൂടാതെ ഇലക്ട്രിക്കൽ ടെക്നോളജി, ഫാഷൻ ടെക്നോളജി, ഐ.ടി. ആപ്ലിക്കേഷൻ തുടങ്ങിയ മേഖലകളിൽ ഹ്രസ്വകാല സ്പെഷലൈസ്ഡ് കോഴ്സുകൾ പ്രത്യേക മേഖലകളിലായി നൽകിവരുന്നു.

കൂടാതെ കമ്പ്യൂട്ടർ മെയിന്റനൻസ്, വെബ്ഡിസൈനിംഗ്, കിണർ റീചാർജ്ജിംഗ്, മഴവെള്ള സംഭരണി നിർമ്മാണം തുടങ്ങിയ വികസനപ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

സീനിയർ സിറ്റിസെൻ, വീട്ടമ്മമാർ, ട്രാൻസ്ജെന്റർ, ഭിന്നശേഷിക്കാർ തുടങ്ങി പ്രത്യേക ശ്രദ്ധ ആവശ്യമായവർക്ക് അനുയോജ്യമായ കോഴ്സുകൾ അവരുടെ അഭിരുചിയും താല്പര്യവും അനുസരിച്ച് ഡിസൈൻ ചെയ്ത് നൽകി വരുന്നു.

പ്രത്യേക സർക്കാർ ആനുകൂല്യങ്ങളോ ധനസഹായങ്ങളോ ഇല്ലാതെ പഠിതാക്കളിൽ നിന്ന് സ്വീകരിക്കുന്ന ഫീസ് മാത്രം ഉപയോഗിച്ചാണ് സ്കിൽ ഡവലപ്മെന്റ് സെന്റർ നടത്തിപ്പോരുന്നത്.

സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള പ്ലെയ്സ്മെന്റ് സെൽ വഴി പഠിതാക്കൾക്ക് ജോലി ലഭ്യത ഉറപ്പാക്കുന്നു.

വർഷംപ്രതി 1000 ത്തോളം യുവതീയുവാക്കൾക്ക് പരിശീലനം നൽകി തൊഴിൽ മേഖലയിൽ വിന്യസിക്കുന്നു.

സർക്കാർ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പഠിപ്പിക്കുന്നതിന് പ്രത്യേക കോഴ്സ് ഡിസൈൻ ചെയ്ത് പരിശീലനം നൽകുന്നു.

കേന്ദ്ര ഗവൺമെൻറിന്റെ നേഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂൾ (MHRD), DDUGKYഎന്നിവയുടേയും സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള C-Dit,KSELBഎന്നിവയുടേയും അംഗീകാരം വിവിധ കോഴ്സുകൾക്കുണ്ട്.

ഇലക്ട്രിക്ക് വർക് ഷോപ്പ്, സോളാർ ടെക്നോളജി വർക് ഷോപ്പ്, ഞ&അഇ വർക്ഷോപ്പ്, 50 കമ്പ്യൂട്ടറോടുകൂടിയ സോഫ്റ്റ് വേർ & ഹാർഡ് വേർ ലാബ് എന്നിവയും ഈ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നു.

ഇന്ത്യയിലെ ഏറ്റവും നല്ല തൊഴിൽ പരിശീലന കേന്ദ്രത്തിനുള്ള രണ്ട് ദേശീയ അവാർഡുകൾക്ക് ഈ കേന്ദ്രം അർഹമായിട്ടുണ്ട് ( 2012, 2013)

# കോഴിക്കോട് ജില്ലാ പഞ്ചായത്ത്സ്നേഹസ്പർശം കിഡ്നി പേഷ്യന്റ്സ് വെൽഫയർ സൊസൈറ്റി

സിവിൽസ്റ്റേഷൻ പി.ഒ. , കോഴിക്കോട് - 673 020




കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2012 ൽ ആരംഭിച്ച് ജീവകാരുണ്യ പദ്ധതിയാണ് സ്നേഹസ്പർശം കിഡ്നി പേഷ്യൻസ് വെൽഫെയർ സൊസൈറ്റി. അതാത് കാലത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും, ജില്ലാ കലക്ടർ ചീഫ് കോർഡിനേറ്ററും, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറുമായി പ്രവർത്തിക്കുന്ന ഈ പദ്ധതിക്ക് 2018-18 മുതൽ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പദ്ധതിയായി കേരളാ ഗവൺമന്റ് അംഗീകാരം നൽകിയിട്ടുണ്ട്.

### നിബന്ധനകൾ

1. കോഴിക്കോട് ജില്ലക്കാരായവർക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം ലഭ്യമാവുക.

2. ഡയാലിസിസ് ചെയ്യുന്ന രോഗികൾക്കും വൃക്ക മാറ്റിവെച്ച് 6 മാസം കഴിഞ്ഞവർക്കും സഹായത്തിന് അപേക്ഷിക്കാം.

3.അപേക്ഷാ ഫോമുകൾ സ്നേഹസ്പർശം ഓഫീസിൽ നിന്ന് നേരിട്ടോ, www.snehasparsham.com എന്ന വെബ്സൈറ്റ് വഴിയോ ലഭ്യമാണ്.

4. പൂരിപ്പിച്ച് ഫോട്ടോ പതിച്ച അപേക്ഷ 1. ചികിത്സിക്കുന്ന ഡോക്ടർ, 2. അതാത് വാർഡ് മെമ്പർ/ കൗൺസിലർ, പഞ്ചായത്ത് പ്രസിഡണ്ട്/നഗരസഭാ ചെയർമാൻ/മേയർ തുടങ്ങിയവർ സാക്ഷ്യപ്പെടുത്തി തൊട്ടടുത്ത പാലിയേറ്റീവിൽ ഏൽപ്പിക്കണം. പാലിയേറ്റീവ് യൂണിറ്റ് അന്വേഷണം നടത്തി, അപേക്ഷയിലെ നിബന്ധന പ്രകാരം റിപ്പോർട്ട് തയ്യാറാക്കി ചെയർമാൻ, സ്നേഹസ്പർശം, ജില്ലാപഞ്ചായത്ത്, സിവിൽസ്റ്റേഷൻ പി.ഒ, കോഴിക്കോട് - 673 020 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിക്കുന്ന അപേക്ഷയിലെ ഗുണഭോക്താവിന് തൊട്ടടുത്ത മാസം ഒന്നാം തിയ്യതി മുതൽ സഹായം ലഭ്യമായി തുടങ്ങും.

5. സാമ്പത്തിക സഹായങ്ങൾ രോഗികൾക്ക് നേരിട്ട് നൽകുന്നതല്ല. ചികിത്സിക്കുന്ന കേന്ദ്രങ്ങളിൽ രോഗിക്കുവേണ്ടി നൽകുന്നതാണ്.

6. ഈ പദ്ധതി വഴി നടപ്പാക്കുന്ന ധനസഹായങ്ങളും സേവനങ്ങളും അതാതു സമയത്തെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനപ്രകാരം മാറ്റങ്ങൾക്ക് വിധേയമാണ്

സ്നേഹസ്പർശം പദ്ധതിയിലൂടെ നിലവിൽ ലഭ്യമാകുന്നസഹായങ്ങൾ

**1.ഹീമോ ഡയാലിസിസ്**

350 രൂപ പ്രകാരം ഒരു മാസത്തിൽ 12 ഡയാലിസിസുകൾക്ക് പരമാവധി 4000 രൂപ സഹായമായി ലഭിക്കും. ഈ തുക രോഗിക്കുവേണ്ടി മാസാവസാനം രോഗി ഡയാലിസിസ് ചെയ്യുന്ന സെന്ററിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് സ്നേഹസ്പർശം കൈമാറും.

**2. പെരിട്ടോണിയൽ ഡയാലിസിസ്**

വീട്ടിൽ വെച്ച് ചെയ്യുന്ന ഡയാലിസിസിന് ഉപയോഗിക്കുന്ന ഫ്ലൂയിഡും ക്യാപ്പും വാങ്ങുന്നതിന് ഗുണഭോക്താക്കൾക്ക് 4000 രൂപയാണ് പ്രതിമാസം സഹായമായി ലഭിക്കുക. രോഗി അതാത് മാസം വാങ്ങുന്ന ഫ്ളൂയിഡിന്റെയും ക്യാപ്പിന്റെയും 4000 രൂപയിൽ കുറയാത്ത് ബിൽ സ്നേഹസ്പർശം ഓഫീസിൽ എത്തിച്ചാൽ തൊട്ടടുത്ത മാസം തുക രോഗിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുന്നതാണ്.

**3. വൃക്ക മാറ്റിവെച്ചവർക്കുള്ള മരുന്ന്**

വൃക്ക മാറ്റി വെച്ച് 6 മാസത്തിന് ശേഷം അപേക്ഷിക്കുന്നവർക്കാണ് ഈ സഹായം നൽകുന്നത്. പൊതു വിപണിയിൽ പ്രതിമാസം 5000 രൂപയ്ക്ക് മേലെ വിലയുള്ള മരുന്നുകൾ ആവശ്യമുള്ളവർക്ക് ഈ പദ്ധതിയിലൂടെ 2500 രൂപ വിലവരുന്ന മരുന്നുകൾ പ്രതിമാസം സൗജന്യമായി നൽകി സഹായിക്കുന്നു. രോഗികളെ പരിശോധിക്കുന്ന ഡോക്ടർമാരുടെ നിർദ്ദേശ പ്രകാരമുള്ള ഇംമ്യൂണോ സപ്രസന്റ് മരുന്നുകളാണ് നൽകുന്നത്

**4.മൊബൈൽ ക്ലിനിക്ക്**

സ്നേഹസ്പർശം, മലബാർ ഗോൾഡ്, ഇഖ്റ ഹോസ്പിറ്റൽ സംയുക്തമായി നടത്തുന്ന വൃക്ക – ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കിന്റെ സൗജന്യ സേവനം ജില്ലയിലെ സ്കൂളുകൾ, റസിഡൻറ്സ് അസോസിയേഷനുകൾ, ക്ലബുകൾ, വായനശാലകൾ വഴി ബുക്കിംഗ് അടിസ്ഥാനത്തിൽ 6 ദിവസം ക്യാമ്പ് പ്രവർത്തിക്കുന്നു. പരിശോധനകളിലൂടെ വൃക്ക രോഗ ലക്ഷണങ്ങൾ തുടക്കത്തിൽ മനസ്സിലാക്കുകയും, ജീവിത ശൈലി രോഗ നിർണ്ണയം നടത്തി ആവശ്യമായ ചികിത്സ ലഭ്യമാക്കാൻ പൊതുജനങ്ങളെ സഹായിക്കുന്നു.

**5.നവജീവൻ ക്ലിനിക്ക്**

ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സ്നേഹസ്പർശം നവജീവൻ ക്ലിനിക്കിൽ പാവപ്പെട്ട മാനസിക രോഗികൾക്ക് സൗജന്യ ചികിത്സയും മരുന്നുകളും ലഭ്യമാകും.ചെങ്ങോട്ടുകാവ്, കോട്ടൂർ, ജില്ലാ ജയിൽ എന്നിവിടങ്ങളിൽ സൗജന്യ ചികിത്സയും മരുന്നും നൽകിവരുന്നു

വൃക്ക-ജീവിതശൈലീ രോഗങ്ങൾ, അവയവദാനം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ സെമിനാറുകൾ നടത്തുന്നു.

**6.ജീവൽദാനം**

മസ്തിഷ്ക മരണാനന്തരം അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും വർദ്ധിച്ചുവരുന്ന വൃക്കരോഗം തടയുന്നതിനും വേണ്ടി ജനങ്ങളെ ബോധവൽക്കരിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 3000 ത്തിലധികം അവയവധാന സമ്മതപത്രങ്ങൾ ഇതിനകം തന്നെ സ്നേഹസ്പർശത്തിന് ലഭിച്ചിട്ടുണ്ട്. സ്നേഹസ്പർശം വെബ്സൈറ്റിലൂടെ രജിസ്റ്റർ ചെയ്യുന്നവർക്ക് ഡോണർ കാർഡും നൽകുന്നതാണ്.

**7.സ്നേഹസ്പർശം കെയർ സെന്റർ**

കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സക്കെത്തുന്ന അഗതികളായ എച്ച്.ഐ.വി. ബാധിതർക്ക് (പുരുഷൻമാർക്ക്) താമസിക്കാൻ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള കെയർ സെന്റർ പ്രവർത്തിക്കുന്നു.

**8.ജീവജ്യോതി**

വൃക്കമാറ്റ ശസ്ത്രക്രിയ പൂർണ്ണമായും സൗജന്യമാക്കുന്ന പദ്ധതിയാണ് ജീവജ്യോതി. ജില്ലയിലെ വൃക്കമാറ്റിവെക്കൽ ശസ്ത്രക്രിയ ചെയ്യുന്ന സ്വകാര്യ ആശുപത്രികളുമായി സഹകരിച്ചാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. കാരുണ്യ, കാസ്പ്, മറ്റ് ഇൻഷ്വൂറൻസ് പരിരക്ഷകൾ, റീ-ഇമ്പേഴ്സ്മെന്റ് പോലുള്ള സഹായങ്ങൾ ലഭിക്കാത്തതും മാതാപിതാക്കൾ, മക്കൾ, സഹോദരങ്ങൾ, ഭാര്യഭർത്താക്കൻമാർ തുടങ്ങിയവർ ദാതാക്കളായിവരുന്ന ഗുണഭോക്താവിന് വൃക്കമാറ്റിവെക്കാൻ ഈ പദ്ധതി വഴി സാമ്പത്തിക സഹായം ലഭിക്കുന്നു.

വിശദവിവരങ്ങൾക്ക് കോഴിക്കോട് ജില്ലാപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്നേഹസ്പർശം ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. പരാതികളും അപ്പീലുകളും ജില്ലാപഞ്ചായത്ത് പ്രസിഡണ്ടിനു നേരിട്ടോ, തപാൽ വഴിയോ, ഇ-മെയിൽ വഴിയോ ബോധിപ്പിക്കാവുന്നതാണ്.

ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ

ഓഫീസ് – 949622344 പദ്ധതി കോർഡിനേറ്റർ – 9400310100

ഇ-മെയിൽ - Snehasparshamkidney@gmail.com

വെബ് സൈറ്റ് - www.Snehasparsham.com

# ജില്ലാ സാക്ഷരതാ മിഷൻ

ജില്ലാ പഞ്ചായത്ത് ഭവൻ

സിവിൽസ്റ്റേഷൻ കോഴിക്കോട്

ഫോൺ : 0495 37005 EMail :kkd.literacy@gmail.com



ജില്ലാ സാക്ഷരതാ മിഷൻ വഴി ലഭ്യമാകുന്ന സേവനങ്ങൾ

**സാക്ഷരതാ ക്ലാസുകൾ**

എഴുത്തും വായനയും അറിയാത്തവരെ കണ്ടെത്തി എഴുത്തും വായനയും പഠിപ്പിക്കുന്നു.

**നാലാം തരം തുല്യത**

അക്ഷരജ്ഞാനം നേടിയവരെ കണ്ടെത്തി പഠിക്കാൻ താല്പര്യമുള്ളവരാക്കുകയും, ക്ലാസ് നൽകി പരീക്ഷക്ക് പ്രാപ്തരാക്കി പരീക്ഷ എഴുതിച്ചു സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്യുക.

**ഏഴാം തരം തുല്യത**

പ്രാഥമിക വിദ്യാഭ്യാസം നേടിയവർക്ക് ഏഴാംതരം സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന കോഴ്സ്, ജനനതിയ്യതി തെളിയിക്കുന്ന രേഖകൾ, നാലാംതരം ജയിച്ച സർട്ടിഫിക്കറ്റ് ഇവ അനിവാര്യമാണ്. അപേക്ഷിക്കേണ്ട കുറഞ്ഞ പ്രായം 15 വയസ്സ്

**പത്താം തരം തുല്യത**

ഔപചാരിക ഏഴാം തരം, അല്ലെങ്കിൽ ഏഴാം തരം തുല്യതാ കോഴ്സ് വിജയിക്കുകയും അപേക്ഷ ക്ഷണിക്കുന്ന തിയ്യതി മുതൽ 17 വയസ്സ് പൂർത്തിയായവർക്കും കോഴ്സിൽ ചേരാവുന്നതാണ്. ഔപചാരിക വിദ്യാഭ്യാസത്തിന് തുല്യമായ സർട്ടിഫിക്കറ്റ് കരസ്ഥമാക്കാം. കോഴ്സിൽ 10 മാസത്തെ

കോൺട്രാക്ട് ക്ലാസ് ഉണ്ടായിരിക്കും. നിലവിലെ ഫീസ് 1500 രൂപയാണ്. എസ്.സി.,എസ്.ടി. പഠിതാക്കൾക്ക് ഫീസ് അടക്കേണ്ടതില്ല. കോഴ്സ് ഫീ സൗജന്യമായിരിക്കും.

## ഹയർ സെക്കണ്ടറി തുല്യത

സാക്ഷരതാ മിഷന്റെ മറ്റൊരു തുല്യതാ പഠനപദ്ധതിയാണ് ഹയർ സെക്കണ്ടറി തുല്യത. ഹയർ സെക്കണ്ടറി ഔപചാരിക വിദ്യാഭ്യാസത്തിന് തുല്യമായ രീതിയിൽ പ്ലസ് വൺ, പ്ലസ് ടു എന്നിങ്ങനെ രണ്ട് വർഷങ്ങളിലായാണ് കോഴ്സ് നടത്തുന്നത്. അപേക്ഷിക്കുന്ന സമയത്ത് പഠിതാവിന് 22 വയസ്സ് പൂർത്തീകരിക്കണം. പത്താം തരം തുല്യതാ വിജയിച്ചവർക്ക് പ്രായപരിധിയില്ല.

സാക്ഷരതാ മിഷന്റെ തുല്യതാ കോഴ്സുകളെല്ലാം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ് നടത്തുന്നത്. മേൽ സൂചിപ്പിച്ച കോഴ്സുകളിൽ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുൻസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ പ്രവർത്തക്കുന്ന തുടർ വിദ്യാകേന്ദ്രങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് കോർപ്പറേഷൻ തലങ്ങളിൽ പ്രവർത്തിക്കുന്ന വികസനവിദ്യാ കേന്ദ്രങ്ങളിലും ബന്ധപ്പെടാവുന്നതാണ്. കോഴ്സ് ഫീ 2200 രജിസ്ട്രേഷൻ ഫീ 300 എസ്.സി.,എസ്.ടി. പഠിതാക്കൾക്ക് ഫീസ് സൗജന്യമായിരിക്കും.

## സർട്ടിഫിക്കറ്റ് കോഴ്സുകൾ

ഭാഷാ പ്രാവീണ്യം മെച്ചപ്പെടുത്തുന്നതിന് പച്ച മലയാളം, ഗുഡ് ഇംഗ്ളീഷ്, അച്ഛീ ഹിന്ദി കോഴ്സുകൾ സാക്ഷരതാ മിഷൻ സംഘടിപ്പിക്കുന്നുണ്ട്. 4 മാസം കാലാവധിയുള്ളതാണ് ഈ കോഴ്സുകൾ.

## സാക്ഷരതാ മിഷന്റെ മറ്റ് പ്രവർത്തനങ്ങൾ

1.ജീവിത നിലവാരം വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

2.വരുമാന വർദ്ധക പരിപാടികൾ കേന്ദ്രങ്ങളിലൂടെ സംഘടിപ്പിക്കുക (തൊഴിൽ പരിശീലനങ്ങൾ നൽകുക)

3.വ്യക്തിഗത കഴിവുകൾ കണ്ടെത്തി പ്രോത്സാഹനം നൽകുക.

### അക്ഷര സാഗരം

തീരദേശ സാക്ഷരതാ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പുമായി ചേർന്ന് നടത്തുന്ന പരിപാടി

### നവചേതന

പട്ടികജാതി കോളനികളിലെ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി പട്ടികജാതി വകുപ്പുമായി ചേർന്നു നടത്തുന്ന പരിപാടി. തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കുക. പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു.

## ചങ്ങാതി

ഇതര സംസ്ഥാന തൊഴിലാളികൾക്ക് മലയാള ഭാഷാ പഠനം നടത്തുന്നതിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലൂടെ നടത്തുന്ന പദ്ധതിയാണ് ചങ്ങാതി. പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു.

## സമഗ്ര

ആദിവാസി കോളനികളിലെ നിരക്ഷരരെ കണ്ടെത്തി സാക്ഷരരാക്കുന്നതിനുവേണ്ടി പട്ടികവർഗ്ഗ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു.

## സമന്വയ

ട്രാൻസ്ജെൻഡേഴ്സ് വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും തുല്യതയിലൂടെ ഔപചാരിക വിദ്യാഭ്യാസത്തിന് തുല്യമായ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുമായി ആരംഭിച്ച പദ്ധതിയാണ് സമന്വയ. സൗജന്യമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

## ഭരണഘടന സാക്ഷരത പരിപാടി

ഭരണഘടന സംബന്ധിച്ച് പ്രാഥമികവും അടിസ്ഥാനപരവുമായ അവബോധം സമൂഹത്തിൽ രൂപപ്പെടുത്തുന്നതിനായി കേരള നിയമസഭയും, കേരള സംസ്ഥാന സാക്ഷരതാ മിഷനും ചേർന്ന് നടത്തുന്ന ബോധവൽക്കരണ കാമ്പയിൻ.

സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളെപ്പറ്റി കൂടുതൽ അറിയുന്നതിന് ജില്ലാ പഞ്ചായത്ത് ഭവന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ ഓഫീസിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന തുടർ വികസന വിദ്യാകേന്ദ്രങ്ങളിലും ബന്ധപ്പെടാവുന്നതാണ്.

# ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്(DIET) വടകര




ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുക, അനൗപചാരിക വിദ്യാഭ്യാസം, പാർശ്വവൽകൃതരുടേയും വിദ്യാഭ്യാസം എന്നിവ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യത്തിനായി പ്രവർത്തിച്ചുവരുന്നു. പരിശീലനം, ക്യാമ്പുകൾ, ശിൽപശാല എന്നിവ സംഘടിപ്പിക്കുന്നു. 2 മുതൽ +2 വരേയുള്ള പഠന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നു. പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തികൾ ആവിഷ്കരിച്ച നടപ്പിലാക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക ആസൂത്രണ, നിർവ്വഹണ പ്രവർത്തനങ്ങൾ കുറ്റമറ്റതും, സുതാര്യവും, ശാസ്ത്രീയവുമാക്കുക എന്ന ഉദ്ദേശത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഡയറ്റ്. ഇ-ഓഫീസ്, ഇ-സ്കൂൾ എന്നിവ സാർവ്വത്രികമാക്കുക എന്നതാണ് മറ്റൊരു ലക്ഷ്യം. ജില്ലയിലെ വിവിധ ഏജൻസികളുടെ അക്കാദമിക ആസൂത്രണ പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഡയറ്റ് നടത്തിവരുന്നു. പ്രാദേശികമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അനുയോജ്യമായ പാഠ്യപദ്ധതി വിഭവങ്ങളും, മൂല്യനിർണ്ണയ ഉപാധികളും തയ്യാറാക്കി നൽകുന്നതും ഡയറ്റാണ്.

# എ.സി.ഷൺമുഖദാസ് മെമ്മോറിയൽ

# ആയു.ചൈൽഡ് &അഡോളസെന്റ് കെയർ സെന്റർ

## ആയുഷ്കാമീയം ആയുർവേദഗ്രാമം

പുറക്കാട്ടിരി, തലക്കുളത്തൂർ

ഫോൺ : 9497502641, 8078830550 E-mail:acaccgovtkkd@gmail.com

ആശുപത്രിയിൽ വിവിധ പ്രോജക്ടുകളിലായി മൊത്തം 64 ജീവനക്കാർ ഉണ്ട്

പുറക്കാട്ടിരി പ്രോജക്ട് മൊത്തം 27 ജീവനക്കാർ

| | |
|---|---|
| സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ | 2 |
| മെഡിക്കൽ ഓഫീസർ | 3 |
| ഫാർമസിസ്റ്റ് | 2 |
| ആയുർവേദ നേഴ്സ് | 5 |
| ആയുർവേദ തെറാപ്പിസ്റ്റ് | 4 |
| ക്ലാർക്ക് /ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 |
| അറ്റന്റർ/നേഴ്സിംഗ് അസിസ്റ്റന്റ് | 4 |
| ഗാർഡനർ | 2 |
| കുക്ക് | 1 |
| സാനിറ്റേഷൻ വർക്കർ | 2 |
| സെക്യൂരിറ്റി | 3 |

പഞ്ചകർമ്മ പ്രോജക്ട് 2 ജീവനക്കാർ

| | |
|---|---|
| ആയുർവേദ് തെറാപ്പിസ്റ്റ് | 2 |

കൗമാരഭൃത്യം പ്രോജക്ട് 2 ജീവനക്കാർ

| | |
|---|---|
| സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ | 1 |
| അറ്റന്റർ | 1 |

നാഷണൽ ആയുഷ്മിഷൻ – 6 ജീവനക്കാർ

| | |
|---|---|
| സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ | 2 |
| നേഴ്സ് | 1 |
| ആയുർവേദ തെറാപ്പിസ്റ്റ് | 2 |
| അറ്റന്റർ | 1 |

സ്പന്ദനം (മെയിൻ സെന്റർ) പ്രോജക്ട് 24 ജീവനക്കാർ

| | |
|---|---|
| മെഡിക്കൽ ഓഫീസർ | 3 |
| യോഗ ട്രെയിനർ | 2 |
| സൈക്കോളജിസ്റ്റ് | 3 |
| സ്പെഷ്യൽ എജ്യൂക്കേറ്റർ | 4 |
| സ്പീച്ച് തെറാപിസ്റ്റ് | 3 |
| ഫിസിയോ തെറാപ്പിസ്റ്റ് | 2 |
| ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ് | 1 |
| ഫാർമസിസ്റ്റ് | 2 |
| ഹെൽപ്പർ | 4 |

ഞായറാഴ്ചയടക്കം എല്ലാ ദിവസങ്ങളിലും ഒ.പി. രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ പ്രവർത്തിക്കും. ഒ.പി. ഫീസ് ഈടാക്കുന്നില്ല. ഒരാഴ്ചത്തേക്കുള്ള മരുന്നാണ് ഒ.പി.യിൽ നിന്ന് രോഗികൾക്ക് നൽകുന്നത്. മരുന്നുകൾ സൗജന്യമായി നൽകിവരുന്നു.

നൈറ്റ് ഡ്യൂട്ടി – 8 മണി മുതൽ 8 മണി വരെ എല്ലാ ദിവസവും നൈറ്റ് ഡ്യൂട്ടിക്ക് ഡോക്ടർമാർ, നേഴ്സ്, അറ്റന്റർ, സെക്യൂരിറ്റി എന്നിവർ ഉണ്ട്.

**തെറാപ്പികൾ**

സ്പന്ദനം തെറാപ്പിസ്റ്റുകൾ ആഴ്ചയിൽ രണ്ടു ദിവസം സ്ഥാപനത്തിൽ അനുബന്ധ തെറാപ്പികളായ ലേണിംഗ് അസസ്സ്മെന്റ് ആന്റ് റെമഡിയൽ ട്രെയിനിംഗ്, സ്പീച്ച് തെറാപ്പി, സൈക്കോളജി ക്ലിനിക്കൽ യോഗ, സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി/ഒക്യുപ്പേഷണൽ തെറാപ്പി എന്നിവ അപ്പോയ്ൻറ്മെന്റ് പ്രകാരം ആവശ്യമുള്ള കുട്ടികൾക്ക് നൽകിവരുന്നു. സബ് സെന്ററുകളിൽ ഡ്യൂട്ടി ഇല്ലാത്ത ദിവസം തെറാപ്പിസ്റ്റുകൾ മെയിൻ സെന്ററായ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. സ്പന്ദനം പ്രോജക്ട് തെറാപ്പിസ്റ്റുകൾ, മെഡിക്കൽ ഓഫീസർമാർ, ഹെൽപ്പർമാർ എന്നിവർ ആഴ്ചയിൽ ഒരു ദിവസം വീതം ജില്ലയിലെ 7 ബ്ലോക്കുകളിലായുള്ള സ്പന്ദനം സബ് സെന്ററുകളിൽ സേവനം അനുഷ്ഠിക്കുന്നു.

**മരുന്ന്**

2018–19 ൽ പുറക്കാട്ടിരി പ്രോജക്ടിലേക്ക് പ്ലാൻ ഫണ്ട് പ്രകാരം 6.75 ലക്ഷം രൂപയും മരുന്നും, കൗമാരഭൃത്യം പ്രോജക്ടിൽ 2.5 ലക്ഷം രൂപയുടെ മരുന്നും ജില്ലാ പഞ്ചായത്ത് വഴി പുറക്കാട്ടിരി പ്രോജക്ടിൽ 15 ലക്ഷം രൂപയുടെ മരുന്നും സ്പന്ദനം പ്രോജക്ടിൽ 7 സെന്ററുകളിലടക്കം 3.6 ലക്ഷം രൂപയുടെ മരുന്നുമാണ് ലഭിക്കുന്നത്. കിടപ്പുരോഗികൾക്കുള്ള കഴിക്കുവാനുള്ള മരുന്നിനു പുറമെ പഞ്ചകർമ്മ ആവശ്യത്തിനു് ഉപയോഗിക്കുന്ന മരുന്നുകളിൽ പരമാവധി സൗജന്യമായി നൽകി വരുന്നു.

**ഭക്ഷണം**

ഗവ. നിശ്ചയിച്ചിട്ടുള്ള ഡയറ്റ് സ്കെയിൽ പ്രകാരം രാവിലെ പാൽ, ഉച്ചയ്ക്കും വൈകീട്ടും കഞ്ഞി, ചെറുപയർ എന്നിവ നൽകിവരുന്നു.

**ഫീസ്**

ബി.പി.എൽ കാർഡ് ഉള്ളവർ, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുകൾ ഉള്ളവർ എന്നിവർക് തെറാപ്പികൾ സൗജന്യമായും മറ്റുള്ളവർക്ക് ഒരു തെറാപ്പിക്ക് 120 രൂപ പ്രകാരം (2 മാസത്തേക്ക്) ചാർജ്ജ് ഈടാക്കുകയും ചെയ്യുന്നു. കിടപ്പു രോഗികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ലെവി ഈടാക്കുന്നു. ആയത് ബി.പി.എൽ കാർഡുള്ളവർക്ക് സൗജന്യമാണ്.

# ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം

## എക്സിക്യൂട്ടീവ് എഞ്ചിനീയർ(LID&EW)കോഴിക്കോട്

ഫോൺ:2376742 Email:eelsgdkkd@gmail.com

**ചുമതലകൾ**

1. ജില്ലാ റോഡുകളുടെ നിയന്ത്രണവും, സംരക്ഷണവും
2. വിവിധ സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക
3. കുടിവെള്ള/ജലവിതരണ പദ്ധതികളുടെ നടത്തിപ്പ്
4. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നടത്തിപ്പ്
5. ചെറുകിട ജലസേചന പദ്ധതികളുടെ നടത്തിപ്പും പരിപാലനവും
6. പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, മേൽനോട്ടം

**സേവനങ്ങൾ**

1. ജില്ലാ പഞ്ചായത്തിന്റെ വർഷിക പദ്ധതികൾ
2. MLA ആസ്തി വികസന ഫണ്ട്, RKI,Take-a-Break,General Education, KIIFB, PMJVK എന്നീ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ നിർവ്വഹണം
3. ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് പ്രവൃത്തികൾ
4. ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകൽ(30 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ)
5. MP-LADS, MLA-SDF പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകൽ(15 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ)

## ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകൾ

| ക്രമ നം | റോഡിന്റെ പേര് | പഞ്ചായത്ത് | നീളം (കി.മീ) |
|---|---|---|---|
| 1 | നന്മണ്ട കരിയാത്തൻകാവ് വട്ടോളിബസാർ റോഡ് 0/04/290 (OWN ROAD) – നന്മണ്ട | നന്മണ്ട | 4.290 |
| 2 | മുക്കം ചേന്ദമംഗലൂർ റോഡ് | മുക്കം | 4.689 |
| 3 | മുട്ടുങ്ങൽ കൈനാട്ടി മീത്തലങ്ങാടി റോഡ് – ചോറോട് | ചോറോട് | 1.250 |
| 4 | മുയിപ്പോത്ത് പാലച്ചുവട് റോഡ് 0/0-6/00 – ചെറുവണ്ണൂർ, തുറയൂർ | ചെറുവണ്ണൂർ / തുറയൂർ | 6.000 |

| ക്രമ നം | റോഡിന്റെ പേര് | പഞ്ചായത്ത് | നീളം (കി.മീ) |
|---|---|---|---|
| 5 | മണിയൂർ എളമ്പിലാട് റോഡ് – മണിയൂർ | മണിയൂർ | 3.440 |
| 6 | മണിയൂർ ഡിസ്പൻസറി തുറശ്ശേരിക്കടവ് റോഡ് – മണിയൂർ | മണിയൂർ | 1.200 |
| 7 | ഈയ്യാട് കൈപ്രം വട്ടോളിബസാർ റോഡ് 0/00–3/900 – ഉണ്ണികുളം | ഉണ്ണികുളം | 3.900 |
| 8 | ഇടിഞ്ഞകടവിനേയും അട്ടക്കുണ്ട്പാലം അപ്രോച്ച് റോഡിനേയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് | മണിയൂർ | 1.570 |
| 9 | എടവനാട്-കൈപ്രം-മുരിക്കുറ്റി റോഡ് – പേരാമ്പ്ര | പേരാമ്പ്ര | 3.550 |
| 10 | കന്നൂർ ഉള്ളൂർ ബസാർ കൂമുള്ളി റോഡ് 0/00–5/025 – ഉള്ള്യേരി | ഉള്ള്യേരി/ അത്തോളി | 5.025 |
| 11 | കല്ലാച്ചി ആവോലം റോഡ് – നാദാപുരം | നാദാപുരം | 2.055 |
| 12 | കുഞ്ഞല്ലൂർ വിലാതപുരം റഹ്മാനിയ സ്ക്കൂൾ റോഡ് 0/00–2/836 – വേളം | വേളം | 2.836 |
| 13 | ചാത്തങ്ങോട്ടുനട മുറ്റത്തെപിലാവ് പശുക്കടവ് റോഡ് – കാവിലുംപാറ, മരുതോങ്കര | കാവിലുംപാറ | 7.700 |
| 14 | തോട്ടുമുക്കം വാലില്ലാപ്പുഴ റോഡ് | കൊടിയത്തൂർ | 4.430 |
| 15 | മേപ്പയൂർ കീഴ്പ്പയൂർ കൺഞ്ചിറ ഇല്ലത്തുമീത്തൽ റോഡ് | മേപ്പയൂർ | 5.180 |
| 16 | കോരങ്ങാട് കോളിക്കൽ റോഡ് 0/00–3/00 | താമരശ്ശേരി | 3.000 |
| 17 | തോട്ടുമുക്കം പത്തനാപുരം റോഡ് 0/00–1/080 | കൊടിയത്തൂർ | 1.080 |
| 18 | തണ്ണീർ പന്തൽ എളയിടം റോഡ് 0/00–5/600 | പുറമേരി | 5.600 |
| 19 | കോതോട് മാമ്പിലാട് റോഡ് | മരുതോങ്കര, കാവിലുമ്പാറ | 2.856 |
| 20 | തോട്ടക്കാട് മേലെതോട്ടക്കാട് റോഡ് | കാവിലുംപാറ | 1.662 |
| 21 | മുള്ളമ്പത്ത് ഇരുമ്പംതോട് എടോനി റോഡ് | നരിപ്പറ്റ | 1.800 |
| 22 | മുണ്ടോക്കണ്ടം – എടക്കാട് റോഡ് | നരിപ്പറ്റ | 2.620 |

| ക്രമ നം | റോഡിന്റെ പേര് | പഞ്ചായത്ത് | നീളം (കി.മീ) |
|---|---|---|---|
| 23 | ചാത്തംകോട് അതിർത്തി നെട്ടൂർ റോഡ് | കുറ്റ്യാടി | 1.545 |
| 24 | കാരയാട് നൊച്ചാട് റോഡ് | നൊച്ചാട് | 1.350 |
| 25 | കൽപത്തൂർ എടത്തും ഭാഗം | നൊച്ചാട് | 1.700 |
| 26 | പാപ്പിരിക്കുന്ന് വലിയകോട് റോഡ് | ചെറുവണ്ണൂർ, നൊച്ചാട് | 2.150 |
| 27 | ടി & ഡി മുക്ക് 4വേ ബ്ലോക്ക് റോഡ് | ചക്കിട്ടപാറ | 1.500 |
| 28 | പാലേരി  മുണ്ടത്തടം | ചങ്ങരോത്ത് | 2.220 |
| 29 | ചേനായ് കൈപ്രം റോഡ് | പേരാമ്പ്ര | 1.050 |
| 30 | മട്ടാനോട് (കരിക്കണ്ടൻ പാറ) ആമ്പയപ്പാറ (കോറോർപാറ) | കായണ്ണ | 1.250 |
| 31 | കായണ്ണ ബസാർ – കോലിക്കുന്ന് | കായണ്ണ | 1.680 |
| 32 | കരിക്കാൺൻപാറ ഊളേരി റോഡ് | കായണ്ണ | 1.800 |
| 33 | മുതുകാട് – മുതുകാട് കോളനി (സീതപ്പാറ) | ചങ്ങരോത്ത് | 2.280 |
| 34 | ഒറ്റക്കൺം തോട്ടത്താൻകണ്ടി | ചങ്ങരോത്ത് | 1.380 |
| 35 | വിളയാട്ടുകണ്ടി മുക്ക് – ആവടുക്ക | കൂത്താളി | 2.760 |
| 36 | തോട്ടുങ്ങൽപീടിക പട്ട്യാട് ഗേറ്റ് റോഡ് | ഏറാമല | 2.890 |
| 37 | വൈക്കിലശ്ശേരി തെരു വൈക്കിലശ്ശേരി റോഡ് | ചോറോട് | 1.310 |
| 38 | കണ്ണൂക്കര മടപ്പള്ളി കോളേജ് റോഡ് | ഒഞ്ചിയം | 1.320 |
| 39 | പുത്തലത്ത്മുക്ക് എടക്കണ്ടിക്കുന്ന് വെള്ളികുളങ്ങര ക്രഷ് റോഡ് | ഒഞ്ചിയം | 1.910 |
| 40 | നൂറൻതോട് ചിപ്പിലിത്തോട് റോഡ് | കോടഞ്ചേരി | 3.150 |
| 41 | പൂളപ്പാറ വേളംകോട് റോഡ് | കോടഞ്ചേരി | 3.000 |
| 42 | ചെമ്പുകടവ് ജീരകപ്പാറ | കോടഞ്ചേരി | 2.150 |
| 43 | ചെമ്പുകടവ് പാരപ്പെറ്റ | കോടഞ്ചേരി | 2.630 |

| ക്രമ നം | റോഡിന്റെ പേര് | പഞ്ചായത്ത് | നീളം (കി.മീ) |
|---|---|---|---|
| 44 | ഈറോട് കാഞ്ഞിരാട്ട് റോഡ് | കോടഞ്ചേരി | 3.060 |
| 45 | കോടഞ്ചേരി കണ്ടപ്പൻചാൽ | കോടഞ്ചേരി | 1.500 |
| 46 | പുലിക്കയം പുന്നക്കുട്ടി | കോടഞ്ചേരി | 1.170 |
| 47 | വൈദ്യരുപടി തോട്ടുമൂഴി | കോടഞ്ചേരി | 1.710 |
| 48 | വള്ള്യാട് പരപ്പൻപാറ റോഡ് | പുതുപ്പാടി | 2.010 |
| 49 | പയോണ കുറുമാരുകണ്ടി റോഡ് | പുതുപ്പാടി | 2.070 |
| 50 | ഇല്ലിപ്പിലായിൽ താന്നിയാംകുന്ന് | കൂരാച്ചുണ്ട് | 1.000 |
| 51 | ഇയ്യാട് കരിയാത്തൻകാവ് | ഉണ്ണികുളം | 2.380 |
| 52 | കന്നൂർ ചാത്തോത്തുതാഴെ റോഡ് | ഉള്ള്യേരി | 1.620 |
| 53 | തത്തമ്പത്ത് മരപ്പാലം | ബാലുശ്ശേരി | 0.900 |
| 54 | വാകയാട് എച്ച്.എസ് അവിട്ടനെല്ലൂർ | കോട്ടൂർ | 1.890 |
| 55 | ആയഞ്ചേരി തെരു കല്ലുംമ്പുറം | ആയഞ്ചേരി | 1.770 |
| 56 | തണ്ണീർ പന്തൽ കീരിയങ്ങാട് | ആയഞ്ചേരി | 0.920 |
| 57 | തിരുവള്ളൂർ മീമ്പാലം | തിരുവള്ളൂർ | 1.740 |
| 58 | ഉല്ലാസ് നഗർ ഫീനിക്സ് | മണിയൂർ | 0.720 |
| 59 | മാട്ടുപൊയിൽതാഴം എളമാക്കിൽ | കൊടുവള്ളി | 1.000 |
| 60 | കല്ലൻപുള്ള് തമ്പുരാൻകൊല്ലി റോഡ് | കൂടരഞ്ഞി | 1.700 |
| 61 | വേനപ്പാറ പയ്യോളി | ഓമശ്ശേരി | 2.100 |
| 62 | തൂവ്വക്കടവ് ചീടിക്കുഴി | കട്ടിപ്പാറ | 4.100 |
| 63 | വെട്ടിയൊഴിഞ്ഞതോട്ടം കരിഞ്ചോല പൂവൻമല റോഡ് | കട്ടിപ്പാറ | 2.940 |

| ക്രമ നം | റോഡിന്റെ പേര് | പഞ്ചായത്ത് | നീളം (കി.മീ) |
|---|---|---|---|
| 64 | കണ്ണപ്പൻകുണ്ട് കാരക്കുന്ന് | പുതുപ്പാടി | 2.170 |
| 65 | കരൂഞ്ഞി വെട്ടുകല്ലുംമ്പുറം | കിഴക്കോത്ത് | 1.170 |
| 66 | മുത്തപ്പൻപുഴ മരിപ്പുഴ | തിരുവമ്പാടി | 2.920 |
| 67 | ഇരുമ്പകം കലിക്കാംപുഴ തുമ്പച്ചാൽ | തിരുവമ്പാടി | 3.140 |
| 68 | ശാന്തിനഗർ തോട്ടത്തിൻ കടവ് | കോടഞ്ചേരി / മുക്കം | 5.300 |
| 69 | പരിയങ്ങാട് അരിയോറമ്മൽ | പെരുവയൽ | 2.060 |
| 70 | കണ്ടിയിൽ ചേനോത്ത് താഴം | ചാത്തമംഗലം | 1.550 |
| 71 | പാറക്കടവ് (ചെക്യാട് വില്ലേജ് ഓഫീസ്) പുളിയാവ് | ചെക്യാട് | 1.850 |
| 72 | അമ്പൂൻറപറമ്പ – വാട്ടർ ടാങ്ക് | ചെക്യാട് | 1.780 |
| 73 | നെല്ലിക്കാമ്പറമ്പ – അരൂൺ – ഒറ്റതാണി | ചെക്യാട് | 1.220 |
| 74 | നിട്ടൂർ ഹരിതവയൽ | പുറമേരി | 1.040 |
| 75 | പൂവ്വത്തിൻചുവട് – 78 Mile | കോടഞ്ചേരി | 1.480 |
| 76 | തേവർമല – കാഞ്ഞിലാട് | കോടഞ്ചേരി | 2.300 |
| 77 | പെരുമ്പള്ളി – എട്ടേക്കർ | പുതുപ്പാടി | 3.350 |
| 78 | കവുങ്ങുംപാടി നിലമ്പൂർ കാട് എസ്.സി കോളനി | പുതുപ്പാടി | 2.800 |
| 79 | പൂപ്പരങ്ങോട്ടുകാവ് ചെറുവലത്ത് താഴം | മടവൂർ | 2.508 |
| 80 | മണ്ണിൽകടവ് കാതറമ്മൽ | കിഴക്കോത്ത് | 2.960 |
| 81 | കാക്കവയൽ പടിമുക്ക് | പുതുപ്പാടി | 1.670 |
| 82 | കുപ്പായക്കോട് കൈപ്പുറം | പുതുപ്പാടി | 2.650 |
| 83 | മണവയൽ വള്ള്യാട് | പുതുപ്പാടി | 2.063 |

| ക്രമ നം | റോഡിന്റെ പേര് | പഞ്ചായത്ത് | നീളം (കി.മീ) |
|---|---|---|---|
| 84 | മൈക്കാവ് ചൂണ്ടക്കുന്ന് | കോടഞ്ചേരി | 1.350 |
| 85 | ഈറോട് പുതുപ്പെറ്റ | കോടഞ്ചേരി | 1.950 |
| 86 | ചെമ്പുകടവ് ചൂരമുണ്ട | കോടഞ്ചേരി | 1.100 |
| 87 | കോടഞ്ചേരി കണ്ണോത്ത് | കോടഞ്ചേരി | 2.040 |
| 88 | കുന്നക്കൊടി താഴെ കല്ലട താഴെ | അരിക്കുളം | 1.620 |
| 89 | അരിക്കുളം ബസാർ കുന്നക്കൊടി താഴെ | അരിക്കുളം | 0.840 |
| 90 | കീഴൂർ ടൗൺ തുറശ്ശേരി കടവ് | പയ്യോളി | 1.200 |
| 91 | കുമാരനെല്ലൂർ കപ്പാല | കാരശ്ശേരി | 6.000 |
| 92 | കുറുവന്തേരി അമ്പൂന്റേപറമ്പ | വളയം | 1.050 |
| 93 | കേരഫെഡ് ജംഗ്ഷൻ അയനിക്കാട് | നടുവണ്ണൂർ | 0.960 |
| 94 | തലയാട് ചീടിക്കുഴി | പനങ്ങാട് | 1.960 |
| 95 | കല്ലാനോട് തുരുത്തിമുക്ക് | കുരാച്ചുണ്ട് | 2.025 |
| 96 | മണപ്പുറം ജനകീയമുക്ക് | മേപ്പയ്യൂർ | 2.000 |
| 97 | മൂന്നാംകൈ പി.ടി. ചാക്കോ | കാവിലുംപാറ | 2.740 |
| 98 | മുണ്ടകുറ്റി കുഴിക്കാട്ട് | മരുതോങ്കര | 1.620 |
| 99 | പൊയിലോംചാൽ കുണ്ടപ്പടി | കാവിലുംപാറ | 1.970 |
| 100 | കാക്കംവള്ളി കാരക്കുന്നത്ത് | നാദാപുരം | 2.976 |
| 101 | ഗുളിക പുഴ കാവുപുറം | വേളം | 1.335 |
| 102 | കോറോത്ത് മുക്ക് വണ്ണാത്തിപ്പൊയിൽ | കായക്കൊടി | 1.976 |
| 103 | വണ്ണാത്തിപ്പൊയിൽ വെങ്കലുള്ളതറ | കായക്കൊടി | 1.750 |
| 104 | കയപ്പനാച്ചി കുന്നുമ്മൽചിറ | എടച്ചേരി | 1.230 |
| 105 | വേവം മാക്കൂട്ടത്തിൽപാറ | ചെക്യാട് | 1.032 |

| ക്രമ നം | റോഡിന്റെ പേര് | പഞ്ചായത്ത് | നീളം (കി.മീ) |
|---|---|---|---|
| 106 | വാണിമേൽ കാവ് റോഡ് | വാണിമേൽ | 1.415 |
| 107 | കുറുവന്തേരി എളമ്പ | വളയം | 5.950 |
| 108 | നെടുംമ്പറമ്പ വരയാൽമുക്ക് | വാണിമേൽ | 2.327 |
| 109 | കോടഞ്ചേരി കണ്ണോത്ത് റോഡ് | കുന്ദമംഗലം | 2.040 |
| 110 | കുമ്മങ്ങോട്ട്താഴം തച്ചൂർ താഴം | കുന്ദമംഗലം | 4.500 |
| 111 | മാവൂർ ആമ്പിലേരി | മാവൂർ | 2.850 |
| 112 | വഴിക്കടവ് പെരുംമ്പൂള | കൂടരഞ്ഞി | 1.000 |
| 113 | കാക്കുണ്ട് ചവലപ്പാറ | തിരുവമ്പാടി | 1.550 |
| 114 | കവുങ്ങുംപടി നിലമ്പൂർക്കാവ് എസ്.സി.കോളനി | കൊടുവള്ളി | 2.800 |
| 115 | തട്ടാൻകുന്ന് മണിമല | വേളം | 4.256 |
| 116 | മുണ്ടോംകണ്ടം എടക്കാട് കുന്നുമ്മൽ | നരിപ്പറ്റ | 2.710 |
| 117 | കൂളിമാട് അടിപറമ്പ | ചാത്തമംഗലം | 2.000 |
| 118 | മാടഞ്ചേരി പന്നിയേരി | വാണിമേൽ | 2.985 |
| 119 | വെള്ളൂർ എടോളിത്താഴ | തൂണേരി | 0.462 |
| 120 | മലപ്പുറം വേണ്ടേക്കുംചാൽ | പുതുപ്പാടി | 1.375 |
| 121 | തൈവെച്ചപറമ്പ നരിക്കാട്ടേരി | നാദാപുരം | 1.260 |
| 122 | പുതുപ്പറ്റ പൂതേരിപ്പാറ | അരിക്കുളം | 0.910 |
| 123 | അടുക്കത്ത് മരുതോങ്കര | മരുതോങ്കര | 2.745 |
| 124 | നിരത്ത്കടവ്-കൂനാംപൊയിൽ | ചങ്ങരോത്ത് | 3.06 |
| 125 | പാലങ്ങാട് ഒടുപ്പാറ | നരിക്കുനി | 1.500 |
| 126 | കൊയിലോത്തുംപടി ചാക്കര | മൂടാടി | 1.920 |
| 127 | തൂണേരി വേളൂർ | തൂണേരി | 1.948 |
| 128 | കഞ്ഞിപ്പുര മുടവന്തേരി | തൂണേരി | 2.090 |
| 129 | പാലേരി മാഞ്ഞൂരാൻതാഴ | ചങ്ങരോത്ത് | 1.760 |

| ക്രമ നം | റോഡിന്റെ പേര് | പഞ്ചായത്ത് | നീളം (കി.മീ) |
|---|---|---|---|
| 130 | പൂനൂർ എച്ച് എസ് മുക്ക് | ഉണ്ണികുളം | 0.625 |
| 131 | ചെമ്മരത്തൂർ തോടന്നൂർ നോർത്ത് | തിരുവള്ളൂർ | 2.685 |
| 132 | പൂഴിത്തോട് മാവട്ടം | ചക്കിട്ടപാറ | 1.650 |
| 133 | അയന-മാടമ്പി റോഡ് | കുന്ദമംഗലം | 1.472 |
| 134 | കൊരപ്പ-വടക്കുംമുറി റോഡ് | മേലടി | 2.3 |
| 135 | ഇയ്യാട്-ഇയ്യാട് നെരോത്ത് റോഡ് | ഉണ്ണികുളം | 2.04 |
| 136 | ഉള്ളൂർ-കുട്ടോത്ത് റോഡ് | ഉള്ള്യേരി | 1.14 |
| 137 | ഈങ്ങാപ്പുഴ-തെയ്യപ്പാറ റോഡ് | പുതുപ്പാടി | 4.26 |
| 138 | ഭൂമിവാതുക്കൽ-ജാതിയേരി റോഡ് | വാണിമേൽ | 3.2 |
| 139 | കാഞ്ഞിപ്പുര-മുടവൻതേരി നോർത്ത് റോഡ് | തൂണേരി | 2.1 |
| 140 | നരിനട തോണിക്കടവ് റോഡ് | ചക്കിട്ടപാറ | 1.2 |
| | ആകെ | | 329.17 |

# ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം

ഫോൺ:2722297 Email:kozhikodedde@gmail.com

### കുട്ടികളുടെ സ്കൂൾ പ്രവേശനം, സ്കോളർഷിപ്പുകൾ, ലംപ്സംഗ്രാന്റ്, ടി.സി. സ്റ്റൈപ്പന്റ്

(1)അധ്യയവർഷം ജൂൺ ഒന്നിന് അഞ്ചുവയസ്സ് തികയുന്ന കുട്ടിയെ മാത്രമെ അതാതുവർഷം ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കുകയുള്ളൂ.

(2)കുട്ടിയെ ചേർക്കാനുള്ള അവകാശം അച്ഛനമ്മമാർക്കു മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

(3)അനാഥ കുട്ടികളാണെങ്കിൽ അനാഥാലയത്തിലെ അധികാരികൾ രക്ഷാകർത്താവായി കുട്ടിയെ സ്കൂളിൽ ചേർക്കാവുന്നതാണ്.

(4)നിശ്ചിത മാതൃകയിലുള്ള ഫോറത്തിൽ അച്ഛനോ അമ്മയോ ഒപ്പുവെച്ച അപേക്ഷയിൽ മാത്രമേ കുട്ടിയെ സ്കൂളിൽ ചേർക്കാനാവൂ. അപേക്ഷാ ഫോറം സ്കൂളിൽ ലഭ്യമാണ്.

(5)അച്ഛനോ അമ്മയോ അല്ലാത്ത രക്ഷാകർത്താവാണ് അപേക്ഷയിൽ ഒപ്പുവെക്കുന്നതെങ്കിൽ ഒപ്പു വെക്കുന്ന ആളിനെ പ്രാദേശിക രക്ഷാകർത്താവായി അധികാരപ്പെടുത്തുന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം വെക്കണം.

(6)അച്ഛനും അമ്മയും ജീവിച്ചിരിപ്പില്ലെങ്കിൽ, രക്ഷാകർത്താവാണെന്നുള്ളതിന് അപേക്ഷകന്റെ സത്യവാങ്മൂലം മതിയാകുന്നതാണ്.

(8)ജൂൺ ഒന്നിന് അഞ്ച് വയസ്സ് പൂർത്തിയാകാത്ത കുട്ടികൾക്ക്, മറ്റു വിധത്തിൽ യോഗ്യരെന്ന് ബോധ്യപ്പെട്ടാൽ പരമാവധി ആറ് മാസത്തെ ഇളവ് അനുവദിക്കാൻ വിദ്യാഭ്യാസ ഓഫീസർക്ക് അധികാരമുണ്ട്.

(10)സ്കൂൾ തുറക്കുന്ന സമയത്ത് ഒന്നാം ക്ലാസ്സുകളിലേക്കുള്ള പ്രവേശനം നേടാൻ കഴിയാത്തവർക്ക് വിജയദശമി മുതൽ ആറ് ദിവസം വരെ പ്രവേശനം നേടാവുന്നതാണ്.

(11)ഒന്നാക്ലാസ് ഒഴികെ മറ്റു ക്ലാസുകളിലേക്കുള്ള പ്രവേശനം മധ്യവേനലവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്നതിനുമുമ്പേ നടത്തിയിരിക്കണം. അല്ലാത്ത പക്ഷം വിദ്യഭ്യാസ ഓഫീസറുടെ അനുമതിയോടെ ചേർക്കാവുന്നതാണ്.

(12)ഇടക്കുവച്ച് പഠിത്തം നിർത്തിയ കുട്ടികൾക്ക് വീണ്ടും സ്കൂളിൽ അതേ ക്ലാസിൽ പുനപ്രവേശനം അനുവദിക്കുന്നുണ്ട്. രണ്ട് അദ്ധ്യയനവർഷത്തിന് ശേഷമാണ് പുനപ്രവേശനമെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ അനുമതി ആവശ്യമാണ്.

(13)സ്കൂൾ പഠനം നടത്തിയിട്ടില്ലാത്ത കുട്ടികളെ 2 മുതൽ 5 വരെ ക്ലാസ്സുകളിൽ പ്രൈവറ്റ്സ്റ്റഡിയായി പ്രവേശിപ്പിക്കാം.

(14)പ്രൈവറ്റ് സ്റ്റഡിയായി ചേർക്കുമ്പോൾ കുട്ടികളെ ചേർക്കുവാൻ ഉദ്ദേശിക്കുന്ന സ്റ്റാന്റേർഡിനു താഴെ വാർഷിക പരീക്ഷയ്ക്കു ഒരു മാസം മുൻപ് ക്ലാസ്സിലിരിത്തുകയും വാർഷിക പരീക്ഷ

എഴുതുകയും വേണം. പ്രമോഷൻ ആവശ്യമാണെങ്കിൽ മാർക്ക് നേടിയാൽ അടുത്ത അധ്യയന വർഷാരംഭം നിശ്ചിത സ്റ്റാന്റേർഡിൽ ചേർക്കാവുന്നതാണ്.

(15)അഞ്ചാം തരത്തിൽ ചേർക്കാനുദ്ദേശിക്കുന്ന കുട്ടിയെ നാലാം തരത്തിലെ പരീക്ഷയ്ക്ക് ഇരുത്തുന്നതിന് മുമ്പേ 50 രൂപ 0202-01102-90 എന്ന് അക്കൗണ്ട് ഹെഡ്ഡിൽ ട്രഷറിയിൽ അടച്ച് ചലാൻ ഹാജരാക്കേണ്ടതാണ്.

(16)ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ഫീസായി 25 രൂപയും അടയ്ക്കണം. കൂടാതെ 2 രൂപ വീതം അത് ലറ്റിക് ഫണ്ടും ഫെസ്റ്റിവൽ ഫണ്ടും അടയ്ക്കണം

(17)പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫീസ് അടക്കേണ്ടതില്ല.

(18)പ്രൈവറ്റ് ഓവർ ഏജ്ഡ് ഗ്രൂപ്പിൽ വിദ്യാഭ്യാസ നിബന്ധനയില്ലാതെ തന്നെ പരീക്ഷ എഴുതേണ്ട വർഷം മാർച്ച് ഒന്നിന് 17 വയസ്സ് പൂർത്തിയായ ആർക്കും എസ്.എസ്.എൽ.സി. പരീക്ഷ എഴുതാൻ അനുവാദമുണ്ട്.

(19)ടി.സി. – പഠിക്കുന്ന സ്കൂളിലെ ഏറ്റവും ഉയർന്ന സ്റ്റാന്റേർഡ് പാസ്സായ വിദ്യാർത്ഥിയോ രക്ഷിതാവോ അപേക്ഷ നലകിയാൽ പ്രാധനാധ്യാപകൻ ടി. സി. നൽകുന്നതാണ്.

(20)എസ്.എസ്.എൽ.സി. ബുക്കിലെയും ജനന സർട്ടിഫിക്കറ്റ് തിയ്യതിയും തമ്മിൽ വ്യാത്യാസമുണ്ടെങ്കിൽ പഠിച്ച വിദ്യാലയത്തിലെ ഹെഡ്മാസ്റ്റർ മുഖേന തിരുത്തലിന് അപേക്ഷിക്കാവുന്നതാണ്.

(21)താമസ സ്ഥലംമാറ്റം മൂലം രക്ഷിതാവ് ആവശ്യപ്പെട്ടാൽ എപ്പോൾ വേണമെങ്കിലും ടി.സി. നൽകുന്നതാണ്.

(22)ഹെഡ്മാസ്റ്റർ മതിയായ കാരണങ്ങളില്ലാതെ ടി.സി. നൽകാൻ വിസമ്മതിച്ചാൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർക്ക് പരാതി നൽകാവുന്നതാണ്. പരാതിയിന്മേൽ വിദ്യാഭ്യാസ ആഫീസർ യുക്തവും ഉചിതവുമായ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

(23)ടി.സി. നൽകി 2 മാസത്തിനുള്ളിൽ പ്രവേശനം നടത്തിയിരിക്കണം. അല്ലാത്ത പക്ഷം വിദ്യഭ്യാസ ആഫീസറുടെ അനുവാദത്തോടെ സ്കൂളിൽ ചേർക്കാവുന്നതാണ്.

(24)ഏതെങ്കിലും സ്കോളർഷിപ്പ് അനുവദിക്കുന്ന കുട്ടിയാണെങ്കിൽ ടി.സി. ആയതിന്റെ വിശദവിവരം രേഖപ്പെടുത്തേണ്ടതാണ്.

(25)ടി.സി. തിരികെ ലഭിക്കാത്ത രീതിയിൽ നഷ്ടപ്പെടുകയോ ഉപയോഗശൂന്യമാവുകയോ ചെയ്താൽ ഡ്യൂപ്ലിക്കേറ്റ് ടി.സി ക്ക് അപേക്ഷിക്കാവുന്നതാണ്.

(26)ഒരു ഗസറ്റഡ് ഓഫീസറോ, എം.എൽ.എ.യോ പഞ്ചായത്ത് പ്രസിഡണ്ടോ, മുനിസിപ്പൽ ചെയർമാനോ, കോർപ്പറേഷൻ മേയറോ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റോടുകൂടി ട്രഷറിയിൽ ഒരു രൂപ അടച്ച ചലാൻ സഹിതം അഞ്ച് രൂപ കോടതി മുദ്ര പതിപ്പിച്ച അപേക്ഷ നൽകേണ്ടതാണ്.

(27)അന്യ സംസ്ഥാനങ്ങളിലേക്ക് പോകുന്ന വിദ്യാർത്ഥിൾക്കുള്ള ടി.സി. വിദ്യാഭ്യാസ ആഫീസർ മേലൊപ്പ് വെച്ചിരിക്കണം.

(28)പാസ്പോർട്ട് എടുക്കുന്നതിനോ മറ്റാവശ്യങ്ങൾക്കോ വേണ്ടി പ്രവേശന രജിസ്റ്ററിന്റെ പകർപ്പ് ലഭിക്കുവാൻ അഞ്ച് രൂപ കോടതി മുദ്ര പതിപ്പിച്ച വെള്ള കടലാസിലുള്ള അപേക്ഷ വിദ്യാർത്ഥിയുടെ പേരിൽ വാങ്ങിയ 10 രൂപയുടെ മുദ്ര പത്രത്തോടുകൂടി പ്രധാന അധ്യാപകന് നൽകേണ്ടതാണ്.

**സ്കോളർഷിപ്പുകൾ**

(29)പട്ടികജാതി/പട്ടികവർഗ്ഗ / ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നുണ്ട്.

(30)മേപ്പടി വിദ്യാർത്ഥികൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്റ്റൈഫൻറും നൽകി വരുന്നുണ്ട്.

(31)മുസ്ലീം /നടാർ/ ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾക്ക് അഞ്ചാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സുവരെ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. സ്കൂൾ തുറന്ന് ജൂലായ് 31 നകം അപേക്ഷ പ്രധാനാധ്യാപകന് നൽകേണ്ടതാണ്. ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസറാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

(32)നാലാം തരത്തിലേയും ഏഴാം തരത്തിലേയും കുട്ടികൾക്ക് എൽ.എസ്.എസ്., യു.എസ്.എസ്. എന്നീ സ്കോളർഷിപ്പു പരീക്ഷക്ക് ഹാജരാകാവുന്നതും നിശ്ചിത മാർക്ക് നേടുന്നവർക്ക് അഞ്ചാം ക്ലാസ് മുതലും എട്ടാം ക്ലാസ് ക്ലാസ് മുതലും സ്കോളർഷിപ്പ് അനുവദിക്കുക.

**വികലാംഗ സ്കോളർഷിപ്പ് -**

(33)40 ശതമാനത്തിലേറെ വികാലംഗത്വമുള്ള കുട്ടികൾക്ക് വാർഷിക ധനസഹായം അനുവദിക്കുന്നുണ്ട്.

(34)വികലാംഗ വിദ്യാർത്ഥികളെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാക്കുകയും 40 ശതമാനത്തിനു മേൽ വികലാംഗത്വം ഉള്ളവർക്ക് ധനസഹായം വിദ്യഭ്യാസ ഡയരക്ടർ അനുവദിക്കുന്നുണ്ട്. സർക്കാർ ഫണ്ടിലെ ലഭ്യതക്കനുസരിച്ച് പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നുണ്ട്.

(35)വികലാംഗത്വമുള്ള കുട്ടി ഒരിക്കൽ മാത്രമേ മെഡിക്കൽ പരിശോധനക്ക് വിധേയമാകേണ്ടതുള്ളൂ. ഒരിക്കൽ ധനസഹായം അനുവദിച്ചാൽ 12– ാ ം ക്ലാസുവരെ വാർഷിക ധനസഹായം നൽകി വരുന്നുണ്ട്.

(36)സ്കൂളിലെ സർവ്വതോന്മുഖമായ ഉന്നമനം ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന അധ്യാപക രക്ഷാകർതൃ സമിതി ഓരോ സ്കൂളിലും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

(37)നിർദ്ദനരായ കലാകാരൻമാരായ വിദ്യർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

38)വിദ്യാലയങ്ങളിൽ അധ്യാപകരെ നിയമിക്കുന്നത് ഈ ആഫീസിൽ നിന്നാണ്. അധ്യാപനം സംബന്ധിച്ച് എല്ലാ കാര്യങ്ങളിലും മേൽ നോട്ടം വഹിക്കുന്നു.

(39)കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുന്നതിന് അനുയോജ്യമായ വിദ്യാലയ അന്തരീക്ഷം ഒരുക്കുന്നു.

(40)എസ്.എസ്.എൽ.സി. ബുക്ക് നഷ്ടപ്പെട്ടു കഴിഞ്ഞാൽ അപേക്ഷകൻ പഠിച്ച വിദ്യാലയത്തിലെ ഹെഡ്മാസ്റ്റർ മുഖേന പരീക്ഷ കമ്മീഷണർക്ക് ഡ്യൂപ്ലിക്കേറ്റിന് അയക്കാവുന്നതാണ്.

## കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ

| ക്രമ നം | സ്കൂളിന്റെ പേര് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് | ഫോൺ നം |
|---|---|---|---|---|
| 1 | ജി.ജി.എച്ച്.എസ്.എസ്,മടപ്പള്ളി | വടകര | ഒഞ്ചിയം | 2512272 |
| 2 | ജി.എച്ച്.എസ്.കല്ലാച്ചി | തൂണേരി | നാദാപുരം | 2552678 |
| 3 | ജി.എച്ച്.എസ്.നായർകുഴി | കുന്ദമംഗലം | ചാത്തമംഗലം | 2883443 |
| 4 | ജി.എച്ച്.എസ്,വെള്ളിയോട് | തൂണേരി | വാണിമേൽ | 2560259 |
| 5 | ജി.എം.എച്ച്.എസ്, രാരോത്ത് | കൊടുവള്ളി | താമരശ്ശേരി | 2224822 |
| 6 | ജി.എച്ച്.എസ് ,പയിമ്പ്ര | കുന്ദമംഗലം | കുരുവട്ടൂർ | 2810790 |
| 7 | ഇ.എം.എസ്.ജി.എച്ച്.എസ്, പെരുമണ്ണ | കുന്ദമംഗലം | പെരുമണ്ണ | 2433844 |
| 8 | ജി.എച്ച്.എസ്, കായണ്ണ | പേരാമ്പ്ര | കായണ്ണ | 2659518 |
| 9 | എസ്.ജി.എം.ജി.എച്ച്.എസ്, കൊളത്തൂർ | ചേളന്നൂർ | നന്മണ്ട | 2455032 |
| 10 | ജി.എച്ച്.എസ്, നടുവണ്ണൂർ | ബാലുശ്ശേരി | നടുവണ്ണൂർ | 2652351 |
| 11 | ജി.എച്ച്.എസ്, ഇരിങ്ങല്ലൂർ | കോഴിക്കോട് | ഒളവണ്ണ | 2433177 |
| 12 | ജി.വി.എച്ച്.എസ്.എസ്, മേപ്പയ്യൂർ | മേലടി | മേപ്പയ്യൂർ | 2676246 |
| 13 | ജി.എച്ച്.എസ്, വളയം | തൂണേരി | വളയം | 2460480 |
| 14 | ജി.എച്ച്.എസ്, കുറ്റ്യാടി | കുന്നുമ്മൽ | കുറ്റ്യാടി | 2596604 |
| 15 | ജി.എച്ച്.എസ്, മാവൂർ | കുന്ദമംഗലം | മാവൂർ | 2884617 |
| 16 | ജി.വി.എച്ച്.എസ്,എസ്, മടപ്പള്ളി | ചോമ്പാല | ഒഞ്ചിയം | 2512558 |
| 17 | ജി.എച്ച്.എസ്, പറമ്പിൽ | കുന്ദമംഗലം | കുരുവട്ടൂർ | 2266289 |
| 18 | ജി.എച്ച്.എസ്, ആവള കുട്ടോത്ത് | പേരാമ്പ്ര | ചെറുവണ്ണൂർ | 2765150 |
| 19 | ജി.എച്ച്.എസ്, അവിടനല്ലൂർ | ബാലുശ്ശേരി | കോട്ടൂർ | 2657235 |
| 20 | ജി.എച്ച്.എസ് കാവിലുംപാറ | കുന്ദമംഗലം | കാവിലുംപാറ | 2564436 |
| 21 | കെ.കെ.എം.ജി.വി.എച്ച്.എസ്, ഓർക്കാട്ടേരി | വടകര | ഏറാമല | 2547407 |
| 22 | ജി.എച്ച്.എസ്, കുറ്റിക്കാട്ടൂർ | കുന്ദമംഗലം | പെരുവയൽ | 2354687 |
| 23 | ജി.എച്ച്.എസ്. പേരാമ്പ്ര പ്ലാന്റേഷൻ | പേരാമ്പ്ര | ചക്കിട്ടപാറ | 9544252681 |
| 24 | ജി.എച്ച്.എസ്, പുതുപ്പാടി | കൊടുവള്ളി | പുതുപ്പാടി | 2235100 |
| 25 | ജി.എച്ച്.എസ്, അഴിയൂർ | വടകര | അഴിയൂർ | 2500374 |
| 26 | ജി.വി.എച്ച്.എസ്.എസ്,ആർ.ഇ.സി,ചാത്തമംഗലം | കുന്ദമംഗലം | ചാത്തമംഗലം | 2287155 |
| 27 | ജി.എച്ച്.എസ്.എസ്, മണിയൂർ | തോടന്നൂർ | മണിയൂർ | 2536227 |
| 28 | ജി.എച്ച്.എസ്, വെങ്ങപ്പറ്റ | പേരാമ്പ്ര | കൂത്താളി | 2610964 |
| 29 | ജി.വി.എച്ച്.എസ്,അത്തോളി | പന്തലായനി | അത്തോളി | 2672350 |

| ക്രമ നം | സ്കൂളിന്റെ പേര് | ബ്ലോക്ക് | ഗ്രാമ പഞ്ചായത്ത് | ഫോൺ നം |
|---|---|---|---|---|
| 30 | ജി.എച്ച്.എസ്.എസ്,പെരിങ്ങളം | കുന്ദമംഗലം | പെരുവയൽ | 2800050 |
| 31 | ജി.എച്ച്.എസ്.എസ്,കക്കോടി | ചേളന്നൂർ | കക്കോടി | 2265045 |
| 32 | ജി.എച്ച്.എസ്.എസ്,ശിവപുരം | ബാലുശ്ശേരി | ഉണ്ണികുളം | 2644635 |
| 33 | ജി.എച്ച്.എസ്.എസ്, പൂനൂർ | ബാലുശ്ശേരി | ഉണ്ണികുളം | 2646215 |
| 34 | ജി.വി.എച്ച്.എസ്.എസ്.താമരശ്ശേരി | കൊടുവള്ളി | താമരശ്ശേരി | 2223011 |
| 35 | ജി.വി.എച്ച്.എസ്.എസ്, പയ്യോളി | മേലടി | തിക്കോടി | 2602076 |
| 36 | ജി.എച്ച്.എസ് വൻമുഖം | പന്തലായനി | മൂടാടി | 2690140 |
| 37 | ജി.എച്ച്.എസ്.എസ്, ചെറുവാടി | കുന്ദമംഗലം | കൊടിയത്തൂർ | 2208036 |
| 38 | ജി.എച്ച്.എസ്.എസ്, പന്നൂർ | കൊടുവള്ളി | കിഴക്കോത്ത് | 2211678 |
| 39 | ജി.എച്ച്.എസ്.എസ്, കോക്കല്ലൂർ | ബാലുശ്ശേരി | ബാലുശ്ശേരി | 2705536 |
| 40 | ജി.എച്ച്.എസ്.എസ്, ചോറോട് | വടകര | ചോറോട് | 2525167 |
| 41 | ജി.എച്ച്.എസ്.എസ്, നരിക്കുനി | ചേളന്നൂർ | നരിക്കുനി | 2246575 |
| 42 | ജി.എച്ച്.എസ്.എസ്, കൊളത്തൂർ | കുന്ദമംഗലം | പെരുവയൽ | 2455032 |
| 43 | ജി.ജി.എച്ച്.എസ്.എസ്,ബാലുശ്ശേരി | ബാലുശ്ശേരി | ബാലുശ്ശേരി | 2642230 |
| 44 | ജി.വി.എച്ച്.എസ്.എസ്,ബാലുശ്ശേരി | ബാലുശ്ശേരി | ബാലുശ്ശേരി | 2643430 |
| 45 | വാസുദേവാശ്രമം ജി.എച്ച്.എസ്.എസ് | മേലടി | അരിക്കുളം | 2696855 |

# പ്രിൻസിപ്പൽ കൃഷി ഓഫീസ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ : 0495 2370897

E-mail:paokzd@gmail.com

**സ്ഥാപനത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ**

തെങ്ങ്, കുരുമുളക്, നെൽകൃഷി, മണ്ണിര കംപോസ്റ്റ് നിർമ്മാണം, ജലസേചന സൗകര്യങ്ങൾ, വനിതകൾക്ക് കാർഷികമേഖലയിൽ പങ്കാളിത്തം, കണിക ജലസേചനം, ചെറുകിടയന്ത്രവൽക്കരണം, വിപണനം, കശുമാവ് അടക്കമുള്ള എല്ലാ പ്രമുഖ വിളകൾക്കും വിവിധ പദ്ധതികൽ ഈ ഓഫീസിൽ നിന്നും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനുകൾ മുഖേന കർഷകർക്ക് ലഭ്യമാക്കുന്നു.

**സേവനങ്ങൾ** – കാർഷിക വിള ഇൻഷൂറൻസ്, കർഷക പെൻഷൻ, ഒരു ലക്ഷം യുവജനങ്ങളുടെ പദ്ധതിയിൽ അംഗങ്ങൾക്ക് ഗ്രാറ്റിവിറ്റിയും പെൻഷനും ജൈവകൃഷി പ്രോത്സാഹനം, GAP സർട്ടിഫിക്കേഷൻ, പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതികൾ.

രാസവള കീടനാശിനികലുടെ ഗുണനിലവാരം ഉറപ്പാക്കുക, സംസ്ഥാന ദേശീയ വിള ഇൻഷൂറൻസ് പദ്ധതികൾ വയൽ നികത്തുന്നത് സംബന്ധിച്ച അപേക്ഷകകൾ എന്നിവയും ഈ ഓഫീസ് മുഖേന കൈകാര്യം ചെയ്തുവരുന്നുണ്ട്. ചിങ്ങം ഒന്ന് കർഷകദിനമായും ജില്ലാനേതൃത്വത്തോടെ എല്ലാ പഞ്ചായത്തിലും ഈ വർഷം ആചരിക്കുന്നതാണ്.

കാർഷികോൽപ്പന്നങ്ങളുടെ ദിവസേനയുള്ള കമ്പോള വിലനിലവാരങ്ങൾ ശേഖരിക്കുകയും കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദന ചിലവ് സർവ്വേ നടത്തി തയ്യാറാക്കുക, കർഷകർക്കും വ്യാപാരികൾക്കും കൃഷിഭവൻ മുഖേന വിപണികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും, സംസ്കരണത്തിനുമായി പരിശീലനം നൽകുക, മാർക്കറ്റ് സർവ്വേകൾ നടത്തുക. അഗ്മാർക്ക് സർട്ടിഫിക്കറ്റുകൾ നൽകുക തുടങ്ങിയ വിപണനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഈ ഓഫീസിലെ ജില്ലാതല ഉദ്യോഗ്സ്ഥരുടെ മേൽനോട്ടത്തിൽ കൃഷിഭവൻ മുഖേന നടപ്പിലാക്കുന്നു.

വിപണനം ശക്തിപ്പെടുത്താൻ ആഴ്ചച്ചന്തകൾ, ഇക്കോഷോപ്പുകൾ, ഓണച്ചന്തൾ, വിഷുച്ചന്തകൾ എന്നിവയും കൃഷിഭവനുകൾ മുഖേന ഈ ഓഫീസിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു.

റീട്ടെയിലും ഹോൾസെയിലുമായുള്ള രാസവള, ജൈവവള, കീടനാശിനി ലൈസൻസുകൾ ഈ ഓഫീസിൽ നൽകുന്നു. അപേക്ഷകൾ കൃഷിഭവൻ വഴി സ്വീകരിക്കുന്നു. കൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി അനുവദിക്കുന്നത് സമയ പരിധിയില്ലാതെ കൃഷിഭവനിൽ അപേക്ഷ സ്വീകരിക്കുന്നു.

**ബയോഗ്യാസ് സബ്സിഡി പുതിയനിരക്കുകൾ**

പൊതു വിഭാഗം – 12000/-രൂപ

പട്ടികജാതി വിഭാഗം -13000/-രൂപ

തയ്യാറാക്കൽ ഫീസ് – 2500/- രൂപ ആദ്യ ഗഡു – 1500/-രൂപ

പ്രകൃതിക്ഷോഭം സഹായം –നിരക്കുകൾ(ജി.ഒ.(എം.എസ്) നം.239/2012/ഡി.എം.സി ഉത്തരവ് പ്രകാരം)

| | |
|---|---|
| 1.തെങ്ങ് (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 700 |
| 2.തെങ്ങ് (കായ്ഫലമില്ലാത്തത് ഒരെണ്ണത്തിന്) | 350 |
| 3.തെങ്ങ് (ഒരു വർഷം വരെ പ്രായമായത് ഒരെണ്ണത്തിന്) | 100 |
| 4.വാഴ കുലച്ചത് (ഒരെണ്ണത്തിന്) | 100 |
| 5.വാഴ (കുലയ്ക്കാത്തത് ഒരെണ്ണത്തിന്) | 75 |
| 6.റബ്ബർ (ടാപ്പ് ചെയ്യുന്നത് ഒരെണ്ണത്തിന്) | 300 |
| 7.റബ്ബർ (ടാപ്പ് ചെയ്യാത്തത് ഒരെണ്ണത്തിന്) | 200 |
| 8.കശുമാവ് (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 150 |
| 9.കശുമാവ് (കായ്ഫലമില്ലാത്തത് മൂന്ന് വർഷത്തിനു | |
| 10.മുകളിൽ പ്രായമായത് ഒരെണ്ണത്തിന്) | 100 |
| 11.കവുങ്ങ് (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 150 |
| 12.കവുങ്ങ് (കായ്ഫലമില്ലാത്തത് ഒരെണ്ണത്തിന്) | 100 |
| 13.കൊക്കോ (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 100 |
| 14.കാപ്പി ( ഒരെണ്ണത്തിന്) | 100 |
| 15.കുരുമുളക് (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 75 |
| 16.ജാതി ( കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 400 |
| 17.ജാതി ( കായ്ഫലമില്ലാത്തത് ഒരെണ്ണത്തിന്) | 150 |
| 18.ഗ്രാമ്പു (കായ്ഫലമുള്ളത് ഒരെണ്ണത്തിന്) | 200 |
| 19.ഗ്രാമ്പു (കായ്ഫലമില്ലാത്തത് ഒരെണ്ണത്തിന്) | 100 |
| 20.വെറ്റിലക്കൊടി ( 1സെൻറിന്) | 300 |

| | |
|---|---|
| 21.കൈതച്ചക്ക (10 സെൻറിന്) | 750 |
| 22.പുകയില ( 10 സെൻറിന്) | 1.500 |

**വിളകളുടെ ഇൻഷ്വൂർ ചെയ്യാവുന്ന നഷ്ടപരിഹാരതോത്**

| | |
|---|---|
| 1.തെങ്ങ് | തെങ്ങൊന്നിന് 2000 രൂപ |
| 2.കവുങ്ങ് | 1 മരത്തിന് 200 രൂപ |
| 3.റബ്ബർ | 1 മരത്തിന് 1000 രൂപ |
| 4.കശുമാവ് | 1 മരത്തിന് 750 രൂപ |
| 5.വാഴ (എ) ഏത്തൻ | (എ) കുലയ്ക്കാത്തതിന് 150 രൂപ |
| (ബി) ഞാലിപ്പൂവൻ | (ബി) കുലയ്ക്കാത്തതിന് 100 രൂപ |
| | (സി) കുലയ്ക്കാത്തതിന് 50 രൂപ |
| (സി) മറ്റിനങ്ങൾ | (എ) കുലച്ചതിന് 300 രൂപ |
| | (ബി) കുലച്ചതിന് 200 രൂപ |
| | (സി) കുലച്ചതിന് 50 രൂപ |
| 6.മരച്ചീനി | ഹെക്ടറൊന്നിന് 10000 രൂപ |
| 7.കൈതചക്ക | ഹെക്ടറൊന്നിന് 50000 രൂപ |
| 8.കുരുമുളക് | ഓരോ താങ്ങു മരത്തിലും 200 രൂപ വീതം |
| 9.ഏലം | ഹെക്ടറൊന്നിന് 60000 രൂപ |
| 10.ഇഞ്ചി | ഹെക്ടറൊന്നിന് 80000 രൂപ |
| 11.മഞ്ഞൾ | ഹെക്ടറൊന്നിന് 60000 രൂപ |
| 12 .കാപ്പി | 1 മരത്തിന് 350 രൂപ |
| 13.തേയില | ഹെക്ടറൊന്നിന് 70000 രൂപ |
| 14.കൊക്കോ | 1 മരത്തിന് 300 രൂപ |
| 15.നിലക്കടല | ഹെക്ടറൊന്നിന് 12000 രൂപ |
| 16.എള്ള് | ഹെക്ടറൊന്നിന് 12500 രൂപ |
| 17.പച്ചക്കറി – പന്തലുള്ളവയും പന്തലില്ലാത്തവയും | ഹെക്ടറൊന്നിന് 25000 രൂപ |
| | പന്തലുള്ളവയ്ക്ക് ഹെക്ടറൊന്ന് 40000 രൂപ |

| | |
|---|---|
| 18.ജാതി | 1 മരത്തിന് 3000 രൂപ |
| 19.ഗ്രാമ്പു | 1 മരത്തിന് 1000 രൂപ |
| 20.വെറ്റില | സെൻറൊന്നിന് 1000 രൂപ |
| 21.പയർ വർഗ്ഗങ്ങൾ | ഹെക്ടറിന് 10000 രൂപ |
| 22.കിഴങ്ങു വർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) | ചേന ഹെക്ടറിന് 35000 രൂപ |
| | മധുരക്കിഴങ്ങ് ഹെക്ടറൊന്നിന് 15000 രൂപ |
| 23.കരിമ്പ് | ഹെക്ടറൊന്നിന് 50000 രൂപ |
| 24.പുകയില | ഹെക്ടറൊന്നിന് 20000 രൂപ |
| 25.നെല്ല് | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15000 രൂപ |
| | 45 ദിവസത്തിനുശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 35000 രൂപ |

കീടരോഗബാധ കൃഷിഭവനിൽ അറിയിച്ച് വേണ്ട നടപടികൾ എടുത്തിനുശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**ദീർഘകാല വിളകൾക്ക് നടത്തുന്നതു മുതൽ കായ്ച്ചു തുടങ്ങുന്നതുവരേയുള്ള കാലയളവിൽ നൽകുന്ന ഇൻഷ്വൂറൻസ് സംരക്ഷണം**

| | |
|---|---|
| തെങ്ങ് ആദ്യത്തെ മൂന്നു വർഷത്തേക്ക് | ഒരെണ്ണത്തിന് 200 രൂപ |
| 3 വർഷത്തിനുമേൽ 7 വർഷം വരെ | ഒരെണ്ണത്തിന് 400 രൂപ |
| കവുങ്ങ് മൂന്നു വർഷം വരെ | ഒരെണ്ണത്തിന് 50 രൂപ |
| 3വർഷത്തിനുമേൽ 7 വർഷം വരെ | ഒരെണ്ണത്തിന് 80 രൂപ |
| റബ്ബർ മൂന്നു വർഷം വരെ | ഒരെണ്ണത്തിന് 200 രൂപ |
| 3 വർഷത്തിനുമേൽ 7 വർഷം വരെ | ഒരെണ്ണത്തിന് 600 രൂപ |
| കശുമാവ് മൂന്നു വർഷം വരെ | ഒരെണ്ണത്തിന് 100 രൂപ |
| കുരുമുളക് ആദ്യ രണ്ടുവർഷം | താങ്ങുമരത്തിനുള്ളതിന് 50 രൂപ |
| | 2 വർഷം മുതൽ 4വർഷം വരെ 100 രൂപ |

നെൽകൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 1000 രൂപ ബോണസായി നൽകിവരുന്നു. വിവിധ ഫാമുകളിൽ മേൽത്തരം നെൽവിത്തുകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് അതതു സീസണുകളിൽ ലഭ്യമാക്കുന്നു.

കാർഷിക വിളകളിൽ കീടരോഗബാധയുണ്ടാകുമ്പോൾ ജില്ലാതല ഉദ്യോഗസ്ഥർ വിവിധ റിസർവ്വ് സ്ഥാപനങ്ങളിലുള്ള വിദഗ്ധരുടെ ടീമിനെ ഉൾക്കൊള്ളിച്ചുകൊണ്ട് സ്ഥലം സന്ദർശിച്ച് കീട നിയന്ത്രണത്തിനുള്ള നടപടികൾ ഈ ഓഫീസിൽ നിന്ന് സ്വീകരിച്ചു വരുന്നു.

വളരെ വർഷങ്ങളായി തരിശിട്ടിരിക്കുന്ന കർഷകരെ നെൽകൃഷിയിലേക്ക് തിരികെ കൊണ്ടുവരുന്നതിനായി പ്രത്യേക പദ്ധതി കൃഷി ഭവനുകൾ മുഖേന ലഭ്യമാക്കുന്നു.

ജില്ലയിൽ ഒരു സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലാബും സ്ഥിരം ലാബും തിക്കോടിയിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലയിലെ കൃഷി ഭവനുകൾ മുഖേന മണ്ണുകൾ ശേഖരിച്ചും നേരിട്ട് കൃഷിയിടങ്ങളിൽ വന്നും മണ്ണ് പരിശോധന നടത്തി മാർഗ്ഗനിർദ്ദേശങ്ങൾ കൃഷിക്കാർക്ക് നൽകി വരുന്നു.

കർഷകർക്ക് വിവിധ കാർഷിക വിളകൾ സംസ്കരണം, വിപണനം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനങ്ങൾ നൽകുന്നതിന് ഒരു പരിശീലന കേന്ദ്രവും വേങ്ങേരിയിൽ പ്രവർത്തിക്കുന്നു. കൃഷിഭവൻ മുഖേനയാണ് പരിശീലനത്തിനുള്ള കർഷകരെ തിരഞ്ഞെടുക്കുന്നത്.

ജില്ലയിൽ കൂത്താളി ഫാമും മേൽത്തരം തെങ്ങിൻതൈ ഉൽപ്പാദന ഫാം തിക്കോടിയിലും, വിത്തുല്പാദനഫാമുകൾ പേരാമ്പ്ര, പുതുപ്പാടി എന്നിവിടങ്ങളിലുമായി പ്രവർത്തിക്കുന്നു. ജില്ലക്കാവശ്യമായ വിത്തുകൾ, തെങ്ങിൻതൈകൾ, കവുങ്ങിൻ തൈകൾ, കുരുമുളക് വള്ളികൾ, എല്ലാവിധ നടീൽ വസ്തുക്കളും മേൽപറഞ്ഞ ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് കൃഷിഭവൻ മുഖേനയും അല്ലാതെയും വിതരണം നടത്തിവരുന്നു.

അപേക്ഷിക്കേണ്ട വിധം –എല്ലാ പദ്ധതികളും കൃഷിഭവൻ മുഖേന നടപ്പിലാക്കുന്നു.

നിബന്ധനകൾ – ഓരോ പദ്ധതിയ്ക്കും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിബന്ധനകൾ

സേവനം ലഭ്യമാക്കുന്ന സമയപരിധി – ഓരോ പദ്ധതിയിലും നിർദ്ദേശിക്കുന്ന സമയം

ഫീസ് സൗജന്യം

# അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (കൃഷി) കോഴിക്കോട്

പുതിയറ പി.ഒ. -673004, ഫോൺ - 2723766

E-mail:aeeagrikkd@gmail.com

1.ജില്ലാ പഞ്ചായത്തിന് കീഴിലുള്ള കൂത്താളി ജില്ലാ കൃഷി ഫാം, പേരാമ്പ്ര, പുതുപ്പാടി സ്റ്റേറ്റ് സീഡ് ഫാം, തിക്കോടി തെങ്ങിൻതൈ വളർത്തുകേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, ആസ്തി സംരക്ഷണ പ്രവൃത്തികൾ, ജലസേചന സംവിധാനങ്ങൾ, മറ്റ് നിർമ്മാണ പ്രവൃത്തികൾ എന്നിവയുടെ ആസൂത്രണം നിർവ്വഹണം, മൂല്യനിർണ്ണയം

2.സാമൂഹ്യ ജലസേചനം, പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യവികസനം, കാർഷികവത്ക്കരണം, ചെറുകിട ജലസേചനം, ജലവിഭവ വികസനം തുടങ്ങിയ പദ്ധതികളുടെ നിർവ്വഹണവും മൂല്യനിർണ്ണയവും .

3.നാളികേര വികസന പദ്ധതി, കുരുമുളക് വികസന പദ്ധതി, വാട്ടർഷെഡ് വികസനം, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, പ്ലാസ്റ്റിക്സ് ഇൻ അഗ്രികൾച്ചർ, മററ് കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക വികസന പദ്ധതികൾ എന്നിവയ്ക്കാവശ്യമായ സാങ്കേതിക നിർവ്വഹണം

4.കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ, മെയിന്റനൻസ് തുടങ്ങിയവ

5.ജില്ലയിൽ കൃഷി വകുപ്പിന് കീഴിലുള്ള വാഹനങ്ങൾ, ട്രാക്ടറുകൾ, ടില്ലറുകൾ മറ്റ് കാർഷിക യന്ത്രങ്ങൾ തുടങ്ങിയവയുടെ പരിപാലനത്തിനും അറ്റകുറ്റ പണികൾക്കുമായി വർക്ക്ഷോപ്പ് സംവിധാനം

6.കാർഷിക യന്ത്രങ്ങളുടെ തെരഞ്ഞെടുപ്പ്, പരിപാലനം,ഡ്രിപ്പ്/സ്പ്രിംഗ്ളർ/മിസ്റ്റ് തുടങ്ങിയ സൂക്ഷ്മ ജലസേചന രീതികൾ, സംരക്ഷിത കൃഷി (ഗ്രീൻഹൗസ്/ഷെയ്ഡ് ഹൗസ്) സീഡ് സ്റ്റോറേജ്, ഹൈടെക് അഗ്രികൾച്ചർ മഴവെള്ള സംഭരണം തുടങ്ങിയ മേഖലകളിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

7.കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും സർക്കാർ, തദ്ദേശ സ്വയംഭരണ പദ്ധതികൾ മുഖേന കാർഷിക യന്ത്രങ്ങളുടെ പരിശീലനം

8.കർഷകർ, കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയ്ക്കാവശ്യമായ ഗുണമേൻമ യുള്ള കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങി നൽകുകയും അവയുടെ പരിപാലനത്തിനുള്ള സാങ്കേതിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്യൽ.

9.ഫാം മെഷിനറി കസ്റ്റം ഹയറിംഗ് സെന്റർ : ട്രാക്ടർ, മിനിട്രാക്ടർ, അനുബന്ധ ഉപകരണങ്ങൾ, പവർ ടില്ലർ, കൊയ്ത്തുമെതി യന്ത്രം, നടീൽ യന്ത്രം തുടങ്ങിയവ കാർഷിക ആവശ്യങ്ങൾക്കുള്ള

യന്ത്രോപകരണങ്ങൾ കസ്റ്റംഹയറിംഗ് സെന്റർ മുഖേന ലഭ്യമാക്കുന്നു. വിവിധ യന്ത്രോപകരണങ്ങൾക്ക് ഓരോന്നിനും അതത് കാലത്ത് നിശ്ചയിക്കപ്പെട്ട വാടകനിരക്ക് ബാധകമാണ്. വാടക നിരക്ക് കാലാനുസൃതമായി പരിഷ്ക്കരിക്കപ്പെടാവുന്നതാണ്. പ്രസ്തുത യന്ത്രങ്ങളുടെ സൂക്ഷിപ്പും പരിപാലനവും ഈ ഓഫീസ് മുഖേന നടത്തിവരുന്നു.

കസ്റ്റംഹയറിംഗ് സെന്ററിലെ യന്ത്രോപകരണങ്ങൾ ലഭിക്കുന്നതിനായി ഓഫീസിൽ നേരിട്ട് അപേക്ഷ നൽകുകയോ www.asha.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്.കാർഷികയന്ത്രോപകരണങ്ങളുടെ വാടകനിരക്ക് കർഷകന് നേരിട്ട് പണമായോ, ബാങ്ക് മുഖേനയോ അടയ്ക്കാവുന്നതാണ്.

അപേക്ഷിക്കേണ്ട വിധം – ജില്ലാ പഞ്ചായത്ത്, പ്രിൻസിപ്പൽ കൃഷി ഓഫീസ്, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നിർദ്ദേശപ്രകാരമുള്ള വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക നിർവ്വഹണത്തിന് പ്രസ്തുത സ്ഥാപനങ്ങൾ വഴിയാണ് ബന്ധപ്പെടേണ്ടത്.

വിജ്ഞാന വ്യാപനം, പരിശീലനം തുടങ്ങി പ്രവർത്തനങ്ങൾക്ക് ഓഫീസിൽ നേരിട്ട് സമീപിക്കാവുന്നതാണ്.

നിബന്ധനകൾ, ഫീസ് തുടങ്ങിയവ – സേവനങ്ങൾക്ക് പ്രത്യേക നിബന്ധനകളോ ഫീസോ ഏർപ്പെടുത്തിയിട്ടില്ല.

സേവനം ലഭ്യമാകുന്ന സമയപരിധി – ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

**കസ്റ്റം ഹയറിംഗ് സെന്ററിലെ യന്ത്രങ്ങളുടെ വാടക നിരക്കുകൾ**

| | | | |
|---|---|---|---|
| 1 | ട്രാക്ടർ – (സേവനദായക സംഘങ്ങൾ മുഖേന) കേജ് വീൽ, കൾട്ടിവേറ്റർ, റിഡ്ജർ,ബണ്ട്ഫോർമർ തുടങ്ങയവയ്ക്കൊപ്പം | | |
| | ഇന്ധന ചെലവ് | (4.5ലി * 90 ലി) | 405 |
| | കൂലി ഡ്രൈവർ (മണിക്കൂറിന്) | | 250 |
| | സെന്ററിൽ അടയ്ക്കേണ്ടത്-മണിക്കൂറിന് | | 200 |
| | ആകെ വാടക മണിക്കൂറിന് | | 855 |
| 2 | റോട്ടോവേറ്റർ ഘടിപ്പിച്ചത് | | |
| | ഇന്ധന ചെലവ് | (5ലി * 90 ലി) | 405 |
| | കൂലി ഡ്രൈവർ (മണിക്കൂറിന്) | | 250 |
| | സെന്ററിൽ അടയ്ക്കേണ്ടത്-മണിക്കൂറിന് | | 250 |
| | ആകെ വാടക മണിക്കൂറിന് | | 950 |
| 3 | റോഡ് റണ്ണിംഗ് | | |

| | | | |
|---|---|---|---|
| | ഇന്ധന ചെലവ് | (2.5ലി * 90 ലി) | 225 |
| | കൂലി ഡ്രൈവർ (മണിക്കൂറിന്) | | 150 |
| | സെന്ററിൽ അടയ്ക്കേണ്ടത്-മണിക്കൂറിന് | | 150 |
| | ആകെ വാടക മണിക്കൂറിന് | | 475 |
| 4 | കമ്പയിൻ ഹാർവെസ്റ്റർ(ട്രാൻസ്പോർട്ടിംഗ് ചാർജ് പാർട്ടി വഹിക്കേണ്ടതാണ്) | | |
| | ഇന്ധന ചെലവ് | (10ലി * 90 ലി) | 900 |
| | കൂലി ഡ്രൈവർ (മണിക്കൂറിന്) | | 250 |
| | സെന്ററിൽ അടയ്ക്കേണ്ടത്-മണിക്കൂറിന് | | 600 |
| | ആകെ വാടക മണിക്കൂറിന് | | 1750 |
| 5 | പവ്വർ ട്രില്ലർ(ഇന്ധന ചെലവ്,ഓപ്പറേറ്റർ കൂലി,ട്രാൻസ്പോർട്ട് ചാർജ് പാർട്ടി വഹിക്കേണ്ടതാണ്) | | |
| | ദിവസ വാടക | | 600 |
| 6 | ഗാർഡൻ ട്രില്ലർ(ഇന്ധന ചെലവ്,ഓപ്പറേറ്റർ കൂലി,ട്രാൻസ്പോർട്ട് ചാർജി പാർട്ടി വഹിക്കേണ്ടതാണ്) | | |
| | ദിവസ വാടക | | 250 |
| 7 | വീഡ് കട്ടർ(ഇന്ധന ചെലവ്,ഓപ്പറേറ്റർ കൂലി,ട്രാൻസ്പോർട്ട് ചാർജി പാർട്ടി വഹിക്കേണ്ടതാണ്) ദിവസ വാടക | | 300 |
| 8 | കൊയ്ത്തു യന്ത്രം(ഇന്ധന ചെലവ്,ഓപ്പറേറ്റർ കൂലി,ട്രാൻസ്പോർട്ട് ചാർജി പാർട്ടി വഹിക്കേണ്ടതാണ്) ദിവസ വാടക | | 300 |
| 9 | ഞാറു നടീൽ യന്ത്രം(YANJI)(ഇന്ധന ചെലവ്,ഓപ്പറേറ്റർ കൂലി,ട്രാൻസ്പോർട്ട് ചാർജി പാർട്ടി വഹിക്കേണ്ടതാണ്) ദിവസ വാടക | | 600 |
| 10 | ബെയ് ലർ- ഒരു ദിവസത്തിന് | | 600 |
| 11 | ട്രീപ്രൂണർ(മെഷീൻ ഉപയോഗിച്ചുള്ളത്) ദിവസ വാടക | | 300 |
| 12 | ത്രഷർ-കം-വിന്നോവർ ദിവസ വാടക | | 600 |
| 13 | പോസ്റ്റ് ഹോൾ/ഡിഗ്ഗർ - ദിവസ വാടക | | 300 |

| | | |
|---|---|---|
| 14 | കോക്കനട്ട് ക്ലൈമ്പർ – ദിവസ വാടക | 50 |
| 15 | വണ്ടർ ക്ലൈമ്പർ – ദിവസ വാടക | 200 |

| | | | |
|---|---|---|---|
| 16 | ഞാറു നടീൽ യന്ത്രം(ട്രാൻസ്പോർട്ട് ചാർജ് വഹിക്കേണ്ടതാണ്) | | |
| | ഇന്ധന ചെലവ് | (3.5ലി * 90 ലി) | 315 |
| | കൂലി ഡ്രൈവർ (മണിക്കൂറിന്) | | 300 |
| | സെന്ററിൽ അടയ്ക്കേണ്ടത്-മണിക്കൂറിന് | | 700 |
| | ആകെ വാടക മണിക്കൂറിന് | | 1315 |
| 17 | ബയ് ലർ(ട്രാക്ടർ ഘടിപ്പിക്കുന്നത്) | | |
| | ഇന്ധന ചെലവ് | (5ലി * 90 ലി) | 450 |
| | കയർ(റോപ്പ്) | | 75 |
| | കൂലി ഡ്രൈവർ (മണിക്കൂറിന്) | | 250 |
| | സെന്ററിൽ അടയ്ക്കേണ്ടത്-മണിക്കൂറിന് | | 250 |
| | ആകെ വാടക മണിക്കൂറിന് | | 1025 |
| 18 | പോസ്റ്റ് ഹോൾ/ഡിഗ്ഗർ(ട്രാക്ടർ ഘടിപ്പിച്ചത്) | | |
| | ഡീസൽ, ഓയിൽ | (5ലി * 90 ലി) | 450 |
| | കൂലി ഡ്രൈവർ (മണിക്കൂറിന്) | | 250 |
| | സെന്ററിൽ അടയ്ക്കേണ്ടത്-മണിക്കൂറിന് | | 300 |
| | ആകെ വാടക മണിക്കൂറിന് | | 1000 |
| 19 | ട്രാക്ടർ വിത്ത് ട്രില്ലർ | | |
| | ഡീസൽ, ഓയിൽ | (5ലി * 90 ലി) | 450 |
| | കൂലി ഡ്രൈവർ (മണിക്കൂറിന്) | | 250 |
| | സെന്ററിൽ അടയ്ക്കേണ്ടത്-മണിക്കൂറിന് | | 250 |
| | ആകെ വാടക മണിക്കൂറിന് | | 950 |
| 20 | മിനി ട്രാക്ടർ റോട്ടവേറ്റർ ഘടിപ്പിച്ചത് | | |

| | | | |
|---|---|---|---|
| | ഇന്ധന ചെലവ് | (3.5ലി * 90 ലി) | 315 |
| | കൂലി ഡ്രൈവർ (മണിക്കൂറിന്) | | 250 |
| | സെന്ററിൽ അടയ്ക്കേണ്ടത്-മണിക്കൂറിന് | | 200 |
| | ആകെ വാടക മണിക്കൂറിന് | | 765 |
| 21 | റോഡ് റണ്ണിംഗ് | | |
| | ഇന്ധന ചെലവ് | (2.5ലി * 90 ലി) | 225 |
| | കൂലി ഡ്രൈവർ (മണിക്കൂറിന്) | | 150 |
| | സെന്ററിൽ അടയ്ക്കേണ്ടത്-മണിക്കൂറിന് | | 150 |
| | ആകെ വാടക മണിക്കൂറിന് | | 525 |

# ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്

സിവിൽ സ്റ്റേഷൻ, കോഴിക്കോട് ഫോൺ : 0495 2370790

**E-mail:dscokkd@gmail.com**

**സ്ഥാപനത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ**

മണ്ണ് ജല സംരക്ഷണങ്ങൾക്കുള്ള സാങ്കേതിക ഉപദേശവും, സർക്കാർ ധനസഹായത്തോടെയുള്ള പദ്ധതി പ്രവർത്തനങ്ങളും പൊതുജനങ്ങൾക്കായി ലഭ്യമാണ്.

**അപേക്ഷിക്കേണ്ട വിധം**

നീർത്തടാടിസ്ഥാനത്തിൽ കൃഷിഭൂമിയിലെ മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, പൊതുനീർച്ചാലുകളിലെ സംരക്ഷണ പ്രവൃത്തികൾ എന്നിങ്ങനെ രണ്ടിനത്തിലാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്കായുള്ള അപേക്ഷകൾ ഗുണഭോക്താക്കളുടെ ഒപ്പോടുകൂടി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കററ്/തനത് വാർഷിക നികുതി രസീതിയുടെ പകർപ്പ്, തിരിച്ചറിയൽ കാർഡ്, ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ പകർപ്പ് സഹിതം നിയുക്ത കൺവീനർ മുഖാന്തിരമോ, നേരിട്ടോ മണ്ണ് സംരക്ഷണ ഓഫീസിൽ സമർപ്പിക്കാവുന്നതാണ്.

**നിബന്ധനകൾ**

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നീർത്തടാധിഷ്ഠിതമായിട്ടാണ് നടത്തപ്പെടുന്നത്. അംഗീകാരം ലഭിച്ച നീർത്തടങ്ങളിലെ ഗുണഭോക്താക്കൾക്കാണ് സബ്സിഡി ആനുകൂല്യം നൽകി വരുന്നത്. ഓരോ പദ്ധതിയിലും നിബന്ധനകൾ വ്യത്യസ്തമാണ്.

ആർ.ഐ.ഡി.എഫ് 21 വരെയുള്ള പദ്ധതികളിൽ കൃഷിഭൂമിയിലെ ഗുണഭോക്താക്കൾക്ക് 90% സബ്സിഡിയും പൊതുസ്ഥലങ്ങളിൽ നടപ്പിലാകകിവരുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് 95% സബ്സിഡിയുമാണ് നൽകിവരുന്നത്. എന്നാൽ ആർ.ഐ.ഡി.എഫ് 22 മുതൽ കൃഷി ഭൂമിയിലെ പ്രവർത്തനങ്ങൾക്ക് മേൽപറഞ്ഞ മാനദണ്ഡങ്ങളൊടൊപ്പം ഒരു ഗുണഭോക്താവിന് പരമാവധി 1.5 ലക്ഷം രൂപ വരെ മാത്രമേ സബ്സിഡിയിനത്തിൽ നൽകുവാൻ സാധിക്കുകയുള്ളൂ.

മണ്ണിടിച്ചിൽ പ്രതിരോധ പദ്ധതിയിൽ 100% സബ്സിഡിക്ക് ഗുണഭോക്താവ് അർഹനാണ്.

ആർ.ഐ.ഡി.എഫ് ഒഴികെയുള്ള 100% സബ്സിജി നൽകുന്ന പദ്ധതികൾ 2018-19 മുതൽ പൊതു സ്ഥലങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പിലാക്കുന്നത്.

സേവനം ലഭിക്കുന്ന സമയപരിധി - പൂർത്തീകരിച്ച പ്രവർത്തനങ്ങൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തി ആയത് ചെക്ക് മെഷർമെന്റ് ചെയ്തതിനുശേഷം ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട സബ്സിഡി നിരക്കനുസരിച്ചുള്ള തുക അനുവദിച്ചു നൽകുന്നു.

ഫീസ്-അഞ്ച് രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് നിശ്ചിത അപേക്ഷാ ഫോറത്തിൽ പതിപ്പിച്ചിരിക്കണം.

# ജില്ലാ വെറ്ററിനറി കേന്ദ്രം, കോഴിക്കോട്

ഫോൺ:0495-2368349 EMail:dvc.kozhikode@kerala.gov.in

**സേവനങ്ങൾ**

1.വെറ്ററിനറി സേവന രംഗത്ത് ജില്ലാ തല റഫറൽ കേന്ദ്രമായി പ്രവർത്തിക്കുന്നു.

2.പക്ഷി–മൃഗാദികളുടെ ചികിത്സയും രോഗ പ്രതിരോധ നടപടികളും സ്വീകരിക്കുക.

3.വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക

4.ജില്ലയിൽ പകർച്ചവ്യാധികൾക്കെതിരെ നിയന്ത്രണ നടപടികൾ സ്വീകരിക്കുക

6.പശു,എരുമ,ആട് എന്നിവയുടെ പ്രജനനത്തിനും വർഗ്ഗ ഗുണം മെച്ചപ്പെടുത്തുന്നതിനും സർക്കാർ നിർദ്ദേശാനുസൃതമായി കൃത്രിമ ബീജധാന സൗകര്യം ലഭ്യമാക്കുക.

7.ക്ലിനിക്കൽ ലബോറട്ടറി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക. ജില്ലയിലെ മറ്റ് മൃഗചികിത്സാ കേന്ദ്രങ്ങളിൽ നിന്നും കൊണ്ടുവരുന്ന സാമ്പിളുകൾ പരിശോധിച്ച് ഫലം നൽകുക.

8.ആവശ്യമായ സ്ഥലങ്ങളിൽ ക്യാമ്പ് ഡിസ്പെൻസറികൾ സംഘടിപ്പിക്കുക.

9.കന്നുകാലികളേയും പക്ഷികളേയും ഇൻഷ്വർ ചെയ്യുന്നതിനും ആയതിന്റെ ആനുകൂല്യം സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക

10.ജന്തുജന്യ  രോഗങ്ങളുടെ നിയന്ത്രണത്തിനായി മറ്റു സ്ഥാപനങ്ങളും, സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കുക.

11.എസ്.പി.സി.യുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

12.ബ്ലോക്ക് തലത്തിൽ രാത്രികാല അടിയന്തിര ചികിത്സാ സേവനം

# ജില്ലാ ക്ഷീര വികസന ഓഫീസ്

ഫോൺ 0495-2371254 EMail:dddiarykkd@gmail.com

**(എ) ഞങ്ങളുടെ ദൗത്യം**

1. ജില്ലയിലെ ക്ഷീര വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

2.ക്ഷീര വികസന മേഖലയിൽ സംസ്ഥാന/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക.

3. പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തന മേൽനോട്ടം നിർവ്വഹിക്കുക

4. ക്ഷീര സഹകരണശൃംഖല ശക്തവും വ്യാപകവും ആധുനികവും ആക്കുക.

5.ജില്ലയിലെ ക്ഷീര മേഖലയുടെ പുരോഗതിയ്ക്കായി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

6. പാലിന്റെ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ ശക്തമാക്കുക.

**(ബി) ചുമതലകൾ:**

1. വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുക.

2.പൊതുജനങ്ങളുടെ അവകാശങ്ങൾ മാനിക്കുകയും അവരോട് വിനയത്തോടെ പെരുമാറുകയും ചെയ്യുക

3.ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസിനെയോ ഉദ്യോഗസ്ഥൻമാരെയോ സംബന്ധിച്ച പരാതികളിൽ ഒരു മാസത്തിനകം അന്വേഷണം പൂർത്തിയാക്കി മറുപടി നൽകുക. സമയപരിധിയ്ക്കുള്ളിൽ അന്വേഷണം പൂർത്തിയാകാത്ത പക്ഷം വിവരം കാര്യകാരണസഹിതം പരാതിക്കാരനെ അറിയിക്കുക.

4. പ്രാഥമിക ക്ഷീര സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുക.

5. പ്രാഥമിക ക്ഷീര സംഘം രജിസ്ട്രേഷൻ ഉൾപ്പെടെ ഈ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പരിപാടികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുന്നപക്ഷം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക.

6.ക്ഷീര സഹകരണ സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണമേൻമ ഉറപ്പുവരുത്തുക.

7. ക്ഷീര കർഷകരുടെ ക്ഷേമം ഉറപ്പുവരുത്തുക.

8.ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുക.

9.ക്ഷീരസഹകരണ സംഘത്തിന്റെ ആസ്തി ആർജ്ജിക്കുന്നതിന് അംഗീകാരം നൽകുക.

# ജില്ലാ വ്യവസായകേന്ദ്രം

ഗാന്ധി റോഡ്, വെള്ളയിൽ, കോഴിക്കോട്

**ഫോൺ : 2766035, 765770, 2766563**

E-mail:dlccalicut@gmail.com




നല്ലളം വ്യവസായ എസ്റ്റേറ്റ്

**സ്ഥാപനത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ**

**സംരംഭകസഹായ പദ്ധതി** (Entrepreneur Support Scheme)

അപേക്ഷ നൽകേണ്ടത് ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ഉൽപാദനം ആരംഭിച്ചതിനുശേഷം ഒരു വർഷത്തിനുള്ളിൽ ജനറൽ മാനേജർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15-30% വരെ സബ്സിഡി ലഭിക്കും. 1000 രൂപയാണ് അപേക്ഷാ ഫീസ്

**PMEGP പദ്ധതി പ്രകാരം സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ബാങ്ക് മുഖേന വായ്പ**

www.kviconline.com എന്ന വെബ്സൈറ്റിൽ PMEGP-e-portal ൽ ഓൺലൈൻ ആയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 25 ലക്ഷംവരെ പ്രൊജക്റ്റ് കോസ്റ്റ് ഉള്ള ഉൽപാദന സംരംഭങ്ങൾക്കും 10 ലക്ഷം വരെയുള്ള സേവന സംരംഭങ്ങൾക്കും വായ്പ നൽകുന്നു. അപേക്ഷ അയക്കുന്ന സംരംഭകരെ കൂടികാഴ്ചയ്ക്കു വിളിക്കുകയും തിരഞ്ഞെടുപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട ബാങ്കിലേക്ക് അയക്കുകയും ലോൺ പാസാകുന്ന മുറയ്ക്ക് സൗജന്യ പരിശീലനം നൽകുകയും ചെയ്യും.

**സബ്സിഡി നിരക്ക് താഴെ പറയും പ്രകാരമാണ്.**

| | അർബൻ | റൂറൽ |
|---|---|---|
| ജനറൽ | 15% | 25% |
| സ്പെഷ്യൽ കാറ്റഗറി (എസ്.സി /എസ്.ടി/പിന്നോക്ക വിഭാഗം/വനിതകൾ വിമുക്ത ഭടൻ/ഭിന്ന ശേഷിക്കാർ ) | 25% | 35% |

**സംരംഭകത്വ വികസന ക്ലബുകൾ**

വിദ്യാർത്ഥികളിൽ സംരംഭകത്വം വികസിപ്പിക്കുന്നതിന് പ്രൊഫഷണൽ കോളേജുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾഎന്നിവിടങ്ങളിൽ സംരംഭകത്വ വികസന ക്ലബുകൾ സ്ഥാപിക്കുന്നതിന് നേതൃത്വം നൽകുന്നു. വിദ്യാർത്ഥികൾക്ക് സ്വന്തമായ ഒരു സംരംഭം എന്ന ആശയം നൽകുകയാണ് ക്ലബുകളുടെ ലക്ഷ്യം. നിർദ്ദിഷ്ട ഫോറത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിൽ അപേക്ഷ നൽകാവുന്നതാണ്.

**ഉദ്യോഗ് ആധാർ- മൈക്രോ, ചെറുകിട ഇടത്തരം യൂണിറ്റുകൾക്കുള്ള രജിസ്ട്രേഷൻ**

www.udyogaadhar.comഎന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതും ഉടൻ തന്നെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് ജില്ലാ വ്യവസായ കേനദ്രത്തിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

**കൈത്തറി മേഖലക്ക് നൽകുന്ന സേവനങ്ങൾ**

സംഘങ്ങൾക്ക് പണിശാല നിർമ്മാണത്തിന് ധനസഹായം – കെട്ടിടനിർമ്മാണം, റിപ്പയർ എന്നിവയ്ക്ക് അർഹമായ സംഘങ്ങൾക്ക് ലഭിക്കുന്നു.

**ഡൈ ഹൗസ് ഗ്രാന്റ്**

ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയമായ ഡൈഹൗസുകൾ സ്ഥാപിക്കുന്നതിന് പരമാവധി 4 ലക്ഷം രൂപ വരെ ലഭിക്കുന്നു. നിശ്ചിത അപേക്ഷ ഫോറത്തിൽവേണം അപേക്ഷ സമർപ്പിക്കാൻ. അപേക്ഷ ഫീസ് ഇല്ല.

**കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനം**

നിശ്ചിത അപേക്ഷ ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ഫീസ് 750 രൂപയാണ്. 15 വർഷത്തിനുശേഷം 10 വാർഷിക തവണകളായി തിരിച്ചടക്കേണ്ടതാണ്.

**സ്വകാര്യ മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ**

**സ്വയംതൊഴിൽ പദ്ധതി**

കൈത്തറി വ്യവസായത്തെ നിലനിർത്തുന്നതിനും സ്വകാര്യസംരംഭകത്വം വർദ്ധിപ്പിക്കുന്നതിനുമായി സ്വയംതൊഴിൽ പദ്ധതി നടപ്പാക്കി വരുന്നു. 10 തറികൾ അടങ്ങിയ ഒരു സ്വകാര്യ യൂണിററിന്റെ സ്ഥിര മൂലധനത്തിന്റെ 40% ഉം പരമാവധി 4 ലക്ഷം രൂപയുടം പ്രവർത്തന മൂലധനത്തിന്റെ 30% പരമാവധി ഒന്നരലക്ഷം വരെ നിബന്ധനകൾക്കു വിധേയമായി സബ്സിഡിയായി നൽകുന്നു. യന്ത്രത്തറി മേഖലയിൽ സ്വകാര്യ സംരംഭകർക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സ്ഥിര മൂലധനത്തിന്റെ 25%പരമാവധി 15 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു.

**കൈത്തറി/യന്ത്രത്തറി ഇൻകുബേഷൻ സെന്റർ**

സംരംഭകർക്കുള്ള സ്ഥലം, ബന്ധപ്പെട്ട മറ്റു സൗകര്യങ്ങൾ, സങ്കേതിക ഉപദേശം, ഉൽപ്പന്നങ്ങളുടെ ഡിസൈൻ, വിപണനം, മറ്റ് സാമ്പത്തിക മാധ്യമങ്ങൾ എന്നിവയ്ക്കുള്ള സൗകര്യങ്ങൾ, കാര്യക്ഷമതയുള്ള സംരംഭകർക്ക് 12 മാസം വരെ പ്രദാനം ചെയ്യുന്നു.യൂണിറ്റുകൾ തുടങ്ങുന്നതിന് ബാങ്ക് ധനസഹായത്തിന് അർഹമായ പ്രൊജക്ടുകൾക്ക് 30% മാർജ്ജിൻ മണി ധനസഹായം നൽകുന്നു.

**സംഘങ്ങൾക്കുള്ള പുനരുജീവന പദ്ധതി**

ഫാക്ടറി സംഘങ്ങളുടെ പ്രവർത്തനം ഊർജിതപ്പെടുത്തുന്നതിന് ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിന് സഹായം നൽകുന്നു. സംഘങ്ങളുടെ ഇ.എസ്.ഐ., പി.എഫ്. കുടിശ്ശിക തീർക്കുന്നതിന് 5 ലക്ഷം വരെയും പ്രവർത്തന മൂലധനം നൽകി. കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനുമായി ഒരു തറിക്ക് 10000 രൂപ തോതിൽ പരമാവധി 5 ലക്ഷം രൂപവരെയും കെട്ടിട നവീകരണത്തിന് എസ്റ്റിമേറ്റിന്റെ 90% പരമാവധി 3 ലക്ഷം രൂപ വരെയും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിന് 1 ലക്ഷം രൂപവരെയും ലഭിക്കുന്നു.

**നെയ്ത്ത് ഉപകരണങ്ങൾ നൽകൽ**

അർഹരായ നെയ്ത്തുകാർക്ക്, ഓട്, അച്ച്, റക്ക എന്നീനെയ്ത്തുപകരണങ്ങൾ മാറ്റിസ്ഥാപിക്കുന്നതിന് ഒരു തറിക്ക് പരമാവധി 3000 രൂപ വരെ ധനസഹായം 2 വർഷ ഇടവേളകളിൽ ലഭിക്കുന്നു.

പ്രീലൂം പ്രോസസിംഗ് – ഭാഗിക യന്ത്രവൽകൃത സംഘങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെയും വിശദമായ പ്രൊജക്ട് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഭാഗിക യന്ത്രവൽക്കരണത്തിന് 80% വരെ അനുവദിക്കും

**കൈത്തറിയുടെ പ്രചാരവും മേൻമയും വർദ്ധിപ്പിക്കുന്ന പദ്ധതികൾ**

ജില്ലയിലെ നെയ്ത്തുകാരിൽ നിന്നും കലാപരമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ത്രിദിന പരിശീലനം, അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ഒരു തറിക്ക് 3000 രൂപ വരെധനസഹായം, വേജ് കോമ്പൻസേഷനായി 3500 രൂപവീതംനൽകി വരുന്നു.

**സാങ്കേതികവിദ്യ മെച്ചപ്പെടുത്തൽ**

മെച്ചപ്പെട്ട സാങ്കേതികവിദ്യ അനുവർത്തിക്കുന്നതിലൂടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ജക്കാർഡ്, ലാറ്റിസ്ഡോബി തുടങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഗ്രാന്റ് നൽകുന്നു.

**പരിശീലനം (നെയ്ത്തുകാർക്ക്)**

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് മൂന്ന് മാസത്തിൽ അധികരിക്കാത്ത വിധത്തിൽ സ്റ്റൈപ്പൻറോടുകൂടി പരിശീലനം നൽകുന്നു.

**ഇംകംസപ്പോർട്ട് സ്കീം**

കുറഞ്ഞത് 100 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കി കൊണ്ട് പ്രതിദിന വരുമാനം 150 രൂപ ഉറപ്പാക്കികൊണ്ട് പരമാവധി 75 രൂപ വരെ ഒരു ദിവസത്തേക്ക് നൽകാവുന്നതിനുള്ള സ്കീമാണിത്.

**പ്രൊഡക്ഷൻ ഇൻസൻറീവ്**

കൈത്തറി എക്സ്പോർട്ട് കമ്മിറ്റി നിശ്ചയിച്ചതുപ്രകാരം ഓരോ ഉൽപന്നത്തിനും സാധ്യമായവർക്ക് ലോഡിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച മീറ്ററേങ്ങിൽ കൂടുതൽ നെയ്യുന്ന തൊഴിലാളിക്ക് അധികമായി നെയ്ത്തുതുണികളുടെ അളവിന്റെ ഇരട്ടിയുടെ കൂലി ഇൻസെൻറീവായി നൽകുന്നു.

**ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ്**

നിലവിലുള്ള കൈത്തറി തുണികളിൽ നിന്നും വിഭിന്നമായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഇറക്കുന്നതിന് 2 ലക്ഷം രൂപ വരെയും (യന്ത്രസാമഗ്രികൾ) ക്ലസ്റ്ററുകൾക്ക് 15 ലക്ഷം രൂപ വരെയും 100% ഗ്രാൻറും പുതിയ ഡിസൈൻ വികസിപ്പിക്കുന്നതിന് സംഘത്തിന് 2 ലക്ഷം രൂപ വരെയും ക്ലസ്റ്ററുകൾക്ക് 5 ലക്ഷം വരെയും ഗ്രാന്റ് ആയി നൽകുന്നു.

**വിപണി വികസിപ്പിക്കുന്നതിന്**

സംഘങ്ങൾക്ക് ഷോറൂം ഔട്ട്ലറ്റുകൾ നിർമ്മിക്കുന്നതിന് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും 40% പരമാവധി 10 ലക്ഷം വരെ, മെച്ചപ്പെടുത്തുന്നതിന് 50% 3 ലക്ഷം വരെയും നൽകും.

**ഏകജാലക സംവിധാനം**

സംരംഭങ്ങൾ തുടങ്ങുന്നതിനും പുതുക്കുന്നതിനും സർക്കാരിന്റെ വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും കേരള ഇൻഡസ്ട്രിയൽ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻ ഫെസിലിറ്റേഷൻ ആക്ട് 2018 . ഈ ആക്ട് നിലവിൽ വന്നതോടുകൂടി 15 കോടിയിൽ താഴെ മൂലധന നിക്ഷേപമുള്ള വ്യവസായസംരംഭങ്ങളുടെ ലൈസൻസുകൾ ജില്ലാ വ്യവസായ കേന്ദ്രം മുഖേനയുള്ള ഏകജാല സംവിധാനം മുഖേന പരിഗണിക്കുകയും ശരിയായ രീതിയിലുള്ള അപേക്ഷകൾക്ക് ഇതിനായി രൂപീകരിച്ച ജില്ലാബോർഡുകൾ 30 ദിവസത്തിനകം ആവശ്യമായ എല്ലാ അനുമതി പത്രങ്ങളും ചെയ്യുന്നു.

**കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം**

അനുയോജ്യരായ സംരംഭകരെ കണ്ടെത്തി അവർക്ക് സംരംഭകത്വ വികസന പരിശീലനം നൽകുന്നതിന് ബ്ലോക്ക് തലത്തിലും പരിശീലന പരിപാടികളും ടെക്നിക്കൽ ആന്റ് മാനേജ്മെന്റ് പരിപാടികൾ ഐ.എൽ.ഒയുടെ സഹകരണത്തോടെ നടപ്പാക്കുന്നു.

എല്ലാ ബ്ലോക്കുകളിലും വ്യവസായ വികസനഓഫീസർമാരുടെ സേവനം തിങ്കൾ, ബുധൻ ദിവസങ്ങളിൽ വടകര, കൊയിലാണ്ടി, കോഴിക്കോട് താലൂക്ക് വ്യവസായ ഓഫീസുകളിൽ താലൂക്ക് ഓഫീസർമാരുടെ സേവനവും, ജില്ലാ വ്യവസായ കേന്ദ്രത്തിൽ സേവനം എല്ലാ ദിവസവും ലഭ്യമാണ്.

# ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസ്

ചെറൂട്ടി റോഡ്, കോഴിക്കോട് - 673 032

**ഫോൺ : 0495 2366156**

E-mail:pokzd@kkvib.org

സ്ഥാപനത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ – ഖാദി നൂൽ–നെയ്ത്ത് ഉൽപാദന കേന്ദ്രങ്ങളുടെ പ്രവർത്തനവും, ഹണി പ്രൊസസ്സിംഗ്, മരച്ചക്കിലാട്ടിയ എള്ളെണ്ണ ഉൽപാദനം, പോട്ടറി ഉൽപ്പാദനം, വിപണനം, ഖാദി നൂൽ നെയ്ത്ത പരിശീലനം, ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങളും പ്രൊജക്ട് തുകയുടെ 25 ശതമാനം മുതൽ 35 ശതമാനം വരെ മാർജിൻ മണി ഗ്രാൻറും നൽകുന്നു.

**സ്കീമുകൾ**

1.പി.എം.ഇ.ജി.പി.പദ്ധതി – കേന്ദ്രഗവൺമെന്റ് പദ്ധതി

2.എന്റെ ഗ്രാമം പദ്ധതി –കേരള ഗവൺമെന്റ് പദ്ധതി

**നിബന്ധനകൾ**

1.പഞ്ചായത്ത് പ്രദേശങ്ങളിൽ മാത്രമേ യൂണിറ്റ് ആരംഭിക്കുവാൻ പാടുള്ളൂ.

2.ഖാദി കമ്മീഷൻ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യവസായ യൂണിറ്റ് ആയിരിക്കണം

3.പി.എം.ഇ.ജി.പി. പദ്ധതി പ്രകാരം 25 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് വായ്പ നൽകുന്നതാണ്.

4.പദ്ധതിയുടെ മൂലധന ചെലവിന്റെ ഓരോ 1 ലക്ഷം രൂപയ്ക്കും ഒരാൾക്ക് വീതം തൊഴിൽ നൽകിയിരിക്കണം.

5.അടങ്കൽ തുകയുടെ ജനറൽ വിഭാഗത്തിന് 10% വും മറ്റ് വിഭാഗങ്ങൾക്ക് 5% സ്വന്തമായി നിക്ഷേപിക്കണം.

6.സേവനം ലഭ്യമാക്കുന്ന സമയപരിധി – അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സേവനം ലഭ്യമാകുന്നതാണ്.

ഫീസ് – അപേക്ഷ ഫീസില്ല. അപേക്ഷ ഓൺലൈനിൽ സ്വീകരിക്കുന്നു.

**മറ്റു വിവരങ്ങൾ**

വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ, ട്രസ്റ്റുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവർക്ക് മാർജ്ജിൻമണി പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകുന്നുണ്ട്. ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ എന്നീ ധനകാര്യ

സ്ഥാപനത്തിലൂടെയാണ് സാമ്പത്തിക സഹായം നൽകുന്നത്. DLTFC വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

**എന്റെ ഗ്രാമം പദ്ധതി** – ഈ പദ്ധതി പ്രകാരം 5 ലക്ഷം വരെ പരമാവധി വായ്പ നൽകുന്നു. 25% മുതൽ 40% വരെ സബ്സിഡി ഇനത്തിൽ അനുവദിക്കുന്നു. അപേക്ഷ ഓഫീസിൽ നിന്നും നൽകുന്നു. ഫീസ് ഈടാക്കുന്നില്ല. നിബന്ധനകൾ പി.എം.ഇ.ജി.പി.സ്കീമിന്റെ മാതൃകയിൽ.

ഈ ഓഫീസിന് കീഴിൽ ബാലുശ്ശേരി തേൻ സംസ്കരണ കേന്ദ്രത്തിൽ പദ്ധതിയുടെ ലഭ്യതക്കനുസരിച്ച് പഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് തേനീച്ച വളർത്തലിൽ പരിശീലനം നൽകുന്നു. പരിശീലനം നേടിയവർക്ക് തേനീച്ചകളും മറ്റു അനുബന്ധ സാധനങ്ങളും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. തേനീച്ച വളർത്തലിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.

ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും അനുബന്ധ സേവനങ്ങളും.

# ജില്ലാ സാമൂഹ്യനീതി ഓഫീസ്, കോഴിക്കോട്

ഫോൺ : 0495 2371911, Email:dsjokkd@gmail.com

**1.ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

ഒന്നാം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ വിവിധ ക്ലാസുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന സ്കോളർഷിപ്പ് നൽകി വരുന്ന പദ്ധതി (1-4 വരെ 300 രൂപ, 5 മുതൽ 10 വരെ 500 രൂപ, ബിരുദം ബിരുദാനന്തര ബിരുദം 1000 രൂപ) 36000 രൂപയിൽ കൂടുതൽ വാർഷിക വരുമാനമില്ലാത്ത 40% ന് മുകളിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാം. അദ്ധ്യയനം ആരംഭിച്ച് മൂന്ന് മാസത്തിനകം അപേക്ഷ സമർപ്പിക്കണം. സമാന്തര കോഴ്സുകളോ പാർട്ട് ടൈം കോഴ്സുകളോ പഠിക്കുന്ന വിദ്യാർത്ഥികൾ കൂടാതെ തോറ്റ വിദ്യാർത്ഥികൾ എന്നിവർ സ്കോളർഷിപ്പിന് അർഹരല്ല. വിശദവിവരങ്ങൾക്കും സൗജന്യ അപേക്ഷാ ഫോറത്തിനും ജില്ലാ സാമൂഹ്യനീതി ഓഫീസിനെ സമീപിക്കാവുന്നതാണ്.

**2.ഭിന്നശേഷി തിരിച്ചറിയൽ കാർഡ്**

ഭിന്നശേഷി നിയമം (പി.ഡബ്ല്യൂ.ഡി ആക്ട് 1995) അനുസരിച്ച് ഭിന്നശേഷിക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകിവരുന്നു. 40 ശതമാനമോ അതിനുമുകളിലോ ഭിന്നശേഷി ഉണ്ടെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കുടുംബ വാർഷിക വരുമാനം, വയസ്സ്, വിദ്യാഭ്യാസ യോഗ്യത, രക്തഗ്രൂപ്പ് എന്നിവ തെളിയിക്കുന്ന രേഖകൾ രണ്ട് സ്റ്റാമ്പ് സൈസ് ഫോട്ടോ സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ റേഷൻ കാർഡിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണം. ദാരിദ്ര്യരേഖക്ക് മുകളിലുള്ളവർ 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് അപേക്ഷയിൽ പതിക്കണം. ജില്ലാ സാമൂഹ്യനീതി ഓഫീസിലും എല്ലാ ഐ.സി.ഡി.എസ്. ഓഫീസുകളിലും അങ്കണവാടികളിലും അപേക്ഷകൾ സ്വീകരിക്കും.

**3.ഭിന്നശേഷിക്കാർക്ക് ചികിത്സാ ധനസഹായം**

ഭിന്നശേഷിക്കാരുടെ ചികിത്സാ സംബന്ധമായ ചെലവുകൾക്കും അപകടങ്ങളെ തുടർന്ന് വൈകല്യം സംഭവിച്ചവർക്കും ചികിത്സാ സഹായം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതി. അപേക്ഷകർ ഗ്രാമങ്ങളിൽ പരമാവധി 20000 ത്തിൽ കുറവും നഗരങ്ങളിൽ 22500ൽ കുറവു വാർഷിക വരുമാനമുള്ളവരായിരിക്കണം. ഭിന്നശേഷി ബോർഡ് സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സ സംബന്ധിച്ച ഡോക്ടറുടെ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കണം. വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ടി ചികിത്സാ സഹായം പരമാവധി 5000 രൂപ അപേക്ഷന് ഒറ്റത്തവണ നൽകുന്നു. അപേക്ഷാഫോറം ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിന്ന് സൗജന്യമായി ലഭിക്കുന്നു.

**4.മിശ്രവിവാഹിതർക്കുള്ള ധനസഹായം**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പെടാത്ത മിശ്രവിവാഹം ചെയ്യതുമൂലം ദുരിതമനുഭവിക്കുന്ന ദമ്പതികൾക്ക് സഹായം നൽകുന്ന പദ്ധതി. മിശ്രവിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷവും 2 വർഷത്തിനുള്ളിലുമാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷകന്റെ വാർഷിക വരുമാനം പരമാവധി 50000 രൂപയിൽ കവിയാൻ പാടില്ല. വിവാഹ സർട്ടിഫിക്കററ്, വരുമാനസർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഒരു വർഷത്തിലധികമായി ഒരുമിച്ച് താമസിക്കുന്ന എന്നുള്ള ഗസററഡ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. ധനസഹായം 30000 രൂപ

**5.ഓർഫനേജ് ഗ്രാന്റ്**

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരവും സർക്കാർ അംഗീകാരവും ലഭിച്ച ഓർഫനേജുകൾക്ക് അനുവദിച്ച കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഗ്രാന്റ് നൽകുന്നു. അപേക്ഷകൾ എല്ലാ വർഷവും സെപ്റ്റംബർ 30 ത്തിനുള്ളിൽ ലഭിക്കണം. സാമൂഹ്യനീതി ഡയറക്ടർ അനുവദിക്കുന്ന ഫണ്ട് ജില്ലാ പഞ്ചായത്തിനും കോർപ്പറേഷനും കൈമാറുന്നു. ബോർഡിംഗ് ചാർജ്ജ് ഇനത്തിൽ ഒരു കുട്ടിക്ക് പ്രതിമാസം 1000 രൂപ നൽകുന്നു.

**6.അവാർഡുകൾ**

വികലാംഗ ജീവനക്കാർ, വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ, തൊഴിൽദായകർ, കുട്ടികൾക്കുള്ള ധീരതയ്ക്കുള്ള അവാർഡ് എന്നീ വിഭാഗങ്ങളിൽ സംസ്ഥാന–ദേശീയ അവാർഡുകൾ നൽകിവരുന്നു. ഓരോ വർഷവും സർക്കാർ സർക്കുലർ പ്രകാരം അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തിശുപാർശ സഹിതം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

**7.വിദ്യാജ്യോതി**

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ യൂണിഫോം എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി. അപേക്ഷകൻ 40% ത്തിൽ കൂടുതൽ വൈകല്യമുള്ള ആളും സർക്കാർ/ എയ്ഡഡ് സ്ഥാപനത്തിൽ പഠിക്കുന്ന ആളും ആയിരിക്കണം. (9,10 ക്ലാസ് – 2500 രൂപ, പ്ലസ് വൺ, പ്ലസ് ടു, ഐ.ടി.ഐ., വി.എച്ച്.എസ്.സി.– 3500 രൂപ, ഡിഗ്രി, ഡിപ്ലോമ, പി.ജി. – 3500 രൂപ)

**8.പരിരക്ഷ**

ഭിന്നശേഷിക്കാർക്ക് അടിയന്തിര ഘട്ടങ്ങളിൽ ധനസഹായം നൽകുന്ന പദ്ധതി. വരുമാന പരിധിയില്ലാതെ അടിയന്തിര ഘട്ടങ്ങളിൽ ശസ്ത്രക്രിയ, ആംബുലൻസ് സേവനം, വസ്ത്രം, ഭക്ഷണം എന്നിവയ്ക്കും കൂടാതെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനുമായി ആകെ ചെലവാകുന്ന തുകയിൽ 25000 രൂപ വരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അനുവദിക്കാവുന്നതാണ്.

**9.ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി**

40 ശതമാനത്തിനു മുകളിൽ അംഗവൈകല്യമുള്ളവരും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷത്തിൽ കവിയാത്തവരുമായ അപേക്ഷകർക്ക് നൽകി വരുന്നു. ആവശ്യപ്പെടുന്ന സഹായോപകരണം ഉപയോഗിക്കുവാൻ പ്രാപ്തിയുള്ളതായി മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കണം.

**10.സ്വാശ്രയ പദ്ധതി**

തീവ്ര മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ മാതാവിന്/രക്ഷാകർത്താവിന് സ്വയം തൊഴിൽ ചെയ്യുന്നതിന് സാമ്പത്തികസഹായം അനുവദിക്കുന്ന പദ്ധതി. 70 ശതമാനത്തിൽ കൂടുതൽ മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ സംരക്ഷിക്കുന്ന ബി.പി.എൽ.കുടുംബത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാം. 35000 രൂപ പരമാവധി ധനസഹായം അനുവദിക്കുന്നു.

**11.വിദ്യാകിരണം**

സാമ്പത്തിക പരാധീനത കാരണം ദുരിതമനുഭവിക്കുന്ന ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി. ബി.പി.എൽ. അംഗമായ രക്ഷിതാവിന് 40 ശതമാനത്തിൽ കൂടുതൽ ഭിന്നശേഷിയുണ്ടായിരിക്കണം. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന മറ്റ് പദ്ധതികൾ പ്രകാരം വിദ്യാഭ്യാസ ധനസഹായം ലഭിക്കാത്ത കുട്ടികൾക്ക് അപേക്ഷിക്കാം. എന്നാൽ കമ്മ്യൂണിറ്റി അടിസ്ഥാനത്തിൽ ഗ്രാന്റ് ലഭിക്കുന്നവർക്ക് അപേക്ഷിക്കാം ( 1-5 – 300 രൂപ, 6–10 500 രൂപ, പ്ലസ്വൺ, പ്ലസ് ടു – 750രൂപ, ബിരുദം, ബിരുദാനന്തര ബിരുദം – 1000 രൂപ)

**12.പരിണയം**

ഭിന്നശേഷിക്കാരുടെ പെൺമക്കൾക്ക്/ഭിന്നശേഷിക്കാരായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി. 36000 രൂപയിൽ കൂടുതൽ വാർഷികവരുമാനം ഇല്ലാത്തവരായിരിക്കണം അപേക്ഷകർ. രണ്ട് പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുന്നു. എന്നാൽ ആദ്യ കുട്ടിയുടെ വിവാഹത്തിന് ധനസഹായം കൈപ്പറ്റി മൂന്ന് വർഷത്തിനുശേഷമേ രണ്ടാമത്തെ കുട്ടിയുടെ വിവാഹത്തിനുള്ള ധനസഹായത്തിന് അപേക്ഷ സമർപ്പിക്കാവൂ. (30000 രൂപ ധനസഹായം ലഭിക്കുന്നു)

**13.മാതൃജ്യോതി**

കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തര ധനസഹായം നൽകുന്ന പദ്ധതി. 40 ശതമാനത്തിൽ കൂടുതൽ കാഴ്ചവൈകല്യമുള്ളവരും കുടുംബ വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതുമായ അമ്മമാർക്ക് അപേക്ഷിക്കാം. പ്രസവാനന്തരം 3 മാസത്തിനുള്ളിൽ

അപേക്ഷ സമർപ്പിക്കാം. പ്രതിമാസം 2000 രൂപ നിരക്കിൽ കുട്ടിക്ക് 2 വയസ്സാകുന്നതുവരെ 48000 രൂപ ലഭിക്കുന്നു

14.വിദൂര വിദ്യാഭ്യാസം/ഓപ്പൺ സ്കൂൾ, കോളേജ് സംവിധാനത്തിലൂടെ വിദ്യാഭ്യാസം ചെയ്യുന്ന ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്

ഒരു ലക്ഷത്തിൽ കൂടുതൽ വാർഷികവരുമാനമില്ലാത്തവർക്ക് അപേക്ഷിക്കാം. ഓരോ വർഷവും കൃത്യമായി പരീക്ഷയ്ക്ക് ഹാജരാകുന്നവർക്ക് മാത്രമേ തുടർ സഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

**15.ഭിന്നശേഷിക്കാർക്ക് പത്താം ക്ലാസ്/പന്ത്രണ്ടാം ക്ലാസ് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള ധനസഹായം**

40 ശതമാനത്തിൽകൂടുതൽ ഭിന്നശേഷിയുള്ളവരും ഒരുലക്ഷം രൂപയിൽ കൂടുതൽ കുടുംബ വാർഷിക വരുമാനമില്ലാത്ത വർക്കും അപേക്ഷിക്കാവുന്ന പദ്ധതി. വിവിധ കാരണങ്ങളാൽ സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയ ഭിന്നശേഷിക്കാർക്ക് സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ പരീക്ഷയെഴുതുന്നവർക്ക് മുഴുവൻ ചെലവും നൽകുന്ന പദ്ധതി.

**16.മന്ദഹാസം**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 60 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് മുഴുവൻ പല്ലും മാറ്റിവെച്ച് നൽകുന്ന പദ്ധതി. സൗജന്യ അപേക്ഷാഫോറം ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ലഭിക്കുന്നതാണ്.

**17.സൈക്കോസോഷ്യൽ ഗ്രാന്റ്**

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി എൻ.ജി.ഒ കൾ നടത്തിവരുന്നതും, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരവും, സർക്കാർ അംഗീകാരവും ലഭിച്ച സ്ഥാപനങ്ങൾക്ക് താമസക്കാരുടെ എണ്ണത്തിനനുസരിച്ച് ഗ്രാന്റ് നൽകുന്ന പദ്ധതി. എല്ലാ വർഷവും മെയ് 31 ന് അപേക്ഷ സമർപ്പിക്കണം.

**18.വയോശ്രേഷ്ഠാ സമ്മാൻ**

മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വ്യക്തികൾക്ക് ദേശീയ തലത്തിൽ നൽകിവരുന്ന അവാർഡ്.

# ജില്ലാ വനിത ശിശുവികസന ഓഫീസ്

ഫോൺ:0495 2370750 Email:dwcdokkd@gmail.com

**വനിതാ ശിശു വികസന വകുപ്പ് മുഖേനയുള്ള സഹായങ്ങൾക്ക് അപേൾക്ഷിക്കേണ്ട വിധം**

www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക പൊതുജന പദ്ധതികൾ എന്ന വെബ് പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് തുറന്നു വരുന്ന വിശദമായ നിർദ്ദേശങ്ങൾ പാലിച്ച് അപേക്ഷിക്കാവുന്നതാണ്.

1.അഭയ കിരണം(വിധവകളെ സംരക്ഷിക്കുന്നവർക്കുള്ള ധനസഹായം)

1000 രൂപ വീതം പ്രതിമാസം ധനസഹായം

അർഹതാമാനദണ്ഡം

1.സംരക്ഷിക്കപ്പെടുന്ന വിധവകൾ 50 വയസ്സിന് മുകളിൽ പ്രായമുള്ളവരായിരിക്കണം(വയസ്സ് തെളിയിക്കുന്ന സാക്ഷ്യപത്രം സ്കൂൾ സർട്ടിഫിക്കറ്റ്, ഇലക്ഷൻ ഐ.ഡി,ആധാർ കാർഡ്, റേഷൻ കാർഡ് മുതലായവ)

2.വാർഷിക വരുമാനം 100000 രൂപയിൽ കവിയരുത്(വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്/ മുൻഗണന/ ബി.പി.എൽ വിഭാഗം റേഷൻ കാർഡിന്റെ പകർപ്പ്)

3.വിധവകൾ സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ കൈപ്പറ്റുന്നവരാകരുത്

4.വിധവകൾക്ക് പ്രായപൂർത്തിയായ മക്കൾ ഉണ്ടായിരിക്കരുത്

5. വിധവയെ സംരക്ഷിക്കുന്ന അപേക്ഷകർ സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ, സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന മറ്റ് സഹായങ്ങൾ കൈപ്പറ്റുന്നവരാകരുത്(ഉദ-ആശ്വാസകിരണം, സമാശ്വാസം)

6.വിധവകൾ ബന്ധുവിന്റെ സംരക്ഷണത്തിൽ കഴിയുന്ന വ്യക്തിയാണെന്ന് തദ്ദേശ ഭരണ പ്രതിനിധി/വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം അപ് ലോഡ് ചെയ്യണം

7.താമസിക്കുന്നതിന് സ്വന്തമായി ചുറ്റുപാടോ സൗകര്യമോ ഉള്ള വധവകളായിരിക്കരുത്

8.ഏതെങ്കിലും സ്ഥാപനത്തിൽ താമസിക്കുന്ന വിധവകൾ ധനസഹായത്തിന് അർഹരല്ല.

**മംഗല്യ**

സാധുക്കളായ വിധവകൾ, നിയമപരമായി വിവാഹമോചനം നേടിയവർ എന്നിവരുടെ പുനർവിവാഹത്തിന് 25000 രൂപ ധനസഹായം

**അർഹത**

1.അപേക്ഷക ബി.പി.എൽ/മുൻഗണന വിഭാഗത്തിൽ പെടുന്നവരായിരിക്കണം

2.ഭർത്താവിന്റെ മരണംമൂലം വിധവയായവർ/നിയമപ്രകാരം വിവാഹബന്ധം വേർപെടുത്തിയതിന് ശേഷം വിധവയ്ക്ക് സമാനമായ ജീവിതം നയിക്കുന്നവർ

3.പുനർവിവാഹം വിവാഹ രജിസ്റ്റാർ മുൻപാകെ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

4.പുനർവിവാഹത്തിന് ശേഷം 6 മാസത്തിനകം അപേക്ഷിക്കണം

5.18 നും 50നും മദ്ധ്യേ പ്രായമുള്ള വിധവകളായിരിക്കണം

**ഹാജരാക്കേണ്ട രേഖകൾ**

1.ആദ്യ വിവാഹത്തിലെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്

2.വിവാഹബന്ധം വേർപെടുത്തിയത് സംബന്ധിച്ച കോടതി ഉത്തരവ്

3.ബി.പി.എൽ/മുൻഗണന തെളിയിക്കുന്ന റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ

4.അപേക്ഷകയുടെ ബാങ്ക് പാസ് ബുക്ക്

5.പുനർവിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ്

**പടവുകൾ**

വിധവകളുടെ പ്രൊഫണൽ കോഴ്സുകൾക്ക് പഠിക്കുന്ന (എഞ്ചിനീയറിംഗ്, ബി.ഡി.എസ്, മെഡിസിൻ മുതലായവ) മക്കളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് മെസ്സ് ഫീസ് എന്നിവയ്ക്ക് സഹായം

1.സെമസ്റ്റർ ഫീസാണെങ്കിൽ തവണയായും, വാർഷിക ഫീസായണെങ്കിൽ ഒറ്റത്തവണയും നർകുന്നു

2.മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയവരായിരിക്കണം( കേന്ദ്ര/സംസ്ഥാന സർക്കാരുകൾ,മെഡിക്കൽ കൌൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച കോഴ്സുകൾ)

3.വാർഷിക വരുമാനം 300000 ലക്ഷത്തിൽ കവിയരുത്

**വനിതാഗൃഹനാഥ**

1 മുതൽ 5 വരെ 3000 രൂപ, 6 മുതൽ 10 വരെ 5000 രൂപ, +1, +2 7500 രൂപ, ഡിഗ്രി/ഡിപ്ലോമ/പി.ജി. ക്ലാസ്-10000 രൂപ വീതമാണ് സ്കോളർഷിപ്പ്

1.ബി.പി.എൽ/മുൻഗണനാ വിഭാഗത്തിൽ പെട്ടവർ മാത്രമായിരിക്കണം അപേക്ഷകർ

2.വിവാഹ മോചിതരായ വനിതകൾ ഗൃഹനാഥയായ കുടുംബത്തിലെ കുട്ടികൾക്ക് സഹായത്തിന് അർഹരായിരിക്കും.

4.പുനർവിവാഹിതർ അർഹരല്ല

5.ഭർത്താവ് ഉപേക്ഷിച്ചുപോയ വനിതകളുടെ മക്കൾക്ക് അർഹതയുണ്ടായിരിക്കും.

6.ഭർത്താവിനെ കാണാതായി 1 വർഷം കഴിഞ്ഞ വനിതകളുടെ മക്കൾക്ക് അർഹതയുണ്ടായിരിക്കും.(ബന്ധപ്പെട്ട റവന്യൂ/വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം.

7.ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ് പക്ഷാഘാതം കാരണം ജോലിചെയ്യാൻ കഴിയാത്ത വനിതകളുടെ മക്കൾക്ക് അർഹതയുണ്ടായിരിക്കും.(സർക്കാർ ഡോക്ടറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം).

8.നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകളുടെ മക്കൾക്ക് അർഹതയുണ്ടായിരിക്കും

9.ഒരു കുടുംബത്തിൽ നിന്നും പരമാവധി 2 കുട്ടികൾക്ക് മാത്രമെ ധനസായത്തിന് അർഹതയുള്ളു.

10.മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കണം.

**സഹായഹസ്തം**

30000 രൂപ ഒറ്റത്തവണ ധനസഹായം ലഭിക്കുന്നു 18 വയസ്സിൽ താഴെ പ്രായമുള്ള പെൺകുട്ടികളും ഭിന്നശേഷിക്കാരുമായ മക്കൾ ഉള്ള വിധവകൾക്ക് മുൻഗണന ഒറ്റത്തവണ ധനസഹായം കൊണ്ട് തുടങ്ങുന്ന തൊഴിൽ സംരംഭം ചുരുങ്ങിയത് 5 വർഷമെങ്കിലും നടപ്പാക്കിയിരിക്കണം.

1.സംരംഭങ്ങൾ തുടങ്ങുന്നതിന് 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്കുള്ള ധനസഹായം

2.സംരംഭം ഒറ്റയ്ക്കോ ഗ്രൂപ്പായോ(കുടുംബശ്രീ,വനിതാ കൂട്ടായ്മ, വനിതാ സംഘം മുതലായവ) നടത്താവുന്നതാണ്. ഒരു ജില്ലയിൽ നിന്നും 10 പേർക്ക് ധനസഹായം നൽകും.

3.ഗുണഭോക്താവിന്റെ വാർഷിക വരുമാനം 1 ലക്ഷത്തിൽ താഴെ ആയിരിക്കണം (ബി.പി.എൽ/മുൻഗണനാ വിഭാഗത്തിന് മുൻഗണന)

4.സ്വയം തൊഴിലിന് സഹായം കൈപ്പറ്റിയവർ അർഹരല്ല

വിശദവിവരങ്ങൾക്ക് www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

# വനിത ശിശുവികസന വകുപ്പ്

ജില്ലാതല ഐ.സി.ഡി.എസ്. സെൽ കോഴിക്കോട്

**ഫോൺ** : 0495 2375760. Email:Programmekkd@gmail.com

ഐ.സി.ഡി.എസുകളിലൂടെ സ്ത്രീകൾ/ കുട്ടികൾ/ കൌമാരക്കാരായ പെൺകുട്ടികൾ/ ഗർഭിണികൾ/ മുലയൂട്ടുന്ന അമ്മമാർ എന്നിർക്കായി നടപ്പിലാക്കിവരുന്ന വിവിധ സേവനങ്ങളുടേയും, ക്ഷേമ പ്രവർത്തനങ്ങളുടേയും ഏകോപനവും, മേൽനോട്ടവും നടത്തുന്നു.

**സേവനങ്ങൾ**

- അനുപൂരക പോഷകാഹാരം
- പ്രതിരോധ കുത്തിവെയ്പ്പ്
- ആരോഗ്യ പരിശോധന
- അനൌപചാരിക വിദ്യാഭ്യാസം
- പോഷകാഹാരവും ആരോഗ്യ വദ്യാഭ്യാസവും

വീറ്റ് ബേയസ്ഡ് ന്യൂട്രീഷ്യസ് പ്രോഗ്രാം(ഡെബ്ലൂ.ബി.എൻ.പി),ടി.എച്ച് ആർ എസ്

അംഗണവാടികളിലൂടെ പാലും മുട്ടയും വിതരണം ചെയ്യുന്നു, അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി ഗർഭിണികൾ, മുലയുട്ടുന്ന അമ്മമാർ എന്നിവർക്കും, 6 വയസുവരെയുള്ള കുട്ടികൾക്കു പോഷകാഹാരം നൽകുന്നു.

**മറ്റു പദ്ധതികൾ**

- ജില്ലയിലെ അഗണവാടികളിലെ വർക്കർ, ഹെൽപ്പർ എന്നിവർക്ക് നൽകുന്ന പരിശീലന പരിപാടികളുടെ നടത്തിപ്പും മേൽനോട്ടവും
- ശിശുവികസന പദ്ധതി ഓഫീസർമാരുടേയും, സൂപ്പർവൈസർമാരുടേയും പരിശീലന പരിപാടികളുടെ നടത്തിപ്പും മേൽനോട്ടവും
- അങ്കണവാടികളിൽ മെഡിസിൻ കിറ്റ്, പ്രീ-സ്കൂൾ, കണ്ടിജൻസി സാധനങ്ങൾ എന്നിവയുടെ വിതരണത്തിന്റെ മേൽനോട്ടം
- അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം,നവീകരണം തുടങ്ങിയവയുടെ മേൽനോട്ട ചുമതല
- അങ്കണവാടികൾക്കാവശ്യമായ കുടിവെള്ളം, ബേബി ഫ്രണ്ടിലി ടോയ് ലെറ്റ് എന്നീ അടിസ്ഥാന സൌകര്യവികസനങ്ങളുടെ നിർദ്ദേശങ്ങൾ ഐ.സി.ഡി.എസ് ഓഫീസുകളിൽ നിന്നും ശേഖരിച്ച് യഥാസമയം ഡയരക്ടർക്ക് സമർപ്പിക്കുക
- ഐ.സി.ഡി.എസ് ഓഫീസുകൾ, ക്ഷേമ സ്ഥാപനങ്ങൾ, വുമൺ പ്രൊട്ടക്ഷൻ ഓഫീസ്, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് എന്നീ ഓഫീസുകളുടെ വകുപ്പുതല ഓഡിറ്റ്
- ഭാഗീകമായ വേതന നഷ്ടം നികത്തുക, ആരോഗ്യം തേടുന്ന പെരുമാറ്റം മെച്ചപ്പെടുത്തുക, സവിശേഷമായ മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുക എന്നീ

ലക്ഷ്യങ്ങളോടെ ഗർഭിണികൾക്കും, മുലയൂട്ടുന്ന സ്ത്രീകൾക്കും നടപ്പിലാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയായ പ്രധാന മന്ത്രി മാതൃ വന്ദന യോജന(പി.എം.എം.വി.വൈ) പദ്ധതിയുടെ മേൽനോട്ടം

- 6 വയസ്സിൽ താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് ഐ.സി.ഡി.എസുകളിലൂടെ നടത്തുന്ന പ്രതിരോധ കുത്തിവെയ്പ്പ്, ഹെൽത്ത് ചെക്കപ്പ് എന്നിവയുടെ മേൽനോട്ടവും ഏകോപനവും.

# ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കോഴിക്കോട്

സിവിൽസ്റ്റേഷൻ പി.ഒ. കോഴിക്കോട് - 673 020

EMail:dmohkozhikode@gmail.com

ഫോൺ : 0495 2370494, ഫാക്സ് - 0495 2370494

**സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ**

1.വികലാംഗ സർട്ടിഫിക്കറ്റ് (മെഡിക്കൽ ബോർഡ്)

2.വ്യവസായ സംരംഭങ്ങൾ സംബന്ധിച്ച് എൻ.ഒ.സിയും പബ്ലിക് ഹെൽത്ത് ന്യൂയിസൻസ് സംബന്ധിച്ചുള്ള പരാതികളും പരിഹരിക്കൽ

3.മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നൽകൽ

4.പി.എൻ.ഡി.റ്റി. രജിസ്ട്രേഷൻ

5.മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകൽ

6.മെഷിനറി യൂണിറ്റിനുള്ള എൻ.ഒ.സി. നൽകൽ

7.സ്റ്റെറിലൈസേഷൻ സർട്ടിഫിക്കറ്റിനുള്ള മേലൊപ്പ് ചേർത്തൽ

8.പി.എൻ.ഡി.റ്റി.നിയമപ്രകാരമുള്ള സർട്ടിഫിക്കറ്റ്

9.ചികിത്സാ ചെലവ് പ്രതി പൂരണം ചെയ്യുന്നതിനുള്ള അപേക്ഷയുടെ പരിശോധന

10.ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് നൽകൽ

11.വൂണ്ട് സർട്ടിഫിക്കറ്റ് നൽകൽ

12.പോസ്റ്റ്മോർട്ടം റിപ്പോർട്ട്

13.പൊട്ടൻസി സർട്ടിഫിക്കറ്റ്

14.വയസ്സ് തെളിയിക്കുന്ന സാക്ഷ്യപത്രം

15.ചികിത്സാ സാക്ഷ്യപത്രം

16.പ്രസവം രേഖപ്പെടുത്തുന്ന രജിസ്റ്റർ/മരണ രജിസ്റ്റർ എന്നിവയിലെ തിരുത്തൽ

17.യോഗ്യതാ സാക്ഷ്യപത്രത്തിന്റെ മേലൊപ്പ്

18.പ്രവർത്തി പരിചയ സാക്ഷ്യപത്രത്തിന്റെ മേലൊപ്പ്

19.മദ്യപ സാക്ഷ്യപത്രം

20.പ്രതിരോധ ചികിത്സാ സാക്ഷ്യപത്രം

21.എ) ആശുപത്രി വിടുതലിന്റെ സാക്ഷ്യപത്രം

ബി) മരണ കാരണത്തിന്റെ സാക്ഷ്യപത്രം

സി) ചികിത്സാ സംഗ്രഹം

22.അർബുദ/ക്ഷയരോഗികൾക്ക് ധനസഹായത്തിനുള്ള സാക്ഷ്യപത്രം

23.വന്ധീകരണ ശസ്ത്രക്രിയ പരാജയത്തിനുള്ള നഷ്ടപരിഹാരം

24.വന്ധീകരണ ശസ്ത്രക്രിയ മരണത്തിനുള്ള സാക്ഷ്യപത്രം

25.വന്ധീകരണ ശസ്ത്രക്രിയ സങ്കീർണ്ണതകൾക്കുള്ള സാക്ഷ്യപത്രം

26.മെഡിക്കൽ ലീഗൾ സർട്ടിഫിക്കറ്റുകളുടെ വ്യക്തിഗത പകർപ്പ്

27.കാൻസർ ചികിത്സാ ധനസഹായം

28.നിർദ്ധനരായ ക്ഷയരോഗികൾക്ക് സാമ്പത്തിക സഹായം

29.നിർദ്ധനരായ കുഷ്ഠരോഗികൾക്ക് സാമ്പത്തിക സഹായം

30.ദേശീയ ആരോഗ്യ ദൗത്യം മുഖേന നടത്തപ്പെടുന്ന പദ്ധതികൾ

31.ആർ.ബി.എസ്.കെ. പദ്ധതി

32.നവജാത ശിശു പരിശോധാന പദ്ധതി

33.ജന്മനാ ഉള്ള ഹോർമോൺ വ്യതിയാനം കണ്ടെത്തുന്ന പരിശോധന/ഐ.ഇ.എം. സ്ക്രീനിംഗ്

34.കുട്ടികളിലെ കേൾവി പരിശോധന (ഒ.എ.ഇ.)

35.പൾസി ഓക്സി മീറ്റർ പരിശോധന

36.ഹൃദ്യം (കുട്ടികളിലെ ഹൃദയവൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള സൗജന്യ ശസ്ത്രക്രിയ നടത്തൽ)

37.ആർ.ബി.എസ്.കെ. പരിശോധന (കുട്ടികളിലെ ജന്മവൈകല്യങ്ങളും ന്യൂനതകളും കണ്ടെത്തൽ)

38.ആരോഗ്യകിരണം

39.കൗമാരാരോഗ്യ പരിപാടി

40.ജനനി സുരക്ഷ യോജന

41.ജനനി സുരക്ഷ കാര്യക്രം (അമ്മയും കുഞ്ഞും പദ്ധതി)

42.ആശാ പ്രവർത്തനം

43.ഭൂമിക (ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കുള്ള ചികിത്സാ കേന്ദ്രം)

44.ദേശീയ പുകയില നിയന്ത്രണ പരിപാടി

45.ദേശീയ നഗര ആരോഗ്യ ദൗത്യം

# ജില്ലാ മെഡിക്കൽ ഓഫീസ് (ആയൂർവേദം)

ഫോൺ:2371486 Email:dmoismkkd@gmail.com

**ലഭിക്കുന്ന സേവനങ്ങൾ**

1.ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ആയുർവേദ സ്ഥാപനങ്ങളിലേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

2.സർക്കാർ ആയുർവേദ സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുക.

3.രോഗപ്രതിരോധ മെഡിക്കൽ ക്യാമ്പുകൾക്കാവശ്യമായ സഹായസഹകരണങ്ങൾ ഉറപ്പുവരുത്തുക.

4.ആയുർവേദ പ്രചാരണ സംബന്ധമായ പരിപാടികളിൽ നേതൃത്വപരമായ പങ്ക് വഹിക്കുക.

5.ചികിത്സാ സംബന്ധിയായ മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധിക്കുക (രണ്ടാം വൈദ്യപരിശോധന)

6.അതാത് സമയങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളും ആവശ്യമുള്ള സ്ഥലത്ത് മെഡിക്കൽ ക്യാമ്പുകളും നടത്തുക.

7.ജില്ലാ പഞ്ചായത്തിന്റെ ആയുർവേദ സംബന്ധിയായ പദ്ധതികളിൽ നിർവ്വഹണം നടത്തുക.

8.ജില്ലാ ആശുപത്രികളിലും മറ്റ് സർക്കാർ ആയുർവേദ സ്ഥാപനങ്ങളിലും മതിയായ ചികിത്സാ സൗകര്യം ഉറപ്പുവരുത്തുക

9.രേഖകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുക.

10.ഭാരതീയ ചികിത്സാ വകുപ്പിന്റെ വിവിധ പദ്ധതികളുടെ നിർവ്വഹണം ജനോപകാരപ്രദമായി നടപ്പിലാക്കുക

# ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ)

ഫോൺ : 0495 2371748
Email:dmohomeokkd@gmail.com

**സേവനങ്ങൾ**

1.ആശുപത്രികളിലും ഡിസ്പെൻസറികളിലും വന്നുപോകുന്ന രോഗികൾക്ക് (ഔട്ട് പേഷ്യന്റ് വിഭാഗം) രോഗ ശാന്തിക്കും രോഗപ്രതിരോധത്തിനുമായി ചികിത്സ പ്രദാനം ചെയ്യുക.

2.ഹോമിയോ ആശുപത്രികളിൽ കിടപ്പുരോഗികൾക്ക് ചികിത്സയും പരിചരണവും നൽകി രോഗവിമുക്തരാക്കുക.

3.പകർച്ചവ്യാധികൾ പടർന്നുപിടിക്കാൻ സാധ്യതയുള്ള ചേരിപ്രദേശങ്ങൾ, തീരപ്രദേശങ്ങൾ, മലയോര മേഖലകൾ പട്ടികജാതി പട്ടികവർഗ്ഗം ഉൾപ്പെടെ പിന്നോക്കവിഭാഗം തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ മുൻകരുതൽ എന്ന നിലയിൽ ആവശ്യക്കാർക്ക് പ്രതിരോധ ഔഷധ വിതരണവും ബോധവൽക്കരണവും നൽകുക. പകർച്ചവ്യാധികൾ പൊട്ടിപുറപ്പെടുന്ന സ്ഥലങ്ങളിൽ ചികിത്സയും രോഗപ്രതിരോധ നടപടികളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുക.

4.സംസ്ഥാനത്തെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിൽ ഹോമിയോപ്പതി ഡയറക്ടറുടെ നിർദ്ദേശപ്രകാരം തക്കസമയത്ത് വൈദ്യസഹായകേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുക. സ്കൂൾ യുവജനോത്സവങ്ങളിലും ആരോഗ്യമേളകളിലും പങ്കെടുത്ത് ഹോമിയോപ്പതി ചികിത്സയുടെ സാധ്യതകൾ ജനങ്ങളിൽ എത്തിക്കുക.

5.സ്കൂൾ തലത്തിൽ വ്യക്തിത്വവൈകല്യമുള്ള പഠനത്തിലും കാര്യക്ഷമതയിലും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ ബൗദ്ധിക മാനസിക നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള സ്കൂൾ ഹെൽത്ത് പ്രോഗ്രാം നടത്തിവരുന്നു.

6.സ്ത്രീകളുടെ ആരോഗ്യം, സന്തോഷം, സാമൂഹ്യസമത്വം എന്നിവ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഗാർഹിക പീഡനം അനുഭവിക്കുന്ന സ്ത്രീകൾക്ക് വേണ്ടി സീതാലയം പദ്ധതി നടത്തിവരുന്നു.

7.ലൈഫ് സ്റ്റൈൽ രോഗങ്ങളെ പ്രതിരോധിക്കുന്നതിനുവേണ്ടി ആയുഷ്മാൻ ഭവ എന്ന പേരിൽ ആയുഷ് ഹോളിസ്റ്റിക് സെൻററുകൾ നടപ്പിലാക്കുക.

8.സാന്ത്വന ചികിത്സ നൽകുന്നതിന് ജില്ലയിലെ കൊയിലാണ്ടി സർക്കാർ താലൂക്ക് ഹോമിയോ ആശുപത്രിയിൽ ഒരു പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

9.തെരഞ്ഞെടുത്ത ആശുപത്രികളിൽ ജെറിയാട്രിക്, ഇൻഫെർട്ടിലിറ്റി, ഡീ–അഡിക്ഷൻ, അഡോളസെന്റ് ഹെൽത്ത് കെയർ സെൻറർ (സദ്ഗമയ), ആയുഷ്മാൻ ഭവ, ലഹരി വിമുക്ത ക്ലിനിക്ക് എന്നീ സ്പെഷ്യാലിറ്റി ക്ലിനിക്കുകളും നടത്തുന്നു.

10.പട്ടികജാതി വകുപ്പിന്റെ സഹകരണത്തോടുകൂടി ഹോമിയോപ്പതി ഹെൽത്ത് കെയർ സെൻററുകൾ പട്ടികജാതി കോളനികളിൽ പ്രവർത്തിച്ചുവരുന്നു.

11.ജില്ലയിൽ മരുന്ന് സൂക്ഷിപ്പിനും വിതരണത്തിനുമായി ഒരു ജില്ലാ മെഡിക്കൽ സ്റ്റോർ പ്രവർത്തിച്ചുവരുന്നു.

# ജില്ല പട്ടികജാതി വികസന ആഫീസ്

ഫോൺ:2370379 Email:ddosckkd@gmail.com

### പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പരിപാടികൾ

### വിദ്യാഭ്യാസ പിരപാടികൾ

**പ്രീ-പ്രൈമറി വിദ്യാഭ്യാസം** – വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 102 നഴ്സറി സ്കൂളിലെ ഓരോ കുട്ടിക്കും പ്രതിദിനം 30 രൂപ ഭക്ഷണത്തിനും 600 രൂപ യൂണിഫോമിനും 190 രൂപ ലംപ്സം ഗ്രാൻറും നൽകി വരുന്നു. സഹായം അതാത് സ്കൂളുകൾ വഴി ലഭ്യമാക്കുന്നു.

**പ്രീ-മെട്രിക്ക് വിദ്യാഭ്യാസം** – സംസ്ഥാനത്തെ അംഗീകൃത സ്കൂളുകളിൽ ഒന്നുമുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ, യൂണിഫോം തുടങ്ങിയവ വാങ്ങുന്നതിന് സ്കൂളാരംഭത്തിൽ വിവിധ നിരക്കുകളിൽ ലംപ്സം ഗ്രാന്റ് ലഭിക്കുന്നു. ഒരു പട്ടികജാതിക്കാർക്കിടയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന നായാടി, വേടൻ, വേട്ടുവൻ വിഭാഗക്കാർക്ക് മേൽപ്പറഞ്ഞ തുകക്ക് പുറമെ പ്രതിമാസ സ്റ്റൈപ്പൻറും ലഭ്യമാക്കുന്നു. കൂടാതെ വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കും പ്രീമെട്രിക്ക് വിദ്യാഭ്യാസത്തിന് പ്രത്യേക ധനസഹായം ലഭിക്കുന്ന പദ്ധതികൾ ഗവ., എയ്ഡഡ് ,സ്കൂളുകൾ വഴി നടപ്പിലാക്കുന്നു.

**സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഉയർന്ന വിദ്യാഭ്യാസ സൗകര്യം** – ഉയർന്ന മാർക്കോടെ നാലാം ക്ലാസ്സ് പാസ്സാകുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്വകാര്യ ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിന് സൗകര്യമുണ്ടാക്കുന്നു. അപേക്ഷ ബന്ധപ്പെട്ട മുനിസിപ്പാലിറ്റി / കോർപ്പറേഷൻ / പഞ്ചായത്ത് സെക്രട്ടറിമാർക്ക് സമർപ്പിക്കേണ്ടതാണ്.

**അംഗീകൃത അൺ എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് ആനുകൂല്യം–** സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിവിധ നിരക്കുകളിൽ ലംപ്സം ഗ്രാന്റ് നൽകിവരുന്നു. അപേക്ഷ ബന്ധപ്പെട്ട എ.ഇ.ഒ., ഡി.ഇ.ഒ. വഴി ബ്ലോക്ക് പട്ടികജാതി വികസന ആഫീസർക്ക് നൽകേണ്ടതും, ഗ്രാന്റ് സ്കൂളുകൾ വഴി വിതരണം ചെയ്യുന്നതുമാണ്.

**പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം** – സംസ്ഥാനത്തെ അംഗീകൃത കോളേജുകളിൽ എസ്.എസ്.എൽ.സി ക്ക് ശേഷം ചേർന്ന് പഠിക്കുന്ന പട്ടികജാതി / മറ്റർഹ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസിളവിനും, ലംപ്സം ഗ്രാൻറും സ്റ്റൈപ്പൻറും നൽകി വരുന്നു. ഗവ. അംഗീകാരമുള്ള എല്ലാ കോഴ്സുകൾക്കും ഈ ആനുകൂല്യം നൽകി വരുന്നു. ഫീസിന് പുറമെ വിവിധ കോഴ്സുകൾക്ക് 820 രൂപ മുതൽ 3130 രൂപ വരെയുള്ള നിരക്കിൽ ലംപ്സംഗ്രാന്റ് സ്ഥാപനത്തിന് 8 കിലോ മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് പ്രതിമാസം 630 രൂപ നിരക്കിലും 9 കിലോമീറ്ററിന് മുകളിലുള്ളവർക്ക് 750 രൂപ നിരക്കിലും സ്റ്റൈപ്പന്റ് ലഭിക്കുന്നു. കൂടാതെ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് താമസ ഭക്ഷണ ചെലവും, പോക്കറ്റ് മണിയും ലഭിക്കുന്നു. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്ന പദ്ധതി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനം വഴി നടപ്പിലാക്കുന്നു.

**കോളേജുകളിൽ റിസർവേഷൻ** – സ്വകാര്യ കോളേജുകൾ ഉൾപ്പെടെ ഗവ. അംഗീകൃത കോളേജുകളിൽ പട്ടികജാതി മറ്റർഹ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ സീറ്റ് സംവരണം ചെയ്തിരിക്കുന്നു.

**പ്രീമെട്രിക്ക് ഹോസ്റ്റലുകൾ** – വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്തെ പട്ടികജാതിയിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായി താമസിച്ചു പഠിക്കുന്നതിന് 90 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. (49 ആൺകുട്ടികളുടേയും 41 പെൺകുട്ടികളുടേയും) കോഴിക്കോട് ജില്ലയിൽ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിലായി 6 ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. ഭക്ഷണത്തിനായി പ്രതിമാസം 2000 രൂപയും ഓണം, ക്രിസ്തുമസ് തുടങ്ങിയ അവധികാലത്ത് വീട്ടിൽ പോയി വരുന്നതിന് യാത്രാകൂലിയും നൽകുന്നു. പുറമെ പോക്കറ്റ് മണിയും നൽകി വരുന്നു. ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ സമ്പ്രദായവും നൽകി വരുന്നു. അപേക്ഷ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കോ പട്ടികജാതി വികസന ഓഫീസർക്കോ സമർപ്പിക്കേണ്ടതാണ്.

**സബ്സിഡൈസ്ഡ് ഹോസ്റ്റലുകൾ** – കോളേജ് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സംസ്ഥാനത്ത് 15 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രർത്തിച്ചു വരുന്നു. (5 എണ്ണം പെൺ, 10 എണ്ണം ആൺ) കോഴിക്കോട് ജില്ലയിൽ 2 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. അന്തേവാസികൾക്ക് പ്രതിമാസം 2300 രൂപ ഭക്ഷണ ചെലവിനത്തിലും 190 രൂപ പോക്കറ്റ് മണിയും നൽകുന്നു. കൂടാതെ ലൈബ്രറി സൗകര്യവും, കളികൾക്കും വിനോദയാത്രക്കുമുള്ള സൗകര്യവും നൽകി വരുന്നു. അപേക്ഷ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക്.

**മിടുക്കിന് അംഗീകാരം** – പത്താം ക്ലാസ്സ് /ഉയർന്ന ക്ലാസ്സിൽ പഠിച്ച് ഉന്നത വിജയം നേടുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം നൽകുന്നു. പ്രസ്തുത പരീക്ഷയിൽ ഡിസ്റ്റിംഗ്ഷനോടുകൂടി പാസ്സാകുന്നവർക്ക് ധനസഹായം ഇരട്ടിയായി ലഭിക്കും. അപേക്ഷ നൽകേണ്ടത് അവസാനം പഠിച്ച സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ലാ പട്ടികജാതി വികസന ആഫീസർക്കാണ്.

**കായിക പ്രതിഭകൾക്ക് പ്രത്യേക പ്രോത്സാഹനവും പരിശീലനവും** – സ്പോർട്സ് ഗെയിംസ് എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവെച്ച നാലാം ക്ലാസ് പാസ്സാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്പോർട്സ് ഹോസ്റ്റലിൽ പ്രത്യേക പരിശീലനം നൽകി വരുന്നു. അവർക്ക് മെസ്സ് അലവൻസായി പ്രതിദിനം 200രൂപ താമസം, പഠനം, എന്നിവക്കും സൗകര്യമേർപ്പെടുത്തുന്നു. പ്രവേശനം ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന ടെയ്സിലൂടെയാണ്.

**പ്രീ എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ** – പി. എസ്. സി. സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, മെഡിക്കൽ / എഞ്ചിനിയറിംഗ് എൻട്രൻസ് കമ്മീഷൻ എന്നിവർ നടത്തുന്ന മത്സര പരീക്ഷകൾക്ക് സന്നദ്ധരാകാൻ പട്ടിക ജാതിക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. അഡ്മിഷൻ ലഭിക്കുന്നവർക്ക് പ്രതിമാസം 500രൂപ സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. കൂടാതെ ടൈപ്പ്റൈറ്റിംഗ് ആന്റ് സ്റ്റെനോഗ്രാഫിക് കോഴ്സ്, കമ്പ്യൂട്ടർ പരിശീലന പദ്ധതി എന്നിവയും

സ്റ്റൈപ്പൻറോടുകൂടി നടത്തിവരുന്നു. വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറക്ക് ബന്ധപ്പെട്ട സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**സിവിൽ സർവ്വീസ് പരീക്ഷകൾക്ക് പ്രത്യേക കോച്ചിംഗ് സെന്റർ** – യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തിവരുന്ന മത്സര പരീക്ഷകൾക്ക് പട്ടികജാതി വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്ത് ഐ.ഐ.എസ്. ട്രെയിനിംഗ് പരിശീലനം നൽകിവരുന്നുണ്ട്. ഹോസ്റ്റൽ സൗകര്യവും നൽകുന്നു. വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറക്ക് പ്രിൻസിപ്പാൾക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**സെന്റർ ഫോർ എക്സലൻസ്** – പട്ടികജാതി വിദ്യാർത്ഥികൾക്ക് ദേശീയ നിലവാരമുള്ള മത്സര പരീക്ഷകൾക്ക് ശേഷി ഉണ്ടാക്കുന്നതിനും ആയത് ശക്തിപ്പെടുത്തുന്നതിനുമായി മാനസിക, ശാസ്ത്ര പ്രൊഫഷണൽ പഠനമേഖലയിൽ ദേശീയ നിലവാരം പുലർത്തുന്ന ഒരു സ്ഥാപനം കോഴിക്കോട് ഐ.ഐ.എം.ന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. അഡ്മിഷന് വിജ്ഞാനം പുറപ്പെടുവിക്കുന്ന മുറക്ക് ഡയരക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**ബുക്ക് ബാങ്ക് പദ്ധതി** – പ്രൊഫണൽ വിദ്യാഭ്യാസ സ്ഥാപനങ്ങിളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് ഗ്രന്ഥങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ / എയ്ഡഡ് പ്രൊഫഷണൽ കോളേജുൾക്ക് ബുക്ക് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ബുക്കുകൾ വാങ്ങുന്നതിന് ധനസഹായം നൽകുന്നു. 2 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു സെറ്റ് ബുക്ക് എന്ന നിലയിൽ വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

**തോറ്റ വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ കോളേജുകളിൽ പഠിക്കുന്നതിന് ധനസഹായം** – എസ്. എസ്. എൽ. എസി. പ്ലസ്ടു, ഡിഗ്രി തുടങ്ങിയ കോഴ്സുകളിൽ തോറ്റ വിദ്യാർത്ഥികളിൽ പഠിച്ച് ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിവിധ നിരക്കിൽ സ്കോൾഷിപ്പ് നൽകിവരുന്നു. പുറമെ ഏറ്റവും കൂടുതൽ പട്ടികജാതിക്കാരെ പരീക്ഷക്കിരുത്തി വിജയിപ്പിക്കുന്ന സർക്കാർ എയ്ഡഡ് മേഖലയിലെ ഓരോ സ്കൂളിനും പ്രത്യേക ക്യാഷ് അവാർഡ് നൽകുന്നതാണ്. കൂടാതെ ഓരോ ജില്ലയിൽ നിന്നും എസ്. എസ്. എൽ. സി. ക്ക് കൂടുതൽ മാർക്ക് വാങ്ങിയ പിന്നോക്ക വിഭാഗക്കാരായ ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും ക്യാഷ് അവാർഡ് നൽകുന്നതാണ്. വകുപ്പ് നടത്തുന്ന ഐ.ടി.സി. യിൽ ഓരോ വിദ്യാർത്ഥികൾക്കും പ്രത്യേക ക്യാഷ് അവാർഡ് നൽകുന്നു.

**മുഖ്യമന്ത്രിയുടെ സ്കോളർഷിപ്പ്** – എസ്. എസ്. എൽ. എസി. പരീക്ഷക്ക് ഓരോ വർഷവും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന പട്ടികജാതിയിൽപ്പെട്ട ഒരു ആൺകുട്ടിക്കും, പെൺകുട്ടിക്കും മുഖ്യമന്ത്രിയുടെ പ്രത്യേക സ്കോളർഷിപ്പ് ലഭിക്കുന്നു.

**റാങ്ക് ജേതാക്കൾക്ക് അവാർഡ്** – ഓരോ വർഷവും മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ഒന്നാം റാങ്ക് ലഭിക്കുന്ന ഓരോ ആൺകുട്ടിക്കും പെൺകുട്ടിക്കും പ്രത്യേക ക്യാഷ് അവാർഡ് ലഭിക്കുന്നു. കൂടാതെ ത്രിവത്സര / പഞ്ചവത്സര എൽ.എൽ.ബി. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതിയിൽപ്പെട്ട 4 പേർക്കു വീതം മെഡലും ക്യാഷ് അവാർഡും നൽകുന്നു.

**മോഡൽ റസിഡൻഷ്യൽ സ്കൂൾ** – സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പബ്ലിക് സ്കൂൾ മാതൃകയിൽ വിവിധ ജില്ലകളിലായി 7 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു. 4– ാം ക്ലാസ്സ് പാസ്സായവരിൽ നിന്നും പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുക. കുടുംബ വരുമാനം 1,00,000 രൂപ (വാർഷികം) അപേക്ഷ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് സമർപ്പിക്കാവുന്നതാണ്.

**പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം** – സർക്കാർ എയ്ഡഡ് കോളേജുകളിൽ അപേക്ഷിച്ചിട്ടും പ്രവേശനം ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് പാരലൽ കോളേജിൽ ചേർന്ന് പഠിക്കുന്നതിന് ധനസഹായം ലഭിക്കുന്നു. അപേക്ഷ സ്ഥാപനമേധാവി മുഖേന പട്ടികജാതി വികസന ആഫീസർക്ക് സമർപ്പിക്കാവുന്നതാണ്. ബന്ധപ്പെട്ട ബ്ലോക്ക് മുൻസിപ്പാലിററി / കോർപ്പറേഷൻ ആഫീസികളിൽ വിശദാംശം ലഭ്യമാകുന്നു.

**സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യം** – സംസ്ഥാനത്തെ ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. തുടങ്ങിയ സ്വാശ്രയ സ്ഥാപനങ്ങളിലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റ് പ്രകാരം പ്രവേശനം നൽകുന്ന സ്ഥാപനങ്ങളും പ്രവേശന പരീക്ഷ കമ്മീഷണറുടെ പരിധിയിൽ വരാത്ത യൂണിവേഴ്സിറ്റികളുടേയോ, സർക്കാറിന്റെയോ എൻ.ഒ.സി.യുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സിഡിറ്റ്, എൻ.ഐ.ടി. തുടങ്ങിയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി മറ്റർഹ വിദ്യാർത്ഥികൾക്ക് സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സർക്കാർ സ്ഥാപനമേധാവികൾ വഴി നടപ്പിലാക്കുന്നു.

**ഐ.ടി.സി.കൾ ഉൽപ്പാദന കേന്ദ്രങ്ങൾ** – പട്ടികജാതി വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 44 ഐ.ടി.സി. കളിൽ എൻ.സി.വി.ടി. നിലവാരമുള്ള വിവിധ ട്രേഡുകളിൽ പരിശീലനം നൽകി വരുന്നു. ആൾ ഇൻഡ്യ ട്രേഡ് ടെസ്റ്റിൽ വിജയിക്കുന്നവർക്ക് എൻ.സി.വി.ടി. സർട്ടിഫിക്കറ്റും നൽകി വരുന്നു. കയറുൽപ്പന്നങ്ങളുടെ നിർമ്മാണം, കൈത്തറി, നെയ്ത്ത് എന്നിവയിൽ പരിശീലനത്തിന് 3 ഉൽപ്പാദന പരിശീലന കേന്ദ്രങ്ങളും നടത്തിവരുന്നു. എസ്.എസ്.എൽ.സി. തോറ്റവർക്കും അപേക്ഷിക്കാവുന്നതാണ്. സ്റ്റൈപ്പന്റ്, യൂണിഫോം അലവൻസ്, ലംപ്സം ഗ്രാന്റ് എന്നിവയും ലഭിക്കുന്നു. 14നും 25 നും ഇടയ്ക്ക് പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷ ബന്ധപ്പെട്ട സംസ്ഥാന മേധാവിക്ക് സമർപ്പിക്കാവുന്നതാണ്.

**മറ്റ് വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം** – ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പഠിക്കുന്ന പിന്നോക്ക വിദ്യാർത്ഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് സൗജന്യം അനുവദിക്കുന്നു. പദ്ധതി സ്ഥാപന മേധാവികൾ വഴി നടപ്പിലാക്കുന്നു.

**സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്ക് ആനുകൂല്യം** – കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന 1,00,000 രൂപ വരെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്കും പഠിക്കുന്നതിന് ഫീസ് സൗജന്യം സ്റ്റൈപ്പന്റ് ലംപ്സംഗ്രാന്റ് എന്നിവയും 1,00,000 രൂപ വരെ വരുമാനമുള്ളവർക്ക് ഫീസ് സൗജന്യവും ലംപ്സം ഗ്രാൻറും മാത്രം നൽകുന്നു. മേൽപ്പറഞ്ഞ വരുമാന പരിധിക്ക് വിധേയമായി മുന്നോക്ക വിഭാഗക്കാർക്കും ആനുകൂല്യം നൽകിവരുന്നു.

**സ്വകാര്യ വൊക്കേഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് വിദ്യാഭ്യാസം** - പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് തൊഴിൽപരമായ വിദ്യാഭ്യാസം നൽകി സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള സ്വകാര്യ വൊക്കേഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു.

**അന്യസംസ്ഥാനങ്ങളിൽ പഠിക്കുന്നവർക്ക് ആനുകൂല്യം** - സംസ്ഥാനത്ത് പഠനസൗകര്യം നിലവിലില്ലാത്ത പ്രത്യേക തരം പി.ജി. / പ്രൊഫഷണൽ കോഴ്സുകൾക്കും എം.എഫിൽ, പി.എച്ച്.ഡി. കോഴ്സുകൾക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നു. അപേക്ഷ സ്ഥാപനമേധാവി മുഖേന ഡയരക്ടർക്ക് സമർപ്പിക്കാവുന്നതാണ്.

**അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്** - സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികളെ കണ്ടെത്തി മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് ആവശ്യമായ സ്കോളർഷിപ്പും മറ്റ് ചെലവുകളും ലഭ്യമാക്കുന്നു. 4- ാ ം ക്ലാസ്സിലും7- ാ ം ക്ലാസ്സിലും പഠിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളെ മത്സര പരീക്ഷയിലൂടെ കണ്ടെത്തി തുടർ വിദ്യാഭ്യാസത്തിനാവശ്യമായ എല്ലാ സഹായവും നൽകുന്നു.

**സാമ്പത്തിക വികസന പരിപാടികൾ**

**സ്വയം തൊഴിൽ പദ്ധതി** - പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. വ്യക്തിക്ക് 3,00,000 രൂപ വരെ മുതൽ മുടക്കുള്ള വ്യവസായം ആരംഭിക്കാം. 7 പേരുള്ള ഗ്രൂപ്പായും പദ്ധതി ആരംഭിക്കാവുന്നതാണ്. പ്രൊജക്ട് തുക ബാങ്ക് വായ്പയായി സ്വീകരിക്കേണ്ടതും, വകുപ്പിൽ നിന്ന് സബ്സിഡി നൽകുന്നുതുമാണ്. 18 നും 40 നും മദ്ധ്യേ പ്രായമുള്ളവരും 8- ാ ം ക്ലാസ്സ് പാസ്സായവരുമായിക്കണം അപേക്ഷകർ. അപേക്ഷ ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് സമർപ്പിക്കാവുന്നതാണ്.

**വ്യവസായ വായ്പ** - 12,000/-രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ള പട്ടികജാതിക്കാർക്ക് സ്വന്തമായി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലപ്പെടുത്തിന്നതിനും പലിശ രഹിത വായ്പ നൽകുന്നു. അപേക്ഷ ബ്ലോക്ക് / മുനിസിപ്പാലിറ്റി പട്ടികജാതി വികസന ആഫീസർക്ക് നൽകാവുന്നതാണ്.

**വക്കീലന്മാർക്കുള്ള ധനസഹായം** - ബാർ കൗൺസിലിന്റെ അംഗീകാരം ലഭിച്ച നിയമ ബിരുദധാരികളായ പട്ടികജാതിക്കാർക്ക് വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് ധനസഹായം നൽകുന്നു. വരുമാന പരിധിയില്ല. അപേക്ഷ ജില്ലാ പട്ടികജാതി ആപ്പീസർക്ക് സമർപ്പിക്കാവുന്നതാണ്.

**നാടൻകലാമേള പ്രദർശന വിപണന മേള** - പട്ടികജാതിക്കാരുടെ പാരമ്പര്യ കലകളും, കൈതൊഴിലുകളും വളർത്തുന്നതിനും പരിരക്ഷിക്കുന്നതിനുമായി എല്ലാ വർഷവും നാടൻ

കലാമേള സംഘടിപ്പിക്കുകയും, അവർക്ക് പ്രോത്സാഹനവും സഹായവും നൽകുന്നു. ഒറ്റക്കും ഗ്രൂപ്പുകളായും പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.

**മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിന് പരിശീലനം** – സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിനും നൈപുണ്യം നേടുന്നതിനുമായി സ്റ്റൈപ്പൻറോടുകൂടി ഒരു വർഷത്തെ അപ്രൻറീസ് ട്രെയിനിഗും നൽകി വരുന്നുണ്ട്. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിൽ ട്രെയിനിംഗ് സൗകര്യമൊരുക്കുന്നു. അപേക്ഷ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് സമർപ്പിക്കാവുന്നതാണ്.

**വിവിധ ഹൈടക് കോഴ്സുകളിൽ പരിശീലനം** – ഐ.ഐ.എം. പോലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ ഹൈടക് കോഴ്സുകളിൽ പ്രവേശനം നൽകുന്നതിനുള്ള ചെലവുകൾ കോഴ്സ്, ഹോസ്റ്റൽ ചെലവുകൾ, പഠനസാമഗ്രികൾ, യാത്രാ ചെലവുകൾ മുതലായവയും വകുപ്പ് വഹിക്കുന്നു.

**അഭ്യസ്ഥവിദ്യരും തൊഴിൽ രഹിതരുമായുവരുടെ പുനരധിവാസം** – മേൽപറഞ്ഞ വിഭാഗങ്ങളുടെ ഉന്നമനത്തിനായി 5 ജില്ലകളിൽ പ്രത്യേക കോളനി രൂപീകരിച്ച് പുനരധിവാസിപ്പിക്കുകയും അവരുടെ സാമ്പത്തിക വികസനത്തിന് വേണ്ടി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

**ഷോപ്പിംഗ് കോംപ്ലക്സ്** – അഭ്യസ്ഥവിദ്യരും തൊഴിൽ രഹിതരുമായ പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് കച്ചവടത്തിലും വ്യവസായത്തിലും അഭിരുചി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പ് നേരിട്ട് ഷോപ്പിംഗ് കോപ്ലക്സ് വിലക്കെടുത്ത് മിതമായ വാടകക്ക് നൽകാൻ നടപടി സ്വീകരിച്ചുട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ തൃശ്ശൂർ ജില്ലയിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**സാമൂഹ്യ ഉന്നമന പരിപാടികളും ക്ഷേമ പരിപാടികളും**– പട്ടികജാതിക്കാരുടെ സാമൂഹ്യ സുക്ഷിതത്വത്തിനായുള്ള ഒരു പ്രധാനപ്പെട്ട നിയമമാണ് പാർലമെന്റ് അംഗീകരിച്ച അതിക്രമങ്ങളും കയ്യേറ്റങ്ങളും തടയുന്നതിനും അത്തരം കയ്യേറ്റങ്ങൾ നടത്തിയവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും കയ്യേറ്റങ്ങൾ മൂലം ദുരിതമനുഭവിക്കുന്നവർക്കും ആശ്രിതർക്കും പുരധിവാസത്തിനും ആശ്വാസത്തിനുമുള്ള പദ്ധതികളും ഈ നിയമം അനുസരിച്ച് നടത്തിവരുന്നു. അതിക്രമങ്ങളും കയ്യേറ്റങ്ങളും ഉണ്ടായാൽ ഉടനെ ജില്ലാ പട്ടികജാതി വികസന ആഫീസറേയോ പോലീസ് സ്റ്റേഷനിലോ രേഖാമൂലം അറിയിക്കേണ്ടതാണ്. ടി. നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ ജില്ലാ കലക്ടർ അദ്ധ്യക്ഷനായും ജില്ലാ പട്ടികജാതി വികസന ആഫീസർ കൺവീനറുമായിട്ടുള്ള കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

**ബോധവൽക്കരണ സെമിനാർ** – അയിത്താചരണത്തിന്റെ ദൂഷ്യഫലങ്ങളേയും അതിക്രമങ്ങൾ തടയുന്നതിനേയും ലക്ഷ്യമാക്കിക്കൊണ്ട് പട്ടികജാതിക്കാരെയും ഇതര സമുദായക്കാരെയും വിദ്യാർത്ഥികളെയും സാമൂഹ്യപവർത്തകരെയും സംഘിടിപ്പിച്ച് ബോധവൽക്കരണ സെമിനാറുകൾ, ചർച്ചകൾ, ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

**മിശ്രവിവാഹിതർക്ക് ധനസഹായം** – മിശ്രവിവാഹം മൂലം സാമൂഹ്യമായ ഒറ്റപെടലിനും പീഡനത്തിനും വിധേയമാകുന്നവർക്ക് ആശ്വാസ നടപടി എന്ന നിലയിൽ ദമ്പതികൾക്ക് 75,000 രൂപ

ധനസഹായം നൽകി വരുന്നു. 12,000 രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവർക്കാണ് നൽകുക. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനും 3 വർഷത്തിനും ഇടയിൽ അപേക്ഷിക്കണം. അപേക്ഷ പട്ടികജാതി വികസന ആഫീസർമാർക്ക് സമർപ്പിക്കാവുന്നതാണ്.

**ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത** – പി. എസ്. സി. എംപ്ലോയ്മെന്റ് എക്സചേഞ്ച് തുടങ്ങിയ വിജ്ഞാപനം ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് പരീക്ഷ എഴുതുവനോ, ഇന്റർവ്യൂവിന് പങ്കെടുക്കുവാനോ പോകുന്നവർക്ക് യാത്രബത്ത ലഭിക്കും. ഗ്രാമ–മുനിസിപ്പൽ–കോർപ്പറേഷൻ മേധാവിക്ക് അപേക്ഷ സമർപ്പിക്കുക.

**ഭൂരഹിത ഭവന കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി** – ദാരിദ്രരേഖക്ക് താഴെയുള്ള ഭൂരഹിത ഭവന രഹിത പട്ടികജാതി കുടുംബങ്ങളുടെ പുനരധിവാസത്തിനായി ഭൂമി വാങ്ങിക്കുന്നതിന് 375000 ധനസഹായം നൽകി വരുന്നു. അപേക്ഷ ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് സമർപ്പിക്കാവുന്നതാണ്.

**ഭവന നിർമ്മാണത്തിന് ധനസഹായം** – ദാരിദ്രരേഖക്ക് താഴെയുള്ള ഭവനരഹിത പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 4,00,000 രൂപ ധനസഹായം നൽകിവരുന്നു. ധനസഹായം 4 ഗഡുക്കളായാണ് വിതരണം ചെയ്യുക. അപേക്ഷ പട്ടികജാതി വികസന ആഫീസർമാർക്ക് സമർപ്പിക്കാവുന്നതാണ്.

**ദുർബല വിഭാഗക്കാരുടെ പുനരധിവാസം** – ഭവന രഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിന് വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചുവരുന്നു. പരമാവധി തുക 4 ലക്ഷം രൂപയായിരിക്കും. വായ്പ 3 ഗഡുക്കളായാണ് വിതരണം ചെയ്യുക. അപേക്ഷ ആവശ്യമായ രേഖകളോട് കൂടി ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് സമർപ്പിക്കാവുന്നതാണ്.

**ഓടു മേച്ചിൽ ഗ്രാന്റ്** – പട്ടികജാതിക്കാരുടെ സ്വന്തം വീടുകൾക്ക് ഓട് മേയുന്നതിന് 2,500 രൂപ വരെ ധനസഹായം നൽകുന്നു. മേൽക്കൂര ബലപ്പെടുത്തി ഓടു മേയനാണെങ്കിൽ 3,000 രൂപ ലഭിക്കുന്നതാണ്. വരുമാന പരിധി 12,000 രൂപ. പഞ്ചായത്ത് / മുൻസിപ്പൽ / കോർപ്പറേഷൻ മുഖാന്തിരം പദ്ധതി നടപ്പിലാക്കുന്നു.

**ദുരിതാശ്വാസ നിധി** – ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ നാമധേയത്തിലുള്ള ദുരിതാശ്വാസനിധിയിൽ നിന്നും 1,00,000 രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ വരുമാനദായകർ രോഗം മൂലം മരണപ്പെടുക, കുടുംബാംഗങ്ങൾക്ക് ദീർഘകാല ചികിത്സ ആവശ്യമായി വരിക, തീപ്പിടുത്തം, പ്രകൃതിക്ഷോഭം എന്നിവ മൂലമുള്ള ചെലവുകൾ എന്നീ ഘട്ടങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നു. അപേക്ഷ ബഹു. വകുപ്പ് മന്ത്രിക്കോ ജില്ലാ പട്ടികജാതി വികസന ആഫീസർക്കോ സമർപ്പിക്കാവുന്നതാണ്.

**സാഹിത്യകാരന്മാരുടെ കൃതികൾക്ക് പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം** – പട്ടികജാതിയിൽ പ്പെട്ട സാഹിത്യകാരൻമാരുടെ പ്രസിദ്ധീകരണ യോഗ്യമായ തെരഞ്ഞെടുക്കപ്പെട്ട കൃതികൾ പ്രസിദ്ധീകരിക്കുന്നതിനായി സാഹിത്യകാരന് ധനസഹായം നൽകുന്നു. വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുമ്പോൾ പട്ടികജാതി വികസന വകുപ്പ് ചീഫ് പബ്ലിസിറ്റി ആഫീസർക്ക് അപേക്ഷ നൽകാവുന്നതാണ്.

**ഭാരതദർശൻ /ദക്ഷിണേന്ത്യൻ പര്യടന പരിപാടി** – പ്ലസ് ടു മുതലുള്ള പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് രാജ്യത്തെ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങളെപ്പറ്റി ബോധവാന്മാരക്കുന്നതിനായി ഏർപ്പെടുത്തിയ പര്യടന പരിപാടിയാണിത്. ആൺകുട്ടികൾക്ക് ഭാരത ദർശൻ പര്യടനവും പെൺകുട്ടികൾക്ക് ദക്ഷിണേന്ത്യൻ പര്യടനവുമാണ് സംഘടിപ്പിക്കുന്നത്. അപേക്ഷ ജില്ലാ പട്ടിക ജാതി വികസന ആഫീസർക്കോ, വകുപ്പ് ഡയരക്ടർക്കോ നൽകാവുന്നതാണ്.

**സാഹിത്യ ശിൽപ്പശാല** – പട്ടികജാതിയിലും ഇതര വിഭാഗത്തിലും പെട്ട സാഹിത്യകാരന്മാരുടെ സാഹിത്യ വാസന പരിപോഷിപ്പിക്കുന്നതിനുമായി ശിൽപ്പശാല സംഘടിപ്പിക്കന്നു. സാംസ്കാരിക ശാക്തീകരണം ഉറപ്പാക്കുക. അന്യസംസ്ഥാനങ്ങളുടെ പ്രമുഖ സാഹിത്യകാരന്മാരുടെയും വളർന്നുവരുന്ന സാഹിത്യകാരന്മാരുടെയും കൂട്ടായ്മ സാഹിത്യ ശിൽപ്പശാല ലക്ഷ്യമിടുന്നു.

**സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം** – പട്ടിക വിഭാഗ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ഗാന്ധിജയന്തി ദിനമായ ഓക്ടോബർ 2 മുതൽ 16 വരെ സാമൂഹ്യ ഐക്യദാർഢ്യപക്ഷമായി ആചരിച്ചുവരുന്നു. പക്ഷാചരണ കാലത്ത് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടത്തുകയും വിവിധ ജനസമൂഹങ്ങളേയും മത നേതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ഐക്യദാർഢ്യ സന്ദേശയാത്രയും നടത്തിവരുന്നുണ്ട്.

**ക്ഷേത്രപ്രവേശന വിളംബരസ്മൃതി ദിനാഘോഷം** – എല്ലാ വർഷവും തുലാം 27 വകുപ്പിന്റെ ആഭിമുഖ്യത്തിൽ ക്ഷേത്ര പ്രവേശന വിളംബര സമൃതി ദിനമായി ആഘോഷിച്ചുവരുന്നു. ഇതോടനുബന്ധിച്ച് പട്ടിക വിഭാഗത്തിന് വേണ്ടി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ക്യാഷ് അവാർഡും നൽകിവരുന്നു. കൂടാതെ പട്ടിക വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്ന പത്രപ്രവർത്തകനും അവാർഡ് നൽകി വരുന്നുണ്ട്.

**മാസിക പ്രസദ്ധീകരണം** – പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പടവുകൾ എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ച് വരുന്നു. വകുപ്പുകൾ നടപ്പിലാക്കുന്ന വികസന പദ്ധതികളെ കുറിച്ച് ജനങ്ങൾക്ക് അറിവ് നൽകുക, വികസന പ്രക്രിയക്ക് ആക്കം വർദ്ധിപ്പിക്കുക, ദളിത ജനതകളുടെ സർഗ്ഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുക തുടങ്ങിയവയാണ് മാസികയുടെ ലക്ഷ്യം. ഒറ്റ പ്രതിക്ക് 7 രൂപയും വാർഷിക വരിസംഖ്യ 75 രൂപയായും നിശ്ചയിച്ചിട്ടുണ്ട്.

**എസ്.സി.പ്രൊമോട്ടർമാർ**–പട്ടികജാതിക്കാർക്കായി വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടു കൂടി കാര്യക്ഷമമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തും പ്രമോട്ടർമാരെ നിയമിക്കുന്നു. പട്ടികജാതിയിൽപ്പെട്ട 18 നും 50 നും ഇടയ്ക്ക് പ്രായമുള്ളവരെയാണ് ഇതിനായി നിയോഗിക്കുക.

# ജില്ല പട്ടികവർഗ്ഗ വികസന ഓഫീസ്

ഫോൺ:2376364 Email:kkdtdo@gmail.com

| സഹായങ്ങൾ | മാനദണ്ഡങ്ങൾ | ധനസഹായം |
|---|---|---|
| ചികിത്സാ ധനസഹായം | മെഡിക്കൽ രേഖകൾ | ജില്ലാതല ഉദ്യോഗസ്ഥന് പരമാവധി 5000 രൂപ വരെ |
| വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി | മെഡിക്കൽ രേഖ, വരുമാനം, ജാതി, പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, കുടുംബ വാർഷിക വരുമാനം 100000 രൂപയിൽ താഴെ ആയിരിക്കണം | പരമാവധി 100000 രൂപ വരെ |
| കടം എഴുതിത്തള്ളൽ | 01.04.2006 മുതൽ 31.03.2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായ 100000 രൂപ വരയുള്ള കാർഷികം,വിവാഹം,വിദ്യാഭ്യാസം,സ്വയം തൊഴിൽ എന്നിവക്ക് എടുത്ത വായ്പകൾ | 100000 രൂപ വരെ |
| ജനനി ജന്മരക്ഷ | ഗർഭിണിയിടേയും, ഒരു വയസ്സുവരെ കുട്ടിയുടേയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനായി 18 മാസം ധനസഹായം അനുവദിക്കുന്നു. | പ്രതിമാസം 2000 രൂപ |
| സമാശ്വാസ ധനസഹായം സിക്കിൾ സെൽ അനീമിയ | അരിവാൾ രോഗികൾക്ക് സമാശ്വാസ ധനസഹായമായി മാസം തോറും അനുവദിക്കുന്നു | പ്രതിമാസം 2500 രൂപ |
| വീട് അറ്റകുറ്റ പണി | ഭവന നിർമ്മാണം പൂർത്തീകരിച്ച 6 വർഷം കഴിഞ്ഞിരിക്കണം | 150000 രൂപ |
| വിവാഹ ധനസഹായം | അച്ഛനോ അമ്മയോ മരണപ്പെട്ട പട്ടികവർഗ്ഗ പെൺകുട്ടികൾ/അച്ഛനോ അമ്മയ്ക്കോ ജോലി ചെയ്യാൻ പറ്റാതെ അംഗവൈകല്യം സംഭവിച്ചാൽ അവരുടെ പൺ മക്കൾക്ക് വരുമാന പരിധി 100000 രൂപ | ആരെങ്കിലും ഒരാൾ മരണപ്പെട്ടാൽ 100000 രൂപ, രണ്ടു പേരും മരണപ്പെട്ടാൽ 150000 |
| മശ്രവിവാഹ ധനസഹായം | മിശ്ര വിവാഹം മൂലം ദുരിതമനുഭവിക്കുന്ന ദമ്പതിമാർക്ക് വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷവും മൂന്ന് വർഷം മുൻപേയും അപേക്ഷ സമർപ്പിക്കണം വരുമാന പരിധി 100000 രൂപ | 75000 രൂപ |

| സഹായങ്ങൾ | മാനദണ്ഡങ്ങൾ | ധനസഹായം |
|---|---|---|
| ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ | ഭൂരഹിതരായവർ | സർക്കാർ ഉത്തരവുകൾക്ക് വിധേയം |
| പ്രീമെട്രിക്ക് വിദ്യാഭ്യാസം(പത്താം ക്ലാസ് വരെ | 1 മുതൽ 10 വരെ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യർത്ഥികൾ | ഗ്രാന്റ് - എൽപി–320,യു.പി–630,ഹൈസ്കൂൾ–940 സ്റ്റൈഫന്റ് – എൽ.പി.–130, യുപി–160 ഹൈസ്കൂൾ – 190 |
| പോസ്റ്റ്മെട്രിക്ക് വിദ്യഭ്യാസം | +1 മുതൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യർത്ഥികൾക്ക് നൽകുന്ന വിദ്യഭ്യാസ ആനുകൂല്യം | കോഴ്സ് നിരക്കുകളുടെ അടിസ്ഥാനത്തിൽ (സർക്കാർ ഉത്തരവുകൾ പ്രകാരം) |
| 9,10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രീമെട്രിക്ക് സ്കോളർഷിപ്പ് (കേന്ദ്ര സഹായ പദ്ധതി) | പ്രതിമാസ സ്റ്റൈഫന്റ് | സ്കോളർഷിപ്പ്(മാസം തോറും) ഹോസ്റ്റലേഴ്സ് – 350 രൂപ, ഡേ സ്കോളർ – 150 രൂപ ബുക്ക് ഗ്രാന്റ് ഹോസ്റ്റലേഴ്സ് – 1000 രൂ ഡേ സ്കോളർ – 750 രൂപ |
| ട്യൂഷൻ ഫീസ് | 8,9,10, +1, +2 പഠിക്കുന്ന വിദ്യാർത്ഥികൾക്ക് | 8,9 – 200 , 10 – 250 , +1, +2 കോമേഴ്സ് – 350 +1, +2 ഹ്യൂമാനിറ്റീസ് – 400 |
| അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് | പ്രവേശന പരീക്ഷയിൽ വിജയിക്കുന്നവർക്ക് അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ ധനസഹായം നൽകുന്നു | 5900 രൂപ |
| കൈത്താങ്ങ് പദ്ധതി | അച്ഛനും അമ്മയും മരണപ്പെടുകയോ/ ഉപേക്ഷിച്ചു പോയതുമൂലം അനാഥരാവുയോ ചെയ്ത കുട്ടികളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക്, കുട്ടിക്ക് 14 വയസ്സ് പൂർത്തിയാകുന്നതുവരെ ധനസഹായം | പ്രതിമാസം 1000 രൂപ |
| സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം | എസ്.എസ്.എൽ.സി മുതൽ വിവിധ കോഴ്സുകളിൽ ഉന്നത വിജയം | പരമാവധി 600 രൂപ വരെ |

# ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് കോഴിക്കോട്

ഫോൺ :0495-2383780 Email:ddcalicut@gmail.com

**ലക്ഷ്യങ്ങൾ**

1. മത്സ്യവിഭവ സംരക്ഷണവും പരിപാലനവും

2.നവീകരിച്ച സാങ്കേതിക വിദ്യകളുടെയും മാർഗ്ഗങ്ങളുടെയും പിൻബലത്തോടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക

3.മത്സ്യബന്ധനത്തിലേർപ്പെടുന്ന തൊഴിലാളികളുടെ സുരക്ഷയും കടൽരക്ഷാ പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്താൻ നടപടികൾ

4. ഉപജീവനമാർഗ്ഗങ്ങൾക്ക് കൂടുതൽ അവസരങ്ങളും അവ മെച്ചപ്പെടുത്താനായി അടിസ്ഥാന സൗകര്യവികസനവും

5. മത്സ്യത്തൊഴിലാളികൾക്ക് സാമൂഹിക-സാമ്പത്തിക ഭദ്രത ഉറപ്പാക്കുക

6.മത്സ്യത്തൊഴിലാളിസമൂഹത്തിന് സാമൂഹികസുരക്ഷയും ക്ഷേമപ്രവർത്തനങ്ങളിലൂടെ കൂടുതൽ ആശ്വാസവും നൽകുക

7.മത്സ്യബന്ധനവിപണന രംഗങ്ങൾ പുതിയ സാങ്കേതിക വിദ്യകളുടെ പിൻബലത്തോടെ ഗുണമേ൱ ഉറപ്പാക്കാൻ നടപ ടികൾ

8.നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി മത്സ്യമൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും അവയുടെ വാണിജ്യശൃംഖല വിപുലപ്പെടുത്തലും

9.മത്സ്യ-മത്സ്യോല്പന്നങ്ങൾ ശുചിത്വമുള്ള ചുറ്റുപാടിൽ കൈകാര്യം ചെയ്യുന്നതിനും ഗുണമേ൱യോടെ വിപണനം ചെയ്യുന്നതിനും നടപടികൾ

10. മത്സ്യസഹകരണസംഘങ്ങളിലൂടെ വിപണനശൃംഗല ശക്തിപ്പെടുത്താൻ നടപടികൾ

11. മത്സ്യമേഖലയ്ക്ക് കൂടുതൽ ഫലപ്രദമാകുന്ന തരത്തിൽ വകുപ്പിന്റെ പുനഃർവിന്യാസം

12. മത്സ്യവകുപ്പിന്റെ സേവനങ്ങളുടെ വ്യാപനം ത്വരിതപ്പെടുത്താനും ഊർജ്ജിതപ്പെടുത്താനും നടപടികൾ

13. വികസനസാധ്യതകൾ വിലയിരുത്തി ആസൂത്രിത വികസനപരിപാടികൾ നടപ്പാക്കുന്നതിന് ഫിഷറീസ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം

**ചുമതലകൾ**

1.മത്സ്യ ബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ(ശുപാർശ നൽകൽ, ലൈസൻസ് നൽകൽ)

2.മത്സ്യ തൊഴിലാളികളുടെ ഭവന വായ്പ അനുവദിക്കൽ

3.സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ പണം സ്വീകരിക്കലും വിതരണവും

4.മത്സ്യ തൊഴിലാളി/അനുബന്ധ തൊഴിലാളി കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കൽ

5.കടൽ മത്സ്യബന്ധന തൊഴിലാളികളുടെ ജീവൻ രക്ഷയുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കൽ

6.മത്സ്യബന്ധന നിരോധനം നടപ്പാക്കൽ

7.നിയമ വിരുദ്ധ മത്സ്യബന്ധനം തടയലും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കലും

8.മത്സ്യ സമ്പത്തിന്റെ വർദ്ധനവിനായുള്ള പദ്ധതികൾ നടപ്പിലാക്കൽ

9.സുനാമി പദ്ധതി നടപ്പിലാക്കൽ

10.കായലുകൾ, നദികൾ, കുളങ്ങൾ എന്നിവയിൽ മത്സ്യ സമ്പത്തിന്റെ വളർച്ചക്കായുള്ള പദ്ധതികൾ നടപ്പിലാക്കൽ

11.ഓരുജല/ശുദ്ധജല മത്സ്യകൃഷി വികസനം സംബന്ധിച്ച പദ്ധതികളുടേയും ഏജൻസികളുടേയും മേൽനോട്ടം.

## അനുബന്ധ സ്ഥാപനങ്ങൾ

1. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്.
2. മത്സ്യഫെഡ്
3. സാഫ്.
4. അഡാക്ക്
5. ഫിർമ
6. പുനർഗേഹം
7. കോസ്റ്റൽ ഏരിയ വികസന കോർപ്പറേഷൻ
8.മറൈൻ എൻഫോഴ്സ്മെൻറ്
9.കടാശ്വാസ കമ്മീഷൻ

**ജില്ലയിലെ ഫിഷറീസ് സ്റ്റേഷനുകൾ** : ബേപ്പൂർ, പൊന്നാനി,

മത്സ്യബന്ധന വകുപ്പ് ഈടാക്കുന്ന ഫീസ് നിരക്കുകൾ

(കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാറ്റങ്ങൾക്ക് വിധേയമാണ്)

പട്ടിക–1

| ക്രമ നം | മത്സ്യ ബന്ധന യാനം | ഫീസ് |
|---|---|---|
| 1 | 5 മീറ്ററിൽ താഴെ | 100 |
| 2 | 5 മുതൽ 9.99 മീറ്റർ വരെ | 300 |
| 3 | 10 മുതൽ 14.99 മീറ്റർ വരെ | 2000 |
| 4 | 15 മുതൽ 19.99 മീറ്റർ വരെ | 3000 |
| 5 | 20 മുതൽ 24.99 മീറ്റർ വരെ | 15000 |
| 6 | 25 മീറ്ററും അതിന് മുകളിലും | 25000 |

പട്ടിക–2

| ക്രമ നം | മത്സ്യ ബന്ധന യാനം | ഫീസ് | സെക്യൂറിറ്റി തുക |
|---|---|---|---|
| 1 | 5 മീറ്ററിൽ താഴെ | ഇല്ല | ഇല്ല |
| 2 | 5 മുതൽ 9.99 മീറ്റർ വരെ | 200 | ഇല്ല |
| 3 | 10 മുതൽ 14.99 മീറ്റർ വരെ | 2000 | 2000 |
| 4 | 15 മുതൽ 19.99 മീറ്റർ വരെ | 3000 | 5000 |

മത്സ്യബന്ധന വകുപ്പ് ചെമ്മീൻ വാറ്റ്, വിവിധതരം മത്സ്യബന്ധന വലകൾ എന്നിവയുടെ ലൈസൻസിനായി (രജിസ്ട്രേഷൻ/റീ-രജിസ്ട്രേഷൻ) ഈടാക്കുന്ന ഫീസ് നിരക്കുകൾ (കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാറ്റങ്ങൾക്ക് വിധേയം)

| ക്രമ നം. | വിവരണം | വാർഷികനിരക്ക് (രൂപ) |
|---|---|---|
| I | ചൈനീസ് നെറ്റ്സ് | |
| 1 | വാർഷിക വരുമാനം 1000 രൂപയ്ക്ക് മുകളിൽ | 200 |
| 2 | വാർഷിക വരുമാനം 750 രൂപയ്ക്കും 1000 രൂപയ്ക്കും ഇടയിൽ | 150 |
| 3 | വാർഷിക വരുമാനം 750 രൂപയ്ക്ക് താഴെ | 100 |
| II | ഫ്രീ നെറ്റ്സ് | |
| 1 | ക്ലാസ് 1 | 100 |
| 2 | ക്ലാസ് 2 | 100 |
| 3 | ക്ലാസ് 3 | 100 |
| 4 | ക്ലാസ് 4 | 100 |
| 5 | ക്ലാസ് 5 | 50 |
| 5 | ക്ലാസ് 6 | 50 |
| 7 | കോൾ നെറ്റ്, കോഡിനെറ്റ് മറ്റുള്ളവ | 250 |
| 8 | ചെമ്മീൻ വാറ്റ് | 250 |

# ജില്ലാ ശുചിത്വ മിഷൻ, കോഴിക്കോട്

ഫോൺ:2370677 Email:sbmkzk@gmail.com

കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടി ഗ്രാമ പ്രദേശങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന കേരള ടോട്ടൽ സാനിറ്റേഷൻ ആന്റ് ഹോൽത്ത് മിഷനും, സംസ്ഥാന സർക്കാറിന്റെ ഖര മാലിന്യ പരിപാടികൾക്ക് നേതൃത്വം നൽകി വന്നിരുന്ന ഏജൻസിയായ ക്ലീൻ കേരള മിഷനും സംയോജിപ്പിച്ചുകൊണ്ട് 2008–ൽ ശുചിത്വ മിഷൻ രൂപീകരിച്ചു. മാലിന്യമുക്ത കേരള പരിപാടി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് ശുചിത്വ മിഷൻ പ്രവർത്തിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായ ശുചിത്വ പരിപാലനത്തിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും ആയത് നടപ്പിൽ വരുത്തി കേരളത്തെ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനും സഹായിക്കുക എന്നതാണ് ശുചിത്വ മിഷന്റെ കർത്തവ്യം.

**ലക്ഷ്യങ്ങൾ**

1.മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ ഗ്രൂപ്പായി പ്രവർത്തിക്കുക

2.സംപൂർണ്ണ ശുചിത്വ പദവി നേടിയെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക

3.ഖര, ദ്രവമാലിന്യ സംസ്കരണത്തിന് നയം,തന്ത്രം,ആസൂത്രണം,നിരീക്ഷണ പന്തുണ എന്നിവ നൽകൽ

4.ക്യാമ്പയിനുകളും, കാര്യക്ഷമതാ പരിപോഷണ പരിപാടികളും സംഘടിപ്പിക്കുക

5.ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിനായി വ്യക്തികൾ, സ്ഥാനങ്ങൾ, സർക്കാരിന്റെ വിവിധ വിഭാഗങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകുക

# ജില്ലാ കുടുംബശ്രീ മിഷൻ, കോഴിക്കോട്

ഫോൺ:2373066 Email:spemkkd3@gmail.com

സംസ്ഥാനത്തെ കേവല ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പ്രസ്ഥാനമാണ് കുടുംബശ്രീ. കുടുംബശ്രീ മിഷൻ അതിന്റെ പ്രവർത്തന പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെയാണ് നടപ്പിലാക്കുന്നത്.

### സംഘടനാ സംവിധാനങ്ങൾ

1.അയൽക്കൂട്ടം

2.ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി(എ.ഡി.എസ്)

3.കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി(സി.ഡി.എസ്)

## പദ്ധതികൾ

### ഓക്സിലറി ഗ്രൂപ്പ്

കുടുംബശ്രീയിൽ അംഗമല്ലാത്ത യുവതികൾക്ക് അവരുടെ സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ പങ്കുവെയ്ക്കാൻ ഒരു പൊതുവേദി ഒരു വാർഡിൽ 50 പേരെ ഉൾപ്പെടുത്തി രൂപീകരിക്കുന്നു.

### എറൈസ്

സംസ്ഥാനത്ത് പ്രളയ കെടുതികൾ മൂലം ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാന മാർഗ്ഗം കണ്ടെത്തുന്നതിനായി 50,000 പേർക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതിന് രൂപീകരിച്ചു. വ്യക്തിഗത ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ പിന്തുണ നൽകുന്നതോടൊപ്പം മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിക്കുക എന്നതും ഈ പ്രോഗ്രാമിന്റെ ലക്ഷ്യമാണ്.

### സാന്ത്വനം

വീടുകളിലെത്തി രക്ത പരിശോധന നടത്തി ഇതുവഴി കേരള സമൂഹം നേരിടുന്ന ഒരു പ്രധാന പ്രശ്നമായ ജീവിത ശൈലീരോഗങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സഹായം നൽകുന്നതോടൊപ്പം സ്ത്രീകളുടെ ഉപജീവനത്തിന് അവസരമൊരുക്കുന്നു.

### ഭവന നിർമ്മാണ ഗ്രൂപ്പുകൾ

നിർമ്മാണ മേഖലയിൽ താൽപ്പര്യമുള്ള കുടുബശ്രീ അംഗങ്ങളെ ജില്ലാ അടിസ്ഥാനത്തിൽ കണ്ടെത്തി അംഗീകൃത ഏജൻസികളുടെ നേതൃത്വത്തിൽ പരിശീലനം നൽകി സർക്കാർ ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഭവനങ്ങൾ നിർമ്മിക്കുന്നതിന് സഹായം നൽകുന്നു.

**പൊതുസേവന കേന്ദ്രം**

കുടുംബശ്രീയുടെ സംരംഭ കൂട്ടായ്മയിലൂടെ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയും ആയതിന്റെ വിപണനത്തിലൂടെ അംഗ സംരംഭകരുടെ സാമ്പത്തിക നിലവാരം ഉയർത്തുന്നതിനായി ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ച സ്ഥാപനങ്ങൾ.

**ഹർഷം വയോജന, രോഗീപരിപാലന പദ്ധതി**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വയോജന സേവനങ്ങളും, രോഗീ പരിചരണവും നൽകുന്നതിനായി പരിശീലനം ലഭിച്ച ഗ്രൂപ്പുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന പദ്ധതി.

**ഹരിത കർമ്മ സേന**

വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന യൂസർ ഫീ അനുസരിച്ച് വൃത്തിയിക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുന്നു.

**പ്രത്യാശ പദ്ധതി**

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ദരിദ്ര ജനവിഭാഗങ്ങളിൽ ഉൾപ്പെടുന്ന കുടുംബശ്രീ സ്ത്രീകൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തൊഴിലവസരം സൃഷ്ടിക്കുകയും സാമ്പത്തിക സാശ്രയത്വം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**കമ്മ്യൂണിറ്റി മാർക്കറ്റിംഗ് നെറ്റ് വർക്ക്(ഹോംഷോപ്പ്)**

പ്രാദേശികമായി കുടുംബശ്രീ സംരംഭകർ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സാമൂഹ്യാധിഷ്ഠിത വിതരണ-വിപണന സംവിധാനം ഒരുക്കുന്നു.

**മാർക്കറ്റിംഗ് കിയോസ്ക്**

കുടുംബശ്രീ സൂക്ഷ്മസംരംഭകരുടെ ഉൽപ്പന്നങ്ങൾ പ്രാദാശിക വിപണിയിൽ സ്ഥിരമായി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി ജില്ലയിലെ വിപണന സാധ്യതയുള്ള സ്ഥലങ്ങളിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി സ്ഥാപിക്കുന്നു.

**കുടുംബശ്രീ ഔട്ട് ലെറ്റുകൾ**

പ്രാദേശിക കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി സ്ഥാപിക്കുന്ന സ്ഥിരം വിപണന കേന്ദ്രങ്ങൾ

**കുടുംബശ്രീ ബസാർ**

ജില്ലയിലെ കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കുന്ന സ്ഥിരം വിപണന കേന്ദ്രങ്ങൾ.

**മഹിളാ കിസാൻ സശാക്തീകരൺ പരിയോജന(എം.കെ.എസ്.പി)**

കൃഷിയിൽ സ്ത്രീ പ്രാധാന്യം ഉറപ്പുവരുത്താനും, കാർഷിക തൊഴിലവസരം സൃഷ്ടിക്കാനും സുസ്ഥിര വികസനം ഉറപ്പുവരുത്താനും ലക്ഷ്യമിടുന്ന പദ്ധതി. കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളിലൂടെ പദ്ധതി നടപ്പിലാക്കുന്നു.

**ബാങ്ക് ലിങ്കേജ്**

നബാർഡിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഗ്രേഡ് ചെയ്യപ്പെട്ട ജെ.എൽ.ജികളെ ബാങ്ക് ലിങ്കേജ് പ്രോഗ്രാമിലുടെ വായ്പ്പ ലഭ്യമാക്കുന്നു.

**കാർഷിക ഇൻസെന്റീവുകൾ**

തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വനിതാ കർഷകർക്ക് നൽകുന്ന സഹായം.

**ജീവ**

ഓരോ സീസണിലും കൃഷി ചെയ്യുന്ന സംഘകൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിനും നേരിട്ട് പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനുമായി കുടുംബശ്രീ മിഷൻ തെരെഞ്ഞെടുത്തിട്ടുള്ള വ്യക്തികൾ.

**ക്ഷീര സാഗരം**

പശു വളർത്തൽ പദ്ധതിയിലൂടെ കർഷകർക്ക് വരുമാനം കണ്ടെത്തുന്ന പദ്ധതി. 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് ഒരാൾക്ക് 2 വീതം പശുക്കളെ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.

**അഗതിരഹിത കേരളം**

അശരണരും നിരാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമായി രൂപീകരിച്ച പദ്ധതി.

**ദീൻ ദയാൽ ഉപാദ്ധ്യയ ഗ്രാമീണ കൌശല്യ യോജന**

ദരിദ്ര കുടുംബങ്ങളിലെ യുവതീ യുവാക്കൾക്ക് വേണ്ടി ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന പദ്ധതി. ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും, അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ലഭിക്കുന്നതിന് സഹായിക്കുന്നു.

## അധ്യായം – 8

# അറിയാനുള്ള അവകാശം

തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണപരമോ, വികസനപരമോ, നിയന്ത്രണപരമോ ആയ ചുമതലകൾ സംബന്ധിച്ച വിജ്ഞാനപ്രത രേഖകൾ ഒഴികെ ഏതൊരു വിവരവും വസ്തുതയും, രേഖകളോ പ്രമാണങ്ങളോ അറിയാനും പകർപ്പെടുക്കാനും പൗരന്മാർക്കുള്ള അവകാശം, കേരളപഞ്ചായത്ത് രാജ് നിയമം (1999) അധ്യായം 25എ, വകുപ്പുകൾ 271 എ,ബി, സി എന്നീ വകുപ്പുകളും അനുബന്ധ ചട്ടങ്ങളും പ്രകാരം പൗരന് ഈ അവകാശം ലഭിക്കുന്നു.

വിവരങ്ങൾ / രേഖകൾ ലഭിക്കുന്നതിന് ചെയ്യേണ്ടത്.

- വിവരങ്ങളോ രേഖകളോ ആവശ്യപ്പെടുന്ന അപേക്ഷ നിശ്ചിത ഫോറത്തിൽ നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥന് നൽകണം.

- കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ അപേക്ഷ ബന്ധപ്പെട്ട സ്ഥാപനത്തിലെ തലവന് നൽകണം.

- അപേക്ഷയോടൊപ്പം 2 രൂപ നിരക്കിൽ അപേക്ഷാ ഫീസും ഒരു വർഷത്തിലേറെ പഴക്കമുള്ള രേഖകൾക്ക് തെരച്ചിൽ ഫീസായി വർഷം പ്രതി രണ്ട് രൂപ വീതവും പകർപ്പ് ആവശ്യപ്പെടുന്നുവെങ്കിൽ ഏകദേശം 200 വാക്കിന് 2 രൂപ നിരക്കിലും ഫീസ് ഈടാക്കി രസീത് നൽകേണ്ടതാണ്.

- രേഖ പരിശോധനക്ക് ലഭിക്കുന്നതിനോ, പകർപ്പെടുത്ത് ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി നൽകുന്നതിനോ ഉള്ള ദിവസവും രസീതിൽ രേഖപ്പെടുത്തണം.

- രഹസ്യാത്മക വിവരം എന്ന് വിജ്ഞാപനം ചെയ്യപ്പെട്ടതാണ് ആവശ്യപ്പെടുന്ന സംഗതിയെങ്കിൽ സെക്രട്ടറിയ്ക്കോ ഉദ്യോഗസ്ഥനോ ആ കാരണം രേഖാമൂലം പരാമർശിച്ച് അപേക്ഷ നിരസിക്കാം.

വിവരങ്ങൾ നൽകുന്നതിന് കാലതാമസം വരുത്തിയാൽ

- നിശ്ചിത ദിവസത്തിലേറെ കാലതാമസം വരുത്തിയാൽ വിവരം നൽകുവാൻ ചുമതലപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്ന് ദിനംപ്രതി 50 രൂപ നിരക്കിൽ പിഴ തദ്ദേശഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് ഈടാക്കാവുന്നതാണ്.

- മന.പൂർവ്വമായോ ഉപേക്ഷ മൂലമോ വിവരം നൽകാൻ പരാജയപ്പെടുകയോ, തെറ്റായ വിരം നൽകുകയോ ചെയ്താൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും 1000 രൂപയിൽ കുറയാതെ പിഴ ഈടാക്കാനും വ്യവസ്ഥയുണ്ട്.

രേഖകൾ ലഭ്യമല്ലെങ്കിൽ

- യുക്തമായ തെരച്ചിൽ നടത്തിയ ശേഷവും രേഖ കണ്ടുകിട്ടാത്തതിനാലോ, രേഖയുടെ സംരക്ഷണ കാലാവധി കഴിഞ്ഞതിനാലോ രേഖ നിലവിൽ ഇല്ലാത്തതിനാലോ സാധുവായ കാരണം ബോധ്യപ്പെടുത്തി അപേക്ഷപ്രകാരം വിവരം ലഭ്യമാക്കാനാകില്ലെന്ന് അറിയിച്ച് തീർപ്പ് നൽകേണ്ടതാണ്. ഉത്തമ ബോധ്യത്തോടെ എടുക്കുന്ന ഇത്തരം തീരമാനങ്ങൾക്ക് നിയമ പരിരക്ഷ ലഭിക്കും. രേഖ ലഭ്യമാക്കുന്നില്ലെങ്കിൽ ഈടാക്കിയ ഫീസ് അപേക്ഷകന് തിരിച്ചു നൽകണം.

വികസന പദ്ധതികളുടെ വിവരങ്ങൾ

- വികസന പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ പദ്ധതി സ്ഥലത്ത് സുതാര്യമായും ലളിതമായും പരസ്യപ്പെടുത്തേണ്ടതുണ്ട്. സാങ്കേതികവും സാമ്പത്തികവുമായ വിവരങ്ങൾ ഭരണ നടപടികൾക്കൊപ്പം പ്രസിദ്ധീകരിക്കേണ്ടതുണ്ട്. സുതാര്യത സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ഇതിൽ പാലിച്ചിരിക്കണം.

- ഗ്രാമസഭ, തദ്ദേശ ഭരണസ്ഥാപനം, കൈമാറിയ സ്ഥാപനങ്ങൾ ഇവയുടെ ഭരണപരമായ വിവരങ്ങളും യോഗനടപടി ക്രമങ്ങളും പൊതുജനപ്രാപ്യമായ വിധം പ്രസിദ്ധീകരിക്കേണ്ടതാണ്.

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ

ഓംബുഡ്സ്മാൻ എന്നത് കാര്യനിർവ്വഹണ വിഭാഗത്തിലെ സ്വതന്ത്രവും നിഷ്പക്ഷവും ആയ അർദ്ധനീതിന്യായ പരാതി പരിശോധന – പരിഹാര സംവിധാനമാണ്. കേരള പഞ്ചായത്ത് രാജ് നിയമം അധ്യായം 25 ബി – യിലെ 271 എഫ് മുതൽ 271 ആർ വരെ വകുപ്പുകളിലായി ഓംബുഡ്സ്മാന്റെ ഘടന, പദവി, പ്രവർത്തനം എന്നിവ വ്യവസ്ഥ ചെയ്യുന്നു. ഇതിന് പൂരകമായ ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്.

**ലക്ഷ്യം**

തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുസേവകർ എന്നിവരുടേയും അഴിമതി, ദുർഭരണം, നിയമക്രമരാഹിത്യം എന്നിവ ഉൾപ്പെടെ ഉന്നയിക്കപ്പെടുന്ന ഏത് നടപടിയിലും ആരോപണമോ, ആക്ഷേപമോ, പരാതിയോ ഉണ്ടായാൽ അന്വേഷണം നടത്താനും തീർപ്പാക്കാനും പ്രായോഗിക പരിഹാരം നടപ്പാക്കാനും വേണ്ടിയാണ് ഓംബുഡ്സ്മാൻ സ്ഥാപിതമായിട്ടുള്ളത്.

**പൊതുസേവകർ** – തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ജീവനക്കാർ, പ്രസിഡണ്ട്, ചെയർപേഴ്സൺ, അംഗം, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ജീവനക്കാരും ഉൾപ്പെടെയുള്ളവർ.

**നടപടി** – തദ്ദേശഭരണ സ്ഥാപനത്തെ ഭരമേൽപ്പിച്ചതോ, കൈമാറിയതോ, ആയ വിഷയങ്ങിലുള്ള തീരുമാനമോ, ശുപാർശയോ, പ്രമേയമോ, നിഗമനമോ, ആയ ചുമതലാ നിർവ്വഹണ കൃത്യം, കൃത്യവിലോപം, ഉപേക്ഷാപൂർവ്വമായ വീഴ്ച എന്നിവയോ പ്രവർത്തന രാഹിത്യമോ ഉൾപ്പെടെയുള്ളവ.

ആരോപണം

- പൊതുസേവകർ തനിക്കോ മറ്റൊരാൾക്കോ നേട്ടമോ ആനുകൂല്യമോ ലഭിക്കാൻ വേറെ ഒരാൾക്ക് അനാവശ്യ ഉപദ്രവമോ നഷ്ടമോ ഇടയാകും വിധം തന്റെ സ്ഥാപനമോ അധികാരമോ ഉപയോഗിക്കുക.
- വ്യക്തിരപരമായ ദുരുപദിഷ്ടമോ സ്വാർത്ഥപരമോ ആയ ലക്ഷ്യത്തോടെ ചുമതല നിർവ്വഹിക്കുക.
- അഴിമതി, സ്വജനപക്ഷാപാതം, വഞ്ചന, അസത്യപ്രസ്താവം, എന്നിവ ചെയ്യുക.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ സ്വത്തോ ധനമോ തന്റെ നടപടി ദൂഷ്യമോ, ഉപേക്ഷയോ വീഴ്ച്ചയോ ദുർവിനിയോഗമോ മൂലം നഷ്ടം വരുത്തുക.
- തദ്ദേശഭരണ സ്ഥാപനം നിയമാനുസൃതം നിക്ഷിപ്ത കർത്തവ്യങ്ങൾ നിറവേറ്റാതിരിക്കുക, ചട്ടവിരുദ്ധമായി പ്രവർത്തിക്കുക. നിർവ്വഹണത്തിൽ വീഴ്ചയോ കത്യവിലോപമോ സംഭവിക്കുക, അമിതാധികാരമോ അധികാര ദുർവിനിനിയോഗമോ ചെയ്യുക.
- യുക്തിരഹിതവും അന്യവും ദുസ്സഹവും പക്ഷപാതപരവും അവിഹിതവും ആയ നേട്ടമോ നഷ്ടമോ സൃഷ്ടിക്കും വിധമോ അർഹമായ ആനുകൂല്യം തടയാനോ അനർഹമായ ആനുകൂല്യം ലഭിക്കാനോ വേണ്ടി നടപടി.

- തീരുമാനം എടുക്കുന്നതിലും നടപ്പാക്കുന്നതിലും മനപൂർവ്വമായ വീഴ്ചയോ ഉപേക്ഷയോ അമിത കാലതാമസമോ ക്രമരാഹിത്യമോ സംഭവിക്കുക.

- പാഴ്ചെലവിനും നഷ്ടത്തിനും ദുരുപയോഗത്തിനും ഇടയാക്കുക എന്നിവയെല്ലാം ദുർഭരണം എന്നതിൽ പെടും.

പരാതി – തദ്ദേശഭരണ സ്ഥാപനമോ, ഉദ്യോഗസ്ഥനോ, പൊതുസേവകനോ ദുർഭരണമോ അഴിമതിയോ ക്രമവിരുദ്ധമായ പ്രവർത്തനമോ നടത്തി എന്ന് ആരോപിക്കുന്ന രേഖാമൂലമായ ആക്ഷേപം.

പരാതിക്കാരൻ – സാധാരണ പൗരൻ, ഉദ്യോഗസ്ഥൻ, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകൻ എന്നിവരിൽ ആർക്കും പരാതി ഉന്നയിക്കാം.

സ്വമേധയാ പരാതി പരിഗണിക്കുക – മാധ്യമങ്ങളിലൂടെയോ, നേരിട്ടോ ലഭിക്കുന്ന വിവരം അടിസ്ഥാനമാക്കി ഓംബുഡ്സ്മാന് സ്വമേധയാ അന്വേഷണ നടപടി ആരംഭിക്കാം.

അന്വേഷണ ഉദ്യോഗസ്ഥൻ – ഡി. ഐ.ജി. പദവിയിലുള്ള പോലീസ് ഉദ്യോഗസ്ഥന്റെ ചുമതലയിൽ സംസ്ഥാനത്തിന് നിലവിലുള്ള ഏതൊരു അന്വേഷണ സംവിധാനത്തിന്റെ സേവനവും ഓംബുഡ്സ്മാന് വിനിയോഗിക്കാം. പ്രത്യേക വിഷയങ്ങളിൽ വിദഗ്ദരായവരുടെ സേവനവും ഓംബുഡ്സ്മാന് ആവശ്യാനുസരണം വിനിയോഗിക്കാം.

ഫീസ് – 10 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചുവേണം ഓംബുഡ്സ്മാൻ മുമ്പാകെ പരാതികൾ സമർപ്പിക്കുന്നത്.

ചുമതലകൾ –

- പരാതിയിന്മേലോ സ്വമേധയാ ആരംഭിച്ച നടപടിയിലോ സർക്കാർ നിയോഗിച്ച വിഷയത്തിലോ സൂക്ഷ്മാന്വേഷണം നടത്തുക.

- തദ്ദേശഭരണ സ്ഥാപനം, ഉദ്യോഗസ്ഥർ, പൊതുസേവകർ ഇവരുടെ അഴിമതി, ദുർഭരണം, ക്രമാരാഹിത്യം എന്നിവ സംബന്ധിച്ചുള്ള ആരോപണങ്ങളിൽ യുക്തമായ അന്വേഷണം നടത്തുക.

- പരാതിയോ, ആരോപണമോ ആരോപിക്കപ്പെട്ടാൽ വ്യവസ്ഥാപിതമായ പരിഹാര തീർപ്പുകൾ നൽകുക.

പരിഹാര നടപടികൾ –

- ആരോപിക്കപ്പെട്ട വിഷയം ക്രിമിനൽ നിയമപരിധിയിൽ പെടുന്നതാണങ്കിൽ യുക്തമായ വിചാരണയ്ക്ക് ഉചിതമായ അധികാര സ്ഥാപനത്തിന് അയച്ചുകൊടുക്കുക.

- പൗരനോ സ്ഥാപനത്തിനോ സംഭവിച്ച നഷ്ടത്തിന് യുക്തമായ നഷ്ടോത്തരവദിത്തം ഈടാക്കുക.

- തദ്ദേശഭരണ ഫണ്ടിൽ നിന്ന് ധൂർത്തോ നഷ്ടമോ ഉണ്ടായാൽ നഷ്ടപരിഹാരം ഈടാക്കുക.

- നിഷ്ക്രിയത്വം, കൃത്യവിലോപം, കാലാതാമസം എന്നിവയോ ക്രമക്കേടോ ഉണ്ടായാൽ യുക്തമായ പരിഹാര നിർദ്ദേശം നൽകുക.
- അന്തിമ തീർപ്പിന് സമയം കൂടുതൽ ആവശ്യമെങ്കിൽ സ്വീകാര്യമായ ഇടക്കാല ഉത്തരവ് നൽകുക.
- അനിവാര്യ ഘട്ടങ്ങളിൽ പിഴ ശിക്ഷ നടപ്പാക്കുക.
- പരാതി നിലനിൽക്കത്തക്കതെല്ലെന്നു കണ്ടാൽ ചെലവും നഷ്ടപരിഹാരവും തീർപ്പാക്കുക.

അധികാരങ്ങൾ

- ആക്ഷേപവും പരാതിയും സ്വീകരിക്കുക.
- ലഭിച്ച പരാതിയിന്മേലോ, സ്വമേധയാ തന്നെയോ അന്വേഷണം നടത്തിക്കുക.
- കക്ഷികളേയോ സാക്ഷികളേയോ വിളിച്ചുവരുത്തുകയോ, തെളിവെടുക്കുകയോ ചെയ്യുക.
- രേഖകളെയോ സാക്ഷികളെയോ വിളിച്ചുവരുത്തുകയോ തെളിവെടുക്കുകയോ ചെയ്യുക.
- സത്യാവാങ്മൂലത്തിന്മേൽ തെളിവ് ശേഖരിക്കുക.
- സ്ഥിതിവിവര ശേഖരണത്തിന് കമ്മിഷനെ നിയോഗിക്കുകയോ പരിശോധന നടത്തിക്കുകയയോ ചെയ്യുക.
- നിയമാനുസൃതമായ ഇതര ചുമതലകൾ.
- പ്രഥമദൃഷ്ട്യാ പാരതിയിൽ കഴമ്പുണ്ടെന്നു തെളിഞ്ഞാൽ വിശദമായ അന്വേഷണം നടത്തിക്കുക.
- വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക.
- ലളിത നടപടിക്രമത്തിലൂടെയും നേരിട്ടുള്ള വെളിപ്പെടുത്തലുകളിലൂടെയും നിർദ്ദിഷ്ട നടപടിക്രമങ്ങളെ ആശ്രയിച്ച് തീർപ്പുകൾ എടുക്കുക.
- നഷ്ടപരിഹാരം റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുക.

തദ്ദേശഭരണ ഓംബുഡ്സ്മാൻ പരാതിപരിഹാര സംവിധാനം

ഓംബുഡ്സ്മാന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. നിശ്ചിത മാതൃകയിൽ പരാതി തയ്യാറാക്കി രേഖകൾക്കൊപ്പം പരാതിയിൽ എത്ര എതിർകക്ഷികളുണ്ടോ അത്രയും പകർപ്പുസഹിതം ഹാജരാക്കേണ്ടതാണ്.

പരാതിക്കാൻ മറ്റേതെങ്കിലും രേഖകൾ ഹാജരാക്കാൻ ഉദ്ദേശിക്കുന്നു എങ്കിൽ അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ നാലു പകർപ്പുകളും എത്ര എതിർക്ഷികളുണ്ടോ അത്രയും അധിക പകർപ്പുകളും സമർപ്പിക്കണം.

പത്തുരൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് സഹിതം ഓരോ പരാതിയും ഓംബുഡ്സ്മാൻ സെക്രട്ടറിയുടെ മുമ്പാകെ നേരിട്ടോ രജിസ്റ്റേഡ് തപാലിലോ സമർപ്പിക്കാവുന്നതാണ്. ന്യൂനതയുള്ള പരാതികൾ യുക്തമായ തിരുത്തലുകൾ വരുത്തി, തിരികെ കിട്ടിയ മുതൽ 15 ദിവത്തിനകം വീണ്ടും സമർപ്പിക്കാവുന്നതാണ്.

നോട്ടീസ് ദിവസം ബന്ധപ്പെട്ട കക്ഷി ഹാജരാകാത്ത പക്ഷം എക്സ് പാർട്ടിയായി നടപടികൾ തീർക്കാവുന്നതാണ്.

കക്ഷികൾ, സാക്ഷികൾ എന്നിവരെ വിളിച്ചുവരുത്താനും, രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടാനും പരിശോധിക്കാനും, സൂക്ഷ്മാന്വേഷണം നടത്താനോ സ്ഥലപരിശോധന നടത്താനോ, ഹർജി പരിഗണനയ്ക്കായി പ്രത്യേക ബഞ്ചുകൾ സ്ഥാപിക്കുന്നതിനോ, പരാതിയിന്മേൽ വാദം കേൾക്കുന്നതിനോ ഓംബുഡ്സ്മാന് അധികാരമുണ്ട്. പുറപ്പെടുവിച്ച ഉത്തരവിലെ തെറ്റുതിരുത്താനുള്ള അധികാരം പഞ്ചായത്തിനുണ്ട്.

ഓംബുഡ്സ്മാന്റെ ഉത്തരവ് നടപ്പാക്കാൻ ബന്ധപ്പെട്ട എല്ലാവരും ബാദ്ധ്യസ്ഥരായിരിക്കും. ഉത്തരവിന്റെ പകർപ്പ് പരാതിയിലുള്ള ഓരോ കക്ഷിക്കും പരാതി തീർപ്പാക്കിയ തീയ്യതി മുതൽ ഒരു മാസത്തിനകം ലഭ്യമാക്കണം. അടിയന്തിര സാഹചര്യങ്ങളിൽ അപേക്ഷ സമർപ്പിക്കാൻ ഒരാഴ്ചക്കകം പകർപ്പ് ലഭ്യമാക്കണം. ഓംബുഡ്സ്മാന്റെ ഉത്തരവിൽ അധികാരസ്ഥന്റെ കയ്യൊപ്പും പകർപ്പിൽ ഓംബുസ്മാൻ സെക്രട്ടറിയുടെ കൈയ്യൊപ്പം മുദ്രയും ഉണ്ടായിരിക്കണം.

വിലാസം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള

ഓംബുഡ്സ്മാൻ

സാഫല്യം കോംപ്ലക്സ് (നാലാം നില)

ട്രിഡ ബിൽഡിംഗ്

യൂണിവേഴ്സിറ്റി പി.ഒ.

തിരുവനന്തപുരം – 695034

ഫോൺ – 0471 2330546, 2330543

Website :www.ombudsmanlsgiker.gov.in
Email:ombudsmanlsgi@gmail.com

## തദ്ദേശ ഭരണ ഓംബുഡ്സ്മാനിൽ പരാതി സമർപ്പിക്കാനുള്ള മാതൃക ഫോറം

### ഫോറം (എ)

1991 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994 ലെ (13) 271 ജി വകുപ്പ് പ്രകാരം രൂപീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ

പരാതി നമ്പർ

(പേരും മേൽവിലാസവും) : പരാതിക്കാരൻ

(പേരും മേൽവിലാസവും) : എതിർസാക്ഷി / കക്ഷികൾ

1. പരാതിക്കാരന്റെ പേര് :
2. അച്ഛന്റെയോ/ ഭർത്താവിന്റെയോ പേര് :
3. (എ) വയസ്സ് :

   (ബി) ഉദ്യോഗം :
4. (എ) സ്ഥിരം മേൽവിലാസം :

   (എ) പേര് :

   (ബി) വീട്ടുപേര് / നമ്പർ :

   (സി) വില്ലേജ്

   (ഡി) പോസ്റ്റ് ഓഫീസ് :

   (ഇ) താലൂക്ക് :

   (എഫ്) ജില്ല :
5. പരാതിയുടെ സ്വഭാവവും വിശദീകരണങ്ങളും : വിശദാംശങ്ങളും
6. പരാതിയെ സംബന്ധിക്കുന്ന വസ്തുക്കൾ അറിയാമെന്ന് പരാതിക്കാരൻ കരുതുകയും ഓംബുഡ്സ്മാൻ മുമ്പാകെ സമൺ ചെയ്യപ്പെ-ടണമെന്ന് പരാതിക്കാരൻ ആഗ്രഹിക്കുകയും ചെയ്യുന്ന വ്യക്തികളുടെ (അങ്ങനെയുള്ളവർ ഉണ്ടെങ്കിൽ) പേരും മേൽവിലാസവും
7. പരാതിയോടൊപ്പം വച്ചിട്ടുള്ള രേഖകളുടെ വിവരണം

1.

2.

3.

4.

5.

6.

7.

8.

9.

10.

സ്ഥലം :

തീയ്യതി :

പരാതിക്കാരന്റെ ഒപ്പ്

മുകളിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ എന്റെ /ഞങ്ങളുടെ അറിവിലും ഉത്തമ വിശ്വാസത്തിലും സത്യവും ശരിയുമാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

ഒപ്പ് :

തീയതി :

കുറിപ്പ് – പരാതിക്കാരന് ഈ ഫോറം വെള്ള കടലാസിൽ പകർത്തിയെടുക്കാവുന്നതാണ്. പരാതിയുടെ സ്വഭാവവും വിവരണവും നൽകുന്നതിന് ആവശ്യമായത്ര കൂടുതൽ പേജുകൾ കൂട്ടിച്ചേർക്കാവുന്നതാണ്.

# തദ്ദേശഭരണ ട്രിബ്യൂണൽ

തദ്ദേശഭരണ സ്ഥാപനങ്ങൾ എടുക്കുന്ന ഭരണപരവും നിയന്ത്രണപരവും ആയ തീരുമാനങ്ങൾക്കുമേലുള്ള അപ്പീലോ റിവിഷനോ പരിഗണിക്കുന്നതിനും തീർപ്പാക്കുന്നതിനും വേണ്ടിയുള്ള സ്ഥാപനം.

ജില്ലാ ജഡ്ജി പദവിയിലുള്ള ഉദ്യോഗസ്ഥരെ ട്രിബ്യൂണലായി നിയമിക്കുന്നു. ട്രിബ്യൂണലിന്റെ മുമ്പാകെ നടക്കുന്ന ഏതൊരു നടപടിയും നീതിന്യായ നടപടിയായി കരുതപ്പെടും.

സമൻസ് പുറപ്പെടുവിച്ച കക്ഷികളെയും സാക്ഷികളെയും വിളിച്ചുവരുത്താനും തെളിവെടുക്കാനും വാറന്റ് പുറപ്പെടുവിച്ച് നിർബന്ധിത ഹാജർ ഉറപ്പാക്കാനും രേഖകളും പ്രമാണങ്ങളും പരിശോധിക്കാനും സത്യവാങ്മൂലങ്ങൾ തെളിവായി സ്വീകരിക്കാനും കമ്മീഷൻ മുഖേന തെളിവെടുക്കാനും വിധി തീർപ്പാക്കാനും ഈ ട്രിബ്യൂണലിന് അധികാരമുണ്ട്.

തീരുമാനങ്ങൾ സ്റ്റേ ചെയ്യാനോ, യുക്തമായ നിർദ്ദേശങ്ങൾ നൽകാനോ, ഉപദേശം നൽകാനോ, പുനപരിഗണനയ്ക്ക് നിർദ്ദേശിക്കാനോ, തിരുത്താനോ ട്രിബ്യൂണലിന് അധികാരം ഉണ്ടായിരിക്കും.

സെക്രട്ടറിയോ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപന അധികാരിയോ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, പ്രസിഡണ്ട്, ചെയർമാൻ തീർപ്പുകൾ, പഞ്ചായത്തിൽ സമർപ്പിക്കുന്ന അപ്പീലുകൾക്കുമേലുള്ള തീർപ്പിന്മേൽ, സമർപ്പിക്കപ്പെട്ട അപ്പീൽ അപേക്ഷ നിശ്ചിത കാലയളവിനുള്ളിൽ പഞ്ചായത്ത് പിരിഗണിക്കാതിരിക്കുമ്പോൾ, നികുതി, ഫീസ്, കരം, ചുങ്കം, മുതലായവയുടെ നിർണ്ണയം, പിരിച്ചെടുക്കൽ, പിഴ എന്നിവ സംബന്ധിച്ചുള്ള ഹർജികൾ ട്രിബ്യൂണലിന് മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

ബന്ധപ്പെട്ട വിഷയത്തിൽ നോട്ടീസ് ലഭിച്ച് 30 ദിവസത്തിനകം അപ്പിൽ/റിവിഷൻ ഹർജി ഫയലിലാക്കണം. 60 ദിവസത്തിനകം സാധാരണ ഗതിയിൽ ഹർജി തീർപ്പാക്കുകയും ചെയ്യണം.

2004 ഫെബ്രുവരി 7 ന് പുറപ്പെടുവിച്ച (സ.ഉ.(അ) നമ്പർ 52/2004 തഭവ) സർക്കാർ ഉത്തരവ് കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനത്തിനെതിരായ അപ്പീലോ, റിവിഷനോ പരിഗണക്കുന്നതിനും തീർപ്പാക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും വേണ്ടി ഒരു ട്രിബ്യൂണലാണ് നിയമിക്കപ്പെട്ടിരിക്കുന്നത്. ഇപ്പോൾ തിരുവനന്തപുരം കേന്ദ്രമാക്കിയാണ് ട്രിബ്യൂണൽ നിയമിക്കപ്പെട്ടിട്ടുള്ളത്. മൂന്ന് വർഷമാണ് നിയമന കാലാവധി.

ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ മുനിസിപ്പാലിറ്റി, അവയുടെ ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി, അവയുടെ സെക്രട്ടറി എന്നിവരുടെ നടപടി, തീരുമാനം ഉത്തരവ് എന്നിവയ്ക്കെതിരായ അപ്പീലോ റിവിഷനോ ആണ് പരിഗണിക്കപ്പെടുക. നിയമപ്രകാരം ചുമതലപ്പെട്ടവർ സമയബന്ധിതമായി തീരുമാനം എടുക്കാത്തതു സംബന്ധിച്ച ഹർജിയും ട്രിബ്യൂണലിന് പരിഗണിക്കാം.

ബന്ധപ്പെട്ട ഉത്തരവ് / നോട്ടീസ് തീയതി മുതൽ 30 ദിവസത്തിനകമോ തദ്ദേശഭരണ സ്ഥാപനത്തിൽ പ്രാഥമിക അപ്പീൽ നൽകി 60 ദിവസത്തിനകമോ തീർപ്പ് ലഭിക്കാത്ത പക്ഷം 90 ദിവസകത്തിനുള്ളിലോ ട്രിബ്യൂണലിന് മുമ്പാകെ അപ്പീൽ / റിവിഷൻ ഹർജി ഫയലാക്കണം. കാലതാമസം യുക്തമായ കാരണത്താൽ ഇളവു ചെയ്തുകൊടുക്കാൻ ട്രിബ്യൂണലിന് അധികാരമുണ്ട്. ന്യൂനതയുള്ള ഹർജികൾ 15 ദിവസത്തിനകം ന്യൂനത പരിഹരിച്ച് സമർപ്പിക്കണം.

ഹർജി നേരിട്ടോ രജിസ്റ്റേഡ് തപാൽ വഴിയോ സമർപ്പിക്കാവുന്നതാണ്. 50 രൂപ ഹർജി ഫീസായി അടച്ചു വേണം പരാതി സമർപ്പിക്കാൻ.

താഴെ കൊടുക്കുന്ന അധികാരങ്ങൾ ട്രിബ്യൂണലിന് ഉണ്ടായിരിക്കും.

- ഹർജികൾക്ക് കൈപ്പറ്റ് രസീത് നൽകുക.
- യുക്തമായ കാരണങ്ങളാൽ ഹർജി നപടിക്കുമേൽ സ്റ്റേ ചെയ്യുക.
- എതിർ കക്ഷിക്ക് നോട്ടീസ്
- സാക്ഷികളെയും കക്ഷികളെയും വിളിച്ച് വരുത്തുക. വിചാരണ ചെയ്യുക. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടുക, രേഖകൾ പരിശോധിക്കുക.
- ട്രിബ്യൂണൽ ഓഫീസ്, ബന്ധപ്പെട്ട സ്ഥാപന ഓഫീസ്, നിർണ്ണയിക്കപ്പെടുന്ന സ്ഥലം എന്നിവിടങ്ങളിൽ ഒരിടത്തു വെച്ച് നടപടികൾ നിർവ്വഹിക്കാം.

ട്രിബ്യൂണലിന്റെ ഉത്തരവ് രേഖാമൂലമുള്ളതും നീതിന്യായ നടപടിക്കു വിധേയമായി അന്തിമവും ആയിരിക്കും.

നടപടിക്രമം തിരുത്തുക. ഉത്തരവിലെ തെറ്റുതിരുത്തുക, തീരുമാനമോ, നടപ്പാക്കലോ, സ്റ്റേ ചെയ്യുക. പുതിയ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുക, തദ്ദേശഭരണ ഉത്തരവ് റദ്ദാക്കുക എന്നീ നടപടികൾ സ്വീകരിക്കാവുന്നതാണ്.

തദ്ദേശഭരണ അധികാരസ്ഥർക്ക് ലഭിക്കുന്ന പരാതികൾ അപ്പിൽ / റിവിഷനായി റഫർ ചെയ്യാവുന്നാണ്.

നികുതി നിർണ്ണയം, ഈടാക്കൽ അനുമതി പത്രം നൽകൽ, റജിസ്ട്രേഷൻ നടപടി, ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ, പ്രഥമിക ശുചിത്വ സൗകര്യം, പരിപാലിക്കൽ, മാലിന്യ നിർമ്മാർജ്ജനം, പൊതുമുതൽ സംരക്ഷ, പൊതുതെരുവ് വിളക്കുകൾ തെളയിക്കുക. കെട്ടിട നിർമ്മാണ നിയന്ത്രണം, പുറമ്പോക്ക് പതിച്ചു നൽകൽ, ഹാനികരമായ കൃത്യങ്ങൾ ചെയ്യുക, പൊതുശല്യ ഉറവിടങ്ങൾ നിയന്ത്രണം, ഹാനികരമായ കൃഷികൾ, പൊതുജലസംഭരണി, മൃഗപരിപാലനം, നിയന്ത്രണം, കശാപ്പ്, ചന്തപ്പിരിവ്, പാലനം, വണ്ടിത്താവളങ്ങൾ ഇറക്കു സ്ഥലങ്ങൾ, കടത്തുകൾ, ശ്മശാനങ്ങൾ മുതലായവയുടെ പാലനവും നിർവ്വഹണവും രോഗപ്രതിരോധം മുതലായവ സംബന്ധിച്ചുള്ള പരാതികൾ അപ്പീലുകൾ / റിവിഷൻ എന്നിവയിലൂടെ സമർപ്പിക്കാവുന്നതാണ്.

വിലാസം

സിക്രട്ടറി,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ

ശ്രീകലം ബിൽഡിംഗ്, കോർട്ട് കോംപ്ലക്സ്

വഞ്ചിയൂർ, തിരുവനന്തപുരം

0471– 2478397

## തദ്ദേശ ഭരണ ട്രിബ്യൂണലിൽ പരാതി സമർപ്പിക്കാനുള്ള ഫോറം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ ......................... മുമ്പാകെ

1. ഹർജിക്കാരന്റെ പേരും വിലാസവും :
2. എതിർകക്ഷികളുടെ പേരും വിലാസവും :
   1.
   2.
   3.
   4.
3. ഹർജി റിവിഷനോ അതോ അപ്പീലോ എന്ന് :
4. ഹർജിക്ക് കാരണമായ നോട്ടീസ് / ഉത്തരവ് പുറപ്പെടുവിച്ചതോ :
   അതോ നടപടി എടുത്തതോ ആയ അധികാര സ്ഥാപനത്തിന്റെ :
   പേരും അപ്രകാരമുള്ള നോട്ടീസ് / ഉത്തരവിന്റെ നമ്പറും തീയതിയും :
5. ഹർജിക്ക് കാരണമായ നോട്ടീസോ ഉത്തരവോ ലഭിച്ച തീയതി /
   നടപടി ശ്രദ്ധയിൽ വന്ന തീയതി :
6. നോട്ടീസ് / ഉത്തരവ് ചോദ്യം ചെയ്യുന്നതിനുള്ള കാരണം
7. ഹർജിക്ക് കാരണമായ നോട്ടീസ് / ഉത്തരവ് / നടപടി സ്റ്റേ
   ചെയ്യണമോ എന്ന്, എങ്കിൽ അതിനുള്ള കാരണങ്ങളും
8. ഏതെങ്കിലും നികുതി അടച്ചതിനുള്ള രസീത് ഹാജരാക്കി
   യിട്ടുണ്ടെങ്കിൽ അതിന്റെ നമ്പരും തീയതിയും
9. പണം സംബന്ധമായ അവകാശവാദത്തെ ചൊല്ലിയുള്ള
   ഹർജിയാണെങ്കിൽ അതിൽ ഉൾപ്പെട്ടിരിക്കുന്ന സംഖ്യ
10. ആവശ്യപ്പെട്ടിരിക്കുന്ന പരിഹാരം

11. ഹർജിക്ക് അവലംബമായി സമർപ്പിച്ചിരിക്കുന്ന രേഖകളുടെ

വിശദവിവരം

1.

2.

3.

12. ഹർജി ഫീസിന്റെ വിവരം

മുകളിൽ പേർ പറഞ്ഞ ഹർജിക്കാരനായ ...................... എന്ന ഞാൻ, മുകളിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യവും ശരിയുമാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

സ്ഥലം

തീയതി

ഒപ്പ്

# വിവരാവകാശ നിയമം 2005 (RTI ACT 2005)

പൊതു അധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരൻമാർക്കും ലഭ്യമാക്കുന്നതിനും പൊതു അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിലനിർത്തുന്നതിനും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള വിവരാവകാശ നിയമം 2005 ഒക്ടോബർ 12 മുതൽ പ്രാബല്യത്തിൽ വന്നു.

സർക്കാർ സ്ഥാപനങ്ങൾ സർക്കാർ സഹായധനം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഒരു ജോലിയോ, പ്രമാണമോ, രേഖയോ പരിശോധിക്കുന്നതിനുള്ള അവകാശം, രേഖയുടെയോ, പ്രമാണത്തിന്റെയോ കുറിപ്പുകളോ സംക്ഷിപ്തമോ എടുക്കൽ, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എടുക്കൽ, ഏതു പദാർത്ഥത്തിന്റെയും സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കൽ, കമ്പ്യൂട്ടറിലോ അതുപോലെയുള്ള മറ്റ് ഇലക്ട്രോണിക് സംവിധാനങ്ങളിലോ ശേഖരിച്ചുവെച്ചിട്ടുള്ള വിവരങ്ങൾ, പ്രിന്റ് ഔട്ടുകൾ, ഡിസ്കുകൾ മുതലായവ പകർപ്പായി ലഭിക്കുന്നതിനും ഏതൊരു പൗരനും അവകാശമുണ്ടെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.

എല്ലാ സർക്കാർ ഓഫീസുകളിലും പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു കാര്യത്തെകുറിച്ച് വിവരം ലഭിക്കേണ്ടവർ 10 രൂപ ഫീസ് സഹിതം ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകണം. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ അവ തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്ന പക്ഷം നിർദ്ദിഷ്ട ഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതാണ്.

അപേക്ഷ ലഭിച്ച 30 ദിവസത്തിനകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് വിവരം രേഖാമൂലം നൽകണം. അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വഴിയാണെങ്കിൽ 35 ദിവസത്തിനകം വിവരം നൽകിയാൽ മതി. വ്യക്തിയുടെ ജീവനേയോ സ്വാതന്ത്ര്യത്തെയോ ബാധിക്കുന്ന വിവരങ്ങൾ 48 മണിക്കൂറിനകം നൽകണം.

സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 18-5-17 ലെ 5395/ SI/GT/2017നമ്പർ സർക്കുലർ പ്രകാരം പൊതു അധികാരിയുടെ കൈവശമില്ലാത്ത രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുന്നതിനായി മറ്റൊരു അധികാരിക്ക് വിവരാവകാശ അപേക്ഷ കൈമാറേണ്ടതില്ല. മറിച്ച് പ്രസ്തുത വിവരങ്ങൾ സംബന്ധിച്ച് അപേക്ഷകന് അറിയിപ്പ് നൽകിയാൽ മതി.

ആവശ്യപ്പെടുന്ന വിവരങ്ങൾ അപൂർണവും അവാസ്തവുമെങ്കിൽ അപ്പീൽ നൽകാവുന്നതാണ്. നിയമം അനുശാസിക്കുന്ന വിധത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ ശിക്ഷാ നടപടികൾ സംസ്ഥാന വിവരാവകാശ കമ്മീഷൻ കൈക്കൊള്ളുന്നതാണ്. തിരുവനന്തപുരത്ത് പുന്നൻ റോഡിലാണ് സംസ്ഥാന വിവരാവകാശ കമ്മീഷൻ ഓഫീസ് സ്ഥിതിചെയ്യുന്നത്.

വിവരാവകാശ നിയമം വകുപ്പ് 7(1) പ്രകാരം രേഖകൾ ലഭ്യമാക്കുന്നതിനുള്ള ഫീസ്

| | | |
|---|---|---|
| വിവരങ്ങൾ എ4 സൈസ് പേപ്പറിൽ | – | ഒരു പേജിന് 3 രൂപ |
| അതിൽ കൂടുതൽ | – | യഥാർത്ഥ വില |

സാമ്പിളുകൾ, മോഡലുകൾ – യഥാർത്ഥ വില

രേഖകളുടെ പരിശോധന – ആദ്യത്തെ ഒരു മണിക്കൂർ ഫീസ് ഇല്ല പിന്നീടുള്ള സമയത്തിന് അരമണിക്കൂറിന് 10 രൂപ വീതം

വകുപ്പ് 7(5)

സിഡിയിൽ വിവരങ്ങൾ ലഭിക്കുന്നതിന് – 75 രൂപ/ഒന്നിന്

പ്രിന്റഡ് രൂപത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന് – 2 രൂപ /ഒരു പേജ്

(Head Of A/c –0070–60–118–99)

**വിലാസം - സംസ്ഥാനവിവരാവകാശ കമ്മീഷൻ, പുന്നൻ റോഡ്, തിരുവനന്തപുരം**

**ഫോൺ - 0471-2330820,2332533,**

**Website- keralasic.gov.in, Email:sicekerala.nic.in**

**ജില്ലാ പഞ്ചായത്ത് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ - ഫിനാൻസ് ഓഫീസർ ജില്ലാപഞ്ചായത്ത് കോഴിക്കോട്**

**ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ - സീനിയർ സൂപ്രണ്ട് ജില്ലാപഞ്ചായത്ത്**

**ജില്ലാ പഞ്ചായത് അപ്പലേറ്റ് അതോറിറ്റി – സെക്രട്ടറി ജില്ലാപഞ്ചായത്ത് കോഴിക്കോട്**

| |
|---|
| കോർട്ട് ഫീ<br>സ്റ്റാമ്പ്<br>10 രൂപ* |

**വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ ലഭിക്കാനുള്ള അപേക്ഷ ഫോറത്തിന്റെ മാതൃക**

സ്വീകർത്താ വ്,

സംസ്ഥാന പൊതുവിവരാവകാശ ഓഫീസർ

(ഓഫീസിന്റെ/സ്ഥാപനത്തിന്റെ പേരും വിലാസവും)

1. അപേക്ഷകന്റെ മുഴുവൻ പേര് :

2. മേൽ വിലാസം :

3. ആവശ്യപ്പെടുന്ന വിവരങ്ങളുടെ വിശദാംശങ്ങൾ

(വിഷയത്തിന്റെ വിഭാഗം കൂടി വ്യക്തമാക്കു ക) :

4. വിവരങ്ങളുമായി ബന്ധപ്പെട്ട വർഷം :

5. മറ്റ് പ്രസക്തമായ പരാമർശങ്ങൾ ഉങ്കിൽ അവ :

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

*കോർട്ട് ഫീ സ്റ്റാമ്പിന് ആവശ്യമായ തുക നേരിട്ട് ജില്ലാ പഞ്ചായത്തിൽ അടച്ച് രശീത് അപേക്ഷയോടൊപ്പം ഹാജരാക്കിയാലും മതി